

28
ജൂൺ 2024
വെള്ളി
1445 ദുൽഹജ്ജ് 22
1199 മിഥുനം 14
പേജ് 22
അബുദാബി

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

# ഗൾഫ് ചന്ദ്രിക

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം
Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika

## ടി.പി കേസ് പ്രതികൾക്ക് ശിക്ഷാ ഇളവ്

# നാടകം പാളി

- **ജയിൽ ഉദ്യോഗസ്ഥരെ ബലിയാടാക്കി രക്ഷപ്പെടാൻ ശ്രമം, മൂന്നുപേർക്ക് സസ്പെൻഷൻ**
- **നിയമസഭയിലെത്താതെ മുങ്ങി മുഖ്യമന്ത്രി പൊട്ടിത്തെറിച്ച് വി.ഡിസതീശനും കെ.കെ. രമയും**

തിരുവനന്തപുരം: കേരളം കണ്ട ഏറ്റവും ക്രൂരമായ രാഷ്ട്രീയ കൊലപാതകത്തിലെ പ്രതികളെ ജയിലിൽ നിന്ന് വിട്ടയക്കാൻ സി.പി.എമ്മും മുഖ്യമന്ത്രി പിണറായി വിജയനും നടത്തിയ നാടകം പൊളിച്ച് പ്രതിപക്ഷം. കോടതിയലക്ഷ്യം അടക്കമുള്ള നടപടികൾ നേരിടേണ്ടി വരുമെന്ന് ഉറപ്പായതോടെ ടി.പി കേസ് പ്രതികൾക്ക് ശക്ഷാ ഇളവിന് ശുപാർശ നൽകിയ ജയിൽ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്ത് തടിയൂരാൻ സർക്കാറിന്റെ ശ്രമം.

നിയമസഭയിൽ കഴിഞ്ഞ ദിവസം അടിയന്തര പ്രമേയത്തിന് അനുമതി തേടിയും ഇന്നലെ സബ്മിഷൻ കൊണ്ടുവന്നും പ്രതിപക്ഷം സർക്കാരിനെ മുൾമുനയിൽ നിർത്തിയതോടെയാണ് സി.പി.എം നീക്കം പാളിയത്. ശിക്ഷാ ഇളവിന് ശിപാർശ നൽകിയ കണ്ണൂർ സെൻട്രൽ ജയിൽ സൂപ്രണ്ടിന്റെ ചുമതലയുള്ള ജോയിന്റ് സൂപ്രണ്ട് കെ.എസ് ശ്രീജിത്ത്, അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് വൺ ബി.ജി.അരുൺ, അസിസ്റ്റന്റ് പ്രിസൺ ഓഫീസർ ഒ.വി രഘുനാഥ് എന്നിവരെയാണ് സസ്പെന്റു ചെയ്തത്. ജയിൽ വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രിയാണ് ഉത്തരവിറക്കിയത്. നിയമസഭയിൽ പ്രതിപക്ഷ നേതാവിന്റെ സബ്മിഷൻ വരുന്നതിനു തൊട്ടുമുൻപായിരുന്നു സർക്കാർ ഉത്തരവ്.

ഇതേ വിഷയത്തിൽ കെ.കെ രമ കഴിഞ്ഞ ദിവസം നിയമസഭയിൽ അടിയന്തര പ്രമേയ നോട്ടീസ് അവതിരിപ്പിക്കാൻ അനുമതി തേടിയിരുന്നെങ്കിലും സ്പീക്കർ നിഷേധിച്ചിരുന്നു. ശിക്ഷാ ഇളവിന് നീക്കമില്ലെന്നായിരുന്നു സർക്കാർ വാദം. അഭ്യൂഹങ്ങൾ അടിയന്തര പ്രമേയമായി കൊണ്ടുവരാനാകില്ലെന്ന് പറഞ്ഞാണ് രമയുടെ നോട്ടീസ് സ്പീക്കർ തള്ളിയത്. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭ ബഹിഷ്കരിച്ചിരുന്നു. എന്നാൽ ഇത്തരമൊരു തീരുമാനമേ ഇല്ലെന്ന് പറഞ്ഞ സർക്കാരാണ് ശുപാർശ നൽകിയതിന് മൂന്ന് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തത്. ഇതോടെ പ്രതികളെ പുറത്തിറക്കാൻ നീക്കം നടന്നുവെന്ന് സർക്കാർ തന്നെ പരോക്ഷമായി സമ്മതിക്കുകയായിരുന്നു.

അതേസമയം കെ.കെ. രമയും പ്രതിപക്ഷവും ഉയർത്തിയ ചോദ്യങ്ങൾക്ക് മറുപടി പറയാൻ മുഖ്യമന്ത്രി തയാറായില്ല. പകരം സ്പീക്കറാണ് വിശദീകരണം നൽകിയത്. പിണറായിയുടെ മുഖത്തുനോക്കി ചിലത് പറയാനുണ്ടെന്ന് രമ വ്യക്തമാക്കിയതോടെ മുഖ്യമന്ത്രി ഇന്നലെ സഭയിലെത്താതെ മുങ്ങി. പ്രതിപക്ഷ നേതാവിന്റെ സബ്മിഷന് മറുപടി നൽകിയതാകട്ടെ മന്ത്രി എം.ബി രാജേഷാണ്.

സ്വാതന്ത്ര്യത്തിന്റെ 75ാം വാർഷികത്തോടനുബന്ധിച്ച് തടവുകാർക്ക് ശിക്ഷാ ഇളവ് നൽകാൻ സർക്കാർ തീരുമാനിച്ചിരുന്നെന്നും ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പട്ടികയിൽ അനർഹർ ഉൾപെട്ടതായി കണ്ടതിനാൽ മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് പുതുക്കിയ പട്ടിക സമർപ്പിക്കാൻ ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറി ജയിൽ വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകിയതായും മന്ത്രി പറഞ്ഞു.

### ട്രൗസർ മനോജിനെയും വിട്ടയക്കാൻ നീക്കം

#### വിവരം അറിഞ്ഞത് കെ.കെ രമയെ പൊലീസ് വിളിച്ചപ്പോൾ

തിരുവനന്തപുരം: ടി.പി വധത്തിന്റെ ഗൂഢാലോചനാ കേസിൽ കോടതി ജീവപര്യന്തം തടവിന് ശിക്ഷിച്ച കുറ്റവാളി ട്രൗസർ മനോജിനെയും ശിക്ഷാ ഇളവ് നൽകി വിട്ടയക്കാൻ സർക്കാർ ശ്രമം. ശിക്ഷാ ഇളവിന് നീക്കമില്ലെന്ന് നിയമസഭയിൽ ഉൾപ്പെടെ സർക്കാർ വിശദീകരിച്ച് മണിക്കൂറുകൾക്കകം, ബുധനാഴ്ച രാത്രി ഇതുസംബന്ധിച്ച മൊഴിയെടുക്കാൻ കെ.കെ രമ എം.എൽ.എയെ പൊലീസ് വിളിച്ചപ്പോഴാണ് മനോജിനെ വിട്ടയക്കൽ പട്ടികയിൽ ഏഴാമനായി ചേർത്ത വിവരം പുറത്തുവരുന്നത്.

കൊളവല്ലൂർ പൊലീസാണ് തന്റെ മൊഴി രേഖപ്പെടുത്തിയതെന്ന് കെ.കെ രമ നിയമസഭയിൽ പറഞ്ഞു. അണ്ണൻ സിജിത്. ടി.കെ രജീഷ്, മുഹമ്മദ് ഷാഫി എന്നിവർക്ക് ഇളവ് നൽകാനുള്ള നീക്കം നേരത്തെ വിവാദമായിരുന്നു. ഇതിൽ പ്രതിപക്ഷം എതിർപ്പുമായി രംഗത്തെത്തിയതിനു പിന്നാലെയാണ് ട്രൗസർ മനോജിന് കൂടി ഇളവിനുള്ള ശ്രമം പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ സബ്മിഷനിലൂടെ പൊളിച്ചത്. കണ്ണൂർ തൂവക്കുന്ന് സ്വദേശിയും കടുങ്ങോൻപയിൽ ബ്രാഞ്ച് സെക്രട്ടറിയുമായിരുന്നു മനോജ്. ടി.പിയുടെ കൊലപാതക ഗൂഢാലോചനയിൽ ജീവപര്യന്തം തടവിനും ഒരു ലക്ഷം രൂപ പിഴയുമാണ് വിചാരണ കോടതി ശിക്ഷിച്ചത്.

## ലോകക്കപ്പിൽ ഇംഗ്ലണ്ടിനെതിരെ പകരംവീട്ടി

# ഇന്ത്യ ടി20 ഫൈനലിൽ

### ദക്ഷിണാഫ്രിക്ക എതിരാളി

അഡ്‌ലെയ്ഡ്: രണ്ടുവർഷം മുമ്പ് ഏകദിന ലോകക്കപ്പിലെ സെമി പോരാട്ടത്തിൽ തോറ്റതിന് ഇംഗ്ലണ്ടിനോട് ഇന്ത്യ കണക്കിനു പകരം വീട്ടി. അന്നു ഇന്ത്യയുടെ പത്തുവിക്കറ്റും എറിഞ്ഞിട്ടാണ് ഇംഗ്ലണ്ട് വിജയനൃത്തം ചവിട്ടിയതെങ്കിൽ ഇന്നലെ അർധരാത്രി ഓവലിലെ അതേ പിച്ചിൽ ഇംഗ്ലണ്ടിനെ കൂടാരം കയറ്റിയാണ് ഇന്ത്യ ആനന്ദ നൃത്തമാടിയത്. പ്രൊവിഡൻസ് സ്റ്റേഡിയത്തിലെ പിഴവ് ഇന്ത്യ ആവർത്തിച്ചില്ല. അന്ന് 16 ഓവറിൽ കളി ജയിച്ച ഇംഗ്ലണ്ടിനെ 16.4 ഓവറിൽ ഇന്നലെ ഇന്ത്യ പുറത്താക്കി. അന്ന് ആദ്യം ബാറ്റുചെയ്ത ഇന്ത്യ നേടിയിരുന്നത് 169 റൺസായിരുന്നെങ്കിൽ, ഇന്നലെ രണ്ട് റൺസ് അധികം നേടി (171) ഇന്ത്യ വിജയിച്ചു. മഴ പെയ്ത് കുതിർന്ന ഗ്രൗണ്ടിൽ ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ ക്യാപ്റ്റൻ രോഹിത് ശർമയുടെയും (57) സൂര്യകുമാർ യാദവിന്റെയും (47) മികവിലാണ് 171 റൺസ് അടിച്ചെടുത്തത്. ഹാർദിക് പാണ്ഡ്യ അവസാനത്തിൽ 13 പന്തിൽ 23 റൺസ് നേടി. 172 എന്ന ലക്ഷ്യത്തിലേക്ക് ബാറ്റേന്തിയ ഇംഗ്ലണ്ടിനെ അക്ഷറും കുൽദീപും ബുംറയുയും വട്ടംകറക്കുകയായിരുന്നു. 103 റൺസിലാണ് ഇന്ത്യ ഇംഗ്ലണ്ടിനെ എറിഞ്ഞിട്ടത്. ഫൈനലിൽ ദക്ഷിണാഫ്രിക്കയാണ് എതിരാളി.



സെമിഫൈനൽ പോരാട്ടത്തിൽ ഇംഗ്ലണ്ടിന്റെ അവസാന ബാറ്ററേയും കൂടാരം കയറ്റിയപ്പോൾ ക്യാപറ്റൻ രോഹിത് ശർമക്കൊപ്പം ആഹ്ലാദം പങ്കിടുന്ന ഇന്ത്യൻ താരങ്ങൾ

## നീറ്റ് യു.ജി ക്രമക്കേട്

# എൻ.ടി.എ ഓഫീസിലേക്ക് ഇരച്ചുകയറി എൻ.എസ്.യു.ഐ പ്രതിഷേധം

### വാതിൽ അകത്തു നിന്ന് പൂട്ടി മുദ്രാവാക്യം വിളിച്ച് പ്രവർത്തകർ





ഡൽഹിയിലെ എൻ.ടി.എ ഓഫീസിലേക്ക് ഇരച്ചുകയറിയ എൻ.എസ്.യു.ഐ പ്രവർത്തകർ പ്രധാന കവാടത്തിലിരുന്ന് മുദ്രാവാക്യം വിളിക്കുന്നു

ന്യൂഡൽഹി: നീറ്റ് യു.ജി പരീക്ഷാ ക്രമക്കേടിൽ പ്രതിഷേധിച്ച് പരീക്ഷാ നടത്തിപ്പിന്റെ ചുമതലയുള്ള നാഷണൽ ടെസ്റ്റിങ് ഏജൻസി(എൻ.ടി.എ)യുടെ ഓഫീസിലേക്ക് എൻ.എസ്.യു.ഐ പ്രവർത്തകർ നടത്തിയ മാർച്ചിൽ സംഘർഷം. ഡൽഹി ഓക്‌ലയിലെ എൻ.ടി.എ ഓഫീസിലേക്ക് ഇരച്ചുകയറിയ പ്രവർത്തകർ വാതിൽ അകത്തുനിന്ന് പൂട്ടി മുദ്രാവാക്യം വിളിച്ചു. എൻ.ടി.എ പിരിച്ചുവിടുക, ഓഫീസ് അടച്ചുപൂട്ടുക തുടങ്ങിയ മുദ്രാവാക്യങ്ങൾ മുഴക്കിയായിരുന്നു പ്രതിഷേധം.

നീറ്റ് പരീക്ഷയിലെ വ്യാപക ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ ഒരാഴ്ചയിലധികമായി ഡൽഹി കേന്ദ്രീകരിച്ച് കോൺഗ്രസ് വിദ്യാർത്ഥി, യുവജന സംഘടനകൾ നടത്തുന്ന പ്രതിഷേധത്തിന്റെ തുടർച്ചയായാണ് ഇന്നലെ എൻ.എസ്.യു.ഐ എൻ.ടി.എ ആസ്ഥാനത്തേക്ക് മാർച്ചിന് ആഹ്വാനം ചെയ്തത്. എൻ.ടി.എ ഓഫീസിന് ഏതാനും മീറ്ററുകൾ അകലെ ബാരിക്കേഡുകൾ സ്ഥാപിച്ച് മാർച്ച് പൊലീസ് തടഞ്ഞു. ബാരിക്കേഡ് മറികടന്ന് കുതിച്ച പ്രവർത്തകർ കൂട്ടത്തോടെ എൻ.ടി.എ ഓഫീസിലേക്ക് ഇരച്ചു കയറിയത്. നൂറു കണക്കിന് പ്രവർത്തകർ ഒരേ സമയം ഓഫിസിനുള്ളിൽ കയറിയതോടെ പുറത്തു നിലയുറപ്പിച്ചിരുന്ന പൊലീസിന് ആദ്യം ഒന്നും ചെയ്യാനായില്ല. പ്രധാന കവാടത്തിന്റെ വാതിൽ അകത്തുനിന്ന് പൂട്ടിയ പ്രവർത്തകർ മുദ്രാവാക്യം വിളി തുടങ്ങി. പിന്നീട് കൂടുതൽ പൊലീസ് സേന എത്തിയാണ് പ്രവർത്തകരെ എൻ.ടി.എ ആസ്ഥാനത്തുനിന്ന് മാറ്റിയത്.



കനത്തമഴയെ തുടർന്ന് കടൽക്ഷോഭം രൂക്ഷമായ കോഴിക്കോട് കോന്നാട് ബീച്ചിൽ കരയിലേക്ക് ആർത്തലച്ചെത്തുന്ന തിലമാലകൾ. സംസ്ഥാനത്തെങ്ങും തീരമേഖലകളിൽ കടൽ ക്ഷോഭം രൂക്ഷമാണ്
സി.കെ തൻസീർ

## മഴ ദുരിതം തുടരുന്നു; ഒമ്പതു ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് കനത്ത മഴയും നാശനഷ്ടങ്ങളും തുടരുന്നു. കാറ്റിലും മഴയിലും മരങ്ങൾ കടപുഴകി വീണും മണ്ണിടിഞ്ഞും നിരവധി അപകടങ്ങളാണ് റിപ്പോർട്ട് ചെയ്തത്. ചമ്രവട്ടം റഗുലേറ്ററിന്റെ ഷട്ടറുകൾ തുറന്നത് താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറാൻ ഇടയാക്കി. ഇന്നും ശക്തമായ മഴ മുന്നറിയിപ്പുണ്ട്. ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ യെല്ലോ അലർട്ടായിരിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ് അറിയിച്ചു.

### കോട്ടയത്ത് സ്കൂൾ അവധി

കോട്ടയം ജില്ലയിലും ആലപ്പുഴ ജില്ലയിലെ കുട്ടനാട് ചെങ്ങന്നൂർ, അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിലും ഇന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കലക്ടർമാർ അവധി പ്രഖ്യാപിച്ചു.

### മാമ്പുഴയിൽ യുവാവ് മുങ്ങി മരിച്ചു

കോഴിക്കോട്: കോഴിക്കോട് കുന്നത്ത് പാലം മാമ്പുഴയിൽ യുവാവ് മുങ്ങി മരിച്ചു. മാത്തറ സ്വദേശി രതീഷാ(45)ണ് മരിച്ചത്. ഇന്നലെ ഉച്ചക്ക് ഒരു മണിയോടെയാണ് രതീഷ് പുഴയിൽ വീണത്. പുഴക്ക് കുറുകെയുള്ള ബണ്ടിൽ നിൽക്കുന്നതിനിടെ അബദ്ധത്തിൽ കാൽ വഴുതി വീണതാണെന്നാണ് കരുതുന്നത്. മീഞ്ചന്തയിൽ നിന്ന് ഫയർഫോഴ്സും സ്കൂബ ഡൈവിങ്ങ് സംഘവുമെത്തി തിരച്ചിൽ നടത്തിയാണ് മൃതദേഹം പുറത്തെടുത്തത്.

### കെ.പി.സി.സി സിറ്റിങ് 30ന്

തൃശൂർ: തൃശൂർ പാർലമെന്റ് മണ്ഡലത്തിലെ യുഡിഎഫ് തിരഞ്ഞെടുപ്പ് പരാജയത്തെ കുറിച്ച് അന്വേഷിക്കുന്ന കെപിസിസി മൂന്നംഗ സമിതി 30 ന് രാവിലെ 10 ന് ഡിസിസി ഓഫീസിൽ സിറ്റിംഗ് നടത്തുമെന്ന് ഡിസിസി പ്രസിഡന്റ് വി.കെ. ശ്രീകണ്ഠൻ അറിയിച്ചു. രാവിലെ തൃശൂർ, മണലൂർ, നാട്ടിക, ഒല്ലൂർ എന്നീ നിയോജകമണ്ഡലങ്ങളിലെ ബ്ലോക്ക് പ്രസിഡന്റുമാരെയും തുടർന്ന് നിയോജകമണ്ഡലം തിരഞ്ഞെടുപ്പ് കമ്മിറ്റി ചെയർമാന്മാരെയും ജനറൽ കൺവീനർമാരെയും കാണും.

## ഗുരുതര ആരോപണവുമായി മനു തോമസ്

# പി ജയരാജന്റെ മകൻ സ്വർണം പൊട്ടിക്കലിന്റെ കോ-ഓർഡിനേറ്റർ

കണ്ണൂർ: സി.പി.എം വിട്ട ജില്ലാ കമ്മിറ്റി അംഗം മനു തോമസും മുതിർന്ന സിപിഎം നേതാവ് പി ജയരാജനും തമ്മിലുള്ള പോര് മുറുകുന്നു. ജയരാജനെതിരെ ഗുരുതര ആരോപണങ്ങളുമായി മനു തോമസ് വീണ്ടും രംഗത്തെത്തി. ഇതോടെ സി.പി.എം ജില്ലാ നേതൃത്വവും വെട്ടിലായി. പി.ജയരാജന്റെ ഫേസ്ബുക്ക് പോസ്റ്റ് ക്വട്ടേഷൻ സംഘങ്ങൾക്ക് വേണ്ടിയാണെന്നും ജയരാജന്റെ മകൻ ജിതിൻരാജ് സ്വർണം പൊട്ടിക്കൽ സംഘത്തിന്റെ കോ-ഓർഡിനേറ്ററാണെന്നും മനു തോമസ് തുറന്നടിച്ചു. ക്വട്ടേഷൻ സംഘങ്ങളുടെ ഭീഷണിയുണ്ടെന്നും ഇതൊന്നും കാര്യമാക്കുന്നില്ലെന്നും മനു സ്വകാര്യ ചാനലിനോട് പ്രതികരിച്ചു. ആരോപണങ്ങളിൽ പ്രതികരിക്കാൻ ജയരാജൻ തയാറായില്ലെങ്കിലും ഷുഹൈബ് വധക്കേസ് പ്രതി ആകാശ് തില്ലങ്കേരി ഭീഷണിയുമായി രംഗത്തെത്തി. പാർട്ടിക്കെതിരെ എന്തും വിളിച്ചു പറയാൻ പറ്റില്ലെന്ന് ബോധ്യപ്പെടുത്താൻ വലിയ സമയം വേണ്ടെന്നാണ് തില്ലങ്കേരിയുടെ ഭീഷണി. പി ജയരാജൻ പാർട്ടിയിൽ ഗ്രൂപ്പുണ്ടാക്കാൻ ശ്രമിച്ചയാളാണെന്നും ക്വാറി മാഫിയകൾക്ക് വേണ്ടി മലയോരത്ത് ഏരിയ സെക്രട്ടറിമാരെ സൃഷ്ടിക്കാൻ പാടവമുള്ളയാളാണെന്നും കഴിഞ്ഞ ദിവസം മനു തോമസ് ഫേസ്ബുക്കിലൂടെ ആരോപിച്ചിരുന്നു.

### ഹൈദരാബാദ് യൂണിവേഴ്സിറ്റിയിൽ വീണ്ടും പ്രതികാര നടപടി

ഹൈദരാബാദ്: ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിൽ വീണ്ടും ദളിത്, പിന്നാക്ക വിദ്യാർത്ഥികൾക്കെതിരെ പ്രതികാര നടപടിയെന്ന് പരാതി. വൈസ് ചാൻസിലറുടെ വസതിക്ക് മുന്നിൽ പ്രതിഷേധിച്ചതിന് മലയാളി വിദ്യാർത്ഥികൾ അടക്കം അഞ്ചു പേരെ സസ്പെന്റ് ചെയ്തു. വി.സിയുടെ വസതിയിൽ അതിക്രമിച്ച് കയറി ആക്രമിക്കാൻ ശ്രമിച്ചു എന്നതടക്കം കുറ്റങ്ങൾ ചുമത്തി പൊലീസും ഇവർക്കെതിരെ കേസെടുത്തു. മലയാളിയും യൂണിയൻ ജനറൽ സെക്രട്ടറിയുമായ കൃപ മരിയ ജോർജ്, യൂണിയൻ പ്രസിഡന്റ് അതീഖ് അഹമ്മദ്, മോഹിത്, സൊഹൈൽ അഹമ്മദ്, അസിക വി.എം എന്നിവർക്കെതിരെയാണ് നടപടി.

രോഹിത് വെമുലയെ ആത്മഹത്യയിലേക്ക് തള്ളിവിട്ട പോലെ തങ്ങളെയും ദ്രോഹിക്കുകയാണെന്ന് കൃപ മരിയ ആരോപിച്ചു.

## ലാത്തിച്ചാർജ്ജിൽ രാഹുൽ മാങ്കൂട്ടത്തിൽ അടക്കമുള്ളവർക്ക് പരിക്ക്

ന്യൂഡൽഹി:നീറ്റ് ക്രമക്കേടിനെതിരെ ജന്ദർ മന്തറിൽ യൂത്ത് കോൺഗ്രസ് നടത്തിയ മാർച്ചിനു നേരെ പൊലീസിന്റെ ലാത്തിച്ചാർജ്ജ്. യൂത്ത് കോൺഗ്രസ് കേരള അധ്യക്ഷൻ രാഹുൽ മാങ്കൂട്ടത്തിൽ അടക്കമുള്ളവർക്ക് പരിക്കേറ്റു. ജന്ദർ മന്തറിൽ നിന്ന് പാർലമെന്റിലേക്ക് മാർച്ച് നടത്താനായിരുന്നു യൂത്ത് കോൺഗ്രസ് പദ്ധതി. എന്നാൽ ജന്ദർ മന്തറിൽ തന്നെ പ്രതിഷേധക്കാരെ പൊലീസ് തടയുകയായിരുന്നു. കൂറ്റൻ ബാരിക്കേഡുകൾ സ്ഥാപിച്ച് പ്രകടനം മുന്നോട്ടു പോകുന്നത് പൊലീസ് തടഞ്ഞു. ബാരിക്കേഡിനു സമീപമെത്തിയ പ്രവർത്തകർ കുത്തിയിരുന്ന് പ്രതിഷേധിച്ചു. യൂത്ത് കോൺഗ്രസിന്റെ വിവിധ സംസ്ഥാന അധ്യക്ഷന്മാർ പ്രസംഗിച്ചു കഴിഞ്ഞതിനു പിന്നാലെ ബാരിക്കേഡുകൾ തള്ളി നീക്കി മുന്നോട്ടു പോകാൻ പ്രവർത്തകർ ശ്രമിച്ചു. ഇതോടെ പ്രതിഷേധക്കാർക്കു നേരെ പൊലീസ് ലാത്തിച്ചാർജ്ജ നടത്തുകയായിരുന്നു. നീറ്റ് ക്രമക്കേടിനൊപ്പം അഗ്നിവീർ പദ്ധതി അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ടായിരുന്നു സമരം. പ്രവർത്തകർക്കു നേരെ ക്രൂരമായ മർദ്ദനമാണ് ഡൽഹി പൊലീസ് അഴിച്ചുവിട്ടതെന്ന് യൂത്ത് കോൺഗ്രസ് നേതാക്കൾ ആരോപിച്ചു. പരിക്കേറ്റ പ്രവർത്തകരെ ആശുപത്രിയിലേക്ക് മാറ്റി.



നീറ്റ് ക്രമക്കേടിൽ പ്രതിഷേധിച്ച് ജന്ദർ മന്തറിൽ നടന്ന മാർച്ചിനിടെ പൊലീസ് ലാത്തിച്ചാർജ്ജിൽ പരിക്കേറ്റ യൂത്ത് കോൺഗ്രസ് സംസ്ഥാന അധ്യക്ഷൻ രാഹുൽ മാങ്കൂട്ടത്തിൽ

## യുഎഇയുമായി സിറിയയുടെ വിദേശകാര്യതല ചർച്ച

അബുദാബി: യുഎഇ വിദേശകാര്യ മന്ത്രി ശൈഖ് അബ്ദുല്ല ബിൻ സായിദ് അൽ നഹ്യാനുമായി സിറിയൻ വിദേശകാര്യ മന്ത്രി ഡോ.ഫൈസൽ മെക്ദാദ് അബുദാബിയിൽ കൂടിക്കാഴ്ച നടത്തി. ഇരുരാജ്യങ്ങളുടെയും താൽപര്യങ്ങൾ നിറവേറ്റുന്നതിനായി വികസനം ഉൾപ്പെടെയുള്ള ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചായിരുന്നു വിദേശകാര്യ മന്ത്രിതലത്തിൽ ചർച്ച നടന്നത്. യുഎഇയുമായി സിറിയ ദീർഘകാല സാഹോദര്യ ബന്ധവും അവിടത്തെ ജനങ്ങളുടെ പ്രയോജനത്തിനായി സഹകരണം വളർത്തിയെടുക്കുന്നതിനുള്ള പ്രതിബദ്ധതയും ശൈഖ് അബ്ദുല്ല കൂടിക്കാഴ്ചയിൽ ഊന്നിപ്പറഞ്ഞു. സിറിയയുടെ സുരക്ഷയും സുസ്ഥിരതയും വളർച്ചയും ഇനിയും ശക്തിപ്പെടട്ടെ എന്ന് അദ്ദേഹം ആശംസിക്കുകയും ചെയ്തു. മേഖലയിലെ ജനങ്ങളുടെ വികസന അഭിലാഷങ്ങൾ നിറവേറ്റുന്നതിനും സുസ്ഥിരത പ്രോത്സാഹിപ്പിക്കുന്നതിനും അറബ് ശ്രമങ്ങളുടെ കൂട്ടായ പ്രവർത്തനം വേണം. പ്രത്യേകിച്ച് മിഡിൽ ഈസ്റ്റിലെ പ്രാദേശിക, അന്തർദേശീയ സംഭവവികാസങ്ങളെക്കുറിച്ചും മന്ത്രിമാർ ചർച്ച ചെയ്തു.



യുഎഇ-സിറിയ വിദേശകാര്യ മന്ത്രിതല ചർച്ച

## ഗൾഫ് വാർത്തകൾ

# വിദേശ യാത്രകളിൽ ജാഗ്രത പാലിക്കാൻ നിർദേശം നൽകി യുഎഇ

അബുദാബി: വിദേശ രാജ്യങ്ങളിലേക്ക് യാത്രതിരിക്കുന്ന പൗരന്മാർക്ക് കർശന നിർദേശങ്ങൾ നൽകി യു.എ.ഇ. നിരവധി രാജ്യങ്ങളിൽ മോഷണത്തിന് വിധേയരായ പൗരന്മാരുടെ എണ്ണം വർധിച്ച സാഹചര്യത്തിലാണ് യുഎഇ വിദേശകാര്യ മന്ത്രാലയം ഇന്നലെ സുപ്രധാന നിർദേശങ്ങൾ നൽകിയത്.

വിദേശ യാത്രകളിൽ വിലപിടിപ്പുള്ള വസ്തുക്കളും അപൂർവ ശേഖരണങ്ങളും ഉപയോഗിക്കരുതെന്നും യാത്രയിലുടനീളം നതാന്തമായ ജാഗ്രത പുലർത്തണമെന്നുമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. കാറുകളും ഹോട്ടലുകളും ബുക്ക് ചെയ്യുമ്പോൾ അന്താരാഷ്ട്ര കമ്പനികളുമായി ഇടപാട് നടത്തുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും മന്ത്രാലയം പൗരന്മാരോട് പറഞ്ഞു. അഴിമതികൾ തടയുന്നതിനു വേണ്ടിയാണ് ഭരണകൂടം ഇത്തരത്തിൽ നിർദേശം നൽകിയിട്ടുള്ളത്. യുഎഇ വിദേശകാര്യ മന്ത്രാലയത്തിന്റെ വെബ്സൈറ്റിലും സ്മാർട്ട് ആപ്ലിക്കേഷനിലും കാലാകാലങ്ങളിൽ അപ്ഡേറ്റ് ചെയ്യുന്ന യാത്രാമാർഗനിർദേശങ്ങൾ കർശനമായും പാലിക്കണം. ഇത്തരം യാത്രക്കാർ ത്വാജുദി സേവനത്തിൽ രജിസ്റ്റർ ചെയ്യണം. എന്തെങ്കിലും അടിയന്തിര സാഹചര്യങ്ങളിൽ 0097180024 എന്ന നമ്പറിൽ വിളിക്കണമെന്നും വിദേശകാര്യ മന്ത്രാലയം പൗരന്മാരോട് അഭ്യർത്ഥിച്ചിട്ടുണ്ട്.



## ദുബൈ കോടതി അൽ ബർഷാ മാൾ ബ്രാഞ്ച് 30ന് അടക്കും

ദുബൈ: ദുബൈ കോടതി അൽ ബർഷാ മാളിലെ ബ്രാഞ്ച് ഈ മാസം 30 മുതൽ അടച്ചിടും. ഇവിടെ ലഭിച്ചിരുന്ന നോട്ടറി സർവിസുകൾ ദുബൈ കോടതി വെബ്സൈറ്റിൽ ലഭ്യമാകും. ഉപഭോക്താക്കൾക്ക് പേഴ്സനൽ യൂസർനെയിം ഉപയോഗിച്ച് സേവനങ്ങൾ നേടാമെന്ന് കോടതി അറിയിച്ചു. കൂടാതെ സ്വകാര്യ നോട്ടറി ഓഫിസുകൾ, ഗവൺമെന്റ് സർവിസ് സെന്ററുകൾ (അദീദ്), അൽ ബർഷ ട്രാഫിക് സെന്ററുകൾ, വാഫി മാൾ എന്നിവിടങ്ങളിൽ സേവനങ്ങൾ ലഭ്യമാകുമെന്നും അധികൃതർ അറിയിച്ചു.

# ഫൈവ് സ്റ്റാർ ആർ.ടി.എ

## ദുബൈ ആർ.ടി.എക്ക് ബ്രിട്ടീഷ് സേഫ്റ്റി കൗൺസിലിന്റെ പഞ്ചനക്ഷത്ര റേറ്റിങ്

ദുബൈ: ലോകത്തെ മികച്ച വാഹന ഗതാഗത അതോറിറ്റിയായ ദുബൈ ആർ.ടി.എ വീണ്ടും അംഗീകാര നിറവിൽ. ബ്രിട്ടീഷ് സേഫ്റ്റി കൗൺസിലിന്റെ റേറ്റിങ് പട്ടികയിൽ പഞ്ചനക്ഷത്ര പദവിയാണ് ദുബൈ ആർ.ടി.എക്ക് ലഭിച്ചിട്ടുള്ളത്. തൊഴിൽ അന്തരീക്ഷത്തിലും നിർമാണ സ്ഥലങ്ങളിലും മറ്റെല്ലാ പ്രവർത്തന മേഖലകളിലും മികച്ച ആരോഗ്യ, സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചതാണ് ദുബൈ റോഡ് ഗതാഗത അതോറിറ്റിയെ ഈ അംഗീകാരത്തിലെത്തിച്ചത്.




ദുബൈ ആർ.ടി.എക്ക് ലഭിച്ച പഞ്ചനക്ഷത്ര റേറ്റിങ്

57 ഘടകങ്ങൾ വിലയിരുത്തിയാണ് ബ്രിട്ടീഷ് സേഫ്റ്റി കൗൺസിൽ റേറ്റിങ് നടത്തിയിരിക്കുന്നത്. അതോടൊപ്പം 14 സ്ഥലങ്ങളിൽ പരിശോധനകളും നടത്തിയിട്ടുണ്ട്. ഇവയിൽ 96 ശതമാനം മാനദണ്ഡങ്ങൾ പാലിച്ചതായാണ് കണ്ടെത്തിയിട്ടുള്ളത്. 92 ശതമാനമാണ് പഞ്ചനക്ഷത്ര റേറ്റിങ് ലഭിക്കാൻ ആവശ്യമായിരുന്നത്. തൊഴിൽ,ആരോഗ്യം,സുരക്ഷാ തുടങ്ങിയ മേഖലകളിൽ ആർ.ടി.എയുടെ സ്ഥാനവും പ്രതിബദ്ധതയും അടയാളപ്പെടുത്തുന്നതാണ് നേട്ടം. മികവിനും സുസ്ഥിരതക്കുമുള്ള ആർ.ടി.എയുടെ പരിശ്രമങ്ങളുടെ തെളിവാണ് പഞ്ചനക്ഷത്ര റേറ്റിങ് നേട്ടമെന്ന് സേഫ്റ്റി, റിസ്ക് റെഗുലേഷൻ ആൻഡ് പ്ലാനിങ് വകുപ്പ് ഡയരക്ടർ നദ ജാസിം പറഞ്ഞു.

## മ്യൂസിയങ്ങൾ മെച്ചപ്പെടുത്താൻ ധാരണാപത്രത്തിൽ ഒപ്പുവച്ച് അബുദാബി-ഫുജൈറ ടൂറിസം വകുപ്പുകൾ

അബുദാബി: ഫുജൈറ ടൂറിസം ആന്റികിറ്റീസ് ഡിപ്പാർട്ട്മെന്റും അബുദാബിയിലെ സാംസ്കാരിക വിനോദസഞ്ചാര വകുപ്പും (ഡിസിടി അബുദാബി) കൂടുതൽ സന്ദർശകരെ മ്യൂസിയങ്ങളിലേക്ക് ആകർഷിക്കുന്നതിനും വിജ്ഞാന പങ്കിടൽ വർധിപ്പിക്കുന്നതിനുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു.ഡിസിടി അബുദാബി അണ്ടർ സെക്രട്ടറി സൗദ് അബ്ദുൽ അസീസ് അൽ ഹൊസാനിയും ഫുജൈറ ടൂറിസം ആന്റ് പുരാവസ്തു വകുപ്പിന്റെ ജനറൽ ഡയറക്ടർ സയീദ് അൽ സമാഹിയുമാണ് കാരാറിൽ ഒപ്പുവച്ചത്.

വിജ്ഞാനം കൈമാറ്റം ചെയ്യുക, സംയുക്ത പരിശീലന പരിപാടികൾ വികസിപ്പിക്കുക, വിപണന പ്രമോഷണൽ പ്രവർത്തനങ്ങളിലൂടെ പ്രാദേശികവും ആഗോളവുമായ വിനോദ സഞ്ചാരികളെ ആകർഷിക്കുക എന്നിവയാണ് കരാർ ലക്ഷ്യമിടുന്നത്.അബുദാബിയിലെയും ഫുജൈറയിലെയും സാംസ്കാരിക പൈതൃകത്തെ പ്രോത്സാഹിപ്പിക്കുക, പുരാവസ്തുക്കളും കലാസൃഷ്ടികളും കൈമാറ്റം ചെയ്യുക, കൂടുതൽ സന്ദർശകരെ ആകർഷിക്കുക, അവരുടെ ചരിത്രങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് ആഴത്തിലുള്ള ധാരണ നൽകുക എന്നിവയും കരാറിന്റെ ഭാഗമായിവരുമെന്ന് അധികൃതർ വ്യക്തമാക്കി.

# ഇലോൺ മസ്കിന്റെ സഹായം വേണ്ടെന്ന് നാസ

## തിരിച്ചുവരവ് അനിശ്ചിതത്വത്തിലായി സുനിത വില്യംസും വിൽമോറും

വാഷിങ്ടൺ: ബഹിരാകാശ സഞ്ചാരിയും ഇന്ത്യൻ വംശജയുമായ സുനിത വില്യംസിന്റെയും സഹയാത്രികനായ ബച്ച് വിൽമോറിന്റെയും അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽനിന്നുള്ള തിരിച്ചുവരവ് വീണ്ടും അനിശ്ചിതത്വത്തിൽ. ഇരുവരുടെയും സഞ്ചാര പേടകമായ ബോയിങ് സ്റ്റാർലൈനർ പേടകത്തിന് സംഭവിച്ച തകരാറാണ് പുതിയ പ്രശ്നം.



സുനിത വില്യംസ് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ

ജൂൺ 13നായിരുന്നു സുനിതയുടെയും വിൽമോറിന്റെയും മടക്കയാത്ര ആദ്യം നിശ്ചയിച്ചിരുന്നത്. എന്നാൽ സ്പേസ് ബഗ് അണുബാധയും മറ്റ് സാങ്കേതിക പ്രശ്നങ്ങളും മുൻനിർത്തി യാത്ര രണ്ടാഴ്ചത്തേക്കു മാറ്റിവെച്ചു. തുടർന്ന് ജൂൺ 26 ന് യാത്ര തീരുമാനിച്ചെങ്കിലും പേടകത്തിനു സാങ്കേതിക പ്രശ്നങ്ങൾ കണ്ടെത്തിയതോടെ യാത്ര വീണ്ടും മുടങ്ങുകയായിരുന്നു. വിക്ഷേപണ സമയം മുതൽ സ്റ്റാർലൈനർ പേടകത്തിൽ ഹീലിയം വാതക ചോർച്ച കണ്ടെത്തിയതും പേടകത്തിലെ 28 ത്രസ്റ്ററുകളിൽ ചിലതിന് തകരാറ് കണ്ടെത്തിയതുമാണ് തിരിച്ചു യാത്ര വൈകാൻ കാരണം. തിരികെ ഭൂമിയിൽ എത്താൻ ചുരുങ്ങിയത് 14 ത്രസ്റ്ററുകൾ ആവശ്യമുണ്ട്. അതേസമയം, സംഭവത്തിൽ അമേരിക്കൻ ബഹിരാകാശ ഏജൻസിയായ നാസയ്ക്കും സ്റ്റാർലൈനർ പേടകം നിർമിച്ച ബോയിങ് കമ്പനിക്കെതിരെയും വിമർശനങ്ങളുയരുന്നുണ്ട്. ജൂൺ അഞ്ചിനാണ് സുനിത വില്യംസും ബച്ച് വിൽമോറും രാജ്യാന്തര ബഹിരാകാശ നിലയത്തിലെത്തിയത്.

സാങ്കേതിക തകരാറുകൾ കണ്ടെത്തയതിനെ തുടർന്ന് നാല് തവണയാണ് ബോയിങ് സ്റ്റാർലൈനറിന്റെ വിക്ഷേപണം മാറ്റിവെച്ചത്. മെയ് ഏഴിന് ഫ്ളോറിഡയിലെ കെന്നഡി സ്പേസ് സെന്ററിൽ നിന്ന് ഇന്ത്യൻ സമയം രാവിലെ 8.34നു പേടകം വിക്ഷേപിക്കാനായിരുന്നു ആദ്യം തീരുമാനിച്ചിരുന്നത്. വിക്ഷേപണത്തിന് മണിക്കൂറുകൾക്കു മുൻപ് ഓക്സിജൻ റിലീവ് വാൽവ് തകരാർ കണ്ടെത്തിയതിനെത്തുടർന്ന് വിക്ഷേപണം മാറ്റിവെയ്ക്കുകയായിരുന്നു. സുനിതയ്ക്കും ബച്ച് വിൽമോറിനും നിലവിൽ പ്രശ്നങ്ങളൊന്നുമില്ലെന്നും 45 ദിവസം വരെ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ ഇരുവർക്കും തുടരാൻ സാധിക്കുമെന്നും അടിയന്തര സാഹചര്യത്തിൽ 72 ദിവസം വരെ തുടരാൻ സാധിക്കുമെന്നും നാസ വ്യക്തമാക്കിയിട്ടുണ്ട്. സുനിത വില്യംസിന്റെയും വിൽമോറിന്റെയും തിരിച്ചുവരവ് സാധ്യമാക്കാൻ ഇലോൺ മസ്കിന്റെ ഉടമസ്ഥതയിലുള്ള സ്പേസ് എക്സിന്റെ സഹായം തേടിയേക്കുമെന്ന റിപ്പോർട്ടുകൾ പുറത്തു വരുന്നുണ്ട്. സ്പേസ് എക്സിന്റെ ഡ്രാഗൺ പേടകം ഉപയോഗിച്ച് ഇരുവരെയും തിരികെയെത്തിക്കാനുള്ള സാധ്യതകളാണ് ആരായുന്നതെന്നാണ് റിപ്പോർട്ട്. എന്നാൽ നിലവിൽ ഇതിന്റെ ആവശ്യമില്ലെന്നാണ് നാസയുടെയും ബോയിങ് കമ്പനിയുടെയും നിലപാട്. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് ബഹിരാകാശ യാത്രികരെയും വസ്തുക്കളും എത്തിക്കാൻ അംഗീകാരം ലഭിച്ച സ്വകാര്യ കമ്പനിയാണ് സ്പേസ് എക്സ്.

## ഗസ്സയിലെ ഇസ്രാഈൽ നരമേധം 265 ദിവസം പിന്നിട്ടു

# കൊന്നു തള്ളിയത് 37,765 ജീവനുകൾ

ഗസ്സ: ഗസ്സയിൽ ഇസ്രാഈൽ ആക്രമണം അതിശക്തമായി തുടരുന്നു. ഗസ്സയിലെ അൽ ശുജാഇയിലും സബ്രയിലുമാണ് കനത്ത ആക്രമണം തുടരുന്നത്. കഴിഞ്ഞ 24 മണിക്കൂറിനിടെയുണ്ടായ കൂട്ടക്കുരുതിയാണ് 47 പേർ കൊല്ലപ്പെട്ടു. 52 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇതോടെ 265 ദിവസമായി തുടരുന്ന ആക്രമണത്തിൽ കൊല്ലപ്പെട്ട ഫലസ്തീനികളുടെ എണ്ണം 37,765 ആയി. കൊല്ലപ്പെട്ടവരിൽ 10,000 സ്ത്രീകളും 15,000ൽ അധികം കുട്ടികളും ഉൾപ്പെടും. 86,429 പേർക്ക് പരിക്കേറ്റു. പ്രദേശത്ത് നിന്നും ഒഴിഞ്ഞു പോകണമെന്ന ഇസ്രാഈലി മുന്നറിയിപ്പിനെ തുടർന്ന് ആയിരങ്ങൾ ഇവിടെ നിന്നും പലായനം ചെയ്യുകയാണ്. അതേ സമയം സുരക്ഷിതമായ ഒരു മേഖല പോലും ഗസ്സയിൽ ഇല്ലാത്തതിനാൽ എവിടേക്ക് പോകണമെന്നറിയാതെ നെട്ടോട്ടമോടുകയാണ് മിക്ക കുടുംബങ്ങളും. ശുജാഇയും പരിസര പ്രദേശമായ സബ്രയും ഇസ്രാഈലി ടാങ്കുകളാൽ നിറഞ്ഞതായി രാജ്യാന്തര വാർത്താ ഏജൻസികൾ റിപ്പോർട്ട് ചെയ്യുന്നു. ഇന്നലെ മുതൽ ശുജാഇയിൽ ഇസ്രാഈൽ ആക്രമണം നിർബാധം തുടരുന്നതിനാൽ പരിക്കേറ്റവരേയും കൊല്ലപ്പെട്ടവരേയും ഇവിടെ നിന്നും നീക്കം ചെയ്യാൻ പോലും രക്ഷാ പ്രവർത്തകർക്ക് സാധിക്കുന്നില്ല. നിരവധി പേരെ തകർന്ന കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ നിന്നും രക്ഷപ്പെടുത്തിയതായി ഗസ്സ സിവിൽ ഡിഫൻസ് അറിയിച്ചു. നിരവധി പേർ ഇപ്പോഴും തകർന്ന കെട്ടിടങ്ങൾക്കിടയിൽ കുടുങ്ങിക്കിടക്കുകയാണെന്നും അധികൃതർ അറിയിച്ചു. ബുറൈജ് അഭയാർത്ഥി ക്യാമ്പിന് നേരെയാണ് ഇന്നലെ കാര്യമായ ആക്രമണമുണ്ടായത്. ഖാൻ യൂനിസിലെ അൽ ഹസന സ്കൂളിന് നേരെ ആക്രമണം നടത്തിയതായി ഇസ്രാഈലി സൈന്യം അവകാശപ്പെട്ടു. സ്കൂൾ ഹമാസിന്റെ കേന്ദ്രമായാണ് പ്രവർത്തിക്കുന്നതെന്നും ഇസ്രാഈൽ ആരോപിച്ചു. അതിനിടെ അധിനിവേശ വെസ്റ്റ്ബാങ്കിലെ ജനിനിലുണ്ടായ സ്ഫോടനത്തിൽ ഒരു ഇസ്രാഈലി സൈനികൻ കൊല്ലപ്പെട്ടു. 17 സൈനികർക്ക് പരിക്കേൽക്കുകയും ചെയ്തു. യുദ്ധം അവസാനിക്കുന്നതിന്റെ യാതൊരു ലക്ഷണവുമില്ലാത്ത ഗസ്സയിലെ ജനം ദിവസങ്ങളായി പട്ടിണിയിലാണ്. അതിനിടെ കമാൽ അദ്‌വാൻ ആശുപത്രിയിൽ പോഷകാഹാര കുറവ് മൂലം ഒരു പെൺകുട്ടി കൂടി മരിച്ചു. ഈയാഴ്ച പോഷകാഹാര കുറവ് മൂലം മരിക്കുന്ന നാലാമത്തെ കുട്ടിയാണിത്. നിരവധി കുട്ടികളാണ് പോഷകാഹാര കുറവ് മൂലമുള്ള അസുഖങ്ങളെ തുടർന്ന് ഗസ്സയിലെ ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്നത്. ഗസ്സയിൽ കാൻസർ ബാധിച്ച 21 കുട്ടികളെ ഇവിടെ നിന്നും പുറത്തേക്ക് കൊണ്ടു പോകാൻ ലോകാരോഗ്യ സംഘടനയുടെ കുട്ടികൾക്ക് വേണ്ടിയുള്ള സംഘടന സമ്മതിച്ചതായി ഗസ്സ ആരോഗ്യ മന്ത്രാലയം അറിയിച്ചു. എന്നാൽ 25,000ൽ അധികം കാൻസർ ബാധിതർ ഇപ്പോഴും ഗസ്സയിലെ ആശുപത്രികളിലും വീടുകളിലുമായി കഴിയുന്നുണ്ട്. അതേ സമയം ഇന്ധനക്ഷാമവും ഇസ്രാഈൽ ആക്രമണവും കാരണം ഗസ്സയിലെ മിക്ക ആശുപത്രികളും പ്രവർത്തന രഹിതമായിട്ടുണ്ട്. നിലവിൽ പ്രവർത്തനം തുടരുന്ന ആശുപത്രികളിൽ മരുന്നുകളുടേയും ശസ്ത്രക്രിയ ഉപകരണങ്ങളുടേയും അഭാവം കാരണം പലരേയും അനസ്തേഷ്യ പോലും നൽകാതെയാണ് ഓപറേഷന് വിധേയമാക്കുന്നത്. അനസ്തേഷ്യ ഉപകരണങ്ങളടക്കം തകർന്ന അൽ അഖ്സ ആശുപത്രിയിലെ അവസ്ഥ അസഹനീയമാണെന്ന് ആശുപത്രി ജീവനക്കാരൻ ഖാലിദ് ഷഖ്ഷീർ പറയുന്നു.



ഗസ്സയിലെ അൽ ശുജാഇയിലെ അഭയാർത്ഥി ക്യാമ്പിന് നേരെ ഇസ്രാഈൽ നടത്തിയ വ്യോമാക്രമണം

## വിവാദ നികുതി പിൻവലിച്ച് കെനിയൻ പ്രസിഡന്റ്; പ്രതിഷേധം തുടരുന്നു

നയ്റോബി: കെനിയയിൽ നികുതി വർധന നിർദേശിച്ച പ്രസിഡന്റിനെതിരായ പ്രക്ഷോഭം തുടരുന്നു. തെക്കു പടിഞ്ഞാറൻ കെനിയയിലെ മിഗോറിയിൽ പ്രതിഷേധക്കാരെ പിരിച്ചുവിടാൻ പൊലീസ് നടത്തിയ വെടിവെപ്പിൽ നാലു പേർക്ക് പരിക്കേറ്റു. രണ്ട് പൊലീസുകാർക്കും പരിക്കേറ്റിട്ടുണ്ട്.

മകുവേനിയിൽ നൂറുകണക്കിന് പ്രതിഷേധക്കാർ റോഡ് ഉപരോധിക്കുകയും ടയറുകൾ കൂട്ടിയിട്ട് കത്തിക്കുകയും ചെയ്തു. നികുതി വർധനയ്ക്കെതിരെ പ്രക്ഷോഭം ശക്തമായതിന് പിന്നാലെ വിവാദ തീരുമാനം കെനിയൻ പ്രസിഡന്റ് വില്യം റൂട്ടോ പിൻവലിച്ചിരുന്നു. പാർലമെന്റിലേക്ക് അടക്കം പ്രതിഷേധക്കാർ എത്തിയതിന് പിന്നാലെയാണ് തീരുമാനം. നികുതി വർധന സംബന്ധിച്ച ബില്ലിൽ താൻ ഒപ്പിടില്ലെന്ന് വില്യം റൂട്ടോ വിശദമാക്കി. രാജ്യ വ്യാപകമായി നടന്ന പ്രക്ഷോഭത്തിൽ ഇതുവരെ 23 പേരാണ് കൊല്ലപ്പെട്ടത്. നിരവധി പേർക്ക് രാജ്യത്തുണ്ടായ അക്രമ സംഭവങ്ങളിൽ പരിക്കേറ്റിരുന്നു. 2024ലെ സാമ്പത്തിക ബില്ലിനെതിരായ രാജ്യത്തെ ജനങ്ങളുടെ വികാരം മാനിക്കുന്നുവെന്നും വില്യം വിശദമാക്കി. പ്രതിഷേധവുമായി നിരത്തിലിറങ്ങിയ യുവ ജനതയോട് സംവദിക്കുമെന്നും പരിഹാര മാർഗങ്ങൾ സ്വീകരിക്കുമെന്നും വില്യം റൂട്ടോ വിശദമാക്കി.



ഒരാഴ്ചയോളം നീണ്ട് നിന്ന പ്രതിഷേധക്കാരുടെ ആവശ്യങ്ങൾക്ക് അനുകൂലമാണ് വില്യമിന്റെ തീരുമാനം. കഴിഞ്ഞ ദിവസം കെനിയയിൽ ജനക്കൂട്ടം പാർലമെന്റിന് തീയിട്ടിരുന്നു. കൂറ്റൻ പാർലമെന്റ് മന്ദിരത്തിന്റെ ഒരു ഭാഗം കത്തിനശിക്കുകയും ചെയ്തിരുന്നു. പൊലീസ് വെടിവയ്പിൽ പത്തോളം പ്രതിഷേധക്കാർ കൊല്ലപ്പെട്ടെന്നാണ് റിപ്പോർട്ട്. പ്രക്ഷോഭം പടരുന്നതിനിടെ കൊള്ളയും വ്യാപകമായി.

കടകളിൽ നിന്ന് ആൾക്കൂട്ടം സാധനങ്ങൾ എടുത്തു കൊണ്ടുപോകുന്ന ദൃശ്യങ്ങൾ പുറത്തുവന്നിരുന്നു. റൂട്ടോയുടെ സാമ്പത്തിക സമാശ്വാസ വാഗ്ദാനങ്ങൾ വിശ്വസിച്ച് വോട്ട് ചെയ്ത ജനങ്ങൾ തന്നെയാണ് ഇപ്പോൾ തെരുവിലിറങ്ങിയത്.

## നിയമം ലംഘിച്ച് വിവാഹം: ഇമ്രാന്റേയും ഭാര്യയുടേയും ഹർജി തള്ളി

ഇസ്ലാമാബാദ്: മുൻ പാക് പ്രധാനമന്ത്രി ഇമ്രാൻ ഖാനും ഭാര്യ ബുഷ്റ ബീവിയും തമ്മിലുള്ള വിവാഹം നിയമവിരുദ്ധമാണെന്ന കോടതി വിധിക്കെതിരായി ഇരുവരും സമർപ്പിച്ച ഹർജി ഇസ്ലാമാബാദ് കോടതി തള്ളി. ഇസ്ലാമിക നിയമത്തിന് വിരുദ്ധമാണ് 2018ലെ ഇവരുടെ വിവാഹമെന്ന് ഫെബ്രുവരിയിൽ കോടതി വിധിച്ചിരുന്നു.

ഇരുവർക്കും ഏഴു വർഷത്തെ തടവ് ശിക്ഷയാണ് കോടതി വിധിച്ചിരുന്നത്. രാജ്യത്തെ പൊതു തിരഞ്ഞെടുപ്പിന് അഞ്ചു ദിവസം മുമ്പായിരുന്നു വിധി. ഇതിനെതിരെയാണ് ഇരുവരും അപ്പീൽ നൽകിയത്. അപ്പീൽ തള്ളിയതോടെ ഇരുവരും ജയിലിൽ തുടരും. വിവാഹ മോചനത്തിന് ശേഷം മൂന്നു മാസം പിന്നിടും മുമ്പ് ഇസ്ലാമിക ശരീഅത്ത് നിയമം ലംഘിച്ചാണ് ഇരുവരും വിവാഹിതരായതെന്നാരോപിച്ച് ബുഷ്റ ബീവിയുടെ മുൻ ഭർത്താവ് ഖാവർ മനേകയാണ് കോടതിയെ സമീപിച്ചത്. 2017 നവംബറിലാണ് മനേകയിൽ നിന്നും ബുഷ്റ ബീവി വിവാഹ മോചനം നേടിയത്. 2018 ഫെബ്രുവരിയിലാണ് ഇമ്രാൻ ഖാൻ ബുഷ്റ ബീവിയെ വിവാഹം ചെയ്തത്. ഇമ്രാന്റെ മൂന്നാം വിവാഹമായിരുന്നു ഇത്. വിധിക്കെതിരെ ഇരുവരും സമർപ്പിച്ച മറ്റൊരു ഹർജി ജൂലൈ രണ്ടിന് കോടതി പരിഗണിക്കാനിരിക്കുകയാണ്. നീതിന്യായ വ്യവസ്ഥയുടെ ദുഖ ദിനം എന്നായിരുന്നു അപ്പീൽ തള്ളിയതിനെ കുറിച്ച് ഇമ്രാന്റെ പാർട്ടിയായ പാകിസ്താൻ തെഹ്‌രീകെ ഇൻസാഫ് പാർട്ടി (പി.ടി.ഐ) നേതാവും ഇമ്രാന്റെ അടുത്തയാളുമായ സുൽഫീഖർ ബുഖാരിയുടെ പ്രതികരണം. 18 വ്യത്യസ്ഥ കേസുകളിൽ ഇമ്രാനെ കോടതി ജാമ്യം നൽകുകയോ വെറുതെ വിടുകയോ ചെയ്തിട്ടുണ്ട്. 11 മാസമായി ഇമ്രാൻ ജയിലിലാണ്.



## കാണാതായ കുട്ടികൾ കെട്ടിടാവശിഷ്ടങ്ങൾക്കടിയിലെന്ന് യുണിസെഫ്

ഗസ്സ: ഇസ്രാഈൽ ആക്രമണത്തെ തുടർന്ന് ഗസ്സയിൽ കാണാതായ 21,000ൽ അധികം കുട്ടികൾ തകർന്ന കെട്ടിടാവശിഷ്ടങ്ങൾക്കടിയിൽ അകപ്പെട്ട് കൊല്ലപ്പെട്ടിരിക്കാമെന്ന് യുണിസെഫ് ഡെപ്യൂട്ടി എക്സിക്യൂട്ടീവ് ഡയരക്ടർ ടെഡ് ചായ്ബൻ.

ഗസ്സയിലെ സംഭവ വികാസങ്ങളെ കുറിച്ച് യു.എൻ സുരക്ഷാ കൗൺസിലിൽ വിവരിക്കുകയായിരുന്നു അദ്ദേഹം. 2023ൽ 4312 ഫലസ്തീനിൻ കുട്ടികളും 70 ഇസ്രാഈലി കുട്ടികളും കൊല്ലപ്പെട്ടതായും ഇത് പരിശോധിക്കപ്പെട്ട കേസുകളിൽ 37 ശതമാനം വരുമെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ ഒക്ടോബർ ഏഴിന് ആരംഭിച്ച ഇസ്രാഈൽ ആക്രമണത്തിൽ ആയിരക്കണക്കിന് കുട്ടികളേയാണ് കാണാതായത്. ഇവരിൽ ഏറെയും കെട്ടിടാവശിഷ്ടങ്ങൾക്കടിയിൽ അകപ്പെട്ടവരാണ്. മനുഷ്യാവകാശ പ്രവർത്തകർക്കു പോലും മേഖലയിലേക്ക് പ്രവേശനമില്ലാത്തതിനാൽ കാണാതായ ഇത്രയും കുട്ടികളെ കൊല്ലപ്പെട്ടവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്താനായിട്ടില്ലെന്നും ചയ്ബൻ പറഞ്ഞു. ഒക്ടോബർ ഏഴു മുതൽ ഇസ്രാഈൽ സൈന്യം ഗസ്സയിൽ തകർത്തത് 35,000ൽ അധികം സ്ഥിരം കെട്ടിടങ്ങളും 84,000 താൽക്കാലിക കെട്ടിടങ്ങളുമാണ്. 360,000ൽ അധികം ഭവന യൂണിറ്റുകളും തകർന്നവയിൽ ഉൾപ്പെടും. 19ലക്ഷം ഗസ്സക്കാരാണ് ഇതുവഴി ഭവന രഹിതരായത്.

## കടുത്ത ചൂട്: യുഎഇയിൽ ഖുതുബ സമയം ചുരുക്കി

അബുദാബി: യുഎഇയിൽ വേനൽച്ചൂട് കനത്തതോടെ ഇന്നു മുതൽ ഖുതുബയുടെ സമയം 10 മിനിറ്റായി ചുരുക്കി. ഒക്ടോബർ വരെ ഈ സമയക്രമം പാലിക്കണമെന്നാണ് ജനറൽ അതോറിറ്റി ഓഫ് ഇസ്‌ലാമിക് അഫയേഴ്സ് ആന്റ് എൻഡോവ്മെന്റ് ഇമാമുമാർക്ക് നിർദേശം നൽകിയിരിക്കുന്നത്. സഊദിയും ജുമുഅ ഖുതുബ ചുരുക്കാൻ നിർദേശം നൽകിയിരുന്നു.



### കറൻസി മൂല്യം

1 യു.എ.ഇ ദിർഹം 22.72 ₹
1 ഒമാനി റിയാൽ 216.78 ₹
1 സൗദി റിയാൽ 22.24 ₹
1 ഖത്തർ റിയാൽ 22.87 ₹
1 കുവൈറ്റ് ദിനാർ 272.16 ₹
1 ബഹ്റൈൻ ദിനാർ 221.39 ₹

### സ്വർണവില

(ഗ്രാമിന്-ദിർഹം)

24 കാരറ്റ് 280.25
22 കാരറ്റ് 259.50
21 കാരറ്റ് 251.00
18 കാരറ്റ് 215.25



ഗൾഫ് വാർത്തകൾ

# വേനലവധിക്കാലം ഫലപ്രദമാക്കാം




യുഎഇയിലെ വിദ്യാലയങ്ങൾക്ക് ഇത് വേവനലവധിക്കാലമാണ്. മക്കളുടെ നാനോന്മുഖങ്ങളായ ക്രിയാത്മക കാര്യങ്ങൾക്ക് ഈ അവധി വേളകളെ ഉപയോഗപ്പെടുത്തണം. ഉപകാരപ്രദമായ കാര്യങ്ങൾക്ക് ആവേശം കാണിക്കണമെന്നാണ് പ്രവാചകൻ പഠിപ്പിച്ചിട്ടുള്ളത്. മാതാപിതാക്കളുടെ മേൽനോട്ടത്തിൽ വിദ്യാർത്ഥികൾ അവധിക്കാലങ്ങളെ പാഠ്യേതര മികവിനായി ഫലപ്രദമായി വിനിയോഗിക്കണം. അതിനായി മാതാപിതാകൾ മക്കളുടെ കഴിവിനും അഭിരുചിക്കും അനുസരിച്ച് അവധിക്കാല പരിപാടികളുടെ നല്ല രൂപരേഖ തയ്യാറാക്കണം. പ്രഥമമായി ചെയ്യേണ്ടത് മക്കൾക്ക് പരിശുദ്ധ ഖുർആനുമായി ബന്ധമുണ്ടാക്കിയെടുക്കലാണ്. രാജ്യത്തെ മതകാര്യ വകുപ്പിന് കീഴിലുള്ള അംഗീകൃത കേന്ദ്രങ്ങളിൽ നടത്തുന്ന പഠനക്യാമ്പുകളിൽ മക്കളെ പങ്കെടുപ്പിക്കണം. ഖുർആൻ പഠിതാക്കളെപ്പറ്റി അവർ അല്ലാഹുവിന്റെ സ്വന്തം ആളുകളാണെന്നാണ് പ്രവാചകൻ പഠിപ്പിച്ചിട്ടുള്ളത്. മക്കളെ അറബി ഭാഷാപഠനത്തിൽ തൽപരരാക്കുകയും വേണം. വ്യത്യസ്ത വിജ്ഞാനങ്ങളുടെ കടുപ്പമേറിയ വിഷയങ്ങളിൽ അവയുടെ പാരായണങ്ങൾ കേൾപ്പിച്ചാൽ ഏറെ ഉപകരിക്കും. സ്വഭാവ സംസ്ക്കരണത്തിന് ഉതകുന്ന കഥകൾ വായിപ്പിക്കുകയും വായിച്ചു കേൾപ്പിക്കുകയും കഥനം ചെയ്യുകയും വേണം.

ആദ്യ ഖുർആനിക സൂക്തം തന്നെ വായിക്കാനുള്ള ആഹ്വാനമാണല്ലോ. മക്കൾ സ്മാർട്ടു ഉപകരണങ്ങളിലും ഗെയിമുകളിലും ആസക്തരാവുന്നതിനേക്കാൾ എത്രയോ നല്ലതാണ് വായന. അനാവശ്യ കളിചിരികളിൽപ്പെട്ട് സമയം കളയുന്നതിനേക്കാളും ഏറെ ഉപകാരപ്രദവുമാണത്. മക്കളുടെ നൈപുണ്യങ്ങളും കഴിവുകളും ഉത്തേജിപ്പിക്കണം. അതിനനുസരിച്ചുള്ള പഠന ശിബിരങ്ങളിൽ ചേർക്കണം. ശാരീരിക ക്ഷമതക്കായി താൽപര്യമനുസരിച്ച് കായിക ഇനങ്ങളും പഠിപ്പിക്കണം. ജീവിതഘട്ടങ്ങളിലെ ഉത്തരവാദിത്വബോധം ഉണ്ടാവുംവിധം ബാധ്യതാബോധ്യം വളർത്തണം. എന്നാലാണ് അവർ ഭാവി വർത്തമാന കാര്യങ്ങൾ പോസിറ്റീവ് ചിന്തയോടെയും കാര്യഗൗരവത്തോടെയും കൈകാര്യം ചെയ്യാൻ ഉതകുന്നവരായി മാറുകയുള്ളൂ. മക്കളെ കുടുംബ കാര്യങ്ങളിൽ ഉൾപ്പെടുത്താനുള്ള അവസരമാണ് ഈ അവധിക്കാലം. രക്ഷിതാക്കൾ അവരോട് ഇടപഴകി ബന്ധം ഊഷ്മളമാക്കണം. സംഭാഷണങ്ങൾ നടത്തി അവരിലെ ചിന്തകൾ വായിച്ചറിയണം. അവരുടെ ബുദ്ധി എങ്ങോട്ടേക്കാണ് വ്യതിചലിക്കുന്നന്നതെന്ന് മനസ്സിലാക്കണം. പോസിറ്റീവായ എല്ലാം സ്വഭാവങ്ങളും അവരിൽ വളർത്തിയെടുക്കണം. പ്രവാചകൻ രാത്രി ഉറങ്ങുന്നതിന് മുമ്പ് കുടുംബക്കാരോടൊപ്പം ഇരിക്കുമായിരുന്നുവെന്ന് ഹദീസുകളിൽ കാണാം.

അവധിക്കാലം കുട്ടികളെ നിരീക്ഷിക്കാനുള്ള അവസരം കൂടിയാണ്. അവരുടെ കൂട്ടുകെട്ടുകളെ കുറിച്ച് ചോദിച്ചറിയാനും ചീത്ത സൗഹൃദങ്ങളുടെ ചതികൾ മനസ്സിലാക്കിക്കൊടുക്കാനും കഴിയണം. അധർമകാരി ചീത്ത കൂട്ടുകെട്ടുകളിൽപ്പെട്ട് വിലപിക്കുന്നത് സൂറത്തുൽ ഫുർഖാൻ 28ാം സൂക്തത്തിൽ ഉദ്ധരിക്കുന്നുണ്ട്. നമ്മുടെ മക്കളെ എന്നും കരുതിയിരിക്കണം. ചിലപ്പോൾ വിശ്വസ്തനായ ഉപദേശകന്റെ വേഷത്തിലായിരിക്കും തെമ്മാടിയായ ചങ്ങാതി വലയിൽ വീഴ്ത്തുക. അവരിൽ നിന്ന് നിഷ്കളങ്കരായ മക്കൾക്ക് പ്രയാസവും ഉപദ്രവവും മാത്രമേ ഉണ്ടാവുകയുള്ളൂ എന്ന സത്യം നാം തിരിച്ചറിയണം.

## ക്രെഡിറ്റ് കാർഡിൽ നിന്നും വായ്പയെടുത്ത

# ഇടത്തരം പ്രവാസികൾ ഊരാക്കുടുക്കിൽ

ഫുജൈറ: താത്കാലികാശ്വാസത്തിനു വേണ്ടി ക്രെഡിറ്റ് കാർഡുകളെടുത്ത യുഎഇ യിലെ നിരവധി മലയാളികൾ ഊരാക്കുടുക്കിൽ. ബാങ്കുകളുടെ ആകർഷകമായ വായ്പാ പരസ്യങ്ങളിൽ ആകൃഷ്ടരായി എടുത്ത് ചാടിയവരാണ് ചതിക്കുഴികളിൽ ചാടിയവരിൽ പലരും. വായ്പയെ ആശ്രയിക്കാനുള്ള പ്രവണത മലയാളികൾക്കിടയിൽ കൂടുതലാണെന്ന് ധന കാര്യ സ്ഥാപനങ്ങൾ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഇടത്തരക്കാരാണ് ഉത്പാദനേതര വായ്പക്കളുടെ മുഖ്യ ഉപഭോക്താക്കൾ എന്നും ധനകാര്യ സ്ഥാപനങ്ങൾ വ്യക്തമാക്കുന്നു. ജീവിത ശൈലികളെ പുതുക്കി എടുക്കാനുള്ള വ്യഗ്രതയിൽ സാമ്പത്തിക ബാധ്യതകൾ കണ്ടില്ലെന്നു വയ്ക്കുകയാണ് ഇക്കൂട്ടർ. നാളെ ചെലവാക്കേണ്ട കാര്യങ്ങൾ ഇന്നു തന്നെ ചെയ്യാൻ വേണ്ടി പലിശയെ ആശ്രയിക്കുന്ന പ്രവണത മറ്റു സമൂഹങ്ങളെ അപേക്ഷിച്ചു മലയാളികൾക്കിടയിൽ കൂടുതലാണെന്നു പഠനങ്ങൾ സൂചിപ്പിക്കുന്നു.

കാത്തിരിക്കാൻ മടിയുള്ള ഇത്തരക്കാരെ വലവീശി പിടിക്കാൻ ധാരാളം സ്വകാര്യ കമ്പനികളുമുണ്ട്. ഓരോ മാസവും ശമ്പളത്തിന്റെ മുക്കാൽ ശതമാനവും ക്രെഡിറ്റ് കാർഡുകളുടെ പിഴയടക്കേണ്ടിവരുന്ന നല്ലൊരു ശതമാനം മലയാളികൾ രാജ്യത്തുണ്ടെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. ക്രെഡിറ്റ് കാർഡ്, മറ്റു വായ്പാ കമ്പനികൾ ലക്ഷ്യമിടുന്നതും ഇത്തരക്കാരെയാണ്.വായ്പകളെ ഒരു ഉത്പന്നമെന്ന നിലക്ക് വളരെ ആകർഷകമായാണ് ബാങ്കുകൾ ഇക്കാലത്ത് അവതരിപ്പിക്കുന്നത്. വരുമാനത്തിന്റെ ഒന്നരയോ രണ്ടോ ഇരട്ടി വായ്പാ സൗകര്യം നൽകുന്ന ക്രെഡിറ്റ് കാർഡുകൾ പ്രത്യക്ഷത്തിൽ തികച്ചും ആകർഷകമായൊരു ഓഫർ തന്നെയാണ്. സൂക്ഷിച്ച് ഉപയോഗിച്ചാൽ സത്യത്തിൽ വലിയ തകരാറൊന്നും ഇല്ല താനും.പക്ഷെ ഇടത്തരമാളുകൾക്ക് വ്യവസ്ഥ പാലിക്കാൻ പ്രയാസമാണെന്ന് ക്രെഡിറ്റുകാർഡുണ്ടാക്കുമ്പോൾ ആരും ഓർക്കാറില്ല.

മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് യുഎഇയിൽ ക്രെഡിറ്റ് കാർഡ് സ്വന്തമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ലഘുവാണ് എന്നത് രാജ്യത്തെ ക്രെഡിറ്റ് കാർഡ് ഉപയോക്താക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന്ന് സഹായമാകുകയാണ്. കുറഞ്ഞത് 2500 ദിർഹം എങ്കിലും പ്രതിമാസ ശമ്പളം ഉള്ളവർക്കാണ് നിലവിൽ ഇവിടെ ക്രെഡിറ്റ് കാർഡുകൾ ലഭിക്കുകയെങ്കിലും പരിശോധനാ സംവിധാനങ്ങൾ കർശനമല്ലാത്തതിനാൽ ആർക്കും ക്രെഡിറ്റ് കാർഡ് ലഭ്യമാകുന്ന ഒരു സാഹചര്യമാണിവിടെ.



സ്വതവേ ഉപഭോഗ തൽപരായ മലയാളികൾ ഈ വലയിൽ എളുപ്പത്തിൽ വീണു പോകുകയാണ്. സൂത്രത്തിൽ കൂടിയ തുകക്കുള്ള സാലറി സർട്ടിഫിക്കറ്റും മറ്റും സംഘടിപ്പിച്ച് ക്രെഡിറ്റ് കാർഡ് സ്വന്തമാക്കുന്ന ഇവർ ഒരിക്കലും കര കയറാനാകാത്ത കടക്കെണിയിൽ വീണു പോവുന്നു. നിരവധി ക്രെഡിറ്റ് കാർഡുകളിൽ നിന്നായി വൻ തുകകൾ വായ്പയെടുത്ത ഒരു മലയാളി കുടുംബം ദുബായിൽ കൂട്ട ആത്മഹത്യ ചെയ്തത് വാർത്തയായിരുന്നു. വലിയ സാമ്പത്തിക ബാധ്യത ഉണ്ടായിരുന്നു എന്നതാണ് മരണത്തിനു കീഴടങ്ങാൻ ഈ കുടുംബത്തെ പ്രേരിപ്പിച്ചത്.

ഒരു ക്രെഡിറ്റ് കാർഡ് സ്വന്തമാക്കുമ്പോൾ അതുമായി ബന്ധപ്പെട്ട നിയമാവലികളും നിബന്ധനകളും മനസ്സിലാക്കാതെയാണ് പലരും ക്രെഡിറ്റ് കാർഡുകളുണ്ടാക്കുന്നത്. ഒരിക്കൽ വായ്പ എടുത്താൽ അത് അടച്ചു തീർക്കുന്നതു വരെ ആദ്യ ബാലൻസ് തുകക്ക് മുഴുവനും പലിശ നൽകണം എന്ന വലിയൊരു പ്രശ്നം മിക്കവരും തിരിച്ചറിയുമ്പോഴേക്കും ഒരുപാട് വൈകുന്നു. 2 മുതൽ 3 ശതമാനം വരെ പലിശയാണ് ക്രെഡിറ്റ് കാർഡുകൾ ഈടാക്കുന്നത്. അതായത് വർഷത്തിൽ 24 മുതൽ 36 % വരെ. അതിനു പുറമെ, തുക അടക്കാൻ വൈകിയാൽ പിഴ, ക്രെഡിറ്റ് പരിധി താണ്ടിയാൽ അതിനും പിഴ. യഥാർത്ഥത്തിൽ ഓരോ പുതിയ ഉപയോക്താക്കളെയും കാത്തിരിക്കുന്നത് പിഴകളാണ്. അതിനാൽ തന്നെ ദീർഘ കാല വായ്പാ ആവശ്യങ്ങൾക്ക് ആശ്രയിക്കാവുന്ന ഒന്നല്ല ക്രെഡിറ്റ് കാർഡ് എന്നകാര്യത്തിലുള്ള അജ്ഞതയാണ് മലയാളി പ്രവാസികളെ ഇത്തരം ഊരാക്കുടുക്കിലേക്ക് വലിച്ചിഴക്കുന്നത് എന്ന് സാമ്പത്തികവിദഗ്ധർ പറയുന്നു.

പ്രതിമാസം ചെലവാക്കാൻ കഴിയുന്ന തുകക്ക് ലഭിക്കാവുന്ന 50 മുതൽ 60 ദിവസം വരെയുള്ള വായ്പാ കാലവധി മാത്രമാണ് ക്രെഡിറ്റ് കാർഡുകളിൽ നിന്നുള്ള യഥാർത്ഥ പ്രയോജനം. ദീർഘ കാലയളവിൽ നോക്കിയാൽ അത് ചെറിയൊരു സംഖ്യയല്ലതാനും. അതിനാൽ തന്നെ ധനകാര്യ സ്ഥാപനങ്ങളുടെ പരസ്യവാചകങ്ങളിൽ വീണുപോവാതിരിക്കാൻ ഓരോപ്രവാസികളും ശ്രദ്ധിക്കണമെന്നാണ് ഈ രംഗത്തെ വിദഗ്ധർ സൂചിപ്പിക്കുന്നത്.

## ഓവർസ്റ്റേ: സോഷ്യൽ മീഡിയ വാർത്തകൾ തെറ്റ്: ജിഡിആർഎഫ്എ

### വിസ അന്വേഷണങ്ങൾക്ക് 8005111 നമ്പറിൽ വിളിക്കാം







ദുബായ്: വിസിറ്റ് വിസ ഓവർസ്റ്റേയുമായി ബന്ധപ്പെട്ട് സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്ന വാർത്തകൾ തെറ്റാണെന്ന് ദുബായിലെ ജനറൽ ഡയറക്ടറേറ്റ് ഓഫ് റെസിഡൻസി ആൻഡ് ഫോറിനേഴ്സ് അഫയേഴ്സ് (ജിഡിആർഎഫ്എഡി ) വ്യക്തമാക്കി. ഈ വാർത്തകൾ വിശ്വസിക്കരുതെന്നും വിവരങ്ങൾക്ക് ഡയറക്ടറേറ്റിന്റെ ഔദ്യോഗിക ചാനലുകളെ ആശ്രയിക്കണമെന്നും ജിഡിആർഎഫ്എ ദുബായ് പൊതുജനങ്ങളോട് അഭ്യർത്ഥിച്ചു.

5 ദിവസത്തിൽ കൂടുതൽ വിസിറ്റ് വിസ ഓവർസ്റ്റേ ചെയ്യുന്നവരെ അബ്സ്കോണ്ട് ചെയ്യുമെന്നും അവരുടെ പേരുകൾ കരിമ്പട്ടികയിൽ ചേർക്കുകയും രാജ്യത്ത് നിന്ന് നാടുകടത്തുകയും ചെയ്യുമെന്ന വ്യാജ വാർത്തകളാണ് സോഷ്യൽ മീഡിയയിൽ പ്രചരിച്ചത്. ദുബായ് ഇമിഗ്രേഷന്റെ പേരിലാണ് ഈ വാർത്തകൾ പ്രചരിപ്പിച്ചിരുന്നത്

ജിഡിആർഎഫ്എ ദുബായ് അധികൃതർ ഈ വാർത്ത ഈ വ്യാജമാണെന്ന് അറിയിച്ചു . വിസിറ്റ് വിസ ഓവർസ്റ്റേയുമായി ബന്ധപ്പെട്ടും മറ്റു വീസ സംബന്ധമായ ഏത് അന്വേഷണങ്ങൾക്കും നേരിട്ടു ഓഫീസുമായോ, അല്ലെങ്കിൽ ടോൾ ഫ്രീ നമ്പറായ 8005111 ലെ ബന്ധപ്പെടണമെന്ന് ജി ഡി ആർ എഫ് എ ദുബായ് അഭ്യർത്ഥിച്ചു

## നിയമ പോരാട്ടം വിജയിച്ചു: റഹീമിന് നാട്ടിലേക്ക് മടങ്ങാം

**റഷീദ് പയന്തോങ്ങ്**
കുവൈത്ത് സിറ്റി

മനസ്സും ശരീരവും തളർത്തിയ അപകടം വരുത്തിവെച്ച മനോ വ്യഥയിൽ ആശുപത്രി കിടക്കയിൽ കുടുംബത്തെ കാണാൻ ആഗ്രഹം പറഞ്ഞു കൊണ്ടിരുന്ന റഹീമിന് ഒടുവിൽ നാട്ടിലേക്ക് തിരിക്കാനുള്ള മോഹം സഫലമാവുന്നു. വാഹനാപകടത്തെ തുടർന്ന് കഴിഞ്ഞ രണ്ട് വർഷമായി കുവൈത്തിലെ മുബാറക് അൽ കബീർ ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിയുന്ന ബാലുശ്ശേരി ഏകരൂൽ എമ്മംപറമ്പ് സ്വദേശി റഹീമിന്റെ യാത്രാ വിലക്ക് നീങ്ങിയതോടെയാണ് നാട്ടിലേക്ക് പോവാനുള്ള വഴി ഒരുങ്ങിയിയത്.

2002 ഫിബ്രവരിയിലാണ് റഹീം ഓടിച്ചിരുന്ന വാഹനവും മറ്റ് നാല് വാഹനവും ട്രാഫിക് സിഗ്നലിൽ അപകടത്തിൽ പെട്ടത്.ഗുരുതര പരിക്കുകളോടെ ഇദ്ദേഹത്തെ ജാബ്രിയ മുബാറക് അൽ കബീർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

അപകടത്തെ തുടർന്ന് കേസ് നടപടികളുടെ നൂലാമാലകളിൽ പെട്ട് സ്വദേശത്തേക്കുള്ള മടക്ക യാത്രയും,റഹീമിന്റെ വിദഗ്ധ ചികിത്സയും മുടങ്ങുകയായിരുന്നു. തലയ്ക്കും,മറ്റ് ശരീര ഭാഗങ്ങളിലും ഗുരുതര പരിക്കേറ്റ റഹീം പൂർണ്ണ മായും കിടപ്പ് രോഗിയായി മാറി. ആശുപത്രി വാസം അവസാനിപ്പിക്കുന്നതിനും,നാട്ടിൽ പോയി കുടുംബത്തെ കാണുന്നതിനും വിദഗ്ധ ചികിത്സ തേടുന്നതിനും ആഗ്രഹം പ്രകടിപ്പിച്ച് റഹീം പല തവണ സോഷ്യൽ മീഡിയയിലൂടെ സഹായ അഭ്യർത്ഥന നടത്തിയിരുന്നു.




*കുവൈത്തിലെ മുബാറക് അൽ കബീർ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന റഹീം*

കുവൈത്ത് കെഎംസിസി സാൽമിയ ഏരിയ മുൻ ജനറൽ സിക്രട്ടറിയും മുബാറക് അൽ കബീർ ആശുപത്രിയിലെ സീനിയർ മെഡിക്കൽ ടെക്നോളജിസ്റ്റുമായ സി. അറഫാത്തിന്റെ ഇടപെടലാണ് റഹീമിന്റെ മോചനത്തിന് വഴി തുറന്നത്. ഇന്ത്യൻ എംബസ്സി വെൽഫെയർ വിഭാഗം ഉദ്യോഗസ്ഥൻ ശ്രീ സാജൻ നിയമ പോരാട്ടത്തിന് നൽകിയ സഹായ സഹകരങ്ങൾ കേസ് നടപടികൾ വേഗത്തിലാക്കാൻ ഏറെ സഹായിച്ചു. കുവൈത്തിലെ പ്രമുഖ അഭിഭാഷകൻ മുഹമ്മദ് അൽ അനസിയാണ് റഹീമിന് വേണ്ടി നിയമ പോരാട്ടം നടത്തിയത്. വെൽഫെയർ പാർട്ടിയുടെ കുവൈത്ത് ഘടകം,അസീസ് നരിക്കുനി,ശമീൽ അടിവാരം,കൊല്ലം ലത്തീഫ്,ഷമീർ മുസ്‌ലിയാർ,കെഎംസിസി ട്രഷറർ ഹാരിസ് വള്ളിയോത്ത് ഉൾപ്പടെ സുമനസ്സുകളായ നിരവധി പേരുടെ സഹായ സഹകരണങ്ങൾ ലഭ്യമായിരുന്നു. ദീർഘനാളത്തെ ആശുപത്രി വാസ മോചനം സാധ്യമാകുന്നതിനുള്ള ശ്രമങ്ങൾക്ക് പരിസമാപ്തിയായി റഹീം ഇനി ഏറ്റവും അടുത്ത ദിവസം നാട്ടിലേക്ക് യാത്ര തിരിക്കും.

## അബുദാബിയിൽ ആരോഗ്യ ഇൻഷുറൻസ് തുക കൂടും

അബുദാബി: അബുദാബിയിലെ വീട്ടു വിസക്കാരുടെ (ദമാൻ) ആരോഗ്യ ഇൻഷുറൻസ് പ്രീമിയം തുക കൂടും. നേരത്തെ വാറ്റടക്കം 630 ദിർഹം അടവാക്കിയിരുന്നിടത്ത് വാറ്റ് ഉൾപ്പെടെ ഇനി 816 ദിർഹം അടക്കേണ്ടി വരും. 60 വയസിനു മുകളിലുള്ളവർ 900 ദിർഹമാണ് പുതിയ കണക്കു പ്രകാരം അടക്കേണ്ടത്.

## കോഴിക്കോട് ഓമശ്ശേരി സ്വദേശി മക്കയിൽ മരിച്ചു



*അഷ്റഫ്*

ഹാഇൽ: നാട്ടിൽനിന്ന്? ഹജ്ജിനെത്തിയ കുടുംബാംഗങ്ങളെ സന്ദർശിക്കാൻ മക്കയിലെത്തിയ മലയാളി മരിച്ചു. ഹാഇലിൽ ബഖാല നടത്തുന്ന കോഴിക്കോട് ഓമശ്ശേരി സ്വദേശി അഷ്റഫ് (47) ആണ്? ഹൃദയാഘാതം മൂലം മരിച്ചത്?. കെഎംസിസി ഹയിൽ പ്രവർത്തകനായിരുന്നു മരണപ്പെട്ട അഷ്റഫ് .

നാട്ടിൽനിന്നും ഹജ്ജിനെത്തിയ കുടുംബാംഗങ്ങളെ കാണാൻ ഹാഇലിൽ നിന്ന്? സകുടുംബസമേതം കഴിഞ്ഞ ദിവസം മക്കയിൽ എത്തിയതായിരുന്നു. അവിടെ വെച്ച്? ശാരീരിക അസ്വസ്ഥതകളുണ്ടാവുകയും മരണം സംഭവിക്കുകയുമായിരുന്നു. മൃതദേഹം മക്കയിൽ തന്നെ ഖബറടക്കുന്നതിനുള്ള നിയമനടപടികൾക്ക് കെ.എം.സി.സി നേതൃത്വം നൽകുന്നു.

## ശിൽപ ചാരുതയുടെ വിസ്മയം തീർത്ത് ഫുജൈറ ഗ്രാൻഡ് മസ്ജിദ്

**പി.നിഷാദ്**
ഫുജൈറ



ലോക വിനോദ സഞ്ചാരികളുടെ പ്രിയപ്പെട്ട പ്രദേശമായ ഫുജൈറയിലെ ശൈഖ് സായിദ് ഗ്രാൻഡ് മസ്ജിദിലേക്ക് സന്ദർശക പ്രവാഹം. യു.എ.ഇയിലെ ഏറ്റവും വലിയ രണ്ടാമത്തെ പള്ളിയാണിത്. ശിൽപസുന്ദരമായ മിനാരങ്ങൾ ദൂരെ നിന്ന് തന്നെ സഞ്ചാരികൾക്ക് കാണാം. നിലാവുള്ള രാത്രികളിൽ താജ്മഹൽ പോലെ വെട്ടിതിളങ്ങും ഈ കൊട്ടാരം. സൂര്യശോഭയിൽ വെട്ടിതിളങ്ങുന്ന ഫുജൈറയുടെ ശിൽപ സുന്ദരമായ പ്രാർത്ഥനാലയം കണ്ടാസ്വദിക്കാനും പ്രകൃതി രമണീയവും പ്രശാന്ത സുന്ദരവുമായ ഫുജൈറയുടെ ചരിത്രമുറങ്ങുന്ന മണ്ണിനെ അടുത്തറിയാനും ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നും ആളുകൾ ഇവിടേക്ക് എത്തുന്നുണ്ട്.

നുറ്റാണ്ടുകളുടെ ചരിത്രം പറയുന്ന നിരവധി ചരിത്ര സ്മാരകങ്ങൾ ഫുജൈറയിലുണ്ട്. കോട്ടകൾ, കിടങ്ങുകൾ, കിണറുകൾ, മലകൾ തുരന്നുണ്ടാക്കിയ വാസസ്ഥലങ്ങൾ, അണക്കെട്ടുകൾ, കാർഷിക മേഖലകൾ, തോട്ടങ്ങൾ, പ്രാചീനതയുടെ സൗന്ദര്യം നെഞ്ചിലേറ്റി നിൽക്കുന്ന ബിദിയ മസ്ജിദ്, കടൽ, കണ്ടൽക്കാടുകൾ തുടങ്ങിയവ കാണാൻ മുമ്പേ സഞ്ചാരികൾ വന്നിരുന്നെങ്കിലും ഫുജൈറയുടെ മധ്യത്തിൽ ഗ്രാൻഡ് മസ്ജിദ് തലയുർത്തിയതോടെ സഞ്ചാരികളുടെ എണ്ണം കൂട്ടിയിട്ടുണ്ട്. മലകൾക്കും പട്ടണത്തിനും മധ്യേ നിലയുറപ്പിച്ച പള്ളിയുടെ സൗന്ദര്യം ഇതിനകം സാമൂഹിക മാധ്യമങ്ങൾ വഴി ലോകമാകെ പ്രചരിച്ച് കഴിഞ്ഞിട്ടുണ്ട്.

ശൈഖ് ഖലീഫ ഫ്രീ വേ തുറന്നതോടെ അബൂദബി, ദുബൈ മേഖലകളിൽ നിന്നുള്ള സഞ്ചാരികളുടെ വഴിദൂരം പകുതിയായി കുറഞ്ഞതും സഞ്ചാരികൾക്ക് ഫുജൈറയിലേക്കെളുപ്പം എത്തിച്ചേരാൻ സഹായകമായിട്ടുണ്ട്. പ്രശസ്ത വാസ്തു ശിൽപി സിനാൻ രൂപകൽപന ചെയ്ത തുർക്കിയിലെ സുലൈമാൻ മസ്ജിദിന്റെ രൂപഭംഗിയാണ് ഗ്രാൻഡ് മസ്ജിദിന്.

വലിയ സൗകര്യങ്ങളാണ് പള്ളിക്കകത്ത് ഒരുക്കിയിരിക്കുന്നത്. ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർക്കായി 300 പ്രത്യേക ഇരിപ്പിടങ്ങൾ ഇവിടെ നിരത്തിയിട്ടുണ്ട്. 23.70 കോടി ദിർഹം ചെലവിലാണ് പള്ളി നിർമിച്ചത്. 28,000 പേർക്ക് ഒരേ സമയം നിസ്കരിക്കാം. 2010 ലാണ് പള്ളിയുടെ നിർമാണം ആരംഭിച്ചത്.32,000 ചതുരശ്ര മീറ്ററാണ് പള്ളിയുടെ വിസ്തീർണം.ലോകത്തിലെ മഹത്തായ ഗ്രന്ഥങ്ങളടങ്ങിയ വിപുലമായ വായനശാലയും പള്ളിക്കകത്തുണ്ട്. പള്ളിക്ക് ചുറ്റും പുൽമേടുകളും പൂച്ചെടികളും വെച്ചുപിടിപ്പിച്ചിട്ടുണ്ട്. ആറ് മിനാരങ്ങളും 65 താഴികക്കുടങ്ങളുമടങ്ങിയ പള്ളിക്ക് 100 മീറ്റർ ഉയരമുണ്ട്. പള്ളി മുറ്റത്ത് 14,000 പേർക്ക് നിരന്ന് നിൽക്കാനുള്ള സൗകര്യവുമുണ്ട്. ഒട്ടോമൻ ശിൽപ ചാരുതയിലാണ് പള്ളി നിർമിച്ചിരിക്കുന്നത്. പള്ളിയുടെ ഉദ്ഘാടനത്തിന് മുന്നോടിയായി സമീപത്തെ റൗണ്ടെബൗട്ട് മനോഹരമാക്കിയിരുന്നു.

പിരമിഡിൻെറ ആകൃതിയിൽ റൗണ്ടബൗട്ടിൽ തീർത്ത ശിൽപ്പവും അതിൽ വെച്ച് പിടിപ്പിച്ച ചെടികളും ദീപാലങ്കാരങ്ങളും കണ്ണഞ്ചിപ്പിക്കുന്ന രാക്കാഴ്ചയാണ്. ഫുജൈറയിലെ പ്രധാന പാതയായ അഹ് മദ് ബിൻ അബ്ദുല്ല റോഡിലെ എയർപ്പോർട്ട് റൗണ്ടെബൗട്ടിൽ നിന്ന് ഇടത് തിരിഞ്ഞ് കിട്ടുന്ന അൽ സലാം റോഡിലാണ് പള്ളി സ്ഥിതി ചെയ്യുന്നത്.പള്ളിക്ക് ഏറെ അകലെയല്ലാതെ ഫുജൈറ കോട്ടയും സ്ഥിതി ചെയ്യുന്നു.കോട്ടക്ക് സമീപം പരമ്പരാഗത ഗ്രാമവുമുണ്ട്. ആയിരക്കണിന് പേരാണ് വെള്ളിയാഴ്ച ദിവസം പള്ളിയിൽ നിസ്കരിക്കാനെത്തുന്നത്.



*ഒമാനിലെ മവേല പഴം പച്ചക്കറി മാർക്കറ്റ്*

## ഒമാനിലെ മവേല ചന്ത ഇന്നു മുതൽ ചരിത്രത്തിലേക്ക് കൺമറയുന്നു

മസ്കറ്റ്: ഒമാനിലെ പഴം പച്ചക്കറി വിപണത്തിന്റെ കേന്ദ്ര സ്ഥാനമായിരുന്ന മവേല മാർക്കറ്റ് ഇന്നു മുതൽ പ്രവർത്തനം അവസാനിപ്പിക്കുന്നു. വിവിധ രാജ്യങ്ങളിൽ നിന്നും, രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിൽ വിളവെടുക്കുന്നതുമായ ചരക്കുകൾ എത്തിക്കൊണ്ടിരുന്നതും, ഒമാനിലെ എല്ലാ ഗവർണ്ണറേറ്റുകളിലേക്കും വിതരണത്തിനായി പോകുന്നതും മവേല മാർക്കറ്റിൽ നിന്നായിരുന്നു. ഖസായിൻ ഇക്കണോമിക് സിറ്റിയായിരിക്കും ഇനി മുതൽ പഴം പച്ചക്കറി വിപണികളുടെ ഒമാനിലെ തലസ്ഥാനം. മവാലയിലെ മുഴുവൻ പഴം പച്ചക്കറി ഹോൾസെയിൽ കച്ചവടവും എന്നേക്കുമായി അവസാനിപ്പിക്കുന്നതായി മസ്കറ്റ് മുൻസിപ്പാലിറ്റി അറിയിച്ചു. മെയ് 5 മുതൽ ജൂൺ 9 വരെയുള്ള കാലയളവിൽ ഭക്ഷണ ശാലകളും, ഗോഡൗണുകളും, കച്ചവട സ്ഥാപനങ്ങളും, പച്ചക്കറി സംഭരണ ശാലകളും, അഡ്മിനിസ്ട്രേറ്റീവ് ഓഫിസുകളും അതിന്റെ ഉടമസ്ഥർക്ക് കൈമാറി കഴിഞ്ഞു. ജൂൺ 22 മുതൽ തന്നെ കസ്റ്റംസ് പരിശോധനകളും പച്ചക്കറി സംഭരണ പ്രവർത്തങ്ങളും മവേല മാർക്കറ്റിൽ നിന്നും കസായിൻ ഇക്കണോമിക് സിറ്റിയിലെ സിലാൽ മാർക്കറ്റിലേക്ക് മാറ്റിയിരുന്നു. വെള്ളിയാഴ്ചയായിരിക്കും നമ്മുടെ ഇവിടുത്തെ അവസാന സേവനങ്ങൾ എന്നും പലരും നിലവിൽ ഇവിടം വിട്ട് പോയിട്ടുണ്ടെന്നും പല കച്ചവടക്കാരും അറിയിച്ചു.

1997 മുതൽ ഇവിടുത്തെ വിവിധ മാർക്കറ്റുകളിൽ സേവനം ചെയ്തു വരുന്ന വിത്യസ്ത രാജ്യക്കാരായ തൊഴിലാളികൾ പുതിയ ആവശ്യക്കാരെയും ഉപഭോക്താക്കളെയും തേടിയുള്ള യാത്രയുടെ ആവേശത്തിലാണ്. കസായിൻ സിറ്റിയിൽ വിവിധങ്ങളായ സൗകര്യങ്ങളാണ് മുൻസിപ്പാലിറ്റി തയ്യാർ ചെയ്തിട്ടുള്ളത്. ലബനാൻ, സിറിയ, ജോർദാൻ, ഇജിപ്ത്, ഇറാൻ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുമുള്ള ഇറക്കുമതി ഉൽപ്പന്നങ്ങളെ സ്വീകരിക്കാനും സംഭരിക്കാനുമുള്ള സൗകര്യങ്ങൾ നാം ഓരോ വർഷവും വികസിപ്പിക്കേണ്ടതുണ്ടായിരുന്നു. എന്നാൽ കസായിൻ ഇക്കണോമിക് സിറ്റി ഇതൊക്കെ ഉൾക്കൊള്ളാൻ കഴിയുന്ന വലിയ ഇടമായിരിക്കുമെന്ന് സെൻട്രൽ മാർക്കറ്റ് മാനേജർ ഹമദ് സഊദ് സലീം അവകാശപ്പെട്ടു. പുതിയ മാർക്കറ്റ് തണുത്തതും വരണ്ടതുമായ സംഭരണികൾ, ഹോൾസെയിൽ കച്ചവട കേന്ദ്രം, ട്രക്ക് വിപണന കേന്ദ്രം, പഴം പച്ചക്കറികൾ തരം തിരിക്കാൻ പ്രത്യേക കേന്ദ്രങ്ങൾ, ഗുണമെന്മ പരിശോധന സൗകര്യങ്ങൾ, വിവിധ കമ്പനികൾക്കുള്ള ഓഫിസുകൾ, എലെക്ട്രോണിക്കൽ ചാർജിങ് ഏരിയകൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന വിപുലമായ കേന്ദ്രം തന്നെയായിരിക്കും.

# നിരീക്ഷണം

നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചുതള്ളുകയും, അവയുടെ നേരെ അഹങ്കാരം നടിക്കുകയും ചെയ്തവരാരോ അവർക്ക് വേണ്ടി ആകാശത്തിന്റെ കവാടങ്ങൾ തുറന്നുകൊടുക്കപ്പെടുകയേയില്ല. ഒട്ടകം സൂചിയുടെ ദ്വാരത്തിലൂടെ കടന്ന്പോകുന്നത് വരെ അവർ സ്വർഗത്തിൽ പ്രവേശിക്കുകയുമില്ല. അപ്രകാരമാണ് നാം കുറ്റവാളികൾക്ക് പ്രതിഫലം നൽകുന്നത്.

(വിശുദ്ധ ഖുർആൻ: 07: 40)

ഗൾഫ് ചന്ദ്രിക

1445 ദുൽഹജ്ജ് 22 • 1199 മിഥുനം 14 • 11946 ആഷാഢം 07

## ഉദ്യോഗസ്ഥർ മാത്രമല്ല സർക്കാറും പ്രതിയാണ്

കഴിഞ്ഞ പന്ത്രണ്ടു വർഷമായി സി.പി.എമ്മിനെ വിടാതെ പിടികൂടിയിരിക്കുകയാണ് ടി.പി ചന്ദ്രശേഖരൻ വധക്കേസ്. 2012 മെയ് 4ന് രാത്രി 10 മണിക്ക് വടകരക്കടുത്ത വള്ളിക്കാട് വെച്ച് കൊലയാളി സംഘം ബോംബെറിഞ്ഞു വീഴ്ത്തിയ ശേഷം ടി. പി ചന്ദ്രശേഖരനെ വെട്ടിക്കൊലപ്പെടുത്തുകയായിരുന്നു. അന്നുതൊട്ട് ഇന്നുവരെ കേസിൽ ഉലയുകയാണ് സി.പി.എം. പ്രതികളെ ശിക്ഷായിളവിന് ശുപാർശചെയ്തതുമായി ബന്ധപ്പെട്ടാണ് ഇപ്പോഴത്തെ വിവാദം. ടി.പി ചന്ദ്രശേഖരനെ ക്രൂരമായി വെട്ടിക്കൊന്ന പ്രതികളെ സ്വാതന്ത്ര്യത്തിന്റെ 75ാം വാർഷികത്തിന്റെ ഭാഗമായി പുറത്തിറക്കാനുള്ള വഴിവിട്ട നീക്കമാണ് സി.പി.എം നടത്തിയത്. അതുപക്ഷേ സർക്കാറിനെയും പാർട്ടിയെയും ഒരുപോലെ വെട്ടിലാക്കിയിരിക്കുകയാണ്. ഗത്യന്തരമില്ലാതെ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്ത് മുഖം രക്ഷിക്കാനുള്ള ശ്രമവും വൃഥാവിലായി. മൂന്ന് ഉദ്യോഗസ്ഥരെയാണ് മുഖ്യമന്ത്രി സസ്പെന്റ് ചെയ്തത്. കണ്ണൂർ സെൻട്രൽ ജയിൽ സൂപ്രണ്ടിന്റെ ചുമതല വഹിക്കുന്ന ജോയിന്റ് സൂപ്രണ്ട് കെ.എസ് ശ്രീജിത്ത്, അസി.സൂപ്രണ്ട് ഗ്രേഡ് വൺ ബി.ജി അരുൺ, അസി. പ്രിസൺ ഓഫീസർ ഒ.വി രഘുനാഥ് എന്നിവരെയാണ് അന്വേഷണവിധേയമായി സർവീസിൽനിന്ന് സസ്പെൻഡ് ചെയ്തത്.

എന്നാൽ ഉദ്യോഗസ്ഥരെ മാത്രം ബലിയാടാക്കി രക്ഷപ്പെടാൻ സർക്കാറിനും പാർട്ടിക്കുമാവില്ല. കേസിൽ ശിക്ഷിക്കപ്പെട്ട മൂന്നുപേർ ഉൾപ്പെടെയുള്ള ഒൻപതു പേർക്ക് 20 വർഷം തടവു പൂർത്തിയാകുംവരെ ഇളവു പാടില്ലെന്നു ഹൈക്കോടതി വിധി വന്നിട്ട് നാലു മാസമേ ആയിട്ടുള്ളൂ. അക്കാര്യം മുഖ്യമന്ത്രി പിണറായി വിജയൻ കൈകാര്യം ചെയ്യുന്ന ആഭ്യന്തര വകുപ്പിന് അറിയാത്തതാണെന്നു കരുതാൻ വയ്യ. ശിക്ഷയിളവു നൽകാനുള്ളവരുടെ പട്ടികയിൽ ടി.പി കേസ് പ്രതികൾ ഉൾപ്പെട്ടത് ഉദ്യോഗസ്ഥന്റെ പിഴവാണെന്നും വിശദീകരണം തേടിയെന്നുമുള്ള ജയിൽ ഡി.ഐ.ജിയുടെ ന്യായവും തടിയൂരാനുള്ള നീക്കത്തിന്റെ ഭാഗമായാണ് വിലയിരുത്തപ്പെട്ടത്. കണ്ണൂർ സെൻട്രൽ ജയിൽ സൂപ്രണ്ട് മാത്രം വിചാരിച്ചാൽ ടി.പി കേസ് പ്രതികളുടെ പേര് ശിക്ഷയിളവിനുള്ള പട്ടികയിൽ വരില്ലെന്ന് ഉറപ്പാണ്. കണ്ണൂരിലെ ജയിൽ ഉപദേശക സമിതിയിൽ സി.പി.എം സംസ്ഥാന കമ്മിറ്റിയംഗം പി. ജയരാജനും അംഗമാണെന്നതും കാണാതിരിക്കാനാവില്ല. ഇതുമായി ബന്ധപ്പെട്ടു ന്യായീകരിക്കാൻ പറഞ്ഞ കാര്യങ്ങളൊക്കെ പൊളിയുമെന്നും കോടതിയലക്ഷ്യത്തിനു സാധ്യതയുണ്ടെന്നും വന്നതോടെയാണ് ജയിൽ ഉദ്യോഗസ്ഥരെ ബലിയാടാക്കി വിഷയം തണുപ്പിക്കാനുള്ള നീക്കം സർക്കാറിന്റെ ഭാഗത്തുനിന്നുണ്ടായത്. നിയമസഭയിൽ സബ്മിഷനായി വിഷയം ഉന്നയിക്കുന്നതിനു തൊട്ടുമുമ്പാണ് മൂന്നു ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തുകൊണ്ട് മുഖ്യമന്ത്രിയുടെ ഉത്തരവിറങ്ങിയത്. ശിക്ഷാ ഇളവിന് ആഭ്യന്തരവകുപ്പിൽ നീക്കം നടന്നു എന്ന് സർക്കാർ തന്നെ സമ്മതിക്കുന്നതാണ് ഈ നടപടി. സർക്കാർ തലത്തിൽ യാതൊരു നീക്കവും നടന്നിട്ടില്ലെന്നായിരുന്നു കഴിഞ്ഞ ദിവസം സ്പീക്കർ ഉൾപ്പെടെയുള്ളവർ നിലപാട് സ്വീകരിച്ചിരുന്നത്. നിഷ്പക്ഷ നിലപാട് സ്വീകരിക്കേണ്ട സ്പീക്കർ സർക്കാരിന് വേണ്ടി നിലകൊണ്ട നടപടിയും ചോദ്യംചെയ്യപ്പെടുകയാണ്. പ്രതിപക്ഷം വിഷയം അടിയന്തര പ്രമേയമായി നിയമസഭയിൽ ഉന്നയിച്ചപ്പോഴാണ് സ്പീക്കർ അനുമതി നിഷേധിക്കുകയും ആഭ്യന്തരവകുപ്പ് കൈകാര്യംചെയ്യുന്ന മുഖ്യമന്ത്രിയെ മറികടന്ന് മറുപടി നൽകുകയുമായിരുന്നു. സസ്പെൻഷൻ നടപടി വന്നതോടെ സഭയിൽ സർക്കാരിനുവേണ്ടി തെറ്റായ കാര്യം പറയുകയായിരുന്നു സ്പീക്കറെന്ന് വ്യക്തമായിരിക്കുകയാണ്. കെ.കെ രമ നൽകിയ നോട്ടീസിന് ആഭ്യന്തരവകുപ്പ് കൈകാര്യംചെയ്യുന്ന മുഖ്യമന്ത്രി മറുപടി പറയേണ്ടിവരുന്ന സാഹചര്യം സ്പീക്കർ ഒഴിവാക്കുകയായിരുന്നു എന്നാണ് മനസ്സിലാക്കേണ്ടത്.

ടി.പി കേസ് പ്രതികൾ വാ തുറന്നാൽ സി.പി.എമ്മിന്റെ ഉന്നത നേതാക്കളിൽ പലരും ജയിലഴിക്കുള്ളിലാകാൻ സാധ്യതയുണ്ടെന്നും പാർട്ടിക്കു പ്രതികളെ ഭയമാണെന്നും പ്രതികൾ പാർട്ടിയെ ബ്ലാക്ക്മെയിൽ ചെയ്യുകയാണെന്നുമുള്ള പ്രതിപക്ഷ ആരോപണം ശരിവെക്കുന്നതാണ് സർക്കാറിന്റെ കള്ളക്കളികൾ. ലോക്സഭാ തിരഞ്ഞെടുപ്പിൽ പാർട്ടിക്കു വൻ തിരിച്ചടിയുണ്ടായ സാഹചര്യത്തിൽ ശക്തമായ തിരുത്തൽ നടപടികൾ സ്വീകരിക്കുമെന്നു പാർട്ടി സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ പറഞ്ഞു ദിവസങ്ങൾക്കുള്ളിൽ തന്നെ ആഭ്യന്തരവകുപ്പിനെ പ്രതിക്കൂട്ടിലാക്കിയ നടപടി സൂചിപ്പിക്കുന്നത് പാർട്ടിക്കു നന്നാകാൻ യാതൊരു ഉദ്ദേശവുമില്ലെന്നുതന്നെയാണ്. ടി.പി വധക്കേസിൽ പങ്കില്ല എന്നു പാർട്ടി നിരന്തരം പറയുമ്പോഴും സി.പി.എം നേതാക്കൾ പ്രതികളെ ജയിലിൽ സന്ദർശിക്കുന്നതും പ്രതികൾക്കു ജയിലിൽ വി.ഐ.പി പരിഗണനകൾ നൽകുന്നതുമായ ഇരട്ടത്താപ്പാണ് സ്വീകരിച്ചുവരുന്നത്. പ്രതികളെ സംരക്ഷിക്കാൻ സി.പി.എമ്മും പിണറായി സർക്കാറും നടത്തിയ ശ്രമങ്ങൾ കേരളത്തിലെ ജനങ്ങളുടെ മുന്നിൽ തുറന്നുകിടക്കുകയാണ്. പ്രതികൾക്ക് നിയമപരമായും രാഷ്ട്രീയമായും എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുന്ന സർക്കാറും പാർട്ടിയും ജനങ്ങളുടെ സാമാന്യബോധത്തെയാണ് നിരന്തരം ചോദ്യംചെയ്ത് കൊണ്ടിരിക്കുന്നത്. ജനങ്ങളുടെ സാമാന്യബോധത്തെയും കോടതിയെതന്നെയും കബളിപ്പിക്കാനുള്ള നീക്കം സി.പി.എമ്മിനും സർക്കാറിനും വൻ തിരിച്ചടിയായിരിക്കും നൽകുകയെന്ന് ഓർമിപ്പിക്കുകയാണ്.

### അടിക്കുറിപ്പ്

കോടികണക്കിന് പണം ചെലവഴിച്ച് അയോധ്യയിൽ രാമക്ഷേത്രം നിർമിച്ചത് ഇന്ത്യയെ ഒരു ഹിന്ദുരാഷ്ട്രമാക്കി മാറ്റാനായിരുന്നു. എന്നാൽ ഈ ലക്ഷ്യം മഹാത്മ ഗാന്ധിയുടേയും രവീന്ദ്രനാഥ ടാഗോറിന്റേയും സുഭാഷ് ചന്ദ്രബോസിന്റേയും രാജ്യത്ത് നടക്കില്ല. ഇന്ത്യയെ ഹിന്ദുരാഷ്ട്രമാക്കുക എന്ന ആശയം ഉചിതമാണെന്ന് കരുതുന്നില്ല. ഇന്ത്യ ഒരു ഹിന്ദു രാഷ്ട്രമല്ലെന്ന് 2024ലെ ലോക്സഭ തിരഞ്ഞെടുപ്പ് ഫലങ്ങൾ തെളിയിച്ചു.

–അമർത്യ സെൻ

### ചരിത്രത്തിൽ ഇന്ന്

1914 ഓസ്ട്രിയയിൽ ആർച്ച് ഡ്യൂക്ക് ആയിരുന്ന ഫ്രാൻസ് ഫെർഡിനാന്റും ഭാര്യയും സരാജെവോയിൽ വധിക്കപ്പെട്ടു. ഗാവ്രിലോ പ്രിൻസിപ് എന്ന സെർബിയൻ ദേശീയവാദിയായിരുന്നു ഇതിനു പിന്നിൽ. ഈ സംഭവം ഒന്നാം ലോക യുദ്ധത്തിന് തുടക്കമിട്ടു.

1919 ഒന്നാം ലോക യുദ്ധത്തിന് ഔപചാരിക അന്ത്യം കുറിച്ച വെഴ്സായ് ഉടമ്പടി ഫ്രാൻസിൽ ഒപ്പുവെച്ചു. ബ്രിട്ടൺ, ഫ്രാൻസ്, ഇറ്റലി, അമേരിക്ക എന്നീ രാജ്യങ്ങൾ ഒരു ഭാഗത്തും ജർമനി, ഓസ്ട്രിയ, ഹംഗറി എന്നിവ മറുഭാഗത്തുമായാണ് സന്ധി ഒപ്പുവെച്ചത്.

# ഭയാശങ്കകൾക്ക് നടുവിലെ നാലുവർഷ ഡിഗ്രി



ഡോ. എം.കെ മുനീർ

പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി (എൻ.ഇ.പി 2020 ) കേരളത്തിൽ ഈ അധ്യയന വർഷം മുതൽ നാലു വർഷ ഡിഗ്രി പ്രോഗ്രാമുകൾ നടപ്പിലാക്കുന്നതിനായി രണ്ടാം പിണറായി സർക്കാർ ഇപ്പോൾ തകൃതിയായ നീക്കത്തിലാണ്. വിദേശ രാജ്യങ്ങളിലേക്കുള്ള കേരളത്തിലെ വിദ്യാർത്ഥികളുടെ ഒഴുക്കിന് തടയിടാനും ലോകോത്തര നിലവാരമുള്ള വിദ്യാഭ്യാസം കേരളത്തിൽ ഒരുക്കുന്നതിനുമാണ് നാലു വർഷ ഡിഗ്രി ഇപ്പോൾ ധൃതികൂട്ടി നടപ്പാക്കുന്നതെന്നാണ് സർക്കാർ വൃത്തങ്ങൾ ന്യായീകരിക്കുന്നത്. എന്നാൽ ഇതുവരേയും കൃത്യവും ഏകീകൃതവുമായ ഒരു റഗുലേഷനോ കുറ്റമറ്റ സ്കീമോ സിലബസോ മുഴുവൻ പ്രോഗ്രാമുകൾക്കുമായി കേരളത്തിലെ ഒരു സർവകലാശാലയിലും തയ്യാറാക്കാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി കേരളത്തിലെ സർക്കാർ കോളജുകൾക്കോ എയ്ഡഡ് കോളജുകൾക്കോ ഓട്ടോണമസ് കോളജുകൾക്കോ ഇതുവരേയും സാധിച്ചിട്ടില്ല. അധ്യാപകരുടെ വർക്ക്ലോഡിനെക്കുറിച്ചോ കോളജുകളിലേക്കുള്ള കൃത്യമായ ടൈംടേബിളുകൾ തയ്യാറാക്കുന്നതിനെക്കുറിച്ചോ ഇതിനകം പുറത്തുവന്നുകൊണ്ടിരിക്കുന്ന ഒരൊറ്റ സിലബസിലും വ്യക്തതയുമില്ല. ഫലത്തിൽ രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കുമൊപ്പം നാല് വർഷ ഡിഗ്രി ആരംഭിക്കുന്നതോടെ കേരളത്തിലെ കോളജ് അധ്യാപകരും നെട്ടോട്ടത്തിലാണ്. നാലാം വർഷത്തെ വർക്ക് ലോഡ് പരിഗണിക്കുന്നതിനെക്കുറിച്ച് ഒരു ചർച്ച പോലും ഇതുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിയ യോഗങ്ങളിലൊന്നും ഇതേവരെ അനുവദിച്ചില്ലെന്ന പരാതി സി.കെ.സി.ടി അടക്കമുള്ള എല്ലാ അധ്യാപക സംഘടനകളും ഉന്നയിക്കുന്നുമുണ്ട്. ഫലത്തിൽ നാലാം വർഷം എന്താണ് നടക്കാൻ പോകുന്നതെന്ന് ആർക്കും ഒരു പിടിയുമില്ല.

അധ്യാപകരുടെ വർക്ക് ലോഡിനെക്കുറിച്ച് കൃത്യമായ തീരുമാനമില്ലാതെ നാല് വർഷ ഡിഗ്രി നടപ്പിലാക്കുന്നതോടെ കേരളത്തിൽ കുറേകാലത്തേക്ക് ഇനി കോളജ് അധ്യാപക മേഖലയിൽ നിയമന നിരോധനം വരാൻ പോവുകയാണ്. കേരളത്തിലെ അഭ്യസ്തവിദ്യരായ അനേകം യുവതയുടെ സ്വപ്നങ്ങളാണ് പിണറായി സർക്കാർ ഇതുവഴി തകർക്കുന്നത്. ഈ അപകടം ഇതേവരെ ആരും തിരിച്ചറിഞ്ഞിട്ടില്ല. നിലവിലുള്ള രണ്ട് വർഷ പി.ജി പ്രോഗ്രാമിന്റെ ഭാവിയെക്കുറിച്ച് ഇപ്പോൾ സർക്കാർ മൗനത്തിലുമാണ്. ഈ രീതിയിലാണ് കാര്യങ്ങളുടെ അവസ്ഥയെങ്കിൽ ജൂലൈ ഒന്നിന് ക്ലാസുകൾ ആരംഭിച്ചാൽ കേരളത്തിലെ കലാലയങ്ങളിൽ യാതൊരു ലക്കും ലഗാനുമുണ്ടാവുകയില്ലെന്നതുറപ്പാണ്.

യു.ഡി.എഫ് ഭരണകാലത്തായിരുന്നു ഇത്തരം ഗുരുതരമായ സാഹചര്യം സംഭവിച്ചിരുന്നതെങ്കിൽ ഇവിടെ ഇടതു സംഘടനകൾ ഒന്നാകെ ചോരപ്പുഴ ഒഴുക്കുമായിരുന്നു. എന്നാൽ പ്രതിപക്ഷത്തുള്ള യു.ഡി.എഫ് ഏറെ പ്രതീക്ഷയർപ്പിച്ചുതന്നെയാണ് നാലുവർഷ ഡിഗ്രി സംവിധാനത്തെ ഇപ്പോഴും നോക്കിക്കാണുന്നത്. അതേസമയം ഇക്കാര്യത്തിൽ സർക്കാർ കാണിക്കുന്ന ജനാധിപത്യ വിരുദ്ധ നിലപാടുകൾ അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ഒരു ചർച്ചക്ക് പോലും അവസരം നൽകാതെ തീർത്തും ഏകാധിപത്യ രീതിയിലാണ് കാലിക്കറ്റ് സർവകലാശാലാ സെനറ്റ് യോഗത്തിൽ അപാകതകൾ ഏറെയുള്ള റെഗുലേഷൻ പാസാക്കിയെടുത്തിരിക്കുന്നത്. അവിടെ തിരഞ്ഞെടുത്ത സിൻഡിക്കേറ്റ് മെമ്പർമാരുടെ യോഗം പോലും ചേരാതെ ഇടതുപക്ഷം അവരെ നോക്കുകുത്തിയാക്കിയിരിക്കുകയാണ്. കണ്ണൂർ സർവകലാശാലയിൽ രണ്ട് സെമസ്റ്ററിന് മാത്രമാണ് പല പ്രോഗ്രാമിനും ഇതേവരെ സിലബസുകൾ തയ്യാറാക്കിയിട്ടുള്ളത് എന്നറിയുന്നു. യു.ജി. സി മാർഗരേഖ പ്രകാരമുള്ള രീതിയിൽ നൂതനവും തൊഴിൽ നൈപുണി വികസിപ്പിക്കുന്നതുമായ സിലബസുകൾ കേരളത്തിലെവിടെയും കുറ്റമറ്റരീതിയിൽ പൂർണമായും ഒരു സർവകലാശാലയും ഇതേവരെ പുറത്ത് വിട്ടിട്ടില്ല.

ഇതൊന്നുമില്ലാതെ ജൂലൈ ഒന്നിന് ഉന്നത വിദ്യാഭ്യാസ മന്ത്രി പ്രവേശനോത്സവം പ്രഖ്യാപിച്ചാൽ എങ്ങനെയാണ് അത് നാലുവർഷ ഡിഗ്രിയാവുക എന്ന ചോദ്യം ഏറെ പ്രസക്തമാണ്. ഉന്നതവിദ്യാഭ്യാസ മന്ത്രി ദയവായി പ്രവേശനോൽസവ നാടകത്തിൽനിന്നും പിൻമാറണം. കേരളത്തിൽ വർഷങ്ങളായി നിലനിൽക്കുന്ന എല്ലാ സംവരണ തത്വങ്ങളെയും അവഗണിക്കുന്ന രീതിയിലാണ് നാലുവർഷ ഡിഗ്രി റഗുലേഷൻ തയ്യാറാക്കിയിരിക്കുന്നത്. പരാതികൾ വന്നുതുടങ്ങിയപ്പോൾ റഗുലേഷൻ തിരുത്തിക്കൊണ്ടേയിരിക്കുകയാണ്. ഈ ജൂൺ 26ന് കാലിക്കറ്റ് റഗുലേഷനിൽ വീണ്ടും തിരുത്തലുകൾ നടത്തിയിരിക്കുന്നു. നാലാം വർഷത്തിലേക്കുള്ള പ്രവേശനത്തിന് ഒരു വിദ്യാർത്ഥി 75 ശതമാനം മാർക്ക് നേടണമെന്നും റിസർവേഷൻ വിഭാഗം വിദ്യാർത്ഥികൾക്ക് 70 ശതമാനം മാർക്ക് മിനിമം ആവശ്യമാണെന്നും നിബന്ധന വെച്ചിരിക്കുന്നു. ഇത് എസ്.സി, എസ്.ടി, ഒ.ബി.സി വിഭാഗത്തിൽ പെട്ടവരെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ പടിയടച്ച് പുറത്താക്കാനുള്ള പിണറായി സർക്കാറിന്റെ ആസൂത്രിത ശ്രമമാണ്. ഇതേകുറിച്ച് മുസ്‌ലിംലീഗ് സെനറ്റ് മെമ്പർമാർ പരാതി ഉന്നയിച്ചപ്പോൾ അപേക്ഷകർ കൂടുതൽ വരുന്ന സാഹചര്യത്തിൽ സംവരണം പാലിക്കപ്പെടുമെന്ന് ജൂൺ 26ന് കാലിക്കറ്റ് സർവകലാശാലാ റഗുലേഷനിൽ തിരുത്തുകയുണ്ടായി. മാർക്ക് നിബന്ധന അപ്പോഴും അവിടെ നിലനിൽക്കുകയാണ്. സംവരണ തത്വങ്ങൾ മാറ്റിവെച്ചതിനെക്കുറിച്ച് പരാതി ഉന്നയിച്ചവരോടെല്ലാം എൻ.ഇ.പി പോളിസിയാണിതെന്നാണ് ഇടതു സർക്കാർ മറുപടി പറയുന്നത്. അപ്പോൾ നിങ്ങൾ സംഘ്പരിവാറിന് ദാസ്യവേല ചെയ്തുകൊണ്ടാണോ കേരളത്തിലെ വിദ്യാഭ്യാസ പരിഷ്കരണം നടപ്പിലാക്കുന്നത് എന്നാണ് തിരിച്ച് ചോദിക്കാനുള്ളത്. ഇവിടെ നടപ്പിലാക്കുന്ന നാലു വർഷ ഡിഗ്രി പരിഷ്കരണം എൻ. ഇ.പിയുടെ ഭാഗമല്ലെന്ന് ഇടതു സർക്കാർ വൃത്തങ്ങൾ ആവർത്തിച്ചുപറയുമ്പോഴും ഈ റഗുലേഷൻ പൂർണമായും എൻ.ഇ.പിയുടെ ഫോട്ടോകോപ്പിയാണെന്നത് പകൽ വെളിച്ചം പോലെ വ്യക്തമാണ്. നാലു വർഷ ഡിഗ്രിയുടെ ഇൻറ്റേണൽ മാർക്കിൽ തിരുത്തലുകൾ വരുത്താൻ കാലിക്കറ്റ് സർവകലാശാലയിലടക്കം പരീക്ഷാ കൺട്രോളർമാർക്ക് അവസരം നൽകിയിട്ടുണ്ട്. ഇത് തീർത്തും തെറ്റായ കീഴ് വഴക്കവും പരീക്ഷാ നടത്തിപ്പിലെ നിഷ്പക്ഷതയെ ചോദ്യംചെയ്യുന്നതും അധികാര ദുർവിനിയോഗത്തിന് അവസരമൊരുക്കലുമാണ്. അല്ലെങ്കിൽതന്നെ പെരുന്നാൾ ദിനത്തിൽപോലും പരീക്ഷകൾ ആവർത്തിച്ചു ഷെഡ്യൂൾ ചെയ്യുന്ന കാലിക്കറ്റിലേത് പോലുള്ള കൺട്രോളർമാർക്ക് ഇത്തരം നിയമങ്ങൾ കൂടി കയ്യിൽ കിട്ടിയാലുള്ള സ്ഥിതിവിശേഷം പറയേണ്ടതില്ല. അതേ പ്രകാരം തന്നെ നാലു വർഷ ഡിഗ്രിയുടെ പേരിൽ സർവകലാശാലകളുടെ സ്വയംഭരണാധികാരത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് ഇടപെടുന്നതായി ഇതിനകം സിൻഡിക്കേറ്റ് മെമ്പർമാരും സെനറ്റ് മെമ്പർമാരും പരാതികൾ ഉന്നയിച്ചിട്ടുണ്ട്. ഇടതു സർക്കാർ തിടുക്കപ്പെട്ട് നാല് വർഷ ഡിഗ്രി തട്ടിക്കൂട്ടാൻ ശ്രമിക്കുന്നതിന്പകരം അപാകതകൾ മുഴുവൻ പരിഹരിച്ച് അടുത്ത അധ്യയനവർഷം ആരംഭിക്കുന്നതാകും ഉചിതമായ നടപടി. ഈ കാര്യത്തിൽ കർണാടകയെ മാതൃകയാക്കാവുന്നതാണ്. അവർ നാലു വർഷ ഡിഗ്രി പദ്ധതി ഈ വർഷം പിൻവലിച്ചിരിക്കുകയാണ്. ഇവിടെ ഇപ്പോൾ തട്ടിക്കൂട്ടി നടപ്പിലാക്കുന്ന നാലു വർഷ ഡിഗ്രി സംസ്ഥാനത്തിന് ബാധ്യതയായി മാറും. ഡിഗ്രി ഏകജാലക അഡ്മിഷനുള്ള അപേക്ഷകരുടെ എണ്ണത്തിൽ ഈ വർഷം ഗണ്യമായതോതിൽ കുറവ് വന്ന കാര്യമെങ്കിലും ഉന്നത വിദ്യാഭ്യാസ വകുപ്പ് ഗൗരവത്തോടെ കാണണം. നാലു വർഷ ഡിഗ്രി എന്ന അങ്കലാപ്പാണ് പലരെയും പിറകോട്ടടിപ്പിച്ചതെന്ന വസ്തുത സർക്കാർ തിരിച്ചറിയാതെ പോകരുത്. നീറ്റ് നെറ്റ് പരീക്ഷകളുടെ വിശ്വാസ്യത കേന്ദ്ര സർക്കാർതന്നെ തകർത്ത് നിൽക്കുന്ന ഈ ഘട്ടത്തിൽ നാല് വർഷ ഡിഗ്രി എന്ന പുകമറയിലൂടെ കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗം തച്ചുടക്കാൻ ഇടതു സർക്കാർ ഒരിക്കലും ശ്രമിക്കരുത്.

# പുഞ്ചിരി ദാനമാണ്



വെള്ളിത്തെളിച്ചം

ടി.എച്ച് ദാരിമി

ജീവികളിൽ മനുഷ്യനു മാത്രമേ ചിരിക്കാൻ കഴിയൂ. മനുഷ്യനോട് ഏറെ സാദൃശ്യം പുലർത്തുന്ന ചില ജീവികളും ചിരിക്കുന്നുണ്ട് എന്ന് നരവംശ ശാസ്ത്രത്തിൽതന്നെ വാദവും ചർച്ചയും എല്ലാം ഉണ്ട് എന്നത് ശരിയാണ്. അവ ചിരിക്കുന്നതായി തോന്നുന്നുണ്ട് എന്ന വാദം അംഗീകരിച്ചാൽതന്നെ മനുഷ്യന്റെ ചിരിയും ചിരിയിൽ മനുഷ്യനെ ആവാഹിക്കാൻ കഴിയുന്ന ഭാവങ്ങളും എല്ലാം തികച്ചും അനന്യവും വ്യത്യസ്തവുമാണ്. സന്തോഷം, സന്താപം, പരിഹാസം, സ്നേഹം തുടങ്ങി മനുഷ്യ ജീവിതത്തിന് അവശ്യം ആവശ്യമായ സ്വഭാവ ഭാവങ്ങളെ പുഞ്ചിരിയിൽ ആവാഹിക്കാൻ മനുഷ്യന് കഴിയും. ഇത്തരം ശേഷി മനുഷ്യന് സ്രഷ്ടാവ് നൽകിയിരിക്കുന്നത് ഒരു സാമൂഹ്യ ജീവിയായി ജീവിക്കാൻ ബാധ്യസ്ഥനായതുകൊണ്ടായിരിക്കാം എന്ന് മനസ്സിലാക്കാം. പ്രപഞ്ചത്തിന്റെ സകല ചലനങ്ങളെയും അറിയുകയും അവയിൽ ഇടപെടുകയും ചെയ്യാനുള്ള ബാധ്യത സ്രഷ്ടാവ് അവനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ഇതിനെ അമാനത്ത് എന്നാണ് വ്യവഹരിക്കപ്പെടുന്നത്. ഈ ചുമതലകൾ നിർവഹിക്കാൻ അവൻ സ്വാർത്ഥനായി ഒറ്റക്ക് ജീവിക്കുന്നത്കൊണ്ട് കഴിയില്ല. മറിച്ച് മറ്റുള്ളവരിലേക്ക് പകരുകയും പടരുകയും വേണ്ടിവരും. മുഖത്ത് വിരിയുന്ന പുഞ്ചിരിയിലൂടെ മറ്റൊരാളിലേക്ക് കടക്കാനും അയാളെ സ്വന്തം മനസ്സിലേക്ക് കടത്താനും കഴിയുമ്പോൾ പുഞ്ചിരി മനുഷ്യന്റെ ഏറ്റവും വലിയ സാമൂഹ്യ ശക്തിയായിമാറുന്നു. ചിരിയുടെ ശക്തി അതിൽ വിവിധ ഭാവങ്ങളെ ആവാഹിക്കാൻ കഴിയുന്നു എന്നാണ്. മുഖത്ത് പ്രകടമാകുന്ന ചിരിയിലെ ഭാവവൈവിധ്യങ്ങളിലൂടെ സംബോധിതന്റെ മാനസികനില മാറ്റിമറിക്കാൻ തന്നെ മനുഷ്യന് സാധിക്കുന്നു. തന്നെ തന്നെ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ സ്വന്തം വ്യക്തി പ്രഭാവം പകർന്നുനൽകുന്ന ഹൃദ്യമായ മന്ദസ്മിതമാണ് മനുഷ്യനെ വ്യത്യസ്തനാക്കുന്നത്. ആലങ്കാരികമായി പുഞ്ചിരി നല്ല മനസ്സിന്റെ അഥവാ ഹൃദയത്തിന്റെ ബാഹ്യചിത്രമാണ്. അതായത് സന്മനസ്സുള്ളവർക്ക് മാത്രമാണ് നിഷ്കളങ്കമായി പുഞ്ചിരിക്കുവാൻ കഴിയുക.

'പൂക്കൾക്ക് സൂര്യപ്രകാശമേൽക്കും പോലെയാണ് മനുഷ്യരാശിക്ക് ചിരി'യെന്നാണ് പ്രസിദ്ധ ചിന്തകൻ ജോസഫ് ആഡിസൺ പറഞ്ഞത്. ശാസ്ത്രീയ വിശകലനങ്ങൾ മനുഷ്യന് പുഞ്ചിരിയിലൂടെ നിരവധി നേട്ടങ്ങൾ കൊയ്യാനാകുമെന്ന് വ്യക്തമാക്കുന്നു. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് പുഞ്ചിരി ഔഷധമാണ് എന്നതാണ്. ശരീരത്തിന് ക്ലേശരഹിതമായ അവസ്ഥ പ്രദാനം ചെയ്യുന്ന രാസവസ്തുക്കളായ 'എൻഡോസർഫിനു'കൾ പുഞ്ചിരിയിലൂടെ വർധിക്കുമെന്നാണ് ശാസ്ത്രം പറയുന്നത്. തന്നെയുമല്ല, മാനസിക പിരിമുറുക്കത്തിന് ഹേതുവാകുന്ന 'ഹെപ്പിനെഫ്രിൻ, ഡോപ്പമൈൻ' പോലുള്ള ഹോർമോണുകളുടെ അളവ് ചിരിയിലൂടെ കുറക്കുകയും ചെയ്യുന്നു. പ്രതിരോധ കോശങ്ങളുടെ എണ്ണത്തിലും പ്രവർത്തനക്ഷമതയിലും വർധനവ് വരുത്താൻ പുഞ്ചിരിക്ക് സാധിക്കും എന്നാണ്. ആന്തരാവയവങ്ങളുടെ പ്രവർത്തനക്ഷമത വർധിപ്പിക്കുന്നതിലും ശരീരത്തിലെ വിവിധ പേശികൾക്ക് ആരോഗ്യമേകുന്നതിലും പുഞ്ചിരി മുഖ്യ പങ്കുവഹിക്കുന്നു. രോഷം, അമർഷം, നൈരാശ്യം, ഉത്കണ്ഠ, ദുഷിച്ച ചിന്തകൾ എന്നിവയിൽ നിന്നൊക്കെ മനുഷ്യനെ തിരിച്ചുവിടാനും മന്ദഹാസത്തിനാകുമെന്നതാണ് ശാസ്ത്രീയ അവകാശവാദം. ഹൃദ്യമായൊന്ന് ചിരിക്കാൻ 22 പേശികൾ മാത്രമേ പ്രയോജനപ്പെടുത്തേണ്ടതുള്ളൂ. എന്നാൽ മുഖം വീർപ്പിച്ചിരിക്കാൻ 43 പേശികൾ പ്രവർത്തനക്ഷമമായിരിക്കണമത്രെ. ഇത്തരം വസ്തുതകൾക്ക് മുമ്പിലാണ് 'നിന്റെ സഹോദരന്റെ നേർക്കുള്ള മന്ദഹാസം ധർമമാണെ'ന്ന നബിവചനം പ്രസക്തമാകുന്നത്. പുഞ്ചിരിയിലൂടെ സ്വശരീരത്തിനും സമൂഹത്തിനും ധർമം ചെയ്യാനാകും. ഒപ്പം അന്യന്റെ സ്നേഹം നേടാനുമാകും. പുഞ്ചിരിയെ മനുഷ്യ ദാനങ്ങളുടെ പട്ടികയിലാണ് നബി തിരുമേനി ഉൾപ്പെടുത്തിയത്. 'നന്മയിൽനിന്ന് ഒന്നും നീ നിസ്സാരമാക്കരുത്. അത് സുസ്മേര വദനനായി നിന്റെ സഹോദരനെ അഭിമുഖീകരിക്കുക എന്നതാണെങ്കിലും ശരി' എന്ന് നബി (സ) പഠിപ്പിച്ചു. തൂമന്ദഹാസത്തിന്റെ ഇസ്‌ലാമിക വായനക്ക് നബി (സ) യുടെ ജീവിതത്തെക്കുറിച്ചുള്ള ചെറിയൊരന്വേഷണം മാത്രം മതിയാകും. നബി തിരുമേനിയുടെ മുഖത്ത് എപ്പോഴും പുഞ്ചിരി ഉണ്ടായിരിക്കുമെന്ന് ആയിഷാ ബീവി പറയുന്നുണ്ട്. ഒരർത്ഥത്തിൽ പറഞ്ഞാൽ തന്റെ ദൗത്യം വിജയിപ്പിക്കുന്നതിലും നീക്കങ്ങൾ ഫലപ്രദമാക്കുന്നതിലും ആ പുഞ്ചിരിക്ക് വലിയ സ്വാധീനമുണ്ടായിരുന്നു. ഒരു ചെറുപുഞ്ചിരികൊണ്ട് അവിടുന്ന് വിപ്ലവം തീർത്തു. ചാരവൃത്തിക്ക് അനുമതി തേടി തിരുസവിധത്തിലെത്തിയ അപരിഷ്കൃതനെ മന്ദഹാസം തൂകി സ്വീകരിച്ച് ആലിംഗനം ചെയ്ത് സാരോപദേശം ചെയ്തപ്പോൾ അദ്ദേഹത്തിന് ഉണ്ടായ മാറ്റം മാത്രം മതി പുഞ്ചിരിയുടെ മാനസിക വിപ്ലവം മനസ്സിലാക്കാൻ. തബൂക്ക് യുദ്ധത്തിൽ കാരണമൊന്നുമില്ലാതെ പങ്കെടുക്കാതിരുന്ന വിഷയത്തിൽ തൽക്കാലം ചെറിയൊരു കളവ് പറഞ്ഞു രക്ഷപ്പെടാം എന്നു കരുതിയ കഅ്ബ് ബിനു മാലിക്കിന്റെ ചരിത്രം മറ്റൊരുദാഹരണമാണ്. പുഞ്ചിരി നിറഞ്ഞ് ജാജ്വല്യമാനമായ ആ മുഖകമലത്തേക്ക് നോക്കിയപ്പോൾ മനസ്സിൽ തട്ടിക്കൂട്ടിയ കള്ളം പോലും കൈവിട്ടുപോയി എന്ന് അദ്ദേഹം പറയുന്നു. നേരത്തെ ഈ കേസിൽ ഉള്ള തന്റെ അനിഷ്ടം നബി തിരുമേനി വ്യക്തമാക്കിയതും ചിരിയിലൂടെയായിരുന്നു. കോപം കലർന്ന ഒരു പുഞ്ചിരിയിലൂടെ.

റസൂലിന്റ സ്വഭാവ വൈശിഷ്ട്യത്തിന്റെ അടിസ്ഥാനം തന്നെ പുഞ്ചിരിക്കാനുള്ള ഈ ശേഷിയായിരുന്നു. റസൂൽ(സ) ക്രോധത്തോടെയാണ് പെരുമാറിയിരുന്നതെങ്കിൽ കാര്യമെന്താകുമായിരുന്നു. വിശുദ്ധ ഖുർആൻ അക്കാര്യം ഇങ്ങനെ പറയുന്നത് കാണാം: 'താങ്കൾ പരുഷസ്വഭാവിയും കഠിന ഹൃദയനുമായിരുന്നുവെങ്കിൽ അവർ തങ്ങളുടെ സവിധത്തിൽ നിന്നും ഓടിയകലുമായിരുന്നു' (ആലുഇംറാൻ/159). പ്രവാചകർ(സ)ക്ക് മുഖപ്രസന്നതയില്ലാത്ത നേരമില്ലായിരുന്നു. അതോടൊപ്പം ചിരിയുടെ കാര്യത്തിലും അവിടുത്തേക്ക് ചിട്ടയും ചട്ടങ്ങളുമുണ്ടായിരുന്നു. അത് ഏത് അനുഗ്രഹത്തിന്റെ കാര്യത്തിലും അനിവാര്യമാണ്. അല്ലാഹുതന്ന അനുഗ്രഹങ്ങളെ വാരി വലിച്ചിടുകയും അവസരത്തിലും അനവസരത്തിലും പ്രയോഗിക്കുകയും ചെയ്യുന്നത് അതിന്റെ വില കളയും. ആവശ്യത്തിനല്ലാതെ റസൂൽ (സ) ചിരിക്കാറില്ലായിരുന്നു. ഒരിക്കലും അവിടന്ന് പൊട്ടിച്ചിരിച്ചിരുന്നില്ല. പുഞ്ചിരിക്ക് ഒരുപാട് സ്വാധീനങ്ങൾ ഉണ്ട്. അത് ഒരു വ്യക്തിയുടെ വ്യക്തിത്വത്തെ തിളക്കമുള്ളതും ആകർഷകവുമാക്കി തീർക്കുന്നു. അവയിൽ ഒന്നാണ് ആകർഷകത്വം. സദാ പുഞ്ചിരിതൂകുന്ന വ്യക്തികളിലേക്ക് ഏവരും ആകർഷിക്കപ്പെടുന്നു എന്നത് നമ്മുടെ അനുഭവമാണ്. മുഖത്ത് പുഞ്ചിരി വിരിഞ്ഞ് നിൽക്കുന്ന ആളുകളെ കൂടുതൽ അറിയാൻ താൽപര്യമുണ്ടാവാറുണ്ടല്ലോ. പുഞ്ചിരിക്കാത്ത കൂനികൂടിയ മുഖം ജനങ്ങളിൽ നിന്ന് അകറ്റുകയേ ഉള്ളൂ. മറ്റൊന്ന് അത് നമ്മുടെ മനോഭാവത്തിൽ ഉണ്ടാക്കുന്ന അനുകൂലമായ മാറ്റമാണ്. ഏത് സമയവും കടന്ന്വരുന്ന ദുഷ്ടനാണ് കോപവും മനോവ്യഥയും. അത്തരം ദുശിച്ച മനോഭാവങ്ങളെ ഇല്ലാതാക്കാൻ പുഞ്ചിരിക്ക് കഴിയും. ഒരുപക്ഷേ ചിലപ്പോൾ പ്രകൃത്യാതന്നെ പുഞ്ചിരിക്കാൻ സാധിക്കുന്നില്ലന്ന് കരുതുക. എങ്കിൽ പോലും കൃത്രിമമായ പുഞ്ചിരി സൃഷ്ടിക്കുന്നത് മനോനിലയിൽ മാറ്റം വരുന്നതാണ്. അതിലൂടെ മാനസികമായ പിരിമുറുക്കവും മ്ലാനതയും ഇല്ലാതാക്കാനും മുഖത്തിന്റെ പ്രസന്ന ഭാവം കൈവരിക്കാനും കഴിയും.

മറ്റൊരു നേട്ടം വ്യക്തി ബന്ധങ്ങളെ നന്നാക്കുന്നു എന്നതാണ്. ആകർഷണീയ വ്യക്തിത്വത്തിന്റെ ഉടമകളാകാൻ എല്ലാവരും ആഗ്രഹിക്കുന്നു. അതിന് ഏറ്റവും നല്ല മാർഗമാണ് പുഞ്ചിരി. സദാ പുഞ്ചിരിച്ചവരിലേക്ക് തേനീച്ചകൾ പുഷ്പത്തിലേക്ക് എന്ന പോലെ ആഘർഷിക്കുന്നു. ഒരാൾ പുഞ്ചിരിക്കുമ്പേൾ അയാളുടെ ചുറ്റുവട്ടം ഒരു പ്രകാശം തെളിയുന്നു. അത് മറ്റുള്ളവരുടെ മനോഭാവത്തെ മാറ്റിമറിക്കുന്നു. ദേഷ്യംപിടിച്ച് വരുന്ന ഒരാളോട് ഒന്ന് പുഞ്ചിരിച്ച് സംസാരിച്ചാൽ അയാളുടെ കോപം കെട്ടടങ്ങുന്നതു കാണാം. സ്വന്തം മനക്ലേശങ്ങളിൽനിന്ന് മുക്തി നേടാനുള്ള ഒരു മാർഗമാണ് പുഞ്ചിരി. ഒപ്പം ക്ഷീണം, അവശത, പരവശത എന്നിവയിൽ നിന്നെല്ലാം രക്ഷപ്പെടാൻ പുഞ്ചിരി സഹായിക്കുന്നു. പുഞ്ചിരി വെറും ചുണ്ടിന്റെയോ മുഖത്തിന്റെയോ പ്രവർത്തനമല്ല. മറിച്ച് അത് മനസ്സിന്റെകൂടി പങ്കാളിത്തമുള്ള കാര്യമാണ്. പുഞ്ചിരിക്കുമ്പോൾ അതിന് കാരണമാകുന്ന വിഷയത്തെക്കുറിച്ചുള്ള ചിന്ത മനസ്സിലും ഒപ്പം ഉടലെടുക്കുന്നുണ്ട്. അതുകൊണ്ട് ചിരിയിൽ ആവാഹിക്കുന്ന അതേ സന്തോഷവും പുളകവും ബുദ്ധിയെയും സ്പർശിക്കുന്നു. അതുകൊണ്ടാണ് പുഞ്ചിരിക്കുമ്പോൾ മനോവിഷമങ്ങൾ പടിയിറങ്ങിപ്പോകും എന്നു പറയുന്നത്.

പുഞ്ചിരിയുടെ മറ്റൊരു നേട്ടമാണ് രോഗ പ്രതിരോധം. ചാർലി ചാപ്ലിന്റെ ചടുലമായ ഫലിതങ്ങൾ കാണിച്ചുകൊടുത്തു കഠിനമായ മനോവിഷമം അനുഭവിക്കുന്ന ഒരു രോഗിയെ ചികിത്സിച്ചു ഭേതപ്പെടുത്തിയ കഥ യൂറോപ്പിൽനിന്ന് വന്നിരുന്നു. പുഞ്ചിരിക്കുമ്പോൾ ശരീരം ഉത്പാദിപ്പിക്കുന്ന വ്യത്യസ്ത ഹോർമോണുകളുടെ സാന്നിധ്യമാണ് അതിന്റെ കാരണം എന്നാണ് ശാസ്ത്രീയമായ വിശദീകരണം. പുഞ്ചിരി ഏറ്റവും വേഗതയിൽ ചികിത്സിക്കുന്ന രോഗം രക്തസമ്മർദ്ദമാണ്. കഠിനമായ രക്തസമ്മർദ്ദത്തിന് നിഷ്കളങ്കമായി പുഞ്ചിരിക്കാൻ കഴിയുന്നവർ വിധേയരാകുന്നില്ല എന്ന് ശരീര ശാസ്ത്രത്തിൽ നിരീക്ഷണം ഉണ്ട്. പുഞ്ചിരി ഒന്നാംതരം വേദനസംഹാരിയുമാണ്. അൽപ നേരത്തേക്കെങ്കിലും വേദനകളെ ഇല്ലാതാക്കാനും ആശ്വാസം നേടാനും പുഞ്ചിരിക്ക് കഴിയുന്നു. മറ്റൊരു നിരീക്ഷണം യുവത്വം നിലനിർത്തുന്നു എന്നതാണ്. പുഞ്ചിരിക്കുമ്പോൾ ശരീരത്തിലെ അനേകം പേശികൾ പ്രവർത്തനനിരതമാവുന്നു. അത് യുവത്വത്തിന്റെ പ്രസരിപ്പ് എന്നുമെന്നും നിലനിർത്താൻ സഹായകമാണെന്ന് പുതിയ പഠനങ്ങൾ തെളിയിക്കുന്നു. ഇത്തരം ഗുണങ്ങളും ഫലങ്ങളുമെല്ലാം പുഞ്ചിരിയിലൂടെ മനുഷ്യൻ സ്വായത്തമാക്കുന്നതിനാൽ അവർക്ക് രണ്ട് നേട്ടങ്ങൾകൂടി ഉണ്ടാകും. ഒന്ന്, അവർക്ക് ആത്മവിശ്വാസം വർധിക്കുന്നു എന്നതാണ്. പുഞ്ചിരിക്കുന്ന മുഖഭാവമുള്ള ആളുകൾ കൂടുതൽ ആത്മവിശ്വാസമുള്ളവരും മറ്റുള്ളവർക്ക് ആത്മവിശ്വാസം പകരാൻ കഴിയുന്നവരും ആയിരിക്കും. മറ്റൊന്ന് അവർക്ക് ഏതു കാര്യത്തെയും പോസിറ്റീവ് ആയി എടുക്കാൻ കഴിയും. മുഖത്തെ പുഞ്ചിരിഭാവം നിലനിർത്തി നെഗറ്റീവായ കാര്യങ്ങൾ ചിന്തിക്കുക സാധ്യമല്ല. എല്ലാ വിജയത്തിന്റെയും അടിസ്ഥാനം ഈ പോസിറ്റിവ് മനോഭാവമാണ്. ഇതുകൊണ്ടെല്ലാമാണ് നബി (സ) ഒരു മഹത്തായ ദാനമാണ് പുഞ്ചിരി എന്നു പറഞ്ഞത്.

RNI 3018/1957 Vol No. 91. Issue No.166 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikode at Chandrika Press, Y M C A road, Kozhikode - 673 001.
Editor-Kamal Varadoor (responsible for selection of news under PRB Act). Phone: 0495-2766032, 2765122, Fax: 0495-2765950. Email-chandrika1000@gmail.com, chandadvt@gmail.com



## രാഹുൽ ഇന്ത്യയുടെ കരുത്ത്

പറ്റ്ന: രാഹുൽ ഗാന്ധി പ്രതിപക്ഷ നേതാവായത് ഇന്ത്യാ സഖ്യത്തിന് കൂടുതൽ കരുത്തേകുമെന്ന് ആർ.ജെ.ഡി വക്താവ് മൃത്യുഞ്ജയ് തിവാരി. ഇത് കോൺഗ്രസിന്റെയും സഖ്യകക്ഷികളുടെയും ആത്മവിശ്വാസം ഉയർത്തിയിട്ടുണ്ട്. കേന്ദ്രത്തിൽ എൻ.ഡി.എ സർക്കാർ രൂപീകരിച്ചിട്ടുണ്ടാകാം. എന്നാൽ പ്രതിപക്ഷ ശബ്ദം ഇനി അവഗണിക്കപ്പെടുകയില്ല, എല്ലാ പ്രതിപക്ഷ പാർട്ടികളും ശക്തമായി ശബ്ദമുയർത്തും. 400 സീറ്റുകൾ കടക്കുമെന്ന് അവകാശപ്പെട്ടിരുന്ന ബി.ജെ.പി 240 സീറ്റിൽ ഒതുങ്ങിയത് രാഹുൽ ഗാന്ധിയുടെയും തേജസ്വിയുടെയും സ്വാധീനമാണ്. നിയമസഭാ തിരഞ്ഞെടുപ്പുകളിലും ഇന്ത്യാ സഖ്യം മുന്നേറ്റം ആവർത്തിക്കും.



## ആദ്യം പ്രശ്നങ്ങൾ പരിഹരിക്കൂ

ന്യൂഡൽഹി: അടിയന്തിരാവസ്ഥയിൽ പ്രമേയം പാസാക്കിയ നടപടി അനാവശ്യമാണെന്ന് കെ.സി വേണുഗോപാൽ എം.പി. രാജ്യം നേരിടുന്ന എന്തെല്ലാം വിഷയങ്ങൾ പരിഗണിക്കാനുണ്ട്. അക്രമം നടക്കുന്ന മണിപ്പൂരിന്റെ പ്രശ്നങ്ങളിലും നീറ്റ് വിഷയത്തിലും പ്രമേയം പാസാക്കിയോ? കേന്ദ്ര സർക്കാർ ജനാധിപത്യ വിരുദ്ധമായി മുന്നോട്ട് പോകാനാണ് ശ്രമിക്കുന്നത്. സ്പീക്കർ പദവി ഭരണഘടനാ പദവിയാണ്. അദ്വാനി പ്രതിപക്ഷ നേതാവായിരുന്നപ്പോൾ സഭയിൽ പ്രമേയം അവതരിപ്പിച്ച് പിൻവലിച്ചിട്ടുണ്ട്. പ്രതിപക്ഷത്തിന് ആത്മവിശ്വാസക്കുറവില്ല. പ്രധാനമന്ത്രിയുടെയും രാഹുലിന്റെയും പ്രസംഗം താരതമ്യം ചെയ്താൽ ഇക്കാര്യം മനസിലാകും.



### ചുരുക്കത്തിൽ

### മതപരിവർത്തന നിരോധന നിയമം; ആശങ്ക പ്രകടിപ്പിച്ച് അമേരിക്ക

ന്യൂയോർക്ക്: ഇന്ത്യയിൽ മതപരിവർത്തന നിരോധന നിയമങ്ങൾ വർധിച്ചു വരുന്നതിലും മതസ്വാതന്ത്ര്യം പരിമിതപ്പെടുത്തുന്നതിലും ആശങ്ക പ്രകടിപ്പിച്ച് അമേരിക്കൻ വിദേശകാര്യ സെക്രട്ടറി ആന്റണി ബ്ലിങ്കൻ. ആഗോള തലത്തിലെ മതസ്വാതന്ത്ര്യം സംബന്ധിച്ച യു.എസ് വാർഷിക റിപ്പോർട്ട് പ്രതിനിധി സഭയിൽ അവതരിപ്പിച്ച് സംസാരിക്കവെയാണ് ഇന്ത്യയിലെ നീക്കങ്ങളിൽ ബ്ലിങ്കൻ ഉത്കണ്ഠ രേഖപ്പെടുത്തിയത്. ഉത്തർപ്രദേശ് അടക്കം ബി.ജെ.പി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ മതപിരവർത്തന നിരോധനം നടപ്പാക്കിയത് വാർഷിക റിപ്പോർട്ടിൽ എടുത്തു പറയുന്നുണ്ട്. വർധിച്ചുവരുന്ന വിദ്വേഷ പ്രസംഗങ്ങൾ, വീടുകൾക്കും ആരാധാനാലയങ്ങൾക്കും നേരെയുള്ള അതിക്രമങ്ങൾ, ആൾക്കൂട്ട കൊലപാതകങ്ങൾ അടക്കം ന്യൂനപക്ഷങ്ങൾക്കെതിരെ വർധിച്ചുവരുന്ന നീക്കങ്ങളെക്കുറിച്ചും റിപ്പോർട്ടിൽ പറയുന്നുണ്ട്.

### പോക്സോ കേസ്; യെദിയൂരപ്പക്ക് എതിരെ കുറ്റപത്രം

ബെംഗളൂരു: മുതിർന്ന ബി.ജെ.പി നേതാവും മുൻ മുഖ്യമന്ത്രിയുമായ ബി.എസ് യെദിയൂരപ്പക്കെതിരായ പോക്സോ കേസിൽ സി.ഐ.ഡി വിഭാഗം കുറ്റപത്രം സമർപ്പിച്ചു. പോക്സോ കേസുകൾ പരിഗണിക്കുന്ന പ്രത്യേക കോടതിയിൽ ഇന്നലെയാണ് അന്വേഷണ സംഘം കുറ്റപത്രം സമർപ്പിച്ചത്. ഹൈക്കോടതി ജാമ്യ വ്യവസ്ഥയനുസരിച്ച് ജൂൺ 17ന് ബെംഗളൂരുവിൽ അന്വേഷണ സംഘത്തിന് മുമ്പിൽ ഹാജരായ 81കാരനായ യെദിയൂരപ്പയെ സി.ഐ.ഡി മൂന്നു മണിക്കൂർ ചോദ്യം ചെയ്തിരുന്നു. വാർധക്യം, മുൻ മുഖ്യമന്ത്രിയായ പ്രമുഖ വ്യക്തി എന്നീ പരിഗണനകളോടെ യെദിയൂരപ്പയുടെ അറസ്റ്റ് ഹൈക്കോടതി വിലക്കിയിട്ടുണ്ട്. ചോദ്യം ചെയ്യലിന് ഹാജരാകാൻ നേരത്തെ സി.ഐ.ഡി നോട്ടീസ് നൽകിയിരുന്നെങ്കിലും കേസ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് കർണാടക ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു. കഴിഞ്ഞ ഫെബ്രുവരി രണ്ടിന് ബെംഗളൂരു സഞ്ജയ് നഗറിലെ വസതിയിൽ മാതാവിനോടൊപ്പം പീഡന പരാതി അറിയിക്കാനെത്തിയ 17 കാരിയെ കൂടിക്കാഴ്ചക്കിടെ ലൈംഗികമായി ഉപദ്രവിച്ചെന്നാണ് പരാതി. കുട്ടിയുടെ മാതാവിന്റെ പരാതിയിൽ മാർച്ച് 14ന് സദാശിവനഗർ പൊലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ് പിന്നീട് ഡി.ജി.പി അലോക് കുമാറിന്റെ നിർദേശ പ്രകാരം സി.ഐ.ഡിക്ക് കൈമാറി. 54 കാരിയായ പരാതിക്കാരി മെയ് 26ന് മരണപ്പെട്ടിരുന്നു.

### രാമക്ഷേത്രത്തിലെ ചോർച്ചക്കു പിന്നാലെ സുരക്ഷാ സൈനികരുടെ ക്യാമ്പിലും വെള്ളം കയറി

അയോധ്യ: ബാബരി മസ്ജിദ് തകർത്ത സ്ഥലത്ത് നിർമ്മിച്ച രാമക്ഷേത്രത്തിന്റ ശ്രീകോവിലിൽ ചോർച്ചയുണ്ടെന്ന മുഖ്യ പൂജാരിയുടെ വെളിപ്പെടുത്തലിനു പിന്നാലെ രാമക്ഷേത്രത്തിന്റെ സുരക്ഷക്കായി നിയോഗിച്ച സൈനികരുടെ ക്യാമ്പിലും വെള്ളം കയറി. സൈനികർക്കായി നിർമ്മിച്ച ക്യാമ്പിന്റെ മേൽക്കൂര ചോർന്നതോടെയാണ് ഉള്ളിലാകെ വെള്ളം കയറിയത്. ക്യാമ്പിനുള്ളിൽ സാമഗ്രികൾ വെള്ളത്തിൽ ഒഴുകി നടക്കുന്നതിന്റെ വീഡിയോ ദൃശ്യങ്ങളും പുറത്തുവന്നു. രാമക്ഷേത്രത്തിന്റെ സുരക്ഷാ ചുമതയലുള്ള പ്രോവിൻഷ്യൽ ആംഡ് കോൺസ്റ്റാബുലറി ജവാന്മാർ താമസിക്കുന്ന ക്യാമ്പിലാണ് മൽക്കൂര ഒന്നാകെ ചോരുന്നത്. പി.എ.സി 39ാം ബറ്റാലിയൻ താമസിക്കുന്ന മിർസാപൂർ കാൻഷിറാം കോളനിക്ക് എതിർവശത്തുള്ള ക്യാമ്പിലാണ് ദുരിതാവസ്ഥ.

# അടിയന്തരാവസ്ഥയെച്ചൊല്ലി കൊമ്പുകോർത്ത് ഇരുപക്ഷവും



പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യാനായി ചെങ്കോലിന്റെ അകമ്പടിയോടെ പാർലമെന്റ് ഹൗസിലേക്കെത്തുന്ന രാഷ്ട്രപതി ദ്രൗപതി മുർമു. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ സമീപം

ന്യൂഡൽഹി: പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്ത് രാഷ്ട്രപതി ദ്രൗപതി മുർമു നടത്തിയ പ്രസംഗത്തിനിടെ അടിയന്തരാവസ്ഥയെച്ചൊല്ലി കൊമ്പു കോർത്ത് ഭരണ- പ്രതിപക്ഷം. രാജ്യത്തിന്റെ ചരിത്രത്തിലെ കറുത്ത അധ്യായവും ഭരണഘടനക്കെതിരായ നേരിട്ടുള്ള ആക്രമണവുമായിരുന്നു അടിയന്തരാവസ്ഥയെന്ന രാഷ്ട്രപതിയുടെ പരാമർശമാണ് ബഹളത്തിനിടയാക്കിയത്.

എല്ലാ ഭരണഘടനാ വിരുദ്ധ ശക്തികളേയും ഇന്ത്യ അതിജീവിച്ചെന്നു പറഞ്ഞ രാഷ്ട്രപതി, ഭരണഘടനയെ തന്റെ സർക്കാർ കേവലം ഭരണമാധ്യമമായി മാത്രമല്ല, രാജ്യത്തിന്റെ പൊതുധാര ശക്തിപ്പെടുത്താനുള്ള മാർഗമായാണ് കാണുന്നതെന്നും പറഞ്ഞു. രാഷ്ട്രപതിയുടെ വാക്കുകളെ ഭരണപക്ഷം ഡസ്കിൽ അടിച്ച് സ്വീകരിച്ചപ്പോൾ പ്രതിപക്ഷം പ്രതിഷേധിച്ചു. കഴിഞ്ഞ 10 വർഷവും രാജ്യം കടന്നു പോയത് അപ്രഖ്യാപിത അടിയന്തരാവസ്ഥയിലൂടെയായിരുന്നുവെന്ന് പ്രതിപക്ഷ എം.പിമാർ വിളിച്ചുപറഞ്ഞു. 18ാം ലോക്സഭയിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രചാരണം മുതൽ തന്നെ ഭരണഘടനാ സംരക്ഷണം തങ്ങളുടെ പ്രധാന ലക്ഷ്യമാണെന്ന് ആവർത്തിക്കുന്ന ഇന്ത്യാ സഖ്യത്തേയും കോൺഗ്രസിനേയും അടിക്കാനുള്ള ആയുധം എന്ന നിലയിലാണ് അടിയന്തരാവസ്ഥയെ ഭരണപക്ഷം രാഷ്ട്രപതിയുടെ പ്രസംഗത്തിൽ ഉൾപ്പെടുത്തിയത്. ഇതിന് കളമൊരുക്കാനായി ജൂൺ 25ന് അടിയന്തരാവസ്ഥാ പ്രഖ്യാപനത്തിന്റെ 50ാം വാർഷികമായി ബി.ജെ.പിയും സർക്കാറും ആചരിച്ചിരുന്നു.

സ്പീക്കറായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ട ശേഷം നടത്തിയ ആദ്യ പ്രസംഗത്തിൽ ഓംബിർളയും അടിയന്തരാവസ്ഥ സഭയിൽ ഉന്നയിച്ചു. അടിയന്തരാവസ്ഥയുടെ ഇരകളെ അനുസ്മരിക്കാൻ രണ്ടു മിനുട്ട് മൗനമാചരിക്കാനുള്ള സ്പീക്കറുടെ ആഹ്വാനം കഴിഞ്ഞ ദിവസം പ്രതിഷേധത്തിനിടയാക്കിയിരുന്നു. ഇതിനു പിന്നാലെയാണ് ഇന്നലെ രാഷ്ട്രപതിയുടെ പ്രസംഗത്തിലും വിഷയം ഉൾകൊള്ളിച്ചത്. കഴിഞ്ഞ രണ്ട് സർക്കാറുകളുടെ കാലത്തും നടന്ന ഭരണഘടനാ വിരുദ്ധ നീക്കങ്ങൾ ചൂണ്ടിക്കാട്ടിയാണ് പ്രതിപക്ഷം ഇതിനെ ചെറുത്തത്.

### 'രാഷ്ട്രപതി സംസാരിക്കേണ്ടത് ഇന്നത്തെ പ്രശ്നങ്ങളെക്കുറിച്ച്'

ന്യൂഡൽഹി: രാഷ്ട്രപതിയുടെ പ്രസംഗത്തെ രൂക്ഷ ഭാഷയിൽ വിമർശിച്ച് കേരളത്തിൽ നിന്നുള്ള കോൺഗ്രസ് എം.പി ശശി തരൂർ. ഇന്നത്തെ പ്രശ്നങ്ങളെക്കുറിച്ചാണ് രാഷ്ട്രപതി സംസാരിക്കേണ്ടതെന്നും 49 വർഷം മുമ്പ് നടന്ന അടിയന്തരാവസ്ഥയെക്കുറിച്ചല്ലെന്നും തരൂർ പറഞ്ഞു. നീറ്റ് പരീക്ഷാ ക്രമക്കേടുമായി ബന്ധപ്പെട്ട് ഒന്നും രാഷ്ട്രപതിയിൽ നിന്ന് കേട്ടില്ല. തൊഴിലില്ലായ്മയെക്കുറിച്ചോ വിലക്കയറ്റത്തെക്കുറിച്ചോ പ്രസംഗത്തിൽ ഒരു പരാമർശവുമില്ല. മണിപ്പൂർ എന്ന വാക്ക് രാഷ്ട്രപതിയിൽ നിന്നോ പ്രധാനമന്ത്രിയിൽ നിന്നോ ഇതുവരെ കേട്ടിട്ടില്ല. ഇന്ത്യാ -ചൈനാ അതിർത്തി പ്രശ്നം പോലുള്ള വിഷയങ്ങളിലും സർക്കാറിന്റെ നിലപാട് എന്തെന്ന് അറിയാൻ ജനം ആഗ്രഹിച്ചിരുന്നെങ്കിലും ഒന്നും ഇതേക്കുറിച്ചും പറഞ്ഞില്ലെന്ന് തരൂർ കുറ്റപ്പെടുത്തി.

### സ്പീക്കറെ അതൃപ്തി അറിയിച്ച് രാഹുൽ

ന്യൂഡൽഹി: അടിയന്തരാവസ്ഥ വിഷയത്തിൽ സ്പീക്കർ സഭയിൽ പ്രമേയം അവതരിപ്പിച്ചത് ശരിയായില്ലെന്ന് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. പ്രതിപക്ഷ നേതാവായി തെരഞ്ഞെടുക്കപ്പെട്ട ശേഷം സ്പീക്കർ ഓം ബിർളയുമായുള്ള ആദ്യ കൂടിക്കാഴ്ചയിലാണ് രാഹുൽ കടുത്ത പ്രതിഷേധം അറിയിച്ചത്. സഭാ കീഴ്വഴക്കം അനുസരിച്ച് മറ്റ് പ്രതിപക്ഷ പാർട്ടികളിലെ നേതാക്കൾക്കൊപ്പമാണ് രാഹുൽ ഗാന്ധി സ്പീക്കറെ കണ്ടത്. സ്പീക്കറായി തിരഞ്ഞെടുത്ത ശേഷം ഓം ബിർള ആദ്യം വായിച്ചത് അടിയന്തരാവസ്ഥയിൽ കോൺഗ്രസിനെ കുറ്റപ്പെടുത്തുന്ന പ്രമേയമായിരുന്നു. കോൺഗ്രസ് അംഗങ്ങളുടെ പ്രതിഷേധത്തിനിടെ ഇന്നലെ പ്രമേയം സഭ പാസാക്കുകയും ചെയ്തു. ആദ്യ ദിനം തന്നെ കോൺഗ്രസിനെ ഒറ്റപ്പെടുത്താൻ സ്പീക്കറിലൂടെ സർക്കാർ ശ്രമിക്കുകയായിരുന്നു. രാഷ്ട്രീയത്തിന് അതീതമായി നിലകൊള്ളേണ്ട സ്പീക്കർ, ഭരണപക്ഷത്തിന്റെ ചട്ടുകമായി ഉപയോഗിക്കാൻ നിന്നു കൊടുക്കുന്നതിലാണ് അതൃപ്തി അറിയിച്ചത്. സമാജ് വാദി പാർട്ടി എം.പി ഡിംപിൾ യാദവ്, ആർ.ജെ.ഡി എം.പി മിസാ ഭാരതി, എൻ.സി.പി അംഗം സുപ്രിയ സുലേ എന്നിവരാണ് രാഹുലിന് ഒപ്പമുണ്ടായിരുന്നത്.

# ജനാധിപത്യ രാജ്യത്ത് ചെങ്കോൽ എന്തിന്?

### എടുത്തുമാറ്റി ഭരണഘടന സ്ഥാപിക്കണമെന്ന് എസ്.പി അംഗം

ന്യൂഡൽഹി: പുതിയ പാർമലെന്റ് മന്ദിരത്തിൽ സ്ഥാപിച്ചിരിക്കുന്ന അധികാരത്തിന്റെ ചിഹനമായ ചെങ്കോൽ എടുത്തു മാറ്റി ജനാധിപത്യത്തിന്റെ അടയാളമായ ഭരണഘടനയുടെ പകർപ്പ് സ്ഥാപിക്കണമെന്ന് സമാജ് വാദി പാർട്ടി എം.പി. സ്പീക്കർക്ക് നൽകിയ കത്തിലാണ് എസ്.പി എം.പി ആർ.കെ ചൗധരി ഇക്കാര്യം ആവശ്യപ്പെട്ടത്. ജനാധിപത്യ രാജ്യത്ത് എന്തിനാണ് ചെങ്കോലെന്നും അദ്ദേഹം ചോദിച്ചു.

ഭരണഘടനക്ക് അംഗീകാരം നൽകിയതോടെ രാജ്യത്ത് ജനാധിപത്യം നിലവിൽ വന്നിട്ടുണ്ട്. ജനാധിപത്യത്തിന്റെ മുദ്ര ഭരണഘടനയാണ്. എന്നാൽ കഴിഞ്ഞ സർക്കാറിന്റെ കാലത്ത് സ്പീക്കറുടെ ചെയറിന് തൊട്ടടുത്തായി ഒരു ചെങ്കോൽ കൊണ്ടുവന്നു സ്ഥാപിച്ചു. എന്തായിരുന്നു ഇതിന്റെ ഉദ്ദേശ്യം. രാജാധികാരത്തോട് വിട പറഞ്ഞ് നമ്മൾ ജനാധിപത്യത്തെ സ്വീകരിച്ചിട്ട് പതിറ്റാണ്ടുകളായി.

ഇപ്പോൾ പ്രായപൂർത്തിയ എത്തിയ സ്ത്രീയും പുരുഷനുമാണ് രാജ്യത്തെ നയിക്കേണ്ടത് ആരെന്ന് നിശ്ചയിക്കുന്നത്. അവിടെ രാജാധികാരത്തിന്റെ ചിഹനമായ ചെങ്കോലിന് എന്ത് പ്രസക്തിയാണുള്ളത്. രാജാവിന്റെ അധികാര ദണ്ഡാണോ ഭരണഘടനയാണോ രാജ്യം ഭരിക്കുന്നത് - ആർ.കെ ചൗധരി കത്തിൽ ചോദിച്ചു. ചെങ്കോൽ എടുത്തു മാറ്റി ആസ്ഥാനത്ത് ഭരണഘടനയുടെ പകർപ്പ് സ്ഥാപിക്കണമെന്നും അദ്ദേഹം കത്തിൽ പറഞ്ഞു. എസ്.പി എം.പിയുടെ നീക്കത്തിനെതിരെ വിമർശനവുമായി ബി.ജെ.പി രംഗത്തെത്തി. ഇന്ത്യൻ സംസ്കാരത്തിന് സമാജ്വാദി പാർട്ടി വിലകൽപ്പിക്കുന്നില്ല എന്നതിന് തെളിവാണിതെന്ന് ബി.ജെ.പി ആരോപിച്ചു. അതേസമയം ആർ.കെ ചൗധരിയെ പിന്തുണച്ച് എസ്.പി അധ്യക്ഷൻ അഖിലേഷ് യാദവ് രംഗത്തെത്തി. കഴിഞ്ഞ തവണ സഭയിൽ ചെങ്കോൽ സ്ഥാപിച്ച പ്രധാനമന്ത്രി അതിനെ വണങ്ങിയിരുന്നു. ഇത്തവണ അദ്ദേഹം ഭരണഘടനയെയാണ് വഴങ്ങിയത്. ചെങ്കോലിനെ വണങ്ങാൻ മറന്നു.

ഇതേക്കുറിച്ച് പ്രധാനമന്ത്രിയെ ഓർമ്മിപ്പിക്കലായിരിക്കാം ചൗധരി ഉദ്ദേശിച്ചതെന്ന് അഖിലേഷ് യാദവ് പരിഹസിച്ചു. ചൗധരിയുടെ കത്തിനെ പിന്തുണച്ച് ആർ.ജെ.ഡി അംഗവും ലാലു പ്രസാദ് യാദവിന്റെ മകളുമായ മിസാ ഭാരതി അടക്കം പ്രതിപക്ഷ നിരയിലെ കൂടുതൽ എം.പിമാർ രംഗത്തെത്തി.



### ഭരണഘടന പിടിച്ച് സത്യപ്രതിജ്ഞ ചെയ്ത് തരൂരും

ന്യൂഡൽഹി: പതിനെട്ടാം ലോക്സഭയിൽ അംഗമായി സത്യപ്രതിജ്ഞ ചെയ്ത് കേരളത്തിൽ നിന്നുള്ള അംഗം ശശി തരൂരും. സഭാ സമ്മേളനത്തിന്റെ ആദ്യ രണ്ടു ദിനങ്ങളിൽ നടന്ന അംഗങ്ങളുടെ സത്യപ്രതിജ്ഞക്കിടെ തരൂർ സത്യപ്രതിജ്ഞ ചെയ്തിരുന്നില്ല. വിദേശ പര്യടനത്തിലായിരുന്നതിനാലായിരുന്നു ഇത്. ബുധനാഴ്ചയാണ് തരൂർ തിരിച്ചെത്തിയത്. എന്നാൽ സ്പീക്കർ തിരഞ്ഞെടുപ്പിന് മുമ്പ് വിമാനത്താവളത്തിൽ നിന്ന് സഭയിൽ എത്താൻ കഴിയാതെ വന്നതോടെയാണ് സത്യപ്രതിജ്ഞ ഇന്നലത്തേക്ക് നീണ്ടത്. ഭരണഘടന കൈയിൽ പിടിച്ച് ഇംഗ്ലീഷിലായിരുന്നു തരൂരിന്റെ പ്രതിജ്ഞ.

### എല്ലാം പണ്ടു പറഞ്ഞതു തന്നെ

# രാഷ്ട്രപതിയുടെ പ്രസംഗം വട്ടപ്പൂജ്യം: പ്രതിപക്ഷം

ന്യൂഡൽഹി: സംയുക്ത പാർലമെന്റിനെ അഭിസംബോധന ചെയ്ത് രാഷ്ട്രപതി ദ്രൗപതി മുർമു നടത്തിയ പ്രസംഗത്തിനെതിരെ വിമർശനവുമായി പ്രതിപക്ഷം.52 മിനുട്ട് നീണ്ട രാഷ്ട്രപതിയുടെ പ്രസംഗം കഴിഞ്ഞ സഭകളിൽ നടന്ന നയപ്രഖ്യാപന പ്രസംഗങ്ങളുടെ തനിയാവർത്തനം മാത്രമാണെന്ന് പ്രതിപക്ഷം കുറ്റപ്പെടുത്തി. പുതുതായി ഒന്നും പ്രസംഗത്തിലില്ല. രാജ്യത്തിന്റെ വികസനത്തിനും പുരോഗമനത്തിനും ഉതകുന്ന ദീർഗദർശനത്തോടെയുള്ള ഒരു നിർദേശവും പ്രസംഗത്തിലില്ലെന്നും പ്രതിപക്ഷം കുറ്റപ്പെടുത്തി.

കഴിഞ്ഞ രണ്ടു മോദി ഭരണ കാലങ്ങളിലെ നേട്ടങ്ങൾ അവതരിപ്പിക്കാനാണ് പ്രസംഗത്തിന്റെ സിംഹഭാഗവും രാഷ്ട്രപതി ഉപയോഗിച്ചത്. ഇന്ത്യ അതിവേഗം വളരുന്ന സാമ്പത്തിക ശക്തിയാണെന്ന് ആവർത്തിച്ച രാഷ്ട്രപതി, 2014ൽ 11ാം സ്ഥാനത്തുണ്ടായിരുന്ന രാജ്യം ഇപ്പോൾ അഞ്ചാം സ്ഥാനത്തേക്ക് കുതിച്ചെന്നും രാജ്യത്തെ മൂന്നാമത്തെ വലിയ സാമ്പത്തിക ശക്തിയാക്കി ഇന്ത്യയെ മാറ്റുകയാണ് തന്റെ സർക്കാറിന്റെ ലക്ഷ്യമെന്നും പറഞ്ഞു. ഉത്പാദനം, സേവനം, കാർഷികം തുടങ്ങി മൂന്ന് പ്രധാന മേഖലകൾക്കും ഊന്നൽ നൽകിയുള്ള സമഗ്ര വികസനമാണ് സർക്കാർ ലക്ഷ്യമെന്നും രാഷ്ട്രപതി കൂട്ടിച്ചേർത്തു.

നീറ്റ് ക്രമക്കേടിൽ കുറ്റക്കാരെ കണ്ടെത്തി നിയമത്തിനു മുന്നിലെത്തിക്കുമെന്ന പ്രഖ്യാപനം മാത്രമാണ് പതവിനു പുറത്ത് സ്ഥാനം പിടിച്ചത്. സർക്കാർ നിയമനങ്ങളിലും മത്സര പരീക്ഷകളിലും സുതാര്യതയും വിശ്വാസ്യതയും ഉറപ്പാക്കുമെന്നും രാഷ്ട്രപതി പറഞ്ഞു.

കേന്ദ്ര സർക്കാറിന്റെ ആയുഷ്മാൻ ഭാരത് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ കീഴിൽ എഴുപത് വയസ്സു കഴിഞ്ഞവർക്ക് സൗജന്യ ആരോഗ്യ പരിരക്ഷ ലഭ്യമാക്കുമെന്നും രാജ്യത്തുടനീളം 25,000 ജൻ ഔഷധി കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും രാഷ്ട്രപതി കൂട്ടിച്ചേർത്തു.

### പ്രസംഗം ബഹിഷ്കരിച്ച് എ.എ.പി എം.പിമാർ

ന്യൂഡൽഹി; ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിനെ ജയിലിൽ അടച്ച് വേട്ടയാടുന്നതിൽ പ്രതിഷേധിച്ച് രാഷ്ട്രപതിയുടെ പ്രസംഗം ബഹിഷ്കരിച്ച് എ.എ.പി എം.പിമാർ. രാഷ്ട്രപതി സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യുന്നതിന് തൊട്ടു മുമ്പ് സഭ ബഹിഷ്കരിച്ച് പുറത്തിറങ്ങിയ എം.പിമാർ പ്ലക്കാർഡുകളുമായി സഭാ കവാടത്തിൽ പ്രതിഷേധിച്ചു.

## പെൻ പിന്റർ പുരസ്കാരം അരുന്ധതി റോയിക്ക്

ലണ്ടൻ: നാടകകൃത്തും നൊബേൽ സമ്മാന ജേതാവുമായ ഹാരോൾഡ് പിന്ററിന്റെ സ്മരണാർഥം ഏർപ്പെടുത്തിയ പെൻ പിന്റർ പുരസ്കാരം അരുന്ധതി റോയിക്ക്. പാരിസ്ഥിതിക തകർച്ച മുതൽ മനുഷ്യാവകാശ ലംഘനങ്ങൾ വരെയുള്ള വിഷയങ്ങളിൽ അരുന്ധതി റോയി നടത്തിയ വ്യാഖ്യാനങ്ങളെ പ്രശംസിച്ചുകൊണ്ടാണ് പുരസ്കാര നിർണയ സമിതി അവാർഡ് പ്രഖ്യാപിച്ചത്. ഇംഗ്ലീഷ് പെൻ ചെയർ റൂത്ത് ബോർത്ത് വിക്, ആക്ടർ ഖാലിദ് അബ്ദള്ള, എഴുത്തുകാരൻ റോജർ റോബിൻസൺ എന്നിവരടങ്ങിയ ജൂറിയാണ് പുരസ്കാര ജേതാവിനെ തിരഞ്ഞെടുത്തത്. 2010ൽ കശ്മീരിനെ കുറിച്ച് നടത്തിയ പരാമർശങ്ങളുടെ പേരിൽ അരുന്ധതിറോയിയെ യു.എ.പി.എ ചുമത്തി വേട്ടയാടാൻ കേന്ദ്ര സർക്കാർ നീക്കം തുടങ്ങിയതിനു പിന്നാലെയാണ് പുരസ്കാര വാർത്ത.



അനീതിയുടെ അടിയന്തര കഥകൾ ബുദ്ധിപരമായും സുന്ദരമായുമാണ് അരുന്ധതി പറയുന്നതെന്ന് റൂത്ത് ബോർത്ത് വിക് പ്രശംസിച്ചു. ഇന്ത്യ ലോകത്തിന്റെ പ്രമുഖ ശ്രദ്ധാകേന്ദ്രമായി നിലനിൽക്കുമ്പോൾ അരുന്ധതി ഒരു അന്താരാഷ്ട്ര ചിന്തകയായി മാറുന്നുവെന്നും അവരുടെ ശബ്ദം നിശബ്ദമാക്കപ്പെടരുതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

മിഷേൽ റോസെൻ, മലോറി ബ്ലാക്മാൻ, മാർഗരറ്റ് അറ്റ്വുഡ്, സൽമാൻ റുഷ്ദി തുടങ്ങിയവരാണ് അരുന്ധതിക്കുമുമ്പ് പെൻ പിന്റർ പുരസ്കാരം നേടിയവർ. പുരസ്കാര നേട്ടത്തിൽ ഏറെ സന്തോഷമുണ്ടെന്ന് അരുന്ധതി റോയി പ്രതികരിച്ചു. 'ലോകം സ്വീകരിക്കുന്ന അഗ്രാഹ്യമായ വഴിത്തിരിവിനെക്കുറിച്ച് എഴുതാൻ ഹരോൾഡ് പിന്റർ ഇന്ന് നമ്മളോടൊപ്പം ഉണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ അഭാവം എഴുത്തുകളിലൂടെ നികത്താൻ ചിലരെങ്കിലും കഴിവിന്റെ പരമാവധി ശ്രമിക്കണം'- അവർ പറഞ്ഞു. ബി.ജെ.പിയുടെയും മോദിയുടെയും കടുത്ത വിമർശകയായ അരുന്ധതി റോയിയെ 14 വർഷം മുമ്പ് കശ്മീരിനെ കുറിച്ച് നടത്തിയ പരാമർശത്തിന്റെ പേരിൽ കുറ്റവിചാരണ നടത്താനുള്ള നീക്കത്തിലാണ് കേന്ദ്ര സർക്കാർ. ഇതിനെതിരെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ശക്തമായ പ്രതിഷേധമുയർന്നിട്ടുണ്ട്.

### ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം ടി.ഡി.പിക്ക് നൽകാൻ ബി.ജെ.പി കരുനീക്കം

ന്യൂഡൽഹി: ലോക്സഭാ ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം പ്രതിപക്ഷ കക്ഷികൾക്ക് നൽകാതിരിക്കാൻ കരുനീക്കവുമായി ബി.ജെ.പി. കീഴ്വഴക്കമനുസരിച്ച് ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം സാധാരണ പ്രതിപക്ഷത്തിനാണ് നൽകാറുള്ളതെങ്കിലും ഇത്തവണ എൻ.ഡി.എയിലെ ഘടക കക്ഷികളിൽ ആർക്കെങ്കിലും പദവി നൽകാനാണ് ബി.ജെ.പി നീക്കം നടത്തുന്നത്. ഭരണ- പ്രതിപക്ഷ ഏറ്റുമുട്ടൽ ഒഴിവാക്കി സഭയെ പൂർണ നിയന്ത്രണത്തിലാക്കാനുള്ള നീക്കമാണിതെന്നാണ് വിലയിരുത്തൽ. ഡെപ്യൂട്ടി സ്പീക്കറെ ഉടൻ പ്രഖ്യാപിക്കുമെന്നും ബി.ജെ.പി വൃത്തങ്ങൾ വ്യക്തമാക്കി. ചന്ദ്രബാബു നായിഡുവിന്റെ തെലുങ്ക് ദേശം പാർട്ടിക്കാകും (ടി.ഡി.പി) ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം നൽകുകയെന്ന അഭ്യൂഹങ്ങൾ ശക്തമായിട്ടുണ്ട്. അടൽബിഹാരി വാജ്പേയ് സർക്കാരിൽ സ്പീക്കറായിരുന്ന ടി.ഡി.പി എം.പി ജി.എം.സി ബാലയോഗിയുടെ മകൻ ഹരീഷ് ബാലയോഗിക്കാണ് സാധ്യത കൽപ്പിക്കുന്നത്. ഇതുവഴി ടി.ഡി.പിയെ അടക്കിയിരുത്താനാകുമെന്നും ബി.ജെ.പി കണക്കുകൂട്ടുന്നു.

## നീറ്റ് ക്രമക്കേടിൽ സി.ബി.ഐയുടെ ആദ്യ അറസ്റ്റ്; പിടിയിലായത് ബിഹാർ സ്വദേശികൾ

ന്യൂഡൽഹി: നീറ്റ് പരീക്ഷാ ക്രമക്കേടുമായി ബന്ധപ്പെട്ട അന്വേഷണം ഏറ്റെടുത്ത ശേഷം സി.ബി.ഐ ആദ്യ അറസ്റ്റ് രേഖപ്പെടുത്തി. ബിഹാർ സ്വദേശികളാണ് പറ്റ്നയിൽ പിടിലായത്.

ചോദ്യപേപ്പറും ഉത്തര സൂചികയും ചോർന്നുകിട്ടിയ പരീക്ഷാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതുവരെ ഇക്കാര്യം പുറത്തുപോകാതെ സൂക്ഷിക്കാനും പരീക്ഷാ കേന്ദ്രത്തിൽ എത്താനും സൗകര്യം ഒരുക്കിയെന്നാരോപിച്ച് മനീഷ് കുമാർ എന്നയാളെയാണ് സി.ബി.ഐ ആദ്യം കസ്റ്റഡിയിൽ എടുത്തത്. അശുതോഷ് കുമാർ എന്ന മറ്റൊരാളും കേസുമായി ബന്ധപ്പെട്ട് പിടിയിലായിട്ടുണ്ട്.

പറ്റ്ന കോടതിയിൽ ഹാജരാക്കിയ ഇരുവരേയും ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാന്റു ചെയ്തു. ഇരുവരേയും വിശദമായ ചോദ്യം ചെയ്യലിനായി കസ്റ്റഡിയിൽ ആവശ്യപ്പെട്ട് അടുത്ത ദിവസം കോടതിയിൽ അപേക്ഷ നൽകുമെന്ന് സി.ബി.ഐ വ്യക്തമാക്കി. പറ്റ്നയിൽ ലേൺ ബോയ്സ്, പ്ലേ സ്കൂൾ എന്ന സ്ഥാപനം നടത്തുന്നയാളാണ് പിടിയിലായ അശുതോഷ്. ഇയാളുടെ സ്ഥാപനത്തിൽ നിന്ന് കഴിഞ്ഞ ദിവസം 65ഓളം പാതി കത്തിയ നിലയിലുള്ള നീറ്റ് പരീക്ഷാ ചോദ്യപേപ്പറുകൾ ബിഹാർ പൊലീസ് കണ്ടെടുത്തിരുന്നു.

പരീക്ഷക്കു മുമ്പേ ചോർന്ന ചോദ്യപേപ്പറുകൾ ആണ് ഇവയെന്ന് പൊലീസ് നേരത്തെ സ്ഥിരീകരിച്ചിരുന്നു. അശുതോഷിന്റെ സ്ഥാപനത്തിൽ പരീക്ഷാർത്ഥികളെ എത്തിച്ച് തലേ ദിവസം തന്നെ ചോർന്ന ചോദ്യ പേപ്പർ ഉപയോഗിച്ച് പരീക്ഷ എഴുതാൻ രഹസ്യ പരിശീലനം നൽകിയിരുന്നു എന്നാണ് സി.ബി.ഐ കണ്ടെത്തൽ. പണം നൽകാൻ തയ്യാറുള്ള പരീക്ഷാർത്ഥികളെ വലവിശീപ്പിടിച്ചാണ് ഇത്തരത്തിൽ ഉത്തരങ്ങൾ നേരത്തെ തന്നെ പഠിപ്പിച്ചതെന്നും ഇവർക്ക് പ്രത്യേക ഹോസ്റ്റൽ ക്രമീകരണങ്ങൾ ഒരുക്കിയിരുന്നുവെന്നും മനീഷ് കുമാർ അന്വേഷണ സംഘത്തിന് മൊഴി നൽകി.

നീറ്റ് യു.ജി പരീക്ഷാ ക്രമക്കേടുമായി ബന്ധപ്പെട്ട് ആറ് കേസുകളാണ് ഇതുവരെ സി.ബി.ഐ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

## ബിഹാറിൽ പാലം തകർച്ച തുടർക്കഥയായി; ഒരാഴ്ചയ്ക്കിടെ തകർന്നത് നാലു പാലങ്ങൾ

### ജെ.ഡി.യു- ബി.ജെ.പി സർക്കാരിന്റെ അഴിമതിയെന്ന് വിമർശനം

പറ്റ്ന: ബിഹാറിൽ വീണ്ടും പാലം തകർന്നു. കിഷൻഗഞ്ച് ജില്ലയിലെ കങ്കൈ നദിയുടെ കൈവഴിയിലെ 70 മീറ്റർ പാലമാണ് ഇന്നലെ തകർന്നത്. സംഭവത്തിൽ ആർക്കും പരിക്കില്ല. 70 മീറ്റർ നീളമുള്ള പാലം ബഹാദുർഗഞ്ച്, ദിഗൽ ബാങ്ക് ബ്ലോക്കുകളെ ബന്ധിപ്പിക്കുന്നതാണ്. ഇതോടെ ഒരാഴ്ചയ്ക്കിടെ സംസ്ഥാനത്ത് നാലാമത്തെ പാലമാണ് തകർന്നത്. ശക്തമായ ഒഴുക്കിൽ കങ്കൈ നദിയിലെ ജലനിരപ്പ് ഉയർന്നതായും പാലത്തിന്റെ മധ്യഭാഗത്തുള്ള നിരവധി തൂണുകൾ ഒന്നരയടിയോളം താഴ്ചയിൽ മുങ്ങിയതായും അധികൃതർ പറഞ്ഞു. പൊലീസ് സ്ഥലത്തെത്തി ഉടൻ തന്നെ വാഹനഗതാഗതം തടഞ്ഞു. പാലം തകർന്നതിന്റെ ദൃശ്യങ്ങൾ സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നുണ്ട്.

ആറുവർഷം മുൻപാണ് പാലം നിർമിച്ചതെന്നു നാട്ടുകാർ പറഞ്ഞു. റോഡ് വകുപ്പും സ്ഥലത്തെത്തി അന്വേഷണം തുടങ്ങിയിട്ടുണ്ട്. കങ്കൈ നദിയെ മഹാനന്ദയുമായി ബന്ധിപ്പിക്കുന്ന ചെറിയ പോഷകനദിയായ മഡിയയ്ക്ക് മുകളിലൂടെ 2011ലാണ് പാലം നിർമ്മിച്ചതെന്ന് ജില്ലാ മജിസ്ട്രേറ്റ് തുഷാർ സിംഗ്ല പറഞ്ഞു.

നേപ്പാളിലെ വൃഷ്ടിപ്രദേശത്ത് കനത്ത മഴ പെയ്തതോടെ ജലനിരപ്പ് പെട്ടെന്ന് ഉയരുകയായിരുന്നെന്നും അദ്ദേഹം അറിയിച്ചു. ഈമാസം 19ന് അരാരിയ ജില്ലയിലെ ബക്ര നദിക്ക് കുറുകെ നിർമ്മിക്കുന്ന പാലത്തിന്റെ ഒരു ഭാഗം തകർന്നുവീണിരുന്നു. 12 കോടി രൂപയായിരുന്നു ഇതിന്റെ ചെലവ്. അടുത്തിടെ ചമ്പാരൻ ജില്ലയിൽ നിർമ്മാണത്തിലിരിക്കുന്ന 60 അടി നീളമുള്ള പാലവും തകർന്നിരുന്നു. പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജനയ്ക്ക് കീഴിൽ 1.5 കോടി രൂപ ചെലവിട്ട പാലത്തിന്റെ നിർമാണം ഈ വർഷം ആദ്യം മാർച്ചിലാണ് ആരംഭിച്ചത്. ഫെബ്രുവരിയിൽ നിർമാണം പൂർത്തീകരിക്കേണ്ടതായിരുന്നു.

ശനിയാഴ്ച സിവാൻ ജില്ലയിൽ ഒരു ചെറിയ പാലം തകർന്നു. ദാരൗണ്ട, മഹാരാജ്ഗഞ്ച് ബ്ലോക്കുകളെ ബന്ധിപ്പിച്ച് ഒരു കനാലിന് മുകളിലാണ് ഇത് നിർമ്മിച്ചത്. സംസ്ഥാനത്തെ ജെ.ഡി.യു- ബി.ജെ.പി സർക്കാരിന്റെ അഴിമതിയാണ് പാലങ്ങൾ തകരാനിടയാക്കിയതെന്ന വിമർശനം ശക്തമാണ്.

## എം.എസ്.എഫ് നേതാക്കൾക്ക് ജാമ്യം

തിരുവനന്തപുരം: സംസ്ഥാനത്തെ പ്ലസ് വൺ സീറ്റ് പ്രതിസന്ധിക്കെതിരെ സമരം ചെയ്ത എം. എസ്. എഫ് നേതാകൾക്ക് ജാമ്യം. എം. എസ്. എഫ് സംസ്ഥാന പ്രസിഡന്റ് പി.കെ നവാസ്, ജന:സെക്രട്ടറി സി.കെ നജാഫ് ഉൾപ്പെടെയുള്ള നേതാക്കൾക്കാണ് ജാമ്യം ലഭിച്ചത്. എം.എസ്.എഫ് സംസ്ഥാന പ്രവർത്തകസമിതി അംഗങ്ങളായ ഹസൈനാർ നെല്ലിശ്ശേരി, അമീൻ റാഷിദ്, എ വി നബീൽ, ജലീൽ കാടാമ്പുഴ, റാഷിദ് കോക്കൂർ, റഹീസ് ആലുങ്ങൽ, തൻസീർ അഴീക്കോട്, ഗദ്ദാഫി, ഫർഹാൻ ബിയ്യം, മുനീർ എന്നിവർക്കും ജാമ്യം അനുവദിച്ചു. (പേജ്-12 കാണുക)

## CUCAT 2024: റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

തേഞ്ഞിപ്പലം: 2024 – 2025 അധ്യയന വർഷത്തെ കാലിക്കറ്റ് സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെ പി.ജി. / ഇന്റഗ്രേറ്റഡ് പി.ജി, സ്വാശ്രയ സെന്ററുകൾ / അഫിലിയേറ്റഡ് കോളജുകൾ എന്നിവയിലേക്ക് നടത്തിയ പൊതുപ്രവേശന പരീക്ഷയുടെ (CUCAT 2024) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ അതത് പഠനവകുപ്പ് / കോളജിൽ നിന്നും ലഭിക്കുന്ന നിർദ്ദേശം അനുസരിച്ച് പ്രവേശനം നേടേണ്ടതാണ്. വിദ്യാർഥികൾ മാർക്ക് ലിസ്റ്റ് / ഗ്രേഡ് കാർഡ്, ടി.സി, സംവരണം, ഇ.ഡബ്ല്യൂ.എസ്. എന്നിവ തെളിയിക്കുന്നതിനാവശ്യമായ രേഖകൾ പ്രവേശന സമയത്ത് ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ പ്രവേശന വിഭാഗം വെബ്സൈറ്റിൽ https://admission.uoc.ac.in. ഫോൺ: 0494 2407016, 2407017.

# കേരള വാർത്തകൾ

## ചന്ദ്രിക പാഠമുദ്ര



# മഴ

**ചന്നം പിന്നം പെയ്യുന്ന മഴയിൽ ആർത്തുല്ലസിക്കുമ്പോൾ മഴയെക്കുറിച്ച് കൂട്ടുകാർ ചിന്തിച്ചിട്ടുണ്ടോ? അത് എങ്ങനെയുണ്ടാകുന്നുവെന്നും എത്രത്തോളം പെയ്യുന്നുവെന്നുമൊക്കെയുള്ള കാര്യങ്ങൾ. കഥകളിലും കവിതകളിലും നിറഞ്ഞു തുളുമ്പുന്ന മഴയുടെ കഥ നമുക്കൊന്ന് പരിശോധിച്ചാലോ... വീണ്ടുമൊരു മഴക്കാലത്തിലൂടെ കടന്നു പോകുമ്പോൾ വായിക്കാം മഴ വിശേഷങ്ങൾ.**



സൂര്യതാപമേറ്റ് ഭൗമോപരിതലത്തിലെ ജലം നീരാവിയാവുകയും അന്തരീക്ഷത്തിലേക്ക് മേഘങ്ങളാവുകയും മേഘങ്ങൾ ഘനീഭവിച്ച് മഴയുമാകുന്ന പ്രതിഭാസം നമ്മുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഭൂമിയിലെ ജീവന്റെ നിലനിൽപ്പിന് തന്നെ ആധാരമായാണ് മഴയെ കണക്കാക്കുന്നത്. ശക്തമായ മഴയത്ത് വീഴുന്ന തുള്ളികൾക്ക് അഞ്ചോ അതിലധികമോ മില്ലിമീറ്റർ വ്യാസമുണ്ടാകും. നേരിയ മഴ മുതൽ അതിതീവ്രമഴ വരെ ഉണ്ടാകാറുണ്ട്. മണിക്കൂറിൽ മില്ലിമീറ്റർ എന്ന ഏകകമുപയോഗിച്ചാണ് മഴയുടെ തീവ്രത അളക്കുന്നത്. ഏറെ നേരം പെയ്യുന്ന മഴക്ക് തീവ്രത നന്നേ കുറവായിരിക്കും. തീവ്രത കൂടിയ മഴയാകട്ടെ കുറഞ്ഞ സമയവും.

### തീവ്രത

മഴമാപിനിയിൽ 0.1 എംഎം മുതൽ 2.4 എം.എം വരെ രേഖപ്പെടുത്തുന്ന മഴയെ വളരെ നേരിയ മഴയായി കണക്കാക്കുന്നു. എന്നാൽ 2.55 മുതൽ 15.5 എം.എം വരെ മഴ രേഖപ്പെടുത്തുന്നുണ്ടെങ്കിൽ അത് ചാറ്റൽ മഴയാണ്. മിതമായ മഴയിൽ 15.6 എം.എം തൊട്ട് 64.4 എം.എം വരെ മഴ ലഭിക്കും. മഴ മാപിനിയിൽ 64.5 എം.എം മുതൽ 115.5 എം.എം വരെ മഴ രേഖപ്പെടുത്തിയാൽ ശക്തമായ മഴയായി കണക്കാക്കാം. അതിശക്തമായ മഴയാണെങ്കിൽ 115.6 എം.എം മുതൽ 204.4 എം.എം വരെ മഴ പെയ്യും. 204.4 എം.എമ്മിന് മുകളിൽ പെയ്യുന്ന മഴയാണ് ഏറ്റവും ഭീകരാവസ്ഥയുണ്ടാക്കുന്നത്. അതിതീവ്ര വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇവ പ്രളയത്തിലേക്ക് വരെ നയിച്ചേക്കും.

### നിറങ്ങളിലൂടെ ജാഗ്രത

റെഡ്- അതിതീവ്ര മഴയാണ് ചുവപ്പ് ജാഗ്രത. കർശന സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കേണ്ട ഘട്ടമാണിത്.

ഓറഞ്ച്- അതിശക്തമായ മഴയാണ് ഓറഞ്ച് ജാഗ്രതയിലൂടെ ഉദ്ദേശിക്കുന്നത്. എമർജൻസി കിറ്റ് ഉൾപ്പെടെ തയാറാക്കി താഴ്ന്ന പ്രദേശങ്ങളിൽ കഴിയുന്നവർ ജാഗ്രത പാലിച്ച് കഴിയേണ്ട ഒരു സാഹചര്യമാണിത്.

മഞ്ഞ- മഞ്ഞ ജാഗ്രതയാണ് നൽകിയതെങ്കിൽ ശക്തമായ മഴയാണെങ്കിലും ഭയപ്പെടേണ്ട സാഹചര്യമില്ലെന്നാണ് കണക്കാക്കുന്നത്. എന്നാൽ കാലാവസ്ഥ കരുതലോടെ നിരീക്ഷിക്കണം.

പച്ച- ജാഗ്രത പാലിക്കേണ്ട സാഹചര്യമില്ലെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് നൽകുന്ന നിർദേശം. വ്യത്യസ്തമായ ചില മഴകളെ കൂടി പരിചയപ്പെടാം...

### വിചിത്ര മഴ

ആകാശത്തു നിന്ന് മഴ പെയ്യുന്നതു പോലെ മത്സ്യങ്ങളും മറ്റും വീഴുന്നതാണ് വിചിത്ര മഴ. ടൊർണാഡോ പോലുള്ള പ്രതിഭാസങ്ങൾക്കിടെ ജലത്തോടൊപ്പം ഉയർത്തിയെടുക്കുകയും ജലം വറ്റിയപ്പോൾ അവശേഷിക്കുന്ന മത്സ്യം താഴേക്കു പതിക്കുന്നു.

### രക്തമഴ

പേര് കേട്ടാൽ ഞെട്ടുമെങ്കിലും രക്തവുമായി ബന്ധമൊന്നുമില്ല ഈ മഴക്ക്. പച്ച മൈക്രോ ആൽഗയുടെ പരാഗങ്ങൾ മഴയോടൊപ്പം കണ്ടുവരുന്നതാണ് രക്തമഴയായി പെയ്യുന്നത്. 2001 ജൂലൈ 25 മുതൽ സെപ്തംബർ 23 വരെ കേരളത്തിലെ ചില തെക്കൻ ജില്ലകളിൽ ഈ മഴ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.



- കേരളത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് – നേര്യമംഗലം (എറണാകുളം)
- കേരളത്തിൽ ഏറ്റവും കുറവ് മഴ ലഭിക്കുന്നത് -ചിന്നാർ (ഇടുക്കി)

### കൃത്രിമ മഴ

മഴ ഒട്ടും ലഭിക്കാത്ത ഇടങ്ങളിൽ വരൾച്ച തടയുന്നതിന് കാർമേഘങ്ങളെ കൃത്രിമമായി ഘനീഭവിപ്പിച്ച് പെയ്യുന്ന മഴയെയാണ് കൃത്രിമ മഴയെന്നു വിശേഷിപ്പിക്കുന്നത്. മേഘങ്ങളെ കൃത്രിമമായി നിർമിക്കാൻ സാധിക്കില്ലെങ്കിലും ഖരഹിമവും സിൽവർ അയഡൈഡ് പൊടിയും ചേർത്ത് കാർമേഘത്തിൽ വിതറിയാണ് ഈ പ്രതിഭാസമുണ്ടാക്കുന്നത്.

### ആലിപ്പഴം

കഥകളിലും കവിതകളിലുമൊക്കെ ഒട്ടേറെ വർണിച്ച ആലിപ്പഴം, ഭൂതലത്തിൽ നിന്ന് ഉയർന്നുപൊങ്ങുന്ന ചൂടേറിയ നീരാവി തണുത്ത് ഐസ് രൂപത്തിലാവുന്ന പ്രതിഭാമാണ്. ഗോളാകൃതിയിൽ നിന്ന് ഉരുകി വരുന്നതിനാൽ കൃത്യമായ ആകൃതിയുണ്ടാവാറില്ല. കാണാൻ രസമുള്ള കാഴ്ചയാണെങ്കിലും വൻ തോതിൽ ആലിപ്പഴ വർഷമുണ്ടായാൽ അപകടങ്ങളുടെ വ്യാപ്തിയും വർധിക്കും.



### ആസിഡ് മഴ

മഴയുടെ കഥ പറയുമ്പോൾ ആസിഡ് മഴയെ ഒഴിവാക്കാൻ സാധിക്കില്ല. വ്യവസായശാലകളുടെ പൊടിയും പുകയും അന്തരീക്ഷത്തിലലിഞ്ഞ് ഉണ്ടാകുന്ന മഴയാണ് ആസിഡ് മഴ. വായുവിൽ കലരുന്ന സൾഫർ ഡയോക്സൈഡ്, നൈട്രജൻ ഓക്സൈഡ് എന്നിവയാണ് ആസിഡ് മഴക്ക് പ്രധാന കാരണക്കാർ.

### മീഥേൻ മഴ

ഭൂമിയുടെ മഴ മാപിനിയിൽ രേഖപ്പെടുത്തിയിട്ടുള്ളതല്ല മീഥേൻ മഴ. ശനിയുടെ ഉപഗ്രഹമായ ടൈറ്റനിലാണ് മീഥേയൻ മഴ പെയ്യുന്നത്. ശുക്രനിലും ഇതുപോലൊരു വ്യത്യസ്ത മഴ പെയ്യുന്നുണ്ടെന്നാണ് ശാസ്ത്രലോകം അവകാശപ്പെടുന്നത്. ശുക്രനിൽ സൾഫ്യൂരിക് ആസിഡ് മഴയായി പെയ്യുന്നുണ്ടെന്നാണ് പ്റയപ്പെടുന്നത്. എന്നാൽ ഇത് ഉപരിതലത്തിൽ നിലത്ത് പതിക്കും മുമ്പ് ആവിയായി പോകുമെന്നാണ് റിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടുന്നത്.

മേഘാലയയിലെ ചിറാപുഞ്ചിയിലാണ് ലോകത്ത് ഇതുവരെ ഏറ്റവും കൂടുതൽ മഴ രേഖപ്പെടുത്തിയത്.

**26,470** മില്ലിമീറ്റർ (1860–1861)

കുറവ് മഴ ചിലിയിലെ അറ്റകാമ മരുഭൂമിയിൽ

**0.762** മില്ലിമീറ്റർ

മഴത്തുള്ളിയുടെ ആകൃതി യഥാർത്ഥത്തിൽ ചിത്രങ്ങളിലും മറ്റും കാണപ്പെടുന്ന രീതിയിൽ കണ്ണീർതുള്ളിക്കുസമാനമല്ല. ചെറിയ തുള്ളി പലപ്പോഴും ഗോളാകൃതിയിലാണ് കാണപ്പെടുന്നത്. ജല തന്മാത്രകൾക്കിടയിൽ ഉണ്ടാകുന്ന ദുർബലമായ ഹൈഡ്രജൻ ബന്ധനങ്ങളാണ് ഇതുപോലെ കാണാൻ കാരണം.

### മഴമാപിനി

മഴയുടെ തോത് കണക്കാക്കുന്ന സംവിധാനത്തെയാണ് മഴമാപിനിയെന്നു പറയുന്നു. ഒരു നിശ്ചിത വായ് വട്ടമുള്ള ചോർപ്പും (funnel) മഴവെള്ളം ശേഖരിക്കാൻ ഘടിപ്പിച്ചിരിക്കുന്ന ഒരു സിലിണ്ടറുമാണ് മഴമാപിനിയുടെ പ്രധാന ഭാഗങ്ങൾ. തുറസ്സായ പ്രദേശത്താണ് മഴമാപിനി വെക്കുക.

---

'കണക്റ്റിംഗ് വില്ലേജസ്'

## മലബാറിന്റെ നല്ലൊരു നാളേയ്ക്ക് വഴി തുറന്ന് ചന്ദ്രിക – ടാൽറോപ് ടെക്നോളജി മീറ്റ്

മലപ്പുറം: നൂതന ടെക്നോളജിയൊരുക്കിയും അനവധി സ്റ്റാർട്ടപ്പുകൾക്കും ആഗോള കമ്പനികൾക്കും തുടക്കമിട്ടും അതിനാവശ്യമായ ലോകോത്തരമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കിയും മലബാറിന് കരുത്തുറ്റൊരു നാളെയെ സമ്മാനിക്കുന്നതിനുള്ള ചർച്ചകളാൽ സമ്പന്നമായി മലപ്പുറത്ത് നടന്ന ചന്ദ്രിക – ടാൽറോപ് കണക്ടിംഗ് വില്ലേജസ് ടെക്നോളജി മീറ്റ്. മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ, നഗരസഭാ ചെയർമാൻമാർ, വൈസ് ചെയർമാൻമാർ മീറ്റിൽ പങ്കെടുത്തു. പാണക്കാട് സയ്യിദ് ബഷീറലി ശിഹാബ് തങ്ങൾ മുഖ്യാതിഥിയായി.അമേരിക്കയിലെ സിലിക്കൺവാലി മോഡലിൽ കേരളത്തെ ടെക്നോളജിയുടെയും എന്റർപ്രണർഷിപ്പിന്റെയും ഹെഡ്ക്വാർട്ടേഴ്സാക്കി മാറ്റിയെടുക്കുകയാണ് ടാൽറോപ് ലക്ഷ്യമിടുന്നത്. കേരളത്തിൽ നിന്നും ആഗോള തലത്തിൽ സ്കെയിൽ ചെയ്യാൻ കഴിയുന്ന ടെക്നോളജി കമ്പനി യാഥാർത്ഥ്യമാക്കുന്നതിന് സഹായകമായ ഇക്കോസിസ്റ്റം എജ്യൂക്കേഷൻ, ഐ.ടി, സ്റ്റാർട്ടപ്പ്, ടൂറിസം, ഹെൽത്ത് കെയർ തുടങ്ങിയ മേഖലകളിൽ ഡവലപ് ചെയ്താണ് ഈ ഒരു ലക്ഷ്യത്തിലേക്ക് ടാൽറോപ് സഞ്ചരിച്ചു കൊണ്ടിരിക്കുന്നത്. കേരളത്തിലെ ഓരോ തദ്ദേശ സ്വയം ഭരണ പ്രദേശങ്ങളെയും ഈ ഒരു ഇക്കോസിസ്റ്റത്തിനകത്തേക്ക് കൊണ്ടു വരികയെന്ന ലക്ഷ്യത്തോടെ മിനി ഐ.ടി പാർക്കിന് സമാനമായ, ടെക്നോളജി ആന്റ് കമ്മ്യൂണിറ്റി ഹബ്ബുകളായ 1064 വില്ലേജ് പാർക്കുകൾ ടാൽറോപ് സ്ഥാപിച്ചു വരികയാണ്. 941 പഞ്ചായത്തുകളിലും 87 മുനിസിപ്പാലിറ്റികളിലും 6 കോർപറേഷനുകളിലുമായാണ് 1064 വില്ലേജ് പാർക്കുകൾ നിർമ്മിക്കുന്നത്.

ഓരോ വില്ലേജ് പാർക്കുകളിൽ നിന്നും സൃഷ്ടിക്കപ്പെടുന്ന ടാലന്റഡ് മാൻപവർ, ലഭ്യമാവുന്ന അഡ്വാൻസ്ഡ് ടെക്നോളജി എജ്യൂക്കേഷൻ, നിരവധി സ്റ്റാർട്ടപ്പുകൾ, ബിസിനസുകൾ, അനവധി തൊഴിലവസരങ്ങൾ, സമ്പൂർണ ഡിജിറ്റൽ ലിറ്ററസി നേടുന്ന ഗ്രാമങ്ങൾ ഇവയെല്ലാം അമേരിക്കയിലെ സിലിക്കൺവാലിയെന്ന പോലെ ക്രിയേറ്റർമാരുടെ താഴ് വരയായി കേരളത്തെ മാറ്റിയെടുക്കുമെന്ന് മീറ്റിൽ പ്രൊജക്ട് പ്രസന്റേഷൻ നിർവ്വഹിച്ച ടാൽറോപ് കോ-ഫൗണ്ടർ ആന്റ് സി.ഇ.ഒ സഫീർ നജുമുദ്ദീൻ പറഞ്ഞു. മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എം.കെ റഫീഖ, ചന്ദ്രിക മലപ്പുറം റസിഡന്റ് എഡിറ്റർ ഇഖ്ബാൽ കല്ലുങ്ങൽ, ലോക്കൽ ഗവണ്മെന്റ് മെമ്പേഴ്സ് ലീഗ് സംസ്ഥാന പ്രസിഡന്റ് ഇസ്മായിൽ മാസ്റ്റർ, മലപ്പുറം ജില്ലാ പ്രസിഡന്റ് അഡ്വ. പി.വി മനാഫ്, ചന്ദ്രിക കോഴിക്കോട് റസിഡന്റ് മാനേജർ പി.എം മുനീബ് ഹസൻ, മാർക്കറ്റിംഗ് മാനേജർ നബീൽ തങ്ങൾ സംസാരിച്ചു.



*മലപ്പുറത്ത് നടന്ന ചന്ദ്രിക – ടാൽറോപ് ടെക്നോളജി മീറ്റിൽ ടാൽറോപ് കോ-ഫൗണ്ടർ ആന്റ് സി.ഇ.ഒ സഫീർ നജുമുദ്ദീൻ പ്രൊജക്ട് പ്രസന്റേഷൻ നിർവ്വഹിക്കുന്നു.*

## പുതിയ ഡയമണ്ട് കളക്ഷനായ 'നുവ' പുറത്തിറക്കി മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ്

കോഴിക്കോട്: 13 രാജ്യങ്ങളിലായി 350 ലധികം ഷോറൂമുകളുള്ള ലോകത്തിലെ ഏറ്റവും വലിയ ആറാമത്തെ ജ്വല്ലറി ശൃംഖലയായ മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്സ്, 'നുവ' എന്ന പേരിലുള്ള ഏറ്റവും പുതിയ വജ്രാഭരണ ശേഖരം പുറത്തിറക്കി. യുഎഇ യിൽ നടന്ന ചടങ്ങിൽ പ്രശസ്ത നടി കരീന കപൂർഖാൻ പുതിയ ശേഖരം അനാച്ഛാദനം ചെയ്തു. പ്രകൃതിയിലെ സങ്കീർണ്ണമായ രൂപകല്പനകൾ, തരംഗങ്ങൾ, രൂപങ്ങൾ, മടക്കുകൾ, ടെക്സ്ചറുകൾ എന്നിവയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് വിദഗ്ധ കലാകാരൻമാർ തയ്യാറാക്കിയതാണ് നുവ ആഡംബര വജ്രശേഖരം. പ്രകൃതിയിൽ കാണപ്പെടുന്ന സൗന്ദര്യത്തിൽ നിന്നും മാറ്റങ്ങളെ ഉൾക്കൊള്ളുവാനുള്ള കഴിവിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട്, ശേഖരത്തിലെ ഓരോ ആഭരണവും സൂക്ഷ്മമായി രൂപപ്പെടുത്തുകയും കാലക്രമേണ പരിഷ്കരിക്കുകയും മഹത്തായതും സങ്കീർണ്ണവുമായ ഒരു കലാസൃഷ്ടിയായി പരിപൂർണ്ണമാക്കുകയും ചെയ്യുന്നു.പ്രകൃതിയെയും സ്ത്രീകളുടെ അജയ്യമായ ചൈതന്യത്തെയും ആഘോഷിക്കുന്ന നുവ ആഭരണ ശേഖരം അവതരിപ്പിക്കുന്നതിൽ ഞങ്ങൾക്ക് വളരെയധികം അഭിമാനമുണ്ടെന്ന് മലബാർ ഗ്രൂപ്പ് ചെയർമാൻ എം പി അഹമ്മദ് പറഞ്ഞു.




*മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്സിന്റെ യുഎഇയിൽ വെച്ച് നടന്ന ചടങ്ങിൽ ബോളിവുഡ് താരവും മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്സിന്റെ ബ്രാൻഡ് അംബാസ്സഡറുമായ കരീന കപൂർഖാൻ പുതിയ ഡയമണ്ട് കളക്ഷനായ 'നുവ' ജ്വല്ലറി ശേഖരം അനാച്ഛാദനം ചെയ്യുന്നു. മെർചെന്റൈസിങ് ഹെഡ് ( ഗോൾഡ് ) സക്കീർ പാറപ്പുറത്ത്, മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് മാനുഫാച്ചറിങ് ഹെഡ് ഫൈസൽ എ കെ, മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ഇന്റർനാഷണൽ ഓപ്പറേഷൻസ് എം ഡി ഷംലാൽ അഹമ്മദ്, മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ഫിനാൻസ് & അഡ്മിൻ ഡയറക്ടർ അമീർ സി എം സി എന്നിവർ സമീപം*

# നീറ്റ് ഇന്ന് പാർലമെന്റിൽ ഉന്നയിക്കാൻ പ്രതിപക്ഷം

**ലോക്ഭയിൽ രാഹുൽ ഗാന്ധിയും രാജ്യസഭയിൽ ഖാർഗെയും വിഷയം ഉന്നയിക്കും**

**തുടക്കത്തിലേ സർക്കാറിനെ കടന്നാക്രമിക്കാൻ തന്ത്രംമെനഞ്ഞ് പ്രതിപക്ഷം**

ന്യൂഡൽഹി: മൂന്നാം മോദി സർക്കാറിനെ തുടക്കത്തിലെ പ്രതിരോധത്തിലാക്കാൻ ഉറച്ച് നീറ്റ് യു.ജി ക്രമക്കേട് ഇന്ന് പാർലമെന്റിൽ ഉന്നയിക്കാൻ പ്രതിപക്ഷം. പതിനെട്ടാം ലോകസഭയിലെ അംഗങ്ങളുടെ സത്യപ്രതിജ്ഞയും സ്പീക്കർ തിരഞ്ഞെടുപ്പും രാഷ്ട്രപതി സംയുക്ത സഭയെ അഭിസംബോധന ചെയ്യുന്നതും കഴിഞ്ഞ് സഭ ഔപചാരിക നടപടികളിലേക്ക് കടക്കുന്ന ആദ്യ ദിനം തന്നെ, സർക്കാറിനെ കടന്നാക്രമിക്കാനാണ് പ്രതിപക്ഷ നീക്കം.

24 ലക്ഷത്തോളം കുട്ടികളുടെ ഭാവി അവതാളത്തിലാക്കിയ നീറ്റ് യു.ജി ക്രമക്കേടിൽ നേരത്തെ തന്നെ പ്രതിക്കൂട്ടിൽ നിൽക്കുന്ന മോദി സർക്കാറിന് പ്രതിപക്ഷം പാർലമെന്റിൽ കൂടി വിഷയം ഉയർത്തുന്നത് കനത്ത തിരിച്ചടിയാകും. പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ലോക്സഭയിലും കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ രാജ്യസഭയിലും വിഷയം ഉന്നയിക്കുമെന്നാണ് സൂചന. നീറ്റ് യു.ജി പരീക്ഷാ നടത്തിപ്പിലും മൂല്യനിർണയത്തിലും വന്ന ഗുരുതര വീഴ്ചകൾ അക്കമിട്ടു നിരത്തിയാകും പ്രതിപക്ഷത്തിന്റെ കടന്നാക്രമണം.

നീറ്റ് ക്രമക്കേടുമായി ബന്ധപ്പെട്ട ആരോപണങ്ങൾ ആദ്യം നിഷേധിച്ച കേന്ദ്ര സർക്കാർ പിന്നീട് ഓരോന്നായി സമ്മതിക്കുകയായിരുന്നു. ഗ്രേസ് മാർക്ക് വിവാദത്തിൽ ആദ്യം ന്യായീകരണവമായി രംഗത്തെത്തിയെങ്കിലും പിന്നീട് തെറ്റു പറ്റിയെന്ന് പറഞ്ഞ കേന്ദ്രം, 1562 വിദ്യാർത്ഥികൾക്ക് നൽകിയ ഗ്രേസ് മാർക്ക് പൂർണമായും റദ്ദാക്കുകയും വീണ്ടും പരീക്ഷ എഴുതാൻ നടപടി സ്വീകരിക്കുകയുമായിരുന്നു. എന്നാൽ ഗ്രേസ് മാർക്ക് നഷ്ടമായ പകുതി പേർ മാത്രമാണ് പുനഃപരീക്ഷക്ക് എത്തിയത്. ചോദ്യപേപ്പർ ചോർന്നെന്ന ആരോപണത്തേയും ആദ്യം നിഷേധിച്ച സർക്കാർ പിന്നീട് ഇക്കാര്യം സ്ഥിരീകരിക്കുകയായിരുന്നു. ബിഹാർ പൊലീസ് കേസിൽ ആദ്യ അറസ്റ്റ് രേഖപ്പെടുത്തിയതിനു പിന്നാലെയായിരുന്നു കേന്ദ്രത്തിന്റെ കുറ്റസമ്മതം. സംഭവത്തിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാന്റെ രാജി അടക്കം ആവശ്യപ്പെട്ടാകും പ്രതിപക്ഷം സഭയിൽ സംസാരിക്കുക എന്നാണ് വിവരം. പരീക്ഷാ നടത്തിപ്പിന്റെ ചുമതലയുള്ള എൻ.ടി.എക്കെതിരെ ഉയരുന്ന ആരോപണങ്ങളും വിദ്യാഭ്യാസ മേഖലയിലെ സംഘ്പരിവാർ വൽക്കരണവും ഉന്നയിക്കുമെന്ന സൂചന പ്രതിപക്ഷം നേരത്തെ തന്നെ നൽകിയിരുന്നു. നീറ്റ് പരീക്ഷ റദ്ദാക്കണമെന്ന് കഴിഞ്ഞ സഭയിൽ ആവശ്യം ഉന്നയിട്ടുള്ള ഡി.എം. കെ അംഗങ്ങളും ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ ഇക്കാര്യം ആവശ്യപ്പെട്ട് സമ്മർദ്ദം ശക്തമാക്കിയേക്കും.

## അഴിമതി; മുൻ ചൈനീസ് പ്രതിരോധ മന്ത്രിയെ പാർട്ടി പുറത്താക്കി

ബീജിങ്: അഴിമതിക്കുറ്റം ആരോപിച്ച് മുൻ പ്രതിരോധ മന്ത്രി ലീ ഷാങ്ഫുവിനെ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി പുറത്താക്കി. കാണാതായതിനെ തുടർന്ന് കഴിഞ്ഞ വർഷം അവസാനം ലീയെ സ്ഥാനത്തു നിന്നും നീക്കിയിരുന്നു.

ലീയേയും അദ്ദേഹത്തിന്റെ മുൻഗാമിയായ വെയ് ഫെങിനെയും ഗുരുതരമായ പാർട്ടി അച്ചടക്ക ലംഘനം ആരോപിച്ചാണ് പുറത്താക്കിയതെന്ന് വാർത്താ ഏജൻസിയായ ഷിൻഹുവ റിപ്പോർട്ട് ചെയ്തു. തയ്വാനെ ചൊല്ലി ചൈനയും യു.എസും തമ്മിൽ തർക്കം നിലനിൽക്കുന്നതിനിടെയാണ് മുൻ പ്രതിരോധ മന്ത്രിക്കെതിരായ പാർട്ടി നടപടി. 2023 ഒക്ടോബറിലാണ ലീയെ സ്ഥാനത്തു നിന്നും മാറ്റിയത്.

## ബൊളീവിയയിൽ സൈനിക അട്ടിമറി പരാജയപ്പെട്ടു

ലാപാസ്: ബൊളീവിയയിൽ സൈനിക അട്ടിമറി നീക്കം പരാജയപ്പെട്ടു. രാജ്യാന്തര സമൂഹത്തിന്റെ അഭ്യർത്ഥനക്കു പിന്നാലെ പ്രസിഡന്റ് ലൂയിസ് ആർകെയ്ക്ക് തന്നെ സൈന്യത്തിന് മേൽ അധികാരം വിട്ടു നൽകാൻ സൈന്യം തീരുമാനിച്ചു. ബുധനാഴ്ച വൈകീട്ടാണ് സൈനിക ജനറൽ കമാന്റർ ജുവാൻ ജോസ് സുനിഗയുടെ നേതൃത്വത്തിൽ പ്രസിഡന്റിന്റെ കൊട്ടാരം സൈന്യം വളഞ്ഞത്.

സൈനിക നീക്കം നിയമവിരുദ്ധമാണെന്നും പിൻമാറണമെന്നും രാജ്യാന്തര സമൂഹം അഭ്യർത്ഥിച്ചതോടെ മണിക്കൂറുകൾക്ക് ശേഷം സൈന്യത്തോട് പിൻമാറാൻ സുനിഗ തന്നെ നിർദേശിക്കുകയായിരുന്നു. ബൊളീവിയയുടെ ജനാധിപത്യ വിജയമാണ് സൈനിക പിൻമാറ്റമെന്ന് പ്രസിഡന്റ് ആർകെ പ്രതികരിച്ചു. രാജ്യത്തെ ജനങ്ങൾക്ക് നന്ദി പറയുന്നതായും രാജ്യത്തെ അഭിസംബോധന ചെയ്തു കൊണ്ട് അദ്ദേഹം പറഞ്ഞു. അട്ടിമറിക്ക് ചുക്കാൻ പിടിച്ച സൈനിക തലവനെ അറസ്റ്റു ചെയ്തിട്ടുണ്ട്.



*ഐ.സി.ജെ. 2008–2009 ബാച്ച് വിദ്യാർഥികൾ ഏർപ്പെടുത്തിയ സൂര്യ-സരൂപ് മെമ്മോറിയൽ എൻഡോവ്മെന്റ് സൂര്യയുടെ സഹോദരി സുരഭിയിൽനിന്ന് ഐ.സി.ജെ ഡയറക്ടർ വി.ഇ ബാലകൃഷ്ണൻ ഏറ്റുവാങ്ങുന്നു*

## സൂര്യ-സരൂപ് എൻഡോവ്മെന്റ് കൈമാറി

കോഴിക്കോട്: കാലിക്കറ്റ് പ്രസ് ക്ലബ്ബിന് കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ ആന്റ് ജേർണലിസം (ഐ.സി.ജെ.) വിദ്യാർഥികൾക്കായുള്ള സൂര്യ-സരൂപ് മെമ്മോറിയൽ എൻഡോവ്മെന്റ് തുടങ്ങി. അകാലത്തിൽ വിടപറഞ്ഞ സൂര്യ, സരൂപ് എന്നീ സഹപാഠികളുടെ ഓർമക്കായി ഐ.സി.ജെയിലെ 2008–09 പി.ജി ബാച്ചാണ് എൻഡോവ്മെന്റ് ഏർപ്പെടുത്തിയത്. ഐ.സി.ജെയിലെ അർഹരായ വിദ്യാർഥികൾക്ക് ഫീസിനത്തിൽ സഹായം നൽകാൻ ഏർപ്പെടുത്തിയ എൻഡോവ്മെന്റ് തുക സൂര്യയുടെ സഹോദരി സുരഭിയിൽനിന്ന് ഐ.സി.ജെ ഡയറക്ടർ വി.ഇ ബാലകൃഷ്ണൻ ഏറ്റുവാങ്ങി. ഐ.സി.ജെ ചെയർമാൻ എം. ഫിറോസ് ഖാൻ ചടങ്ങ് ഉദ്ഘാടനം ചെയ്തു.

അഡ്വ. പി.എൻ ശ്രീരാജ് അധ്യക്ഷത വഹിച്ചു. പ്രസ് ക്ലബ് സെക്രട്ടറി പി.എസ് രാകേഷ്, ഐ.സി.ജെ പൂർവവിദ്യാർഥി സംഘടനയായ ഐകാൻ പ്രസിഡന്റ് ഉമ്മർ പുതിയോട്ടിൽ, മീഡിയ വൺ എക്സിക്യൂട്ടീവ് എഡിറ്റർ പി.ടി നാസർ, പന്നിയങ്കര സി.ഐ രഞ്ജിത്ത് രവീന്ദ്രൻ, ആദർശ് ലാൽ സംസാരിച്ചു. ഹാരിസ് മടവൂർ സൂര്യ-സരൂപ് അനുസ്മരണം നടത്തി. 2008–09 ബാച്ച് കോഓഡിനേറ്റർ ഫസ്ന ഫാത്തിമ സ്വാഗതവും സൽന സോമനാഥ് നന്ദിയും പറഞ്ഞു. ഐ.സി.ജെ അസോസിയേറ്റ് ഡയറക്ടർ ചന്ദ്രശേഖരൻ, വന്ദനകൃഷ്ണ, എം. ജഷീന സംബന്ധിച്ചു.

## 'ലഹരി വിമുക്ത കേരളം' എൽ.ഡി.എഫ് വഞ്ചിച്ചു

മുക്കം: തിരഞ്ഞെടുപ്പ് വാഗ്ദാനമായ 'ലഹരി വിമുക്ത കേരളം' പ്രഖ്യാപനം നടപ്പിലാക്കാതെ ജനങ്ങളെ വഞ്ചിക്കുകയും മദ്യ മുതലാളിമാരുടെ സമ്മർദ്ദത്തിനു വഴങ്ങി കേരളത്തെ മദ്യത്തിൽ മുക്കിക്കൊല്ലാൻ ശ്രമിക്കുകയും ചെയ്തത് കഴിഞ്ഞ ലോക്സഭ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് സർക്കാറിന്റെ കനത്ത തോൽവിക്ക് ആക്കംകൂട്ടിയെന്ന് മദ്യ നിരോധന സമിതി സംസ്ഥാന കമ്മറ്റി ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. വരാൻ പോകുന്ന തിരഞ്ഞെടുപ്പുകളിലും ഇതാവർത്തിക്കും. 'ലഹരി വിമുക്ത കേരളം' പ്രഖ്യാപനം നടപ്പാക്കണമെന്ന് നേതാക്കൾ ആവശ്യപ്പെട്ടു. മദ്യ വർജനത്തിന് പകരം സർക്കാർ മദ്യ വിൽപന ശാലകളുടെ എണ്ണം വർധിപ്പിക്കുകയാണ്. വാർത്താസമ്മേളനത്തിൽ കേരള മദ്യ നിരോധന സമിതി സംസ്ഥാന പ്രസിഡന്റ് കെ.പി ദുര്യോധനൻ, വൈസ് പ്രസിഡന്റ് ദാമോദരൻ കോഴഞ്ചേരി, ജനറൽ സെക്രട്ടറി ഡോക്ടർ കെ. മുരളീധരൻ നായർ, വർക്കിങ് പ്രസിഡന്റുമാരായ കെ. സോമശേഖരൻ നായർ പങ്കെടുത്തു.

# കോഴിക്കോട് നിന്നു പോയ കർണാടക ബസ് അപകടത്തിൽപെട്ടു; 15 യാത്രക്കാർക്ക് പരിക്ക്

കോഴിക്കോട്: കർണാടക ആർടിസിയുടെ കോഴിക്കോട് ബെംഗളൂരു എസി സ്ലീപ്പർ ബസ് നിയന്ത്രണം വിട്ട് സൂചന ബോർഡിലിടിച്ച് 15 യാത്രക്കാർക്ക് പരുക്കേറ്റു. ബെംഗളൂരു മൈസൂരു എക്സ്പ്രസ് വേയിൽ ബിഡദി ബൈപ്പാസിൽ 27ന് പുലർച്ചെ 3.45നാണ് അപകടം.
കോഴിക്കോട് നിന്ന് ബെംഗളൂരുവിലേക്ക് വരികയായിരുന്ന ബസ് സൂചനാ ബോർഡ് ഇടിച്ചിട്ട ശേഷം റോഡിന്റെ സംരക്ഷണ ഭിത്തിയിലിടിച്ചാണ് നിന്നത്. ഇടിയുടെ ആഘാതത്തിൽ ബെർത്തിൽ കിടന്നുറങ്ങുകയായിരുന്ന യാത്രക്കാർ പലരും താഴേക്ക് വീണു. ബസിന്റെ മുൻവശത്തെ ഗ്ലാസ് തകർന്നു. പരുക്കേറ്റവരെ ബിഡദിയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

# ജൂലൈ 8,9 തിയ്യതികളിൽ റേഷൻ കടകൾ അടച്ചിട്ട് സമരം ചെയ്യും

കോഴിക്കോട്: കേന്ദ്ര, കേരള സർക്കാറുകൾ റേഷൻ കടക്കാരോട് കാണിക്കുന്ന അവഗണനക്കെതിരെ ജൂലായ് 8, 9 തിയ്യതികളിൽ കടകൾ അടച്ചിട്ട് സമരം ചെയ്യുമെന്ന് റേഷൻ വ്യാപാര സംഘടനാ നേതാക്കൾ അറിയിച്ചു. 2018 ലെ റേഷൻ വ്യാപാരി വേതനപാക്കേജ് കാലാനുസൃതമായി പരിഷ്ക്കരിക്കുക; വേതന പാക്കേജിൽ സെയിൽസ്മാൻമാരുടെ വേതനവും, കട വാടകയും ഉൾപെടുത്തുക, റേഷൻ ക്ഷേമനിധിയിൽ സർക്കാർ വിഹിതം ഉറപ്പാക്കി ക്ഷേമ പ്രവർത്തനങ്ങൾ നടത്തുക, റേഷനിങ് ഓഡറായ കെ.ടി.പി.ഡി.എസ് ആക്റ്റ് എല്ലാവർക്കും തുല്യ നീതി ഉറപ്പാക്കികൊണ്ട് പുനർ നിർമ്മിക്കുക; കിറ്റ് കമ്മീഷൻ കോടതി വിധി മാനിച്ചുകൊണ്ട് എല്ലാ വ്യാപാരികൾക്കും നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം.



## പൊതുവാർത്തകൾ

# കോഴിക്കോട്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻറ് ടിഷ്യു ട്രാൻസ്പ്ലാൻറ് സ്ഥാപിക്കുന്നു

കോഴിക്കോട്: കോഴിക്കോട് കേന്ദ്രമാക്കി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻറ് ടിഷ്യു ട്രാൻസ്പ്ലാൻറ് സ്ഥാപിക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. രണ്ട് ഘട്ടങ്ങളിലായാണ് സ്ഥാപിക്കുക. ഹൈറ്റ്സാണ് നിർവ്വഹണ ഏജൻസി. ഇവർ സമർപ്പിച്ച 558.68 കോടി രൂപയുടെ പദ്ധതി കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്നതിന് ഭരണാനുമതി നൽകി. അവയവമാറ്റ ശസ്ത്രക്രിയ കാത്തു കഴിയുന്ന നിരവധി പേർക്ക് ഭാവിയിൽ ഇത് വലിയ ആശ്വാസമായേക്കും. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ വിപുലീകരിക്കുന്നതിനും കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി 2,19,73,709 രൂപയുടെ ഭരണാനുമതി നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചിരുന്നു.

# ധനമന്ത്രി ബാലഗോപാലിന്റെ പ്രസ്താവന ധിക്കാരം –ആർ.എ.ടി.എഫ്

കോഴിക്കോട്: സ്റ്റാറ്റ്യൂട്ടറി പെൻഷൻ ജീവനക്കാരുടെ അവകാശമല്ലെന്നും അത് സർക്കാരിന്റെ ഔദാര്യമാണെന്ന മട്ടിൽ ധനമന്ത്രി ബാലഗോപാലിന്റെ പ്രസ്താവന ജീവനക്കാരോടും, പെൻഷൻകാരോടുമുള്ള ധിക്കാരമാണെന്ന് റിട്ടയേർഡ് അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ (ആർ.എ.ടി.എഫ്)സംസ്ഥാന കമ്മിറ്റി അഭിപ്രായപ്പെട്ടു. സംഘടനകളുടെ ശക്തമായ സമരത്തെ തുടർന്ന് സർക്കാർ ചില നടപടികൾ പ്രഖ്യാപിച്ചത് സ്വാഗതാർഹമാണെങ്കിലും കമ്മീഷനെ വെച്ച് വിഷയം നീട്ടിക്കൊണ്ട് പോകുന്നത് വിദ്യാർഥികളോട് ചെയ്യുന്ന അനീതിയായിരിക്കുമെന്നും യോഗം അഭിപ്രായപ്പെട്ടു. എസ് .എൻ . ഡി . പി നേതാവ് വെള്ളാപ്പള്ളി നടേശന്റെ അപക്വമായ പ്രസ്താവനയിൽ യോഗം പ്രതിഷേധിച്ചു. സംസ്ഥാന എക്സിക്യൂട്ടീവ് ക്യാമ്പ് ആഗസ്റ്റ് 27,28 തീയതികളിൽ നിലമ്പൂരിൽ നടത്താൻ തീരുമാനിച്ചു. പ്രസിഡൻറ് എം സലാഹുദ്ദീൻ മദനി അധ്യക്ഷത വഹിച്ചു.കോ -ഓഡിനേറ്റർ കെ. മോയിൽ കുട്ടി മാസ്റ്റർ ഉദ്ഘാടനം ചെയ്തു. സീനിയർ വൈസ് പ്രസിഡൻറ് അബ്ദുല്ല കരുവാരക്കുണ്ട് മുഖ്യപ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി സി.എച്ച് ഹംസ മാസ്റ്റർ, വി. പി അബ്ദുൽ അസീസ്, എം കെ അബൂബക്കർ ഫാറൂഖി, ഉബൈദുല്ല താനാളൂർ,കെ.എൻ. ഹമീദ്, ശാഹുൽ ഹമീദ് മേൽമുറി, ടി. മുഹമ്മദലി, എൻ കുഞ്ഞിപ്പ, വി.യു സുബൈർ, കെ.മുഹമ്മദ് ഖർളി, എ.മുഹമ്മദ്, കെ.കെ മുഹമ്മദ്, ഇ.മോയിൻ, പി.എസ് മൈമൂന ടീച്ചർ സംസാരിച്ചു.

# മഴക്കാലമായതോടെ എൻഎച്ച് സർവീസ് റോഡുകളിൽ ദുരിതയാത്ര

കോഴിക്കോട്: മഴക്കാലമായതോടെ ദേശീയപാതയുടെ സർവീസ് റോഡുകളിൽ ബസുകൾക്ക് ദുരിതയാത്രയാണ്. പലേടത്തും ചെളിക്കുണ്ടും വീതി കുറവും മൂലം ഏറെ പ്രയാസപ്പെട്ടാണ് വാഹനങ്ങൾ കടന്നുപോവുന്നത്. കോഴിക്കോട്- വടകര ദേശീയ പാത്ക്ക് സമാന്തരമായുള്ള സർവീസ് റോഡുകളിൽ ഏറെ വെല്ലുവിളികളാണ് നേരിടുന്നത്. മൂരാട് മുതൽ തിക്കോടി വരെയുള്ള ഭാഗങ്ങളിലാണ് റോഡ് തകർന്ന് വെള്ളക്കെട്ടായിരിക്കുന്നത്.

# രണ്ടുകോടിയുടെ രാസലഹരി:കൂടുതൽ അറസ്റ്റിന് സാധ്യത

കോഴിക്കോട്: രണ്ടുകോടിയോളം രൂപ വിലവരുന്ന രാസലഹരി പിടികൂടിയ കേസിൽ കൂടുതൽ അറസ്റ്റ് ഉടൻ. നഗരത്തിലെ മാളുകളും ബീച്ചും കേന്ദ്രീകരിച്ച് വിൽപനക്കായെത്തിച്ചതായിരുന്നു ലഹരിമാഫിയ സംഘം. സംഭവത്തിൽ പിടിയിലായ പ്രതികൾക്ക് ലഹരി കൈമാറിയ സംഘത്തിൽപെട്ടവരെയും ഇടനില നിന്നവയെും കുറിച്ച് അന്വേഷണ സംഘത്തിന് വിവരം ലഭിച്ചു.

കേസിൽ നിലമ്പൂർ സ്വദേശി വെളിമുറ്റം വടക്കേടത്ത് ഷൈൻ (23), പെരുവണ്ണാമൂഴി സ്വദേശി മുതുകാട് കിഴക്കയിൽ ആൽബിൻ (24) എന്നിവരെയാണ് വെള്ളയിൽ പൊലീസ് ബംഗളൂരുവിൽനിന്നും കുമളിയിൽ നിന്നുമായി ഇതിനകം അറസ്റ്റുചെയ്തത്.

റിമാൻഡിലായ പ്രതികളിൽ ഷൈനിനെ കസ്റ്റഡിയിൽ വാങ്ങി ചോദ്യം ചെയ്തതോടെയാണ് നിർണായക വിവരങ്ങൾ പൊലീസിന് ലഭിച്ചത്. കോടതി ബുധനാഴ്ച മുതൽ വെള്ളിയാഴ്ച വരെയാണ് ഷൈനിനെ പൊലീസ് കസ്റ്റഡിയിൽ വിട്ടത്. ബെംഗളൂരുവിൽ നിന്നാണ് സംഘത്തിന് ലഹരി ലഭിച്ചതെന്നാണ് ലഭ്യമായ വിവരം. മലയാളികളായ മറ്റുചിലരും ലഹരി വ്യാപാരത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇവർ പൊലീസ് നിരീക്ഷണത്തിലാണ്. വരും ദിവസം അറസ്റ്റുണ്ടാവും.

മേയ് 19നായിരുന്നു കേസിനാസ്പദമായ സംഭവം. പുതിയങ്ങാടി എടക്കൽ ഭാഗത്തെ വാടക വീട് കേന്ദ്രീകരിച്ച് ലഹരി കച്ചവടം നടത്തുന്നുണ്ടെന്ന രഹസ്യ വിവരത്തെ തുടർന്ന് നടത്തിയ പരിശോധനയിൽ 779 ഗ്രാം എം.ഡി.എം.എ, ടാബ്‌ലെറ്റ് രൂപത്തിലുള്ള 6.150 ഗ്രാം എക്സ്റ്റസി, 80 എൽ.എസ്.ഡി സ്റ്റാമ്പ് എന്നിവയാണ് പിടിച്ചെടുത്തത്.ലഹരി തൂക്കുന്നതിനു പയോഗിക്കുന്ന ഇലക്ട്രോണിക് ത്രാസും സംഘത്തിന്റെ ബൈക്കും പിടിച്ചിരുന്നു. പൊലീസിനെക്കണ്ട് ഓടി രക്ഷപ്പെട്ട പ്രതികളെ ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിലാണ് തിരിച്ചറിഞ്ഞതും പിടികൂടിയതും.ടൗൺ അസി. കമീഷണർ കെ.ജി. സുരേഷിന്റെ മേൽനോട്ടത്തിൽ വെള്ളയിൽ ഇൻസ്പെക്ടർ ജി. ഹരീഷിന്റെ നേതൃത്വത്തിലുള്ള സംഘമാണ് കേസ് അന്വേഷിക്കുന്നത്.

# കുഴിബോംബ് പൊലീസിനെ ലക്ഷ്യം വെച്ചെന്ന് എഫ്.ഐ.ആർ

മാനന്തവാടി: തലപ്പുഴ വനമേഖലയിൽ കുഴിബോംബ് വെച്ചത് പൊലിസിനെ അപായപ്പെടുത്താനെന്ന് എഫ്ഐആർ റിപ്പോർട്ട്. മേലെ തലപ്പുഴ മക്കിമല കൊടക്കാട്ട് വനമേഖലയിൽ കുഴിബോംബ് സ്ഥാപിച്ചത് മാവോയിസ്റ്റുകളാണെന്നും തലപ്പുഴ പോലിസ് തയ്യാറാക്കിയ എഫ് ഐ ആറിലുണ്ട്. മക്കിമലപ്രദേശത്ത് മാവോയിസ്റ്റ് സാന്നിധ്യമുള്ളതിനാൽ തണ്ടർബോൾട്ട് ടീം ശക്തമായ പരിശോധന നടത്തുന്ന സ്ഥലമാണ്. കണ്ടെടുത്ത സ്റ്റീൽ കണ്ടെയ്നറിന്റെ ഉള്ളിൽ മാവോയിസ്റ്റ് പോസ്റ്ററിന്റെ ഭാഗങ്ങൾ ലഭിച്ചിരുന്നു. ഇതിലൂടെ സ്ഥലത്ത് പരിശോധന നടത്തുന്ന തണ്ടർബോൾട്ടിനെ അപായപ്പെടുത്തുവാനാണ് മാവോയിസ്റ്റുകൾ നിർമിച്ച സ്പോടക വസ്തുക്കൾ വനത്തിലെ നടവഴിയിൽ സ്ഥാപിച്ചതെന്ന് വ്യക്തമാവുന്നതായും എഫ്.ഐ.ആറിൽ പറയുന്നു.


## കുഴിബോംബുകൾ കോടതിയിൽ ഹാജരാക്കി

മാനന്തവാടി: മേലേ തലപ്പുഴ മക്കിമല കൊടക്കാട്ട് കണ്ടെത്തിയ കുഴിബോംബിന്റെ നിർവ്വീര്യമാക്കിയ അവശിഷ്ടങ്ങൾ മാനന്തവാടി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ ഹാജരാക്കി. കോടതിയുടെ അനുമതി ലഭിക്കുന്ന മുറക്ക് നിർവ്വീര്യമാക്കിയ കുഴിബോംബിന്റെ ജലാസ്റ്റിൻ സ്റ്റിക്കുകൾ ഉൾപ്പെടെ അന്വഷണ സംഘം ഏറ്റെടുത്ത് ഫോറൻസിക്ക് പരിശോധനക്ക് അയക്കും.




നിർവ്വീര്യമാക്കിയ കുഴിബോംബിന്റെ അവശിഷ്ടങ്ങൾ പെട്ടിയിലാക്കി കൊണ്ടു പോകുന്നു

ഇതിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും തുടർന്നുള്ള അന്വേഷണം കുഴിബോംബ് കണ്ടെത്തിയ സംഭവവുമായി ബന്ധപ്പെട്ട് അന്വേഷണം പൊലീസ് ഊർജിതമാക്കി. സംഭവവുമായി ബന്ധപ്പെട്ട് പ്രദേശവാസികളെയും ചോദ്യം ചെയ്യാൻ സാദ്ധ്യതയുണ്ട്. ആണികളും സ്റ്റീൽ പാത്രവും നേരത്തേ വനത്തിൽ കണ്ടിരുന്നുവെന്ന് നാട്ടുകാർ വെളിപ്പെടുത്തിയിരുന്നു. മാനന്തവാടി ഡി.വൈ.എസ്.പി. ബിജുരാജിന്റെ നേതൃത്വത്തിലാണ് അന്വഷണം നടത്തുന്നത്. സംഭവത്തിൽ തലപ്പുഴ പോലീസ് യു.എ.പി.എ ചുമത്തി കേസ് എടുത്തിരുന്നു. ഫോറൻസിക്ക് പരിശോധനക്ക് ശേഷം ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ ശക്തമാക്കും.


ടി.കെ.ഡി. മുഴപ്പിലങ്ങാട്


കരീം പന്നിത്തടം


ആറ്റക്കോയ പള്ളിക്കണ്ടി

# ഇബ്നു ബത്തൂത്ത പുരസ്കാരം പ്രഖ്യാപിച്ചു

കോഴിക്കോട്: യു.എ.ഇ. കേന്ദ്രമായി പ്രവർത്തിച്ചുവരുന്ന ഇന്തോ അറബ് കൾച്ചറൽ അക്കാദമി ലോക സഞ്ചാരിയും തത്വചിന്തകനുമായ ഇബ്നു ബത്തൂത്തയുടെ സ്മരണാർത്ഥം നൽകിവരുന്ന പുരസ്കാരത്തിന് മൂന്ന് പേരെ തിരഞ്ഞെടുത്തു. ടി.കെ.ഡി. മുഴപ്പിലങ്ങാട് (സാഹിത്യം), കരീം പന്നിത്തടം (സാമൂഹിക പ്രവർത്തനം), ആറ്റക്കോയ പള്ളിക്കണ്ടി (പ്രവാസി പുനരധിവാസം) എന്നിവർക്കാണ് പുരസ്കാരം. ജൂലൈ അവസാനവാരം കോഴിക്കോട് വെച്ച് സംഘടിപ്പിക്കുന്ന ഇന്തോ അറബ് കൾച്ചറൽ അക്കാദമി സിൽവർ ജൂബിലി സമ്മേളനത്തിൽ അവാർഡ് സമ്മാനിക്കുമെന്ന് അസോസിയേഷൻ ചെയർമാൻ അഡ്വ. എം. കെ. അൻസാരി, ജനറൽ കൺവീനർ സ്നേഹ പ്രവാസി മാസിക ചീഫ് എഡിറ്റർ ഐസക് പ്ലാപള്ളി, കേരള കോഡിനേറ്റർ മാമ്പ്ര അബൂബക്കർ മുസ്‌ലിയാർ എന്നിവർ അറിയിച്ചു. 25000 രൂപയും, ശിൽപ്പവും, പ്രശംസ പത്രവും, ചരിത്ര പുസ്തകവുമാണ് പുരസ്കാരം.

കഴിഞ്ഞ ഏഴ് ദശാബ്ദമായി ചെറുകഥാ, നാടകം, തിരക്കഥാ, നോവൽ അടക്കം സാഹിത്യ രംഗത്ത് നൂറോളം ഗ്രന്ഥങ്ങളുടെ കർത്താവും, കേരള സാഹിത്യ അക്കാദമി ജേതാവുമാണ് ടി.കെ.ഡി. മുഴപ്പിലങ്ങാട്, മൂന്ന് പതിറ്റാണ്ടായി പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിനായി വേറിട്ട പ്രവർത്തനം ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരികയും ഒട്ടനവധി സംഘടനകളുടെ നേതൃത്വത്തിലിരിക്കുകയും ചെയ്യുന്ന വ്യക്തിത്വമാണ് കരീം പന്നിത്തടം. അഞ്ച് പതിറ്റാണ്ടോളം പ്രവാസികളുടെ ക്ഷേമത്തിനും പുനരധിവാസ പ്രവർത്തനങ്ങളും സംഘടിപ്പിച്ച് അവരെ കുറിച്ച് നിരവധി പുസ്തകങ്ങളുടെ രചനയും നിർവഹിച്ചയാളാണ് ആറ്റക്കോയ പള്ളിക്കണ്ടി.

# മലബാറിലെ ട്രെയിൻ യാത്രാ ക്ലേശം; റേയിൽവേ മന്ത്രിയെ വസ്തുതകൾ ധരിപ്പിച്ച് എം.കെ രാഘവൻ

ന്യൂഡൽഹി: മലബാറിലെ ടെയിൻ യാത്രക്കാർ അഭിമുഖീകരിക്കുന്ന യാത്രാ ക്ലേശം പരിഹരിക്കാൻ നടപടികൾ ആവശ്യപ്പെട്ട് എം.കെ രാഘവൻ എം.പി കേന്ദ്ര റെയിൽവേ മന്ത്രി അശ്വനി വൈഷ്ണവിനെയും, റെയിൽവേ ബോർഡ് ചെയർപേഴ്സൺ ജയ വർമ സിൻഹയെയും നേരിൽ കണ്ടു. വൈകുന്നേരങ്ങളിലും രാവിലെയും യാത്രക്കാർ അതീവ യാത്രാക്ലേശം അനുഭവിക്കുമ്പോഴും ജനപ്രതിനിധികളുടെയും യാത്രക്കാരുടെയും ആവശ്യങ്ങളെ മുഖവിലക്കെടുക്കാതെ റെയിൽവേ മുന്നോട്ട് പോകുന്നത് അംഗീകരിക്കാൻ സാധിക്കില്ലെന്ന് എം.കെ രാഘവൻ എം.പി വ്യക്തമാക്കി. കേരളത്തിൽ സർവ്വീസ് നടത്തുന പന്ത്രണ്ട് മെമു സർവ്വീസുകളിൽ ഒന്ന് മാത്രമാണ് പാലക്കാട് ഡിവിഷനു കീഴിൽ മലബാറിൽ സർവ്വീസ് നടത്തുന്നത്. ഇത് തികഞ്ഞ വിവേചനമാണെന്ന് എം.പി ചൂണ്ടിക്കാട്ടി. പരശുറാം എക്സ്പ്രസ്, ചെന്നൈ എഗ്മോർ എക്സ്പ്രസ്, മംഗള ലക്ഷദ്വീപ് എക്സ്പ്രസ് തുടങ്ങിയ സർവ്വീസുകളിൽ അൺ റിസർവ്ഡ് കോച്ചുകളിൽ സ്ഥലമില്ലാതെ റിസർവ്ഡ് കോച്ചുകളിൽ യാത്ര ചെയ്യേണ്ടി വരികയും റിസർവ്ഡ് കോച്ചുകളിൽ റിസർവേഷൻ നടത്തിയ യാത്രക്കാർക്ക് സൗകര്യ പൂർവ്വം യാത്ര നടത്താൻ സാധിക്കാത്ത സ്ഥിതിയുമാണുള്ളതെന്ന് എം.പി മന്ത്രിയെ ധരിപ്പിച്ചു.

# അധ്യാപക പരിശീലനം: കെ.എ.എം.എ കരിദിനം ആചരിക്കും

തിരുവനന്തപുരം: ആറാം പ്രവർത്തി ദിനങ്ങൾ ഉൾപ്പെടെ ശനിയാഴ്ചകൾ പ്രവർത്തി ദിനമാക്കി കൊണ്ടുള്ള അക്കാദമിക് കലണ്ടർ പിൻവലിക്കാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് അധ്യാപക പരിശീലന ദിനമായ ജൂൺ 29 കരിദിനമായി ആചരിക്കുവാൻ സംസ്ഥാന കമ്മിറ്റി തീരുമാനിച്ചു. പ്രതിഷേധ സൂചകമായി കറുത്ത ബാഡ്ജുകൾ ധരിച്ചുകൊണ്ട് അധ്യാപക പരിശീലനത്തിൽ പങ്കെടുക്കുമെന്ന് കേരള അറബിക് മുൻഷീസ് അസോസിയേഷൻ (കെ. എ.എം.എ) സംസ്ഥാന ജനറൽ സെക്രട്ടറി എം തമീമുദ്ദീൻ, സംസ്ഥാന പ്രസിഡണ്ട് എ.എ ജാഫർ അറിയിച്ചു.

# എസ്.എം.എഫ് സംസ്ഥാന കൗൺസിൽ

ചേളാരി: ചേളാരി മുഅല്ലിം ഓഡിറ്റോറിയത്തിൽ നാളെ നടത്താൻ നിശ്ചയിച്ചിരുന്ന എസ്.എം.എഫ് സംസ്ഥാ ന കൗൺസിൽ യോഗം ചെമ്മാട് ദാ റുൽ ഹുദയിലേക്ക് മാറ്റി. രാവിലെ 10 മണിക്ക് സംസ്ഥാന പ്രവർത്തക സമിതി യോഗവും 11.30ന് സംസ്ഥാന കൗൺസിൽ യോഗവും നടക്കും.




പ്രസിഡന്റ്, ജന. സെക്രട്ടറി, ട്രഷറർ

# തൗഹീദീസ് അസോസിയേഷൻ ഭാരവാഹികൾ

കോഴിക്കോട് :മലബാർ പ്ലസ് വൺ സീറ്റ് ക്ഷാമ പരിഹാരം സ്ഥിരം സംവിധാനമാണ് വേണ്ടതെന്നും വിദ്യാർഥി വിദ്യാർഥി പ്രക്ഷോഭത്തെ താൽക്കാലികമായി അമർച്ചചെയ്യാനുള്ള തുക്കടിവിദ്യയാക്കരുതെന്നും മജ്‌ലിസുത്തൗഹീദ് പൂർവ്വ വിദ്യാർഥി അസോസിയേഷൻ തൗഹീദിസ് ജനറൽ കൗൺസിൽ സർക്കാറിനോട് ആവശ്യപ്പെട്ടു. നിത്യോപയോഗ സാധനങ്ങളുടെ രൂക്ഷമായ വിലകയറ്റം ജീവിതം ദുസ്സഹമായിരിക്കുകയാണെന്നും വിപണയിൽ സർക്കാർ ഇടപെടണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. പുതിയ സംസ്ഥാന ഭാരവാഹികളെ തിരഞ്ഞെടുത്തു.സുഹൈൽ തൗഹീദി ബാഖവി കുമരംപുത്തൂർ പ്രസിഡണ്ടായും നവാസ് തൗഹിദിഖാസിമി, ഹാഫിള് ശമീർ , അശ്റഫ് തൗഹീദി കൊടുവള്ളി, ഹനീഫ എആർ നഗർ, മുനീർ തൗഹീദി, നിസാർ തൗഹീദി ബാഖവി വൈസ് പ്രസിഡണ്ടായും തിരഞ്ഞെടുക്കപ്പെട്ടു. ജനറൽ സെക്രട്ടറി: സാബിർ തൗഹീദി ഖാസിമി കുന്ദംകുളം സെക്രട്ടറിമാർ: അബ്ദുസ്സമദ് തൗഹീദി ഫൈസി നിസാർ തൗഹീദി ഫൈസി, അഡ്വ.സിനാൻ തൗഹീദി നദ്‌വി, ഇബ്രാഹിം അത്താണി, രാശിദ് കുറ്റിക്കാവ്, ട്രഷറർ: ഷാഹുൽ ഹമീദ് തൗഹീദി ഫൈസി ചെറൂപ്പ.

# നവോത്ഥാന സംരക്ഷണ സമിതിയുമായി സഹകരിക്കില്ല : ജമാഅത്ത് ഫെഡറേഷൻ

പത്തനംതിട്ട: സംസ്ഥാന സർക്കാർ മുൻകൈയ്യെടുത്ത് രൂപീകരിച്ച നവോത്ഥാന സംരക്ഷണ സമിതിയുമായുള്ള സഹകരണം നിർത്തിവയ്ക്കാൻ കേരള മുസ്‌ലിം ജമാഅത്ത് ഫെഡറേഷൻ സംസ്ഥാന സമിതി യോഗം തീരുമാനിച്ചു.

സമിതിയുടെ അധ്യക്ഷ സ്ഥാനത്തിരുന്നു കൊണ്ട് വെള്ളാപ്പള്ളി നടത്തുന്ന പ്രസ്താവനകൾ കേരളത്തിന്റെ സാമുദായിക സൗഹാർദത്തെ തകർക്കുന്നതാണെന്ന് യോഗം വിലയിരുത്തി.ഉദ്യോഗസ്ഥ, ഭരണരംഗത്തെ ഓരോ സമുദായത്തിന്റെയും പ്രാതിനിധ്യം സംബന്ധിച്ച് സർക്കാർ ധവളപത്രം പുറപ്പെടുവിക്കണമെന്നു യോഗം ആവശ്യപ്പെട്ടു. സംസ്ഥാന പ്രസിഡണ്ട് കടയ്ക്കൽ അബ്ദുൽ അസീസ് മൗലവി അധ്യക്ഷത വഹിച്ചു. ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമ ജനറൽ സെക്രട്ടറി തൊടിയൂർ മുഹമ്മദ് കുഞ്ഞ് മൗലവി ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി അഡ്വക്കേറ്റ് കെ പി മുഹമ്മദ് റിപ്പോർട്ട് അവതരിപ്പിച്ചു.

### പെൻഷനേഴ്സ് ലീഗ് സമരസംഗമം സർക്കാരിന് താക്കീതായി

# പെൻഷൻകാരോടുള്ള ദ്രോഹനടപടി അനുവദിക്കില്ല: വി.ഡി സതീശൻ

തിരുവനന്തപുരം: സംസ്ഥാനത്തെ പെൻഷനുകാരോടുള്ള സർക്കാരിന്റെ ദ്രോഹനടപടികൾ തുടരാൻ അനുവദിക്കുകയില്ലെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. കേരള സർവീസ് പെൻഷനേഴ്സ് ലീഗ് സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു നടന്ന സെക്രട്ടറിയേറ്റ് സമര സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പെൻഷൻകാരോടും ജീവനക്കരോടുമുള്ള സർക്കാരിന്റെ സമീപനം അപലപനീയമാണ്. ഈ ദ്രോഹനടപടികൾ സർക്കാർ അവസാനിപ്പിച്ചില്ലെങ്കിൽ പെൻഷൻകാരെയും ജീവനക്കാരെയും അണിനിരത്തി പ്രക്ഷോഭസമരത്തിന് യു.ഡി.എഫ് നേതൃത്വം നൽകുമെന്ന് അദ്ദേഹം പറഞ്ഞു. 2019 ലെ പെൻഷൻ പരിഷ്കരണ കുടിശ്ശിക അഞ്ച് വർഷം കഴിഞ്ഞിട്ടും നൽകാത്തതിന് ന്യായീകരണമില്ല. ക്ഷാമശ്വാസം അനുവദിക്കാത്ത സർക്കാർ സമീപനവും പ്രതിഷേധാർഹമാണ്. സംസ്ഥാന പ്രസിഡന്റ് അഹമ്മദ് മെത്തോടിക അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി എ.കെ സൈനുദ്ദീൻ, എം.എൽ.എമാരായ അഡ്വ. യു.എ ലത്തീഫ്, പി.ഉബൈദുല്ല, ടി.വി ഇബ്രാഹിം, മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി സി.പി ചെറിയ മുഹമ്മദ്, ബീമാപള്ളി റഷീദ്, അഡ്വ.എം. റഹുമത്തുള്ള, എസ്.പി.കുഞ്ഞമ്മദ്, കെ. മുഹമ്മദ് ഇസ്മായിൽ, വി.പി അബ്ദുൽ ഹമീദ് മാസ്റ്റർ, നിസാർ മുഹമ്മദ് സുൽഫി, പി.വി അബ്ദുറഹിമാൻ മാസ്റ്റർ, അഡ്വ.നസിം ഹരിപ്പാട്, എ.എം അബൂബക്കർ, എൻ.മൊയ്തീൻ മാസ്റ്റർ, ഖാദർ കൊടവണ്ടി, വി.മുസ്തഫ, ടി.പി.മൂസ്സക്കോയ, മുഹമ്മദലി നങ്ങേലിയിൽ, എൻ.എ ഇസ്മായിൽ, അഡ്വ. എ.പി ഇബ്രാഹിം, പി.എ സീതി മാസ്റ്റർ, യൂസുഫ് മിഷ്കാത്തി, കെ.കെ മുഹമ്മദ്കുട്ടി മാസ്റ്റർ, അഡ്വ.എം.സുബൈർ, കെ.എം റഷീദ്, സി. അബുമാസ്റ്റർ, മക്കാർ മാസ്റ്റർ, അബ്ദുൽഖാദർ എൻ. സി, കൊച്ചുമൊയ്തീൻ, ഇബ്രാഹിം മാസ്റ്റർ, ഷാഹുൽ ഹമീദ്, കെ. അബ്ദുൽ കരീം പ്രസംഗിച്ചു.


പെൻഷൻ പരിഷ്കരണ കുടിശിക നാലാം ഗഡു അനുവദിക്കണമെന്നാവശ്യപ്പെട്ട് കേരള സർവീസ് പെൻഷനേഴ്സ് ലീഗ് (കെ.എസ്.പി.എൽ) സെക്രട്ടറിയേറ്റിന് മുന്നിൽ നടത്തിയ ധർണ പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഉദ്ഘാടനം ചെയ്യുന്നു

# മാനേജ്മെന്റ് ഉദ്യോഗസ്ഥരുടെ ശമ്പളം തടയുമെന്ന് ഹൈക്കോടതി

പാലക്കാട്: വ്യവസായ വകുപ്പിന് കീഴിലുള്ള എടരിക്കോട് സ്പിന്നിങ് മിൽ എം.ഡി ഉൾപ്പടെയുള്ള മാനേജ്മെന്റ് ഉദ്യോഗസ്ഥരുടെ ശമ്പളവും കാർ, എ.സി സൗകര്യങ്ങൾ തടയുമെന്ന് ഹൈക്കോടതി. വിരമിച്ച ജീവനക്കാരുടെ ഗ്രാറ്റുവിറ്റി ലഭിക്കാത്തത് സംബന്ധിച്ച ഹർജി പരിഗണിക്കവെയാണ് ഹൈക്കോടതി ശക്തമായ താക്കീത് നൽകിയത്. ജീവനക്കാരുടെ ആനുകൂല്യങ്ങൾ തടയുന്നതിൽ വ്യവസായ വകുപ്പിനെയും സ്പിന്നിങ് മിൽ നടത്തിപ്പുകാരെയും കോടതി വിമർശിച്ചു.

### വാഹനത്തിൽ നടിക്കു നേരെ പീഢനശ്രമകേസ്

# നീതിന്യായ സംവിധാനത്തെ കളങ്കപ്പെടുത്തിയവരെ പിരിച്ചുവിടണമെന്ന് സാംസ്കാരിക പ്രവർത്തകർ

കോഴിക്കോട്: ഓടിക്കൊണ്ടിരിക്കുന്ന വാഹനത്തിൽ നടി ലൈംഗികമായിആക്രമിക്കപ്പെട്ട കേസിൽ പീഡനദൃശ്യങ്ങൾ അടങ്ങിയ മെമ്മറി കാർഡുമായി ബന്ധപ്പെട്ട എറണാകുളം ജില്ലാ സെഷൻസ് ജഡ്ജിന്റെ അന്വേഷണ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ അതിജീവിതയോടൊപ്പം നിൽക്കുന്ന സ്ത്രീപ്രസ്ഥാനങ്ങളും പ്രമുഖ വ്യക്തികളും കേരള ഹൈകോടതി ചീഫ് ജസ്റ്റിസിന് കത്തയച്ചു. സംഭവത്തിൽ കുറ്റക്കാരായവരെ സർവീസിൽ നിന്ന് പിരിച്ചുവിടണമെന്നാണ് ആവശ്യം. കേസിലെ നിർണായക തെളിവായ ദൃശ്യങ്ങൾ അടങ്ങിയ മെമ്മറി കാർഡ് വിസ്താരസമയത്ത് മാത്രം ഉപയോഗിക്കേണ്ടതും കോടതിയുടെ ചെസ്റ്റിൽ സൂക്ഷിക്കേണ്ടതും അതീവ സുരക്ഷയിൽ നിലനിറുത്തേണ്ടതും ആണ്. മാത്രമല്ല ഈ കേസിലെ മെമ്മറി കാർഡ് ദൃശ്യങ്ങൾ ഒരു സ്ത്രീയുടെ സ്വകാര്യതയുമായി ബന്ധപ്പെട്ടതുമാണ്. അങ്ങനെയുള്ളമെമ്മറി കാർഡാണ് ജില്ലാ സെഷൻസ് കോടതിയുടെയും അങ്കമാലി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ടിന്റെയുംകസ്റ്റഡിയിലിരിക്കേ അനധികൃതമായി തുറന്നതായി റിപ്പോർട്ടിൽ പറയുന്നത്.

ഒരു വർഷത്തിലേറെ നിയമവിരുദ്ധമായി ഈ കാർഡ് ഒരു ജുഡീഷ്യൽ ഓഫീസറുടെ കസ്റ്റഡിയിൽ വെച്ചിരുന്നു എന്ന് റിപ്പോർട്ടിൽ പറയുന്നു. കോടതിയിൽ നിന്നും ഇത് ലീക്ക് ചെയ്തിട്ടുണ്ട്. അങ്കമാലി കോടതി മജിസ്ട്രേട്ട് , ,വിചാരണക്കോടതി ശിരസ്തദാർ, എറണാകുളം സെഷൻസ് കോടതി ബെഞ്ച് ക്ലർക്ക് തുടങ്ങിയവർ മെമ്മറി കാർഡ് നിയമവിരുദ്ധമായി തുറന്ന് പരിശോധിച്ചതായി കോടതി പേരെടുത്ത് പറഞ്ഞ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. വേലി തന്നെ വിള തിന്നുന്ന സ്ഥിതി. നീതിയുടെ പക്ഷത്ത് നിലകൊള്ളേണ്ടവർ പ്രതിക്കു വേണ്ടി കേസ് അട്ടിമറിക്കാൻ കൂട്ടുനിൽക്കുന്ന അതീവ ഗുരുതരമായ കുറ്റകൃത്യമാണ് ഇവിടെ നടന്നിട്ടുള്ളത്. മെമ്മറി കാർഡ് അനധികൃതമായി തുറന്നതുമായി ബന്ധപ്പെട്ട. അന്വേഷണം ആവശ്യപ്പെട്ട് നൽകിയ പരാതിയിൽ അന്വേഷണം നടത്താൻ 7/12/2013ന് ഇറങ്ങിയ മാർഗ നിർദ്ദേശത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നീതിന്യായ സംവിധാനങ്ങളുടെ വിശ്വാസ്യത നിലനിർത്താനും നീതിയുടെ പക്ഷത്താണ് കോടതികൾ എന്ന് ഉറപ്പിക്കാനും നടിയെ ആ ക്രമിച്ച കേസിലെ കോടതിയിലിരുന്ന മെമ്മറിക്കാർഡ് അനധികൃതമായി ആക്സസ് ചെയ്തവർക്കെതിരെ കേസ് റെജിസ്റ്റർ ചെയ്യണം എന്നും നീതിന്യായ സംവിധാനങ്ങൾക്കു തന്നെ കളങ്കം വരുത്തിയ കുറ്റവാളികളെ സർവ്വീസിൽ നിന്ന് പിരിച്ചുവിടണമെന്നും മാതൃകാപരമായി ശിക്ഷിക്കണമെന്നും കോടതികളിൽ എത്തുന്ന എല്ലാ രേഖകളും തെളിവുകളും സുരക്ഷിതമായി സൂക്ഷിക്കുമെന്നും കൈകാര്യം ചെയ്യുമെന്നും ഉറപ്പാക്കാൻ വേണ്ട മാനദണ്ഡങ്ങൾ എല്ലാ ജുഡീഷ്യൽ സംവിധാനങ്ങളിലും ഉറപ്പാക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളണമെന്നും പ്രവർത്തകർ ആവശ്യപ്പെട്ടു.

### പന്തീരാങ്കാവ് ഗാർഹിക പീഡനക്കേസ്

# എഫ്.ഐ.ആർ റദ്ദാക്കരുതെന്ന് പൊലീസ് ഹൈക്കോടതിയിൽ റിപ്പോർട്ട് നൽകി

കൊച്ചി: പന്തീരാങ്കാവ് ഗാർഹിക പീഡനക്കേസിൽ എഫ്ഐആർ റദ്ദാക്കരുതെന്ന് ആവശ്യപ്പെട്ട് ഫറോക്ക് പൊലീസ് ഹൈക്കോടതിയിൽ റിപ്പോർട്ട് നൽകി. രാഹുൽ പി ഗോപാലിന്റെ ഹർജിയിലാണ് പൊലീസ് റിപ്പോർട്ട് നൽകിയത്. ഹർജിയിൽ പറഞ്ഞ കാര്യങ്ങൾ വസ്തുതാ വിരുദ്ധമെന്ന് പൊലീസ് കോടതിയിൽ വ്യക്തമാക്കി. ശരീരത്തിൽ മുറിവുകളോടെയാണ് യുവതി പൊലീസ് സ്റ്റേഷനിലെത്തിയത്. മെഡിക്കൽ പരിശോധനയിലും ഇക്കാര്യം വ്യക്തമെന്ന് പൊലീസ് റിപ്പോർട്ടിൽ പറയുന്നു. പരാതിയിൽ പറഞ്ഞത് തന്നെ മജിസ്ട്രേറ്റിന് മുന്നിലും യുവതി മൊഴി നൽകി. പരാതിയില്ലെന്ന യുവതിയുടെ മൊഴി ഭീഷണി മൂലമാണ്. യുവതിയുടെ സത്യവാങ്മൂലം രാഹുലിന്റെ സമ്മർദ്ദം മൂലമെന്നും റിപ്പോർട്ടിലുണ്ട്. രാഹുൽ സ്ഥിരം മദ്യപിക്കുന്നയാളാണ്. യുവതിക്ക് ഇനിയും ഉപദ്രവമുണ്ടാകും. രാഹുലിന് സാമ്പത്തിക സ്വാധീനമുണ്ടെന്നും തെളിവുകൾ നശിപ്പിക്കാൻ ശ്രമമുണ്ടായെന്നും ഫറോക്ക് എസിപി ഹൈക്കോടതിയിൽ നൽകിയ റിപ്പോർട്ടിൽ പറയുന്നു.എഫ്ഐആർ റദ്ദാക്കണമെന്നാവശ്യപ്പെട്ട് രാഹുൽ പി ഗോപാൽ നൽകിയ ഹർജിയിലാണ് റിപോർട്ട് സമർപ്പിച്ചത്. യുവതിയുമായുള്ള പരാതി ഒത്തുതീർപ്പായെന്നും ഭാര്യയുമായി ഉണ്ടായിരുന്നത്തെറ്റിദ്ധാരണയാണെന്നുമായിരുന്നു ഹർജിയിൽ രാഹുൽ പറഞ്ഞത്. യുവതിയെ ശാരീരികമായി ആക്രമിച്ചിട്ടില്ല. ഒരുമിച്ച് ജീവിക്കാനാണ് തീരുമാനം. പൊലീസ് ഇടപെടൽ മൂലം ഒരുമിച്ച് ജീവിക്കാനായില്ലെന്നും ഹർജിയിൽ പറഞ്ഞിരുന്നു. രാഹുലുമായുള്ള തർക്കം പരിഹരിച്ചെന്നാണ് യുവതിയുടെ സത്യവാങ്മൂലത്തിലുണ്ടായിരുന്നത്. ഭർത്താവുമായി ഒരുമിച്ച് ജീവിക്കാൻ തീരുമാനിച്ചു. പരാതി തുടരുന്നില്ല. മൊഴി നൽകേണ്ടി വന്നത് ബന്ധുക്കളുടെ അധികാരസ്വാധീനം മൂലമാണെന്നും യുവതി സത്യവാങ്മൂലത്തിൽ പറഞ്ഞിരുന്നു.പറവൂർ സ്വദേശിനിയായ നവവധുവാണ് കോഴിക്കോട് പന്തീരാങ്കാവിലെ ഭർതൃവീട്ടിൽ ക്രൂരമായ ഗാർഹിക പീഡനത്തിന് ഇരയായതായി പരാതി ഉന്നയിച്ചതും പിന്നീട് തിരുത്തിപ്പറഞ്ഞതും. സംഭവത്തിൽ പന്തീരാങ്കാവ് സ്റ്റേഷനിൽ പരാതി നൽകിയെങ്കിലും പൊലീസ് ഇത് ഗൗരവമായി കണക്കാക്കിയിരുന്നില്ല. സംഭവത്തിൽ പൊലീസിനെതിരെയും ആഭ്യന്തര വകുപ്പിനെതിരെയും വിമർശനം രൂക്ഷമായതോടെയാണ് കേസിൽ നടപടി ഊർജ്ജിതമായത്.തുടർന്ന് രാഹുലിനെ വിദേശത്തേക്ക് കടക്കാൻ സഹായിച്ച സീനിയർ സിവിൽപൊലീസ്ഓഫീസർ ശരത്തിന് സസ്പെൻഷനും ലഭിച്ചിരുന്നു. യുവതിയുടെ പരാതിയിൽ രാഹുലിന്റെ അമ്മ ഉഷാകുമാരി, സഹോദരി കാർത്തി എന്നിവരെ പൊലീസ് ചോദ്യം ചെയ്തിരുന്നു. ഭർത്താവ് രാഹുൽ ക്രൂരമായി മർദ്ദിച്ചെന്നും ഫോൺ ചാർജർ കഴുത്തിൽ കുരുക്കി ബെൽറ്റ് കൊണ്ട് പുറത്തടിച്ചുവെന്നുമാണ് യുവതിയുടെ വെളിപ്പെടുത്തൽ.



# പാരീസ് തിരക്കിലാണ്

## പി.ടി ഉഷക്ക് 60

ന്യൂഡൽഹി: പാരീസ് ഒളിംപിക്സിലേക്ക് ഇന്ത്യൻ താരങ്ങളെ ഒരുക്കുന്ന തിരക്കിലാണ് പി.ടി. ഉഷ. ഇന്ത്യൻ ഒളിംപിക് അസോസിയേഷൻ അധ്യക്ഷ എന്ന നിലയിൽ പാരീസിൽ നിന്നും റെക്കോർഡ് മെഡലുകളാണ് ഉഷ പ്ലാൻ ചെയ്യുന്നത്. ടോക്കിയോ ഒളിംപിക്സിൽ ഏഴ് മെഡലുകളാണ് രാജ്യം നേടിയതെങ്കിൽ അതിന്റെ ഇരട്ടി മെഡലുകൾ രാജ്യം നേടുമെന്ന് അവർ പറഞ്ഞത് അറുപതാം പിറന്നാൾ ദിനത്തിൽ. ഐ.ഒ.എ ആസ്ഥാനത്ത് കേക്കും ചെറിയ ആഘോഷവും. 1984 ലെ ലോസാഞ്ചലസ് ഒളിംപിക്സിൽ തലനാരിഴ വിത്യാസത്തിന് മെഡൽ നഷ്ടമായതിൽ തുടങ്ങിയ ഉഷയുടെ ഐതിഹാസിക കായിക യാത്രയിൽ ഇന്നും നൊമ്പരം ആ ഒളിംപിക് മെഡൽ മാത്രമാണ്. ബാക്കിയെല്ലാം ഉഷ സ്വന്തമാക്കിയിട്ടുണ്ട്. ഏഷ്യൻ ഗെയിംസുകളിലും, ഏഷ്യൻ ട്രാക്ക് ആൻഡ് ഫീൽഡ് മീറ്റുകളിലും കോമൺവെൽത്ത് ഗെയിംസുകളിലുമെല്ലാം മെഡൽ വേട്ട. വിരമിച്ചതിന് ശേഷം കോഴിക്കോട് കിനാലൂരിൽ സ്വന്തമായി കായിക സ്ക്കൂളുമായി ശിഷ്യർക്കൊപ്പം. അതിനിടെ രാജ്യസഭയിലും ഇന്ത്യൻ ഒളിംപിക് അസോസിയേഷൻ മേധാവി കസേരയിലും. വിശ്രമം ഇല്ലാത്ത കായിക ജീവിതത്തിതിനിടെ അറുപതാം ജന്മദിനത്തിന് ഉഷ കാര്യമായ സവിശേഷത നൽകിയില്ല.

## പാരീസിലേക്ക്



പഞ്ചഗുള: 63ാമത് ദേശീയ സീനിയർ ഇന്റർ സ്റ്റേറ്റ് അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന്റെ ആദ്യദിനം പാരീസ് ഒളിമ്പിക്സിന് യോഗ്യത നേടി ഹരിയാനയുടെ കിരൺ പഹൽ. വ്യാഴാഴ്ച പഞ്ച്കുളയിലെ തൗ ദേവിലാൽ സ്റ്റേഡിയത്തിൽ നടന്ന വനിതകളുടെ 400 മീറ്റർ ഓട്ടത്തിന്റെ സെമിഫൈനലിലാണ് ആതിഥേയ താരം പാരീസ് ഒളിമ്പിക്സിനുള്ള യോഗ്യത മാർക്ക് പിന്നിട്ടത്. 50.92 സെക്കൻഡിൽ ഓടിയെത്തിയാണ് കിരൺ പഹലിന്റെ ഫിനിഷിങ്, 50.95 സെക്കൻഡായിരുന്നു ഒളിമ്പിക്സ് യോഗ്യതക്കുള്ള മാർക്ക്. ഈ ഇനത്തിൽ ഒരു ഇന്ത്യൻ വനിത താരത്തിന്റെ ഏറ്റവും മികച്ച രണ്ടാമത്തെ സമയമാണിത്. 2018ൽ 50.79 സെക്കൻഡിന്റെ ദേശീയ റെക്കോർഡ് ഹിമദാസിന്റെ പേരിലാണ്. നിർമൽ ഷിയോറൻ (ഹരിയാന) 2016 ഒളിമ്പിക് ഗെയിംസിന് യോഗ്യത നേടിയ ശേഷം എട്ട് വർഷത്തെ ഇടവേളയ്ക്ക് ശേഷം ഒളിമ്പിക് ഗെയിംസിന് യോഗ്യത നേടുന്ന ആദ്യ ഇന്ത്യൻ 400 വനിതാ താരം കൂടിയാണ് കിരൺ. ഇന്നാണ് ഈ ഇനത്തിലെ ഫൈനൽ. പുരുഷന്മാരുടെ 400 മീറ്റർ സെമിയിൽ 45.76 സെക്കൻഡിൽ ഓടിയെത്തിയ കേരളത്തിന്റെ മുഹമ്മദ് അനസാണ് ഏറ്റവും മികച്ച സമയം കണ്ടെത്തിയത്.

# ചന്ദ്രിക സ്പോർട്സ്



## ഇതായിരുന്നില്ല

ഞങ്ങൾ. ഇതിലും എത്രയോ മികച്ച പ്രകടനം നടത്തുന്നവർ. പക്ഷേ സെമിയിൽ കാര്യങ്ങൾ വളരെ ദുഷ്ക്കരമായിരുന്നു. നായകനെന്ന നിലയിലും ടീമെന്ന നിലയിലും വലിയ നിരാശയായിരുന്നു സെമി. ടി-20 ക്രിക്കറ്റിൽ എന്തും നമ്മൾ പ്രതീക്ഷിക്കണം. പക്ഷേ ബാറ്റിംഗ് വളരെ പ്രയാസകരമായിരുന്നു. ദക്ഷിണാഫ്രിക്ക അതിമനോഹരമായാണ് പന്തെറിഞ്ഞത്. പിച്ചിൽ നിന്നും അവർക്ക് നല്ല പിന്തുണയും ലഭിച്ചു. ഞങ്ങളാവട്ടെ മോശമായി ബാറ്റും ചെയ്തു. ബംഗ്ലാദേശിനെതിരായ മൽസരത്തിന് ശേഷം ട്രിനിഡാഡിലേക്കുള്ള വിമാന യാത്ര നാല് മണിക്കൂർ വൈകി. ഒരു മണിക്കൂർ മാത്രമാണ് ഉറങ്ങിയത്. ആവശ്യത്തിന് വിശ്രമം ലഭിച്ചില്ല.

–റാഷിദ്ഖാൻ


www.chandrikadaily.com

**BREAKING** യൂറോ 2024: ഗോൾദാരിദ്ര്യം അകറ്റുമെന്ന് ഇംഗ്ലീഷ് കോച്ച് ഗ്യാരത്ത് സൗത്ത്ഗെയിറ്റ്, പ്രി ക്വാർട്ടറിൽ കരുത്ത് കാട്ടും



## ഇന്ന്

കോപ്പ അമേരിക്ക
പാനമ–അമേരിക്ക
(പുലർച്ചെ 3–30)
യുറഗ്വായി–ബൊളീവിയ
(രാവിലെ 6–30)
കൊളംബിയ–കോസ്റ്ററിക്ക
(നാളെ പുലർച്ചെ 3–30)
ബ്രസീൽ– പാരഗ്വേ
(നാളെ രാവിലെ 6–30)
ലൈവ് ഇല്ല



## ജീവന്മരണം

മിയാമി: കോപ്പ അമേരിക്ക ഫുട്ബോളിൽ നാളെ രാവിലെ 6–30ന് മുൻ ജേതാക്കളായ ബ്രസീലിന് ജീവന്മരണ പോരാട്ടം. എതിരാളികൾ പരാഗ്വേ. ഗ്രൂപ്പ് ഡി-യിലെ ആദ്യ മൽസരത്തിൽ കോസ്റ്ററിക്കക്കെതിരെ ഗോൾ രഹിത സമനില വഴങ്ങിയ മഞ്ഞപ്പട ഇപ്പോൾ കൊളംബിയക്ക് പിറകിൽ ഒരു പോയിന്റുമായി രണ്ടാമതാണ്. നാളെ ജയിച്ചാൽ മാത്രമാണ് ബ്രസീലിന് നോക്കൗട്ട് സാധ്യത നിലനിർത്താനാവുക. കോസ്റ്ററിക്കക്കെതിരെ വിനീഷ്യസ് ജൂനിയറും സംഘവും കരുത്തോടെ കളിച്ചിരുന്നു. പക്ഷേ ഗോൾ മാത്രം നേടാനായില്ല. മാർക്കിഞ്ഞസ് നേടിയ ഗോൾ ഓഫ് സൈഡ് കുരുക്കിലുമായി. ആദ്യ മൽസരത്തിൽ കൊളംബിയക്കാരോട് തകർന്നവരാണ് പരാഗ്വേ. അതിനാൽ നാളെ രാവിലെ ബ്രസീലിനെ നേരിടുമ്പോൾ നിലനിൽപ്പിന് പരാഗ്വേക്കും വിജയം നിർബന്ധമാണ്.



## ബ്ലാസ്റ്റേഴ്സിൽ

കൊച്ചി: ഗോൾകീപ്പർ നോറ ഫെർണാണ്ടസിനെ മൂന്നു വർഷത്തെ കരാറിൽ ടീമിൽ എത്തിച്ച് കേരള ബ്ലാസ്റ്റേഴ്സ് എഫ്സി. 2027വരെയാണ് താരം ക്ലബ്ബുമായി കരാർ ഒപ്പുവച്ചിരിക്കുന്നത്. ഗോവയിൽ ജനിച്ച നോറ സാൽഗോക്കർ എഫ്സിയുടെ അണ്ടർ 18 ടീമിലൂടെയാണ് തന്റെ പ്രൊഫഷണൽ കരിയർ ആരംഭിച്ചത്.

## തായിക് വോണ്ടോ

കോഴിക്കോട്: 26ാമത് സംസ്ഥാന ജൂനിയർ & സീനിയർ തായിക്വോണ്ടോ ചാമ്പ്യൻഷിപ്പിന്റെ ഉദ്ഘാടനം നാളെ രാവിലെ 9–30ന് നടക്കും. സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് യു. ഷറഫലി ഉദ്ഘാടനം ചെയ്യും. ജില്ലാ പ്രസിഡന്റ് ഒ. രാജഗോപാൽ അധ്യക്ഷത വഹിക്കും. മത്സരങ്ങൾ ഇന്ന്‌രാവിലെ വി.കെ.കെ. മെനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ ആരംഭിക്കും. 850 മത്സരാർഥികൾ പങ്കെടുക്കുന്നു.

# അഫ്ഗാൻ പതറി

ട്രിനിഡാഡ്: ഗംഭീരമായി സെമിഫൈനൽ വരെയെത്തിയ അഫ്ഗാനിസ്താൻ ദക്ഷിണാഫ്രിക്കയുടെ പേസ്-സ്പിൻ ആക്രമണത്തിന് മുന്നിൽ തകർന്ന് തരിപ്പണമായി. ഒമ്പത് വിക്കറ്റിന്റെ മിന്നും വിജവുമായി മാർക്ക് ഐദൻറാമിന്റെ സംഘം ഇതാദ്യമായി ടി-20 ലോകകപ്പിന്റെ ഫൈനലിലെത്തി. ഓസ്ട്രേലിയ ഉൾപ്പെടെ ഉന്നതരെ മറിച്ചിട്ട് ലോകകപ്പ് പോലെ വലിയ വേദിയിൽ അവസാന നാലിൽ പ്രവേശിച്ച റാഷിദ്ഖാന്റെ സംഘത്തിന് ഇന്നലെ ബ്രയൻ ലാറയുടെ നാമധേയത്തിലുള്ള വേദിയിൽ തൊട്ടതെല്ലാം പിഴച്ചു. ടോസ് നേടിയിട്ടും ആദ്യം ബാറ്റിംഗിന് ഇറങ്ങിയ പത്താനികൾ 11.5 ഓവറിൽ പത്ത് വിക്കറ്റും ബലി കഴിച്ച് ആകെ നേടിയത് 56 റൺസ്. ബാറ്റിംഗ് ദുഷ്ക്കരമായ ട്രാക്കിൽ ദക്ഷിണാഫ്രിക്ക ഒരു വിക്കറ്റ് നഷ്ടത്തിൽ 8.5 ഓവറിൽ കളി അവസാനിപ്പിച്ചു. 12 പന്തിൽ 10 റൺസ് നേടിയ അസ്മത്തുല്ല ഒമർസായിയായിരുന്നു അഫ്ഗാൻ ഇന്നിംഗ്സിലെ ടോപ് സ്ക്കോറർ. മറ്റാർക്കും രണ്ടക്കം തികക്കാൻ പോലുമായില്ല. ചാമ്പ്യൻഷിപ്പിൽ ടീമിന് ഗംഭീരം തുടക്കം നൽകാറുള്ള റഹ്മത്തുല്ല ഗുർബാസ്(0), ഇബ്രാഹിം സദ്രാൻ (2) സഖ്യത്തെ ആദ്യ ഓവറിൽ തന്നെ തകർത്ത മാർകോ ജാൻസണായിരുന്നു ഇടിമിന്നലായത്. ഉയരക്കാരായ ദക്ഷിണാഫ്രിക്കൻ ബൗളർമാർ പിച്ചിലെ വേഗം ഉപയോഗപ്പെടുത്തി പന്ത് ഉയർത്തിയപ്പോൾ അഞ്ചാം ഓവറിൽ സ്ക്കോർ അഞ്ച് വിക്കറ്റിന് 23 റൺസായിരുന്നു. സ്പിന്നർ ടബരേസ് ഷംസിയും രംഗത്ത് വന്നതോടെ വാലറ്റവും വേഗം തല താഴ്ത്തി.

## ബാറ്റിംഗ് ആകെ പാളി

ട്രിനിഡാഡ്: ഞെട്ടിക്കൽ പ്രകടനം നടത്തി ഇതാദ്യമായി ടി-20 ലോകകപ്പിന്റെ സെമി ഫൈനലിലെത്തിയത് ഒന്നാഘോഷിക്കാൻ പോലും കഴിഞ്ഞിരുന്നില്ല അഫ്ഗാൻ താരങ്ങൾക്ക്. ബംഗ്ലാദേശിനെ പരാജയപ്പെടുത്തിയ അടുത്ത ദിവസം തന്നെ സെമി ഫൈനൽ. കിംഗ്സ്റ്റണിൽ നിന്നും ട്രിനിഡാഡിലേക്കുള്ള വിമാനം നാല് മണിക്കൂർ വൈകിയതോടെ താരങ്ങൾക്ക് അത്യാവശ്യ വിശ്രമം പോലും ലഭിച്ചില്ല. ട്രിനിഡാഡിലെ പിച്ചാവട്ടെ അഫ്ഗാൻ ബാറ്റർമാർക്ക് തെല്ലും പരിചയമുണ്ടായിരുന്നില്ല. പിച്ചിനെ മനസിലാക്കാതെയായിരുന്നു ടോസ് കിട്ടിയിട്ടും റാഷിദ്ഖാൻ ബാറ്റിംഗിന് തീരുമാനിച്ചത്. ഓസ്ട്രേലിയയെ പോലെ ഒരു ടീമിനെ വ്യക്തമായ മാർജിനിൽ തോൽപ്പിച്ചവരാണ് അഫ്ഗാൻ ബൗളർമാർ. പക്ഷേ ഇന്നലെ ബാറ്റിംഗിൽ ആകെ പാളി. ഒരാൾക്ക് പോലും ഒന്നും ചെയ്യാനായില്ല. ദക്ഷിണാഫ്രിക്കൻ പേസിന്റെ പ്രത്യേകത ഉയർന്നു പൊന്തിയ പന്തുകളായിരുന്നു. ആറടി ഒമ്പതിഞ്ചുകാരനായ ജാൻസൺ ബാറ്റർമാരെ വിറപ്പിക്കുകയായിരുന്നു. റബാദയും നോർത്ജെയും ഇത് തന്നെ ആയുധമാക്കി. സ്പിന്നർമാർ വന്നപ്പോൾ പന്ത് ഉയർന്നതേയില്ല-ടബരേസ് ഷംസിയും കേശവ് മഹാരാജും ഇതെല്ലാം ആയുധമാക്കി. പിച്ചിൽ നിന്ന് പിന്തുണ റാഷിദ് ഖാനും പ്രതീക്ഷിച്ചു. അത് കിട്ടുകയും ചെയ്തു. തുടക്കത്തിൽ തന്നെ ക്വിന്റൺ ഡി കോക്കിനെ പുറത്താക്കാനായി. പക്ഷേ ദക്ഷിണാഫ്രിക്കക്ക് പേടിക്കാനില്ലായിരുന്നു. അത്രമാത്രം ചെറുതായിരുന്നു ലക്ഷ്യം.

ഇതാദ്യമായി ലോകകപ്പിന്റെ സെമി ഫൈനലിലെത്തി ചരിത്രത്തിൽ ഇടം നേടിയ സംഘത്തിലെ പത്ത് പേരും വലിയ നിരാശ സമ്മാനിച്ചപ്പോൾ ഇന്നിംഗ്സ് 11.5 ഓവറിൽ സമാപിച്ചു. പലപ്പോഴും കൂറ്റനടികളോടെ ടീമിന്റെ വീര്യം തെളിയിക്കാറുള്ള നായകൻ റാഷിദ്ഖാൻ എട്ട് പന്തിൽ രണ്ട് ബൗണ്ടറികളോടെ എട്ട് റൺസ് മാത്രമാണ് നേടിയത്. ഒരു സിക്സർ പോലും പിറക്കാത്ത അഫ്ഗാൻ ഇന്നിംഗ്സിൽ ഏഴ് ബൗണ്ടറികൾ മാത്രമായിരുന്നു കാണാനായത്. ജാൻസൺ 16 റൺസിന് മൂന്ന് വിക്കറ്റ് നേടിയപ്പോൾ ഷംസി കേവലം ആറ് റൺ മാത്രം നൽകി മൂന്ന് പേരെ പുറത്താക്കി. കാഗിസോ റബാദ, ആന്റിത് ജെ നോർത് ജെ എന്നിവർ രണ്ട് വീതം വിക്കറ്റ് നേടി. അഫ്ഗാൻ ആരാധകരെല്ലാം പ്രതീക്ഷ പുലർത്തിയത് സ്വന്തം സംഘത്തിലെ ബൗളർമാരിലായിരുന്നു. രണ്ടാം ഓവറിൽ തന്നെ ക്വിന്റൺ ഡികോക്കിനെ മടക്കി ഫസൽഹഖ് ഫാറുഖി ഗംഭീര തുടക്കവും നൽകി. എന്നാൽ സമ്മർദ്ദമില്ലാതെ ബാറ്റ് ചെയ്ത റീസ ഹെൻട്രിക്സും (29 നോട്ടൗട്ട്), നായകൻ ഐദൻ മാർക്ക്റാമും (23 നോട്ടൗട്ട്) 8.5 ഓവറിൽ കളി അവസാനിപ്പിച്ചു. സ്പിൻ മജീഷ്യൻ റാഷിദ്ഖാൻ ആകെ ഒരു ഓവർ മാത്രമാണ് എറിഞ്ഞത്. മാർകോ ജാൻസണായിരുന്നു കളിയിലെ കേമൻ.



CLICK ഈ ദൃശ്യം എല്ലാം പറയും. ട്രിനിഡാഡിലെ ഡ്രസ്സിംഗ് റൂമിൽ നിരാശരായി അഫ്ഗാൻ പരിശീലകൻ ജോനാഥൻ ട്രോട്ടും നായകൻ റാഷിദ്ഖാനും. ദക്ഷിണാഫ്രിക്കക്കെതിരായ സെമിയിൽ ടീം അതിവേഗം തകർന്നപ്പോൾ രണ്ട് പേരും സങ്കടത്തിലായി. ടോസ് നേടിയാൽ ബാറ്റിംഗ് തെരഞ്ഞെടുക്കാനുള്ള ഇരുവരുടെയും തീരുമാനമാണ് ആദ്യ തിരിച്ചടിയായത്. ദക്ഷിണാഫ്രിക്കൻ ബൗളർമാർ 56 റൺസിന് ടീമിനെ ഇല്ലാതാക്കി. ഇത്തവണ ഓസ്ട്രേലിയ ഉൾപ്പെടെ ശക്തരെ മറിച്ചിട്ടായിരുന്നു ലോകകപ്പ് ചരിത്രത്തിൽ ആദ്യമായി ടീം സെമി കളിച്ചത്. തോൽവിയുടെ ആഴമാണ് നായകനും കോച്ചിനും ആരാധകർക്കും വേദനയായത്.

## അതിഗംഭീരം

ട്രിനിഡാഡ്: ലോകകപ്പ് പേജുകൾ മറിക്കുക. എന്നും കണ്ണീരും നിർഭാഗ്യവുമായിരുന്നു ദക്ഷിണാഫ്രിക്ക. 1992 ൽ സ്വന്തം നാട്ടിൽ നടന്ന ലോകകപ്പിൽ മഴ നിയമങ്ങളിൽ തല താഴ്ത്തിയവർ. 1999 ൽ ഓസ്ട്രേലിയക്കെതിരെ അതിനാടകീയ ടൈ, 2015 ൽ ന്യൂസിലൻഡിനെതിരെ അവസാന ഓവർ തോൽവി. എത്ര മികച്ച താരങ്ങളുണ്ടായിട്ടും ആദ്യ റൗണ്ടിലോ രണ്ടാം റൗണ്ടിലോ പുറത്താവുന്നവർ. ഇത്തവണ ടി-20 ലോകകപ്പിൽ എല്ലാ മൽസരങ്ങൾ ജയിച്ചപ്പോഴും മിക്കതും ചെറിയ മാർജിനിലായിരുന്നു. സെമിയിലെ പ്രതിയോഗികൾ അട്ടിമറിക്കാരായ അഫ്ഗാനികളായപ്പോൾ ഇത്തവണയും കാലിടറുമോ ദക്ഷിണാഫ്രിക്കക്ക് എന്ന് തോന്നി. എന്നാൽ ഇന്നലെ അഫ്ഗാനിസ്താന് ആകെ പിഴച്ചത് ദക്ഷിണാഫ്രിക്കയുടെ ഭാഗ്യമായി. ടോസ് അവർക്കായിരുന്നു. സാധാരണ എതിരാളികളെയാണ് നായകന്മാർ ബാറ്റിംഗിന് ക്ഷണിക്കാറെങ്കിൽ റാഷിദ്ഖാൻ ആദ്യം ബാറ്റിംഗിന് തീരുമാനിച്ചത് ദക്ഷിണാഫ്രിക്കക്ക് നിർഭാഗ്യയാത്ര അവസാനിപ്പിക്കാനുള്ള ആദ്യ കാരണമായി. മാർകോ ജാൻസൺ ആദ്യ ഓവറിൽ തന്നെ വിക്കറ്റ് നേടുന്നു. കാഗിസോ റബാദ ആദ്യ നാല് പന്തിനിടെ രണ്ട് പേരെ പുറത്താക്കുന്നു. പിന്നെയെല്ലാം പെട്ടെന്ന് അവസാനിച്ചു. അഫ്ഗാന്റെ ചാമ്പ്യൻഷിപ്പിലെ കരുത്ത് ഓപ്പണർമാരായിരുന്നു. ഈ സഖ്യം വേഗം തകർക്കാനായതോടെ മുൻനിരയും മധ്യനിരയും തുറന്ന് കാണിക്കപ്പെട്ടു. 57 റൺസ് എന്ന വിജയലക്ഷ്യം എളുപ്പമായി മാറിയപ്പോൾ ഇതാദ്യമായി നിർഭാഗ്യത്തെ മികവിൽ മറികടന്ന് ദക്ഷിണാഫ്രിക്ക വിജയതീരമണഞ്ഞു. ഇനി നാളെ നടക്കുന്ന ഫൈനലിൽ കൂടി ജയിച്ചാൽ ദക്ഷിണാഫ്രിക്കൻ സംഘം ചരിത്രത്തിന്റെ ഭാഗമാവും.

# രോഹിത് മികവിൽ ഇന്ത്യ

ജോർജ്ജ്ടൗൺ: മഴയിൽ കുതിർന്ന ഇന്ത്യക്കെതിരായ ലോകകപ്പ് സെമി ഫൈനൽ ജയിക്കാൻ ഇംഗ്ലണ്ടിനാവശ്യം 172 റൺസ്. ഗയാനയിലെ വേദിയിൽ രാവിലെ മുതൽ തകർത്ത് പെയ്ത് മഴ ഇടക്കിടെ വില്ലനായപ്പോൾ ടോസ് നഷ്ടമായി ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 171 റൺസ് നേടി. രോഹിത് ശർമയും (57) സൂര്യകുമാർ യാദവുമാണ് (47) ഇന്ത്യക്ക് കരുത്തായത്. ഹാർദിക് പാണ്ഡ്യ അവസാനത്തിൽ 13 പന്തിൽ 23 റൺസ് നേടി. ക്രിസ് ജോർദ്ദാനെ തുടർച്ചയായി സിക്സറിന് പറത്തിയ ഹാർദിക് നാലാം പന്തിൽ പുറത്തായി. അഞ്ചാം പന്തിൽ ശിവം ദുബേ പൂജ്യനായി. രവീ ഒരു മണിക്കൂർ വൈകിയായിരുന്നു കളി ആരംഭിച്ചത്. പ്രാദേശിക സമയം രാവിലെ 10–30 നായിരുന്നു ടോസ്. പക്ഷേ നന്നായി പെയ്ത മഴയിൽ ഒരു മണിക്കൂർ ടോസ് വൈകി. നാണയ ഭാഗ്യം ഇംഗ്ലീഷ് നായകൻ ജോസ് ബട്ലർക്കായിരുന്നു. അദ്ദേഹം ഇന്ത്യയെ ബാറ്റിംഗിന് ക്ഷണിച്ചപ്പോൾ റിസേ ടോപ്ലെക്കെതിരെ ഗംഭീരമായാണ് രോഹിത് തുടങ്ങിയത്. രണ്ടാം പന്തിൽ തന്നെ ബൗണ്ടറി. ചാമ്പ്യൻഷിപ്പിൽ നിരാശപ്പെടുത്തിയ വിരാത് കോലി സിക്സറോടെയും തുടങ്ങിയപ്പോൾ ഗ്യാലറി ഇളകി. പക്ഷേ ടോപ്ലേയുടെ രണ്ടാം ഓവറിൽ വിരാത് മടങ്ങി. ഒമ്പത് പന്തിൽ ഒമ്പത് റൺസ് നേടിയ ഇന്ത്യൻ ഓപ്പണർ മറ്റൊരു വലിയ ഷോട്ടിനുള്ള ശ്രമത്തിലാണ് മടങ്ങിയത്. മഴ മേഘങ്ങൾ തൂങ്ങിനിൽക്കവെ രോഹിത് അടി തുടർന്നു. പകരമെത്തിയ റിഷാഭ് പന്ത് പിന്തുണയും നൽകി. പക്ഷേ സാം കറൻ എറിഞ്ഞ ഇന്നിംഗ്സിലെ ആറാം ഓവറിൽ റിഷാഭിന് മടക്കം. മിഡ്‌വിക്കറ്റിൽ ജോണി ബെയർസ്റ്റോ ക്യാച്ചെടുത്തു. സ്ക്കോർ 6.1 ഓവറിൽ 50 കടന്നതും വീണ്ടും മഴയെത്തി. പക്ഷേ അമ്പയർമാർ കളി തുടരാനാണ് തീരുമാനിച്ചത്. എട്ട് ഓവറായതോടെ മഴ ശക്തമായപ്പോൾ വീണ്ടും കളി നിർത്തി. ഒരു മണിക്കൂറോളം കളി ഇതോടെ നഷ്ടമായി. ഔട്ട് ഫീൽഡിൽ വെള്ളം തളം കെട്ടി. ഇതെല്ലാം സൂപ്പർ സോപ്പറിലൂട ഒഴിവാക്കി കളി പുനരാരംഭിച്ചപ്പോൾ രോഹിത് ഇംഗ്ലീഷ് സ്പിന്നർ ആദിൽ റഷീദിനെ പ്രഹരിക്കാൻ തുടങ്ങി. സാം കറനെ സിക്സറിന് പറത്തി രോഹിത് അർധശതകവും പൂർത്തിയാക്കി. പക്ഷേ ആദിൽ തന്നെ രോഹിതിനെ പുറത്താക്കി.



CLICK ലോകകപ്പ് സെമി ഫൈനൽ പോരാട്ടത്തിൽ ഇംഗ്ലീഷ് സ്പിന്നർ ആദിൽ റഷീദിനെ റിവേഴ്സ് സ്വീപ്പ് ചെയ്യുന്ന ഇന്ത്യൻ നായകൻ രോഹിത് ശർമ. 39 പന്തിൽ 57 റൺസ് നേടിയ രോഹിതിനെ ഒടുവിൽ ആദിൽ തന്നെ പുറത്താക്കി

# നോക്കൗട്ടിൽ ഫ്രാൻസും ബെൽജിയവും നേർക്കുനേർ

## നോക്കൗട്ട്

യൂറോ പ്രി ക്വാർട്ടർ പോരാട്ടങ്ങൾ ഇപ്രകാരം
ജൂൺ 29 ശനി: സ്വിറ്റ്സർലൻഡ്-ഇറ്റലി. രാത്രി 9–30
ജർമനി-ഡെന്മാർക്ക്. രാത്രി 12–30
ഞായർ: ഇംഗ്ലണ്ട്-സ്ലോവാക്യ. രാത്രി 9–30
സ്പെയിൻ-ജോർജ്ജിയ. രാത്രി 12–30
തിങ്കൾ: ഫ്രാൻസ്-ബെൽജിയം. രാത്രി 9–30
പോർച്ചുഗൽ-സ്ലോവേനിയ രാത്രി 12–30
ചൊവ്വ: റുമേനിയ-നെതർലൻഡ്സ്. രാത്രി 9–30
ഓസ്ട്രിയ-തുർക്കിയേ രാത്രി 12–30

മ്യൂണിച്ച്: കരുത്തരായ ക്രൊയേഷ്യയും ഹംഗറിയും പോളണ്ടും യുക്രെയിനും ഇല്ലാതെ യൂറോ നോക്കൗട്ട് പോരാട്ടങ്ങൾക്ക് നാളെ തുടക്കം. അപ്രതീക്ഷിത നോക്കൗട്ട് അഥിതികളായി ജോർജ്ജിയയും സ്ലോവേനിയയും ഓസ്ട്രിയയും റുമേനിയയും. നാളെ രണ്ട് പോരാട്ടങ്ങൾ. രാത്രി 9–30 ന് നിലവിലെ ചാമ്പ്യന്മാരായ ഇറ്റലിക്കെതിരെ സ്വിറ്റ്സർലൻഡ്. 12–30 ന് ആതിഥേയരായ ജർമനിക്കെതിരെ കനത്ത വെല്ലുവിളി ഉയർത്താൻ ഡെന്മാർക്ക്. ഫോമിലല്ലെങ്കിലും ഇംഗ്ലണ്ടിന് താരതമ്യേന ദുർബലരെന്ന് കരുതുന്ന സ്ലോവാക്യക്കാരാണ് പ്രതിയോഗികൾ. ഞായർ രാത്രി 9–30 ലെ അങ്കത്തിന് ശേഷം ഗംഭീര മികവിൽ കളിക്കുന്ന സ്പാനിഷ് ആർമഡ കന്നിക്കാരായ ജോർജ്ജിയക്കാരെ നേരിടും. പോർച്ചുഗലിനെ പോലെ അതിപ്രഗത്ഭരായ സംഘത്തെ വീഴ്ത്തിയാണ് അവരുടെ വരവ്. നോക്കൗട്ടിലെ യഥാർത്ഥ യുദ്ധം തിങ്കളാഴ്ച്ച 9–30 നാണ്. ഫ്രാൻസിനെതിരെ ബെൽജിയം. അന്ന് തന്നെ കൃസ്റ്റിയാനോ റൊണാൾഡോയുടെ പോർച്ചുഗൽ സ്ലോവേനിയക്കാരെ എതിരിടുന്നു. ചൊവ്വാഴ്ച്ചയാണ് പ്രിക്വാർട്ടർ അന്തിമ ദിനം. അന്ന് റുമേനിയക്കാർ നെതർലൻഡ്സിനെതിരെ രാത്രി കളിക്കുമ്പോൾ പുലർച്ചെ ഓസ്ട്രിയ തുർക്കിയേയുമായി കളിക്കും.

## ജോർജ്ജിയൻ വിസ്മയം

സ്റ്റട്ട്ഗർട്ട്: യൂറോ പ്രാഥമിക റൗണ്ട് അവസാനിച്ചപ്പോൾ ഫുട്ബോൾ ലോകത്തെ ഞെട്ടിച്ചത് കന്നിക്കാരായ ജോർജ്ജിയക്കാർ. അവർ രണ്ട് ഗോളിന് മറിച്ചിട്ടത് മുൻ ചാമ്പ്യന്മാരായ പോർച്ചുഗലിനെ. ആദ്യ റൗണ്ടിലെ മൂന്നാം വിജയം തേടിയാണ് പറങ്കിപ്പട മൈതാനത്തിറങ്ങിയത്. എന്നാൽ രണ്ടാം മിനുട്ടിൽ തന്നെ കിച്ച്കവരക്ഷെകില പോർച്ചുഗൽ വലയിൽ പന്തെത്തിച്ചു. ആ ഷോക്കിൽ നിന്നും സി.ആറും സംഘവും എളുപ്പത്തിൽ മുക്തരാവുമെന്നാണ് കരുതിയത്. പക്ഷേ അതുണ്ടായില്ല.

## കോപ്പ: മെക്സിക്കോ വീണു

ഫ്ളോറിഡ: കോപ്പ അമേരിക്ക ഫുട്ബോളിൽ മെക്സിക്കോ സമ്മർദ്ദമുഖത്ത്. ഇന്നലെ നടന്ന മൽസരത്തിലവർ വെനിസ്വേലക്ക് മുന്നിൽ ഒരു ഗോളിന് തോറ്റു. മറ്റൊരു മൽസരത്തിൽ ഇക്വഡോർ ഒന്നിനെതിരെ മൂന്ന് ഗോളുകൾക്ക് ഇക്വഡോറിനെ പരാജയപ്പെടുത്തി സാധ്യത നിലനിർത്തി. ഗ്രൂപ്പ് ബി-യിൽ കളിച്ച രണ്ട് മൽസരങ്ങളിലും വിജയിച്ച വെനിസ്വേലക്കാർ ക്വാർട്ടർ ഉറപ്പാക്കിയിട്ടുണ്ട്. ഇന്നലെ സോഫി സ്റ്റേഡിയത്തിൽ അമ്പത്തിയേഴാം മിനുട്ടിൽ ലഭിച്ച പെനാൽട്ടി കിക്കിൽ നിന്നും സലോമോൻ റോൻഡനിലുടെയാണ് വെനിസ്വേലക്കാർ വിജയ ഗോൾ നേടിയത്. ജമൈക്കയെ എളുപ്പത്തിൽ മറികടന്ന ഇക്വഡോറുകാർക്ക് രണ്ട് കളികളിൽ നിന്ന് മൂന്ന് പോയിന്റുണ്ട്. മെക്സിക്കോക്കും മൂന്ന് പോയിന്റുണ്ട്. പക്ഷേ ഗോൾ ആവറേജിൽ പിറകിലാണ്. ജൂലൈ ഒന്നിന് മെക്സിക്കോയും ഇക്വഡോറും നേർക്കുനേർ വരുന്നുണ്ട്. ഈ മൽസര വിജയികളായിരിക്കും ഗ്രൂപ്പിൽ നിന്ന് വെനിസ്വേലക്കൊപ്പം നോക്കൗട്ട് ഉറപ്പിക്കുക. ഇന്ന് അമേരിക്കയും പാനമയും ഗ്രൂപ്പ് സി-യിൽ നേർക്കുനേർ വരുന്നുണ്ട്. യുറഗ്വായി ബൊളീവിയക്കെതിരെ കളിക്കുന്നതും നോക്കൗട്ട് ഉറപ്പിക്കാൻ. നാളെ കൊളംബിയ കോസ്റ്ററിക്കയുമായി കളിക്കുന്നുണ്ട്. ബ്രസീൽ പരാഗ്വേയുമായും.



കേരളത്തിൽ ഭരണവിരുദ്ധ വികാരം ഉണ്ടായിട്ടുണ്ട്. ഭരണവിരുദ്ധവികാരത്തിന് കാരണം കേന്ദ്രം ഫണ്ട് തരാത്തതാണ്. അതുകൊണ്ടാണ് ക്ഷേമപെൻഷൻ മുടങ്ങിയത്. ഇടതുപക്ഷത്തെ തോൽപ്പിക്കാൻ കഴിയുന്ന ശക്തിയാണ് യു.ഡി.എഫെന്ന് കരുതുന്നില്ല. ഇപ്പോഴത്തെ വിമർശനങ്ങൾ താൽകാലികം മാത്രം.

– പി.സി ചാക്കോ



ഇന്ത്യ ഒരു മതേതര രാഷ്ട്രമാണ്. ഹിന്ദുരാഷ്ട്രമല്ലെന്ന് ലോക്സഭ തിരഞ്ഞെടുപ്പ് ഫലം തെളിയിച്ചു. കോടിക്കണക്കിന് പണം ചെലവഴിച്ച് അയോധ്യയിൽ രാമക്ഷേത്രം നിർമിച്ചത് ഇന്ത്യയെ ഹിന്ദുരാഷ്ട്രമാക്കി മാറ്റാനായിരുന്നു. എന്നാൽ ഈ ലക്ഷ്യം മഹാത്മഗാന്ധിയുടെയും രവീന്ദ്രനാഥ ടാഗോറിന്റെയും സുഭാഷ് ചന്ദ്രബോസിന്റെയും രാജ്യത്ത് നടക്കില്ല. ഇന്ത്യയുടെ യഥാർത്ഥ സ്വത്വത്തെ അവഗണിക്കാനുള്ള ശ്രമത്തെ ശക്തമായി ചെറുക്കണം

– അമർത്യസെൻ

## കേരള വാർത്തകൾ

# ടി.പി കേസ് പ്രതികൾ ഇളവ് പട്ടികയിൽ ഇടംനേടിയിരുന്നു

## സർക്കാർ വാദം പൊളിഞ്ഞു, സ്പീക്കറുടെ നടപടിയിൽ പ്രതിപക്ഷത്തിന് അമർഷം

തിരുവനന്തപുരം: സ്വാതന്ത്ര്യത്തിന്റെ 75ാം വാർഷികത്തോടനുബന്ധിച്ച് വിട്ടയക്കാനുള്ള പ്രതികളുടെ പട്ടികയിൽ ടി.പി കേസിലെ പ്രതികളും ഉൾപെട്ടിരുന്നതായി സ്പീക്കർ എ.എൻ ഷംസീർ. പ്രതിപക്ഷ നേതാവ് നൽകിയ കത്തിനുള്ള മറുപടിയിലാണ് സ്പീക്കർ ഇക്കാര്യം വ്യക്തമാക്കുന്നത്.

ടി.പി കേസിലെ പ്രതികൾക്ക് ശിക്ഷ ഇളവ് നൽകുന്നത് സംബന്ധിച്ച് വിശദമായ പരിശോധനകൾക്കു ശേഷം മാത്രമേ അന്തിമതീരുമാനം കൈക്കൊള്ളുകയുള്ളൂ എന്ന് സർക്കാർ വിശദീകരണം നൽകിയിരുന്നു. ചൊവ്വാഴ്ച അടിയന്തര പ്രമേയമായി വിഷയം സഭയിൽ കൊണ്ടുവരാൻ കെ.കെ രമ, കെ.കെ. രമ, ഐ.സി. ബാലകൃഷ്ണൻ, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ അംഗങ്ങളാണ് നോട്ടീസ് നൽകിയിരുന്നത്. നോട്ടീസ് അവതരിപ്പിക്കാൻ കെ.കെ രമയെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ സ്പീക്കർ നോട്ടീസിനുപോലും അനുമതി നൽകിയില്ല. ഇതിനെ ചോദ്യം ചെയ്ത് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ നൽകിയ കത്തിനാണ് സ്പീക്കർ ഇപ്പോൾ മറുപടി നൽകിയത്.

പ്രതിപക്ഷം നൽകിയ അടിയന്തര പ്രമേയ നോട്ടീസ് അഭ്യൂഹമോ, ആരോപണമോ ആയി മാത്രമോ കാണാനാകൂ എന്ന് വിലയിരുത്തിയാണ് സ്പീക്കർ അനുമതി നിഷേധിച്ചത്. അതേ സ്പീക്കർ പ്രതിപക്ഷ നേതാവിനെ നൽകിയ മറുപടിയിൽ പ്രതികളുടെ പേര് ഇളവ് നൽകാനുള്ളവരുടെ പട്ടികയിൽ ഇടം നേടിയിരുന്നതായി വ്യക്തമാക്കുന്നു. മാത്രമല്ല, ഇതേവിഷയത്തിൽ മൂന്ന് ജയിൽ ഉദ്യോഗസ്ഥരെ മുഖ്യമന്ത്രി സസ്പെന്റ് ചെയ്യുകയും ചെയ്യുന്നു. ഇതോടെ പ്രതികൾക്കുവേണ്ടി സർക്കാർ തലത്തിൽ കള്ളിക്കളി നടന്നെന്ന് വ്യക്തം.

സ്പീക്കറുടെ മറുപടിയിൽ ചട്ടങ്ങളും കീഴ്വഴക്കങ്ങളും എടുത്തുപറയുമ്പോഴും അനുമതി നിഷേധിച്ചതിലെ വിശദീകരണം പ്രതിപക്ഷത്തിന് തൃപ്തികരമല്ല. സഭയിൽ ചട്ടം 50 പ്രകാരം ഒരു നോട്ടീസ് ലഭിച്ചു കഴിഞ്ഞാൽ അതോടൊപ്പം ചേർത്തിട്ടുള്ള വിശദീകരണ പത്രിക സൂക്ഷ്മ പരിശോധന നടത്തുകയും കാര്യങ്ങളുടെ നിജസ്ഥിതി ലഭ്യമായ രേഖകളുടേയും പത്രവാർത്തകളുടേയും മറ്റനുബന്ധ കാര്യങ്ങളുടേയും അടിസ്ഥാനത്തിൽ സൂക്ഷ്മപരിശോധന നടത്തുകയും ചെയ്തതിനു ശേഷമാണ് നോട്ടീസ് സഭയിൽ ഉന്നയിക്കുന്നതിന് യോഗ്യമാണോ എന്ന് തീരുമാനിക്കുന്നത്. ഇക്കാര്യത്തിൽ തന്റെ പൂർവ്വികരായ സ്പീക്കർമാർ സ്വീകരിച്ചുവന്നിരുന്ന രീതിയാണ് താനും കൈക്കൊണ്ടതെന്നും സ്പീക്കർ കത്തിൽ പറയുന്നു. അടിയന്തര പ്രമേയത്തിന് അനുമതി ലഭിക്കാത്ത സാഹചര്യത്തിലാണ് വിഷയം ഇന്നലെ സബ്മിഷനായി കൊണ്ടുവന്നത്. പ്രതിപക്ഷ നേതാവ് സബ്മിഷൻ അവതരിപ്പിക്കുന്നതിന് മുൻപുതന്നെ ജയിൽ ഉദ്യോഗസ്ഥരെ സർക്കാർ സസ്പെന്റ് ചെയ്തു. എന്നാൽ മുഖ്യമന്ത്രി സഭയിൽ നിന്ന് വിട്ടുനിൽക്കുകയായിരുന്നു. കേരളം കണ്ട ഏറ്റവും ക്രൂരമായ കൊലപാതകത്തിലെ പ്രതികളെ ശിക്ഷ ഇളവ് ചെയ്ത് വിട്ടയക്കാൻ നടത്തിയ നീക്കത്തെ പ്രതിപക്ഷം ശക്തമായി എതിർത്തതോടെ സി.പി.എം നാടകം പൊളിയുകയായിരുന്നു.

### മേയറുടെ റോഡ് ഷോ

## ഡ്രൈവർ ഗതാഗതമന്ത്രിയെ സമീപിച്ചു

തിരുവനന്തപുരം: മേയർ ആര്യാ രാജേന്ദ്രനും ഭർത്താവും എം.എൽ.എയുമായ സച്ചിൻദേവും ചേർന്ന് വഴി തടഞ്ഞ കെ.എസ്.ആർ.ടി.സി ഡ്രൈവർ യദു ഗതാഗതമന്ത്രിക്ക് പരാതി നൽകി. തന്നെ ജോലിയിൽ തിരിച്ചെടുക്കണമെന്നാവശ്യപ്പെട്ടാണ് മന്ത്രിയെ സമീപിച്ചത്. ഒന്നുകിൽ ജോലിയിൽ തിരിച്ചെടുക്കണം അല്ലെങ്കിൽ പിരിച്ചുവിടണമെന്നാണ് യദുവിന്റെ പരാതിയിൽ ആവശ്യപ്പെടുന്നത്. തിരുവനന്തപുരം മേയർ മേയർ ആര്യ രാജേന്ദ്രനുമായുള്ള തർക്കത്തെ തുടർന്ന് യദുവിനെ ജോലിയിൽ നിന്ന് മാറ്റി നിർത്തുകയായിരുന്നു. ആര്യ രാജേന്ദ്രൻ നൽകിയ പരാതിക്ക് പിന്നാലെയാണ് യദുവിനെ ജോലിയിൽ നിന്ന് മാറ്റി നിർത്തിയത്. യദുവിനോട് ഡ്യൂട്ടിക്ക് കയറേണ്ടെന്ന് നിർദേശം നൽകുകയായിരുന്നു.

കഴിഞ്ഞ ഏപ്രിലിലാണ് പാളയത്ത് വെച്ചായിരുന്നു മേയറും കെഎസ്ആർടിസി ഡ്രൈവറും തമ്മിൽ നടുറോഡിൽ വാക്കേറ്റമുണ്ടായത്. പ്ലാമൂട് വെച്ച് ആദ്യം ബസ് കാറിനെ ഇടിക്കുന്ന രീതിയിൽ ഓടിച്ചെന്നും പിന്നാലെ ഡ്രൈവർ അശ്ലീല ആംഗ്യം കാണിച്ചെന്നുമായിരുന്നു മേയറുടെ പരാതി. ആര്യ രാജേന്ദ്രന്റെ പരാതിയിൽ യദുവിനെതിരെ പൊലീസ് കേസെടുത്തിട്ടുണ്ട്.

## ഭിന്നശേഷിക്കാരന് ഡ്രൈവിങ് ലൈസൻസ് നിഷേധിച്ചത് ചോദ്യം ചെയ്ത് ഹർജി

കൊച്ചി : ഭിന്നശേഷിക്കാരനായ യുവാവിന് ഡ്രൈവിങ് ലൈസൻസ് നിഷേധിച്ച നടപടി ചോദ്യം ചെയ്ത് ഹൈക്കോടതിയിൽ ഹർജി. 22 വയസ്സുള്ള, 40 ശതമാനം ശാരീരിക വൈകല്യമുള്ള യുവാവാണ് ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റിൽ പങ്കെടുക്കാനുള്ള അവസരം നിഷേധിച്ചുവെന്ന് ചുണ്ടിക്കാട്ടി ഹൈക്കോടതിയെ സമീപിച്ചത്. ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റിൽ പങ്കെടുക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ടതിനാൽ തന്റെ പ്രശസ്തിയെ ബാധിക്കുമെന്നു ഹർജിയിൽ പറയുന്നു. കൂടാതെ ജോലി ചെയ്തു ഉപജീവന മാർഗം കണ്ടെത്തുന്നതിനുള്ള അവകാശവും ലംഘിക്കപ്പെടുകയാണെന്നു ഹർജിയിൽ പറയുന്നു. ഹരജിക്കാരൻ ജന്മനാ ശാരീരിക വൈകല്യമുള്ളയാളാണ്, വലതുകൈയിൽ മൂന്ന് വിരലുകളുള്ള കൈയുടെ മുകൾ ഭാഗം ചെറുതാണ്.

ഹർജിക്കാരന്റെ അനുയോജ്യതയ്ക്കനുസരിച്ച് വാഹനത്തിൽ മാറ്റം വരുത്താൻ കഴിയില്ലെന്ന് കാണിച്ച് റീജണൽ ട്രാൻസ്പോർട്ട് ഓഫീസർ ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റിന് അപേക്ഷിക്കാനുള്ള അനുമതി നിഷേധിച്ചതായി അദ്ദേഹം ആരോപിച്ചു. ഇയാളുടെ അപേക്ഷയും ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ നിരസിച്ചു. ഇതിൽ പ്രതിഷേധിച്ചാണ് അദ്ദേഹം ഹൈക്കോടതിയെ സമീപിച്ചത്. മോട്ടോർ വാഹന നിയമപ്രകാരം അനുവദനീയമായ ചെറിയ മാറ്റങ്ങളോടെ വാഹനം ഓടിക്കാൻ യോഗ്യനാണെന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് പരിഗണിക്കാതെ ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റിൽ പങ്കെടുക്കാനുള്ള തന്റെ അപേക്ഷ അധികൃതർ നിരസിച്ചതായി അദ്ദേഹം പറഞ്ഞു.

## തരം മാറ്റ അപേക്ഷകൾ തീർപ്പാക്കുന്നതിന് ജൂലൈ മുതൽ പുതിയ സംവിധാനം

തിരുവനന്തപുരം: തരം മാറ്റ അപേക്ഷകൾ തീർപ്പാക്കുന്നതിന് ജൂലൈ 1 മുതൽ പുതിയ സംവിധാനം നിലവിൽ വരും. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ റവന്യൂ ഡിവിഷണൽ ഓഫീസർ എന്ന നിർവചനത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർ എന്നാൽ 'ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ താഴെയല്ലാത്ത സർക്കാർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ' എന്ന് ഭേദഗതി നിലവിൽ വന്ന സാഹചര്യത്തിൽ ജൂലൈ ഒന്നു മുതൽ 27 ആർ.ഡി.ഒ/സബ്കളക്ടർ മാർ കൈകാര്യം ചെയ്തിരുന്ന തരം മാറ്റ അപേക്ഷകൾ ഇനി മുതൽ 71 അധികാര സ്ഥാനങ്ങൾ കൈകാര്യം ചെയ്യും. ഡെ. കളക്ടർമാരെ സഹായിക്കാൻ 68 ജൂനിയർ സൂപ്രണ്ട് തസ്തികയും 181 ക്ലർക്ക് തസ്തികയും മുമ്പ് തന്നെ സൃഷ്ടിച്ചിരുന്നു. കൂടാതെ 123 സർവ്വെയർമാരെ താല്കികമായി നിയമിക്കാനും 220 വാഹനങ്ങൾ വാടകയ്ക്ക് എടുക്കാനും ഉത്തരവ് പുറപ്പെടുവിച്ചുവെന്നും മന്ത്രി കെ. രാജൻ അറിയിച്ചു. പുതിയ രീതി നടപ്പാക്കുന്നതിന് ആവശ്യമായ സോഫ്റ്റ് വെയർ ക്രമീകരണങ്ങളും ജീവനക്കാരുടെ നിയമനവും പൂർത്തികരിച്ചു കഴിഞ്ഞു. ഭൂമി തരം മാറ്റത്തിനായി ദിവസേന നൂറുക്കണക്കിന് അപേക്ഷകൾ ഓരോ ആർഡിഒ ഓഫീസുകളിലും ലഭിക്കുന്നത്. വില്ലേജാഫീസുകളിലും താലൂക്കാഫീസുകളിലുമുള്ള ജീവനക്കാരുടെ അഭാവം പരിഹരിക്കുന്നതിനായി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി ഉത്തരവായി.

## ഹാരിസ് ബീരാൻ മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി

തിരുവനന്തപുരം: മുസ്‌ലിം ലീഗിന്റെ പുതിയ രാജ്യസഭാഗമായി തിരഞ്ഞെടുക്കപ്പെട്ട അഡ്വ. ഹാരിസ് ബീരാൻ മുഖ്യമന്ത്രി പിണറായി വിജയനുമായി കൂടിക്കാഴ്ച നടത്തി. മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിൽ വച്ചായിരിന്നു കൂടിക്കാഴ്ച്ച. പി കെ ബഷീർ എം എൽ എയും കൂടെയുണ്ടായിരുന്നു. വൈകിട്ട് പൂജപ്പുര ജില്ലാ ജയിലിലെത്തിയ ഹാരിസ് ബീരാൻ പ്ലസ് വൺ സമരത്തെ തുടർന്ന് അറസ്റ്റിലായ എം എസ് എഫ് സംസ്ഥാന പ്രസിഡന്റ് പി കെ നവാസ് ജന സെക്രട്ടറി സി കെ നജാഫ് ഉൾപ്പെടെയുള്ള നേതാക്കളെ സന്ദർശിച്ചു.

## യൂത്ത് ലീഗ് ദേശീയ കമ്മിറ്റി നാളെ മുംബൈയിൽ

ന്യൂഡൽഹി : മുസ്‌ലിം യൂത്ത് ലീഗ് ദേശീയ കമ്മിറ്റി യോഗം നാളെ രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ മുംബൈയിലെ 'ദി ഏക്രെസ് ക്ലബ്ബ്' ഹാളിൽ നടക്കുമെന്ന് പ്രസിഡന്റ് ആസിഫ് അൻസാരിയും ജനറൽ സെക്രട്ടറി അഡ്വ.വികെ ഫൈസൽ ബാബുവും അറിയിച്ചു.

## നാലു വർഷ ബിരുദം: അധ്യാപകർക്ക് വിദ്യാഭ്യാസ മന്ത്രി വക ക്ലാസ്

കൊച്ചി: ഇതിനകം വിവാദമായ നാലുവർഷ ബിരുദ കോഴ്സിനെകുറിച്ച് കോളജ് അധ്യാപകർക്ക് ഉന്നത വിദ്യാഭ്യാസ മന്ത്രി നയിക്കുന്ന ഓറിയന്റേഷൻ ക്ലാസ് നൽകാൻ നിർദേശം നൽകിപ്രിൻസിപ്പൽ സെക്രട്ടറിയുടെ സർക്കുലർ. ജൂൺ 28ന് കേരളത്തിലെ മുഴുവൻ യൂണിവേഴ്സിറ്റി അധ്യാപകരും വകുപ്പ് തലവൻമാരും ഉൾപ്പെടെയുള്ളവർ ക്ലാസ് ഒഴിവാക്കി, വിദ്യാർഥികൾക്ക് അവധി നൽകി, മന്ത്രിയുടെ ഓൺലൈൻ ഓറിയന്റേഷൻ ക്ലാസിൽ പങ്കെടുക്കാനാണ് നിർദേശം. നാലുവർഷ കോഴ്സ് സർവകാലശാലകളുടെ മേൽ ഏകപക്ഷീയമായി അടിച്ചേൽപ്പിക്കുന്നത് തന്നെ ദൂര വ്യാപക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്ന് അക്കാദമിക വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു.

### എം.കെ മുനീറിന്റെ സബ്മിഷൻ

## ലൈസൻസ് പുതുക്കാനുള്ള മാനദണ്ഡങ്ങളിൽ ഇളവ് അനുവദിക്കും

തിരുവനന്തപുരം: സംസ്ഥാനത്തെ വ്യാപാരി വ്യവസായികൾ നേരിടുന്ന പ്രതിസന്ധി നിയമസഭയിൽ ഉന്നയിച്ച് എം.കെ മുനീർ. വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കാനുള്ള സമയം സെപ്തംബർ വരെ നീട്ടണമെന്ന് സബ്മിഷനിലൂടെ എം.കെ മുനീർ ആവശ്യപ്പെട്ടു.

ലൈസൻസ് പുതുക്കികിട്ടാൻ ധാരണം മാനദണ്ഡങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. മാലിന്യ രഹിത വ്യാപര സ്ഥാപനങ്ങളും യൂസർ ഫീ അടക്കണമെന്ന് വ്യവസ്ഥയുണ്ട്. സെപ്തംബറിൽ അടയ്ക്കേണ്ട കെട്ടിട നികുതി നേരത്തെ അടയ്ക്കണമെന്നും നിർദേശമുണ്ട്. കെ-സ്മാർട്ടിലെ അപാകതകൽ പരിഹരിക്കണമെന്നും വ്യാപാരികൾ നേരിടുന്ന പ്രശ്നം സർക്കാർ ഗൗരവമായി എടുക്കണമെന്നും അദ്ദേഹം പറഞ്ഞു.

അതെ സമയം, നിയമത്തിലുള്ള വ്യവസ്ഥകൾ മാത്രമാണ് നടപ്പാക്കുന്നതെന്നായിരുന്നു തദ്ദേശ മന്ത്രി എം.ബി രാജേഷിന്റെ മറുപടി. പുതിയൊരു വ്യവസ്ഥയും കെ സ്മാർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും കെസ്മാർട്ട് അപ്ലിക്കേഷനിൽ കുടിശ്ശികയായിട്ടുള്ള കെട്ടിടനികുതി അടയ്ക്കാൻ മാത്രമാണ് ആവശ്യപ്പെടുന്നതെന്നും അദ്ദേഹം അവകാശപ്പെട്ടു.

പട്ടയഭൂമിയിൽ കർഷകർ നട്ടു വളർത്തിയതും കിളിർത്തു വന്നതുമായ വൃക്ഷങ്ങളുടെ അവകാശം കർഷകർക്ക് നൽകണമെന്നാണ് സർക്കാറിന്റെ അഭിപ്രായമെന്നും ഇതിനായി ചട്ട ഭേദഗതി കൊണ്ടുവരുമെന്നും റവന്യു മന്ത്രി കെ രാജൻ സഭയിൽ അറിയിച്ചു. ഇതിലേക്കായി തയ്യാറാക്കിയ കരട് ചട്ടഭേദഗതി ഇപ്പോൾ നിയമവകുപ്പ് പരിശോധിച്ചു വരികയാണെന്നും സെബാസ്റ്റ്യൻ കുളത്തുങ്കലിന്റെ സബ്മിഷന് മറുപടിയായി മന്ത്രി പറഞ്ഞു. പട്ടയം ഭൂമിയിലെ ചന്ദനം ഒഴികെയുള്ള വൃക്ഷങ്ങൾ മുറിച്ചു മാറ്റുന്നതിന് പ്രത്യേക അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഉത്തരവിനെ ദുർവ്യാഖ്യാനം ചെയ്ത് കൊണ്ട് പട്ടയഭൂമിയിൽ നിന്നിരുന്ന ഷെഡ്യൂൾ വൃക്ഷങ്ങളും സർക്കാറിലേക്ക് റിസർവ് ചെയ്ത വൃക്ഷങ്ങളും മുറിച്ചു കടത്തി കൊണ്ടു പോകുന്നതായി ആക്ഷേപമുണ്ടായി. തുടർന്നാണ് സർക്കാർ ഉത്തരവ് റദ്ദ് ചെയ്തത്.

### ടി.വി ഇബ്രാഹീമിന്റെ ക്രമപ്രശ്നം

## കെട്ടിട നികുതി വർധന: തെറ്റായ പരാമർശം തിരുത്തി മന്ത്രി

തിരുവനന്തപുരം: കെട്ടിടനികുതി വർധനവുമായി ബന്ധപ്പെട്ട് നിയമസഭയിലെ തെറ്റായ പരാമർശം തിരുത്തി തദ്ദേശ സ്വയംഭരണ വകുപ്പ് എം.ബി രാജേഷ്. കഴിഞ്ഞ തിങ്കളാഴ്ച കെട്ടിടനികുതി വർധനവിനെതിരെ യു.എ ലത്തീഫ് അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിന് മറുപടി പറയവേ, മന്ത്രി എം.ബി രാജേഷ് നടത്തിയ തെറ്റായ പരമർശങ്ങൾക്കെതിരെ ടി.വി ഇബ്രാഹിമാണ് സഭയിൽ ക്രമപ്രശ്നം ഉന്നയിച്ചത്. കെട്ടിട നികുതി വർധനവ് നിലവിൽ വന്നിട്ട് ഒരു വർഷം പിന്നിട്ടിട്ടും ആരും ഇതുവരെ നിയമസഭയിൽ ചോദ്യം ചെയ്തിട്ടില്ല എന്നാണ് മന്ത്രി പറഞ്ഞിരുന്നത്. എന്നാൽ 9, 10 നിയമസഭാ സമ്മേളനങ്ങളിൽ നിരവധി അംഗങ്ങളുടെ നിയമസഭാ ചോദ്യങ്ങൾ ഇക്കാര്യത്തിലുണ്ടെന്നും മന്ത്രിയുടെ പ്രസ്താവന അവാസ്തവവും അംഗങ്ങളെ അവഹേളിക്കുന്നതാണെന്നും ടി.വി ഇബ്രാഹീം സഭയുടെ ശ്രദ്ധയിൽപ്പെടുത്തി. തുടർന്ന് സംസാരിച്ച മന്ത്രി, നക്ഷത്ര ചിഹ്നമിടാത്ത നിരവധി ചോദ്യങ്ങൾ വന്നത് ഹരിവെയ്ക്കുകയും സഭാ രേഖകളിൽ തിരുത്തിയതായി അറിയിക്കുകയും ചെയ്തു.

## തദ്ദേശ സ്ഥാപനങ്ങളെ സർക്കാർ ഞെക്കിക്കൊല്ലുന്നു

### പ്രതിപക്ഷം നിയമസഭയിൽ നിന്നിറങ്ങിപ്പോയി

തിരുവനന്തപുരം: തദ്ദേശ സ്ഥാപനങ്ങളെ ഞെക്കിക്കൊല്ലുന്ന സർക്കാർ നടപടിക്കെതിരെ നിയമസഭയിൽ പ്രതിപക്ഷ പ്രതിഷേധം. അടിയന്തര പ്രമേയ നോട്ടീസിലൂടെ വിഷയം അവതരിപ്പിച്ച ടി. സിദ്ധീഖ് സർക്കാരിനെതിരെ അതിരൂക്ഷമായ വിമർശനം അഴിച്ചുവിട്ടു. എന്നാൽ പ്രതിസന്ധിക്ക് കാരണക്കാർ കേന്ദ്രസർക്കാരാണെന്ന് പറഞ്ഞ് തദ്ദേശമന്ത്രി എം.ബി രാജേഷ് കൈകഴുകി. മന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ സ്പീക്കർ അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതോടെ പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലെ പദ്ധതി പ്രതിസന്ധി അടിച്ചേൽപ്പിച്ചത് കേന്ദ്ര സർക്കാരാണെന്ന് അടിയന്തര പ്രമേയ നോട്ടീസിന് മന്ത്രി മറുപടി നൽകി. അസാധാരണ സാഹചര്യത്തിലുടെയാണ് കേരളം കടന്നുപോകുന്നത്. സാമ്പത്തിക പ്രയാസം എല്ലാ മേഖലയിലും ഉണ്ട്. സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലാണ് തുക അനുവദിച്ചത്. സാമ്പത്തിക വർഷാവസാനം ബില്ലുകൾ മാറാനായില്ല.1015 കോടി ബില്ലുകൾ ക്യൂവിലേക്ക് മാറ്റിയിരുന്നുവെന്നും മന്ത്രി വ്യക്തമാക്കി.

അതേസമയം കഴിഞ്ഞ വർഷത്തെ പദ്ധതികൾ മുടങ്ങി, ഈ വർഷവും നടക്കില്ല എന്ന അവസ്ഥയാണെന്ന് സിദ്ദിഖ് തുറന്നടിച്ചു. തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാൻ കഴിയാത്ത അവസ്ഥയാണ്. തദ്ദേശ സ്ഥാപനങ്ങൾക്ക് പണം അനുവദിക്കുകയും അതിന്റെ തലേന്ന് ട്രഷറിയിൽ നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്ത സർക്കാരാണിത്. നവകേരള സദസ് ഉൾപ്പെടെയുള്ള സർക്കാരിന്റെ പരിപാടികൾക്ക് പണം പിരിക്കാനുള്ള കറവപ്പശുക്കളായാണ് തദ്ദേശ സ്ഥാപനങ്ങളെ കാണുന്നത്. ആ കറവ പശുക്കൾക്ക് തീറ്റയെങ്കിലും കൊടുക്കണ്ടേയെന്ന് ചോദിച്ച സിദ്ധീഖ്, പാലു തന്ന പശുക്കളെ കൊല്ലാൻ നേതൃത്വം കൊടുക്കുന്ന സർക്കാരാണിതെന്നും ആരോപിച്ചു.പിണറായി സർക്കാർ അധികാരത്തിൽ വന്നശേഷം പ്രാദേശിക സർക്കാരുകളെ അസ്ഥിരപ്പെടുത്താനാണ് ശ്രമിക്കുന്നത്. അവരുടെ അധികാരം കവർന്നെടുക്കുന്നു. ഫണ്ട് നൽകാതെ വീർപ്പുമുട്ടിക്കുന്നു. യഥാസമയം ഫണ്ട് നൽകാതെ മാർച്ചിലേക്ക് മാറ്റുകയും മാർച്ചിൽ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്ത് തദ്ദേശ സ്ഥാപനങ്ങളെ അപമാനിതരാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. പട്ടികജാതി, വർഗ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ പോലും നടത്താനാവാതെ തദ്ദേശ സ്ഥാപനങ്ങൾ പ്രയാസപ്പെടുന്നു. ദുർബല വിഭാഗത്തോട് ഈ സർക്കാർ അരുതായ്മ ചെയ്തുവെന്ന് ആരോപിച്ച സിദ്ധീഖ്, മരിച്ചുവീഴുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ പിടിച്ചുനിർത്താൻ വേണ്ടി വിഷയം സഭനിർത്തിവച്ച് ചർച്ച ചെയ്യണമെന്നും ആവശ്യപ്പെട്ടു.എന്നാൽ മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിക്കുന്നുവെന്ന് സ്പീക്കർ പ്രഖ്യാപിച്ചു. ഇതോടെ പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയി. അനാസ്ഥയും ഉഴപ്പും കൊണ്ട് ഒരു കുടുംബനാഥൻ ചെലവ് കാശ് നൽകാതിരിക്കുമ്പോൾ കുഞ്ഞുങ്ങൾക്ക് ഭക്ഷണവും മരുന്നും വാങ്ങിക്കൊടുക്കാൻ പണമില്ലാതെ വരുമ്പോൾ വീട്ടമ്മക്കുണ്ടാകുന്ന ഒരു നിസഹായാവസ്ഥയാണ് മന്ത്രിയുടെ ആദ്യ മറുപടിയിൽ പ്രതിഫലിച്ചതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ വാക്കൗട്ട് പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി.

## തദ്ദേശ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ മത്സ്യമേഖലക്ക് പ്രത്യേക വിഹിതം അനുവദിക്കണം: കെ.പി.എ മജീദ്

തിരുവനന്തപുരം: തീരദേശമുള്ള ത്രിതലപഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ മത്സ്യമേഖലക്ക് പ്രത്യേക വിഹിതം അനുവദിക്കാനുള്ള സംവിധാനം വേണമെന്ന് കെ.പി.എ മജീദ്. തീരക്കടൽ ചരക്ക് കപ്പൽ ഗതാഗത പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾക്കുള്ള ആശങ്ക പരിഹരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. നിയമസഭയിൽ ഫിഷറീസ് വകുപ്പിന്റെ ധനാഭ്യാർത്ഥന ചർച്ചയിൽ സംസാരിക്കുകയായിരുന്നു കെ.പി.എ മജീദ്.

സർക്കാരുകൾ മത്സ്യമേഖലക്കായി പ്രഖ്യാപിക്കുന്ന പദ്ധതികളുടെ ഗുണഫലം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാകുന്നില്ലെന്ന് കെ.പി.എ മജീദ് കുറ്റപ്പെടുത്തി. പ്രഖ്യാപിക്കുന്ന പദ്ധതികൾ ഒന്നും തന്നെ യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്തതാണ് ഇതിന് കാരണം. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കണം. സംസ്ഥാനത്ത് ഏറ്റവും പിന്നോക്കം നിൽക്കുന്ന, നിത്യവും പട്ടിണിയും പരിവട്ടവുമായി കഴിയുന്ന മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അർത്ഥപൂർണമായ ഇടപെടലുകൾ അത്യാവശ്യമാണ്. തീരപ്രദേശങ്ങളിലെത്തി അവരുടെ പ്രശ്നങ്ങൾ കേട്ട ഫിഷറീസ് മന്ത്രി, അവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. മുഖ്യമന്ത്രി നടത്തിയ നവകേരള സദസിൽ സാധാരണക്കാരുടെ പ്രശ്നങ്ങൾ കേൾക്കാൻ അവസരം ഉണ്ടായിരുന്നില്ല. ഇതാണ് നവകേരള സദസ് പരാജയപ്പെടാൻ പ്രധാന കാരണം.

മത്സ്യത്തൊഴിലാളികൾ മീൻ പിടിക്കുന്ന തീരക്കടലിലൂടെയാണ് ചരക്കുക്കപ്പൽ ഗതാഗതം നടത്തുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ചരക്കു കപ്പൽ ബോട്ടിലിടിച്ച് പൊന്നാനിയിൽ രണ്ട് മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടു. ഇക്കാര്യത്തിൽ എന്തു ചെയ്യാൻ കഴിയുമെന്ന് ആലോചിക്കണം. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കായുള്ള വിദ്യതീരം പദ്ധതിയിലെ കുടിശിക എത്രയും വേഗം നൽകണം. തീരദേശ ഹൈവേയുമായി മുന്നോട്ട് പോകുമ്പോൾ മത്സ്യത്തൊഴിലാളികൾക്ക് മതിയായ നഷ്ടപരിഹാരം ഉറപ്പാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. നഷ്ടപരിഹാരം സംബന്ധിച്ച് ഇതുവരെയും വ്യക്തത വന്നിട്ടില്ല. വർഷങ്ങളായി താമസിക്കുന്നവരും എന്നാൽ ആധാരം ഇല്ലാത്തവർക്ക് നഷ്ടപരിഹാരം ലഭിക്കാത്ത സാഹചര്യമുണ്ട്. ഇതുസംബന്ധിച്ച ആശങ്ക ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് പരിഹരിക്കണം.

സർക്കാർ മത്സ്യമേഖലക്ക് പ്രത്യേക പരിഗണന നൽകുകയും ഫണ്ട് യഥാസമയം വിനിയോഗിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും വേണം. മത്സ്യകൃഷിയിൽ നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ഉൽപാദനക്ഷമത വർധിപ്പിക്കാനും ഉൽപാദന ചിലവ് കുറയ്ക്കാനും നടപടി സ്വീകരിക്കണം. മണ്ണെണ്ണ അലോട്ട്മെന്റ് സംബന്ധിച്ച പ്രശ്നങ്ങൾക്കും പരിഹാരം വേണം. മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലെ ആനുകൂല്യങ്ങൾ കാലാനുസൃതമായി വർധിപ്പിക്കണം. കേന്ദ്ര സർക്കാർ കൊണ്ടുവരുന്ന മറൈൻ ഫിഷറീസ് ആക്ട് ഭേദഗതിയും മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

## മത്സ്യത്തൊഴിലാളികളുടെ റേഷൻ കാർഡുകൾ ബി.പി.എൽ കാർഡുകളാക്കി മാറ്റണം: പി. അബ്ദുൽ ഹമീദ്

തിരുവനന്തപുരം: തീരദേശത്തെ മത്സ്യത്തൊഴിലാളികളുടെ എല്ലാ റേഷൻ കാർഡുകളും ബി.പി.എൽ കാർഡുകളാക്കി മാറ്റണമെന്ന് പി. അബ്ദുൽ ഹമീദ്. കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പദ്ധതികൾ ഇത്രയേറെ അവതാളത്തിലായ ഒരു കാലഘട്ടം ഇതിനു മുമ്പ് ഉണ്ടായിട്ടില്ലെന്നും നിയമസഭയിൽ ഫിഷറീസ് വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിൽ അദ്ദേഹം പറഞ്ഞു.

അടിസ്ഥാന ജനവിഭാഗങ്ങളെ കൈവിട്ട സർക്കാരിനെയും പാർട്ടിയെയും ജനങ്ങൾ കൈവിട്ട കാഴ്ച്ചയാണ് ലോക്സഭാ തിരഞ്ഞെടുപ്പ് ജനവിധിയിൽ കണ്ടത്. പത്തര ലക്ഷത്തോളം മത്സ്യതൊഴിലാളികളുടെ ജീവിതം പട്ടിണിയിലേക്ക് നീങ്ങുകയാണ്. കൂറ്റൻ തിരകളെ കീഴ്പ്പെടുത്തി മുന്നേറുന്ന മത്സ്യത്തൊഴിലാളികൾ ജീവിത പ്രതിസന്ധികൾക്ക് മുന്നിൽ തളർന്നു തുടങ്ങിയിരിക്കുന്നു. അതിന് പ്രധാന കാരണം ഇടത് സർക്കാരിന്റെ നയങ്ങളാണ്. 2016 മുതലുള്ള ബജറ്റുകളിൽ 5000 കോടി രൂപയുടെ തീരദേശ പാക്കേജുകൾ പ്രഖ്യാപിച്ചു എങ്കിലും നാമമാത്രം തുക മാത്രമാണ് ചെലവഴിച്ചത്. 2018 ലെ ഓഖിക്ക് ശേഷം പ്രഖ്യപിച്ച 2000 കോടി രൂപയുടെ പാക്കേജ് ഇതുവരെ നടപ്പാക്കിയിട്ടില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

മത്സ്യത്തൊഴിലാളി മക്കളുടെ വിദ്യാഭ്യാസ ലംസംഗ്രാന്റ് തുക കാലാനുസൃതമായി വർധിപ്പിച്ചിട്ടില്ല. തീരദേശ മണ്ഡലങ്ങളിൽ ഫിഷറീസ് വകുപ്പ് ഏറെ കൊട്ടിയാഘോഷിച്ച് നടത്തിയ തീരസദസ്സ് ലക്ഷ്യം നേടാനായില്ല. കടലുണ്ടിക്കടവിന്റെ പാലത്തിന് സമീപമുള്ള അഴിമുഖത്തെ മണൽതിട്ട ഒഴിവാക്കുന്നതിന് നടപടി വേണം. കടലുണ്ടിക്കടവ് ബോട്ട് ജെട്ടി തീരദേശ വകുപ്പിന്റെ ഫണ്ടുപയോഗിച്ച് വിപുലീകരിക്കണം. മുദിയം ബീച്ച് മുതൽ അരിയല്ലൂർ ബീച്ച് വരെയുള്ള ഭാഗങ്ങളിലും കടൽ സുരക്ഷ ഭിത്തി നിർമ്മാണം അത്യാവശ്യമാണ്. അരിയല്ലൂർ ബീച്ചിൽ ചെല്ലാനം മോഡൽ ടെട്രാപോഡുപയോഗിച്ചുള്ള കടൽ സുരക്ഷ ഭിത്തി നിർമിക്കണം. അരിയല്ലൂർ പരപ്പാൽ ബീച്ചിൽ പുലിമുട്ട് പുലിമുട്ട് നിർമ്മാണം വേഗത്തിലാക്കണം.

കടലിൽ പോകരുതെന്ന കാലാവസ്ഥ മുന്നറിപ്പുള്ള ദിവസങ്ങളിൽ മിനിമം വേതനത്തിന് തുല്യമായ തുക മത്സ്യത്തൊഴിലാളികൾക്ക് നൽകണമെന്ന മനുഷ്യാവകാശ കമ്മീഷൻ നിർശിച്ചിട്ടുണ്ടെങ്കിലും അത് പാലിക്കപ്പെട്ടില്ല. മത്സ്യത്തൊഴിലാളികൾക്ക് ഉപകരിക്കുന്ന രീതിയിൽ ആനങ്ങാടി ഫിഷ്ലാന്റിങ്ങ് സെന്റർ നവീകരിക്കണം. കടലുണ്ടി നഗരം കുടുംബാരോഗ്യ കേന്ദ്രം ഫിഷറീസ് ആശുപത്രിയായി നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ആനങ്ങാടി ഫിഷറീസ് കോളനിയിലെ ഇരട്ടവീടുകളിൽ താമസിക്കുന്നവരിൽ പട്ടയം ലഭിക്കാത്തവർക്ക് പട്ടയം ലഭ്യമാക്കുന്നതിന് നടപടി എടുക്കണമെന്നും പി. അബ്ദുൽ ഹമീദ് ആവശ്യപ്പെട്ടു.

## ക്വാറി ഉടമയുടെ കൊലപാതകം ക്വട്ടേഷൻ

### പ്രതിയുടെ മൊഴിയിൽ നിർണായക വെളിപ്പെടുത്തൽ

തിരുവനന്തപുരം: കേരള-തമിഴ്നാട് അതിർത്തിയായ കളിയിക്കാവിളയിൽ കാറിനുള്ളിൽ ക്വാറി ഉടമ കഴുത്തറുത്ത് കൊലപ്പെടുത്തിയ സംഭവത്തിൽ നിർണായക വെളിപ്പെടുത്തലുമായി കസ്റ്റഡിയിലുള്ള പ്രതി ഷാജിയെന്ന അമ്പിളി. ഇയാളുടെ കുറ്റസമ്മത മൊഴിയിൽ കൊലപാതകം ക്വട്ടേഷനെന്ന് സമ്മതിച്ചതായി സൂചന. ക്വട്ടേഷൻ നൽകിയത് ആശുപത്രി ഉപകരണങ്ങളുടെ ഡീലറെന്നും കൊലയ്ക്ക് ഉപയോഗിച്ച മാസ്കും കത്തിയും നൽകിയത് ഇയാളെന്നും പ്രതി മൊഴി നൽകി. ഇയാൾക്കായി നെയ്യാറ്റിൻകരയിലും പാറശാലയിലുമായി പൊലീസ് അന്വേഷണം ഊർജിതമാക്കിയിരിക്കുകയാണ്. അതേസമയം അമ്പിളി കുറ്റം സമ്മതിച്ചെങ്കിലും കൊലപാതകത്തിന് പിന്നിലുണ്ടായ കാരണത്തിൽ വ്യക്തത വരുത്താനുള്ള ശ്രമം തുടരുകയാണ് അന്വേഷണ സംഘം. കഴിഞ്ഞ ദിവസം അമ്പിളിയുടെ ഭാര്യയുടെ മൊഴി രേഖപ്പെടുത്തിയിരുന്നു. ഇതിലും ചില വൈരുദ്ധ്യങ്ങൾ ഉണ്ടെന്നാണ് വിവരം. അമ്പിളിയുടെ വീടായ മലയത്തും കാറിൽ കയറിയ നെയ്യാറ്റിൻകരയിലും കൃത്യം നടത്തിയ കളിക്കാവിള ഒറ്റാമരത്തും പ്രതിയുമായി പൊലീസ് തെളിവെടുപ്പ് നടത്തിയിരുന്നു.



## കാസർകോട്–മംഗളൂരു റൂട്ടിൽ കൂടുതൽ കെഎസ് ആർടിസി ബസ്സുകൾ സർവീസ് നടത്തും: മന്ത്രി

മഞ്ചേശ്വരം: ദേശസാൽകൃത റൂട്ടുകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കാസർകോട് – മംഗലാപുരം അന്തർ സംസ്ഥാന റൂട്ടിൽ കൂടുതൽ കെഎസ്ആർടിസി ബസുകൾ ലഭ്യമാക്കി സർവ്വീസ് മെച്ചപ്പെടുത്തുമെന്ന് ഗതാഗത വകുപ്പ് മന്ത്രി കെബി ഗണേഷ് കുമാർ പറഞ്ഞു. നിയമസഭയിൽ മഞ്ചേശ്വരം എംഎൽഎ എകെഎം അഷ്റഫിന്റെ ചോദ്യത്തിനുള്ള മറുപടിയിലാണ് ഇക്കാര്യം മന്ത്രി അറിയിച്ചത്.

മഞ്ചേശ്വരം ഗോവിന്ദ പൈ ഗവ.കോളജ്, മംഗൽപാടി പഞ്ചായത്തിലെ കുക്കാർ എന്നിവിടങ്ങളിൽ പുതിയ സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമെന്ന് മന്ത്രി നിയമസഭയിൽ ഉറപ്പ് നൽകിയ തായും എംഎൽഎ പറഞ്ഞു.





കാഞ്ഞങ്ങാട് അലാമിപ്പള്ളിയിലുള്ള പുതിയ ബസ് സ്റ്റാന്റിൽ കളഞ്ഞു കിട്ടിയ ഒന്നേ കാൽ പവൻ തൂക്കമുള്ള സ്വർണ്ണമാല അരയി സ്വദേശി ബാലകൃഷ്ണൻ ആചാരിയുടെ മകൻ സനൽകുമാർ ഹൊസ്ദുർഗ് പോലീസ് സ്റ്റേഷനിൽ ഉടമസ്ഥ ശരണ്യയെ ഏൽപ്പിക്കുന്നു

### ജില്ലാ ഫുട്ബോൾ അക്കാദമി ഉദ്ഘാടനം നാളെ

കോളിയടുക്കം: ചെമ്മനാട് ഗ്രാമ പഞ്ചായത്തിലെ കോളിയടുക്കം രാജീവ് ഗാന്ധി സ്റ്റേഡിയത്തിനു സമീപത്തുള്ള സ്പോർട്സ് അമിനിറ്റി സെന്ററിൽ ജില്ലാ സ്പോർട്സ് കൗൺസിലിന് കീഴിലുള്ള ജില്ലാ ഫുട്ബോൾ അക്കാദമിയുടെ ഉദ്ഘാടനം നാളെ രാവിലെ 11.30ന് കോളി യടുക്കം സ്പോർട്സ് അമിനിറ്റി സെന്റർ പരിസരത്ത് സിഎച്ച്. കുഞ്ഞമ്പു എംഎൽഎ നിർവ്വഹിക്കും. ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് പി.ഹബീബ് റഹിമാൻ അധ്യക്ഷത വഹിക്കും. ചെമ്മനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുഫൈജ അബൂബക്കർ മുഖ്യാതിഥിയാകും. ജനപ്രതിനിധികൾ, ജില്ലാ സ്പോർട്സ് കൗൺസിൽ എക്സിക്യൂട്ടീവ് അംഗങ്ങൽ എന്നിവർ സംബന്ധിക്കും.

പൊതുമേഖലാ സ്ഥാപന മായ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡിന്റെ 2020–21 വർഷത്തെ സാമൂഹിക പ്രതിബദ്ധതാ ഫണ്ട് ഉപയോഗിച്ച് ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ കോളിയടുക്കം രാജീവ് ഗാന്ധി സ്റ്റേഡിയത്തിനു കൈമാറിയിട്ടുള്ള സ്പോർട്സ് അമിനിറ്റി സെന്ററിൽ അദ്യഘട്ടമായി ജില്ലാ സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ജില്ലാ അത്‌ലറ്റിക് അക്കാദമി പ്രവർത്തനം ആരംഭിച്ചിരുന്നുവെങ്കിലും കായിക താരങ്ങളുടെ കുറവ് കാരണം അക്കാദമി വയനാട് ജില്ലയിലേക്ക് മാറുകയുണ്ടായി. പിന്നീട് ജില്ലാ സ്പോർട്സ് കൗൺസിൽ ഭരണ സമിതിയുടെ നിരന്തരമായ ഇടപെടലിന്റെ ഭാഗമായിട്ടാണ് ഇപ്പോൾ ജില്ലാ ഫുട്ബോൾ അക്കാഡമി യാഥാർഥ്യമായിരിക്കുന്നത്. നിലവിൽ സംസ്ഥാന സ്പോർട്സ് കൗൺസിൽ സെലക്ഷൻ ട്രയൽസ് നടത്തി തെരെഞ്ഞെടുക്കപ്പെട്ട കാസർകോട്, കണ്ണൂർ, വയനാട്, തിരുവനന്തപുരം ജില്ലകളിൽ നിന്നുള്ള സ്കൂൾ പ്ലസ് വൺ ക്ലാസ്സുകളിലുള്ള 14 കായിക താരങ്ങൾക്കാണ് അക്കാഡമിയിൽ പ്രവേശനം നൽകിയിരിക്കുന്നത്. സംസ്ഥാന സ്പോർട്സ് കൗൺസിൽ ഫുട്ബോൾ കോച്ചിന്റെ മുഴുവൻ സമയ സേവനവും അക്കാഡമിയിൽ ലഭ്യമാകും. മറ്റ് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ജില്ലാ സ്പോർട്സ് കൗൺസിൽ ഭരണ സമിതിയുടെ ഇടപെടലിന്റെ ഭാഗമായി ജില്ലയിലെ കായിക മേഖലയിൽ ഒട്ടനവധി പ്രവൃത്തികൾ നടത്തിവരികയാണെന്ന് പ്രസിഡന്റ് പി. ഹബീബ് റഹ്മാൻ പറഞ്ഞു

### ഡിജിറ്റൽ സർവ്വെ ജില്ലയിൽ അളന്നത് 20,000 ഹെക്ടർ ഭൂമി

കാസർകോട്: എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ നടപ്പിലാക്കുന്ന ഡിജിറ്റൽ സർവ്വേ പ്രവർത്തനങ്ങൾ ജില്ലയിൽ അതിവേഗം പുരോഗമിക്കുകയാണ്. ആദ്യ ഘട്ടത്തിലെ 18 വില്ലേജുകളും സർവ്വേ പൂർത്തിയാക്കി സർവ്വേ അതിരടയാളനിയമ പ്രകാരം 9(2) പ്രഖ്യാപിച്ചു. ഇതിൽ 17 വില്ലേജുകളിലും റെവന്യൂ ഭരണത്തിനു കൈമാറാനുള്ള ഒരുക്കത്തിലാണ്. ഒന്നാം ഘട്ടത്തിലെ കാസർകോട് വില്ലേജിലും രണ്ടാംഘട്ടത്തിലെ പേരോൽ, കുഞ്ചത്തൂർ, ബാര ഇച്ചിലങ്കോട്, ഉദ്യാവർ, ബേക്കൂർ, ചീമേനി –2 എന്നീ വില്ലേജുകളിലും സർവ്വേ പൂർത്തിയാക്കി 9(2) പ്രസിദ്ധീകരിച്ചതിന് ശേഷം പൊതുജനങ്ങൾ റക്കോഡുകൾ പരിശോധിച്ച് പരാതിയുണ്ടെങ്കിൽ പരിഹാരം കാണുന്ന പ്രവർത്തനം നടന്നു വരികയാണ്.

മുഴുവൻ ഭൂവുടമകളെയും കണ്ടെത്തി മുഴുവൻ ഭൂപ്രദേശവും റിസർവ്വേ ചെയ്ത് പരാതി രഹിതമായ നിലയിൽ ജോലികൾ പൂർത്തിയാക്കാനാണ് ലക്ഷ്യം. ഭൂവുടമസ്ഥർ പരിശോധിച്ച് വ്യക്തത വരുത്തി പൂർണമായും കുറ്റമറ്റ രീതിയിൽ റെക്കോഡുകൾ റവന്യൂ ഭരണത്തിന് കൈമാറാനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് തന്നെ കൂടുതൽ വില്ലേജുകൾ ആദ്യ ഘട്ടത്തിൽ റവന്യൂ ഭരണത്തിന് കൈമാറാൻ തയ്യാറാകുന്നത് ജില്ലയിലാണ്. അതിനു ശേഷം എല്ലാ ഭൂമി സംബന്ധമായ സേവനങ്ങളും തുടർന്ന് ഓൺലൈൻ വഴി മാത്രമേ ലഭ്യമാവുകയുള്ളൂ. ജില്ലയിൽ രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട 14വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ ആരംഭിച്ചിട്ടുണ്ട്. പാടി, കിനാനൂർ, ചീമേനി, പെരിയ, കിദൂർ, നെക്രജെ, മടിക്കൈ വില്ലേജുകളിൽ പ്രവർത്തനം പുരോഗതിയിലാണ്.

ഈ വില്ലേജുകളിലെയും ഭൂവുടമകൾക്ക് എന്റെ ഭൂമി ' പോർട്ടലിലൂടെ സിറ്റിസൺ ലോഗിൻ ചെയ്ത് സർവ്വെ വിവരങ്ങൾ പരിശോധിക്കാം. ക്യാമ്പ് ഓഫീസിൽ സന്ദർശിച്ചോ, ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥരെ ബന്ധപ്പെട്ടോ പരിശോധിക്കാവുന്നതാണ്. എന്റെ ഭൂമി പോർട്ടൽ ലോഗിൻ ചെയ്യാനുള്ള വിലാസം – വുേ://ലിലേയവീശ.സലൃമഹമ.ഴീ. ഇനി ഡിജിറ്റൽ സർവ്വേ നടക്കുന്ന വില്ലേജുകളിലെ ഭൂവുടമകൾ കൈവശ അതിർത്തി കാണിച്ചു കൊടുത്തും പട്ടയം രേഖകൾ എന്നിവ നൽകിയും മൊബൈൽ നമ്പർ, പാസ്സ് കോഡ് എന്നിവ നൽകിയും സഹകരിക്കേണ്ടതാണ്.




മധൂർ ശ്രീബാഗിൽ പ്രദേശത്ത് വെള്ളം കയറിയ വീടുകൾ



കൊട്ടോടി ജമാഅത്ത് പള്ളി അങ്കണം വെള്ളം കയറിയ നിലയിൽ

# കനത്ത മഴ കാസർകോട്ട് പരക്കെ നാശം

കാസർകോട്: കാലവർഷം ശക്തി പ്രാപിച്ചതോടെ ജില്ലയിൽ പരക്കെ നാശം. കുന്നിടിഞ്ഞും മരങ്ങൾ പൊട്ടിവീണും വീടുകളിലും കടകളിലും വെള്ളം കയറിയും നാശമുണ്ടായി.

കാസർകോട് താലൂക്ക് മധുർ വില്ലേജിലെ ചില പ്രദേശങ്ങളിൽ വെള്ളം കയറിനെ തുടർന്ന് അഞ്ച് കുടുംബങ്ങളെ (25 ആളുകൾ) ബന്ധു വീടുകളിലേക്കും അതിഥി തൊഴിലാളികളായ രണ്ടു കുടുംബങ്ങളെ സുനാമി പുനരുധിവാസ കേന്ദ്രത്തിലേക്കും മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്.

പെരിയവില്ലേജിൽ കൂവരാ എന്ന സ്ഥലത്ത് മലവെള്ള പാച്ചിലിൽ രമണി കൂവരായുടെ 20 ഓളം കവുങ്ങ് 10 തെങ്ങ് എന്നിവ നശിച്ചു. ചോയിച്ചി എന്നവരുടെ കിണർ ഇടിഞ്ഞു. ലീലാമണി എന്നവരുടെ ഉടമസ്ഥതയിലുള്ള കുളം ഇടിഞ്ഞു. മധുവാഹിനി പുഴ കരകവിഞ്ഞൊഴുകിയ തോടെ നിരവധി വീടുകളിൽ വെള്ളം കയറി. മധൂർ, പട്ള, മൊഗർ,ശ്രീബാഗിൽ, ബീയാരം,പൊയ്യവളപ്പ്, മായിപ്പാടി പ്രദേശങ്ങളിലെ നിരവധി വീടുകളിൽ വെള്ളം കയറി. പട്ള മൊഗർ പ്രദേശങ്ങളിൽ വീട്ടിൽ കുടുങ്ങിക്കിടന്ന വരെ ഫയർ ഫോഴ്സും നാട്ടുകാരും ചേർന്ന് കരക്കെത്തിച്ചു. ഇവിടെ മാത്രം 20 ലധികം വീടുകളിൽ വെള്ളം കയറി. ശ്രീബാഗിലെ റാഷീദ് ബീയാരം,ഹബീബ് എന്നിവരുടെ വീടുകളിലും വെള്ളം കയറി. മധൂർ ക്ഷേത്രത്തിലും വെള്ളം കയറി.

മുളിയാർ: മല്ലത്ത് നിരവധി വീടുകളിൽ വെള്ളം കയറി. മല്ലം മധുവാഹിനി പുഴയു ടെ അരികിൽ താമസിക്കുന്ന ഉമ്മർ, കൊറഗ്ഗൻ മണിയാണി, ബാലകൃഷ്ണൻ,ശശിധരൻ എന്നിവരുടെ വീടിന്റെ അരികോളം വെള്ളം കയറിയി രുന്നു.

ഏല്ലാവർഷവും വെള്ളം കയറുകയും, പുഴയുടെ ഇരുവശവും മണ്ണിടിഞ്ഞ് കൃഷി ഇടങ്ങൾ നശിക്കു കയും ചെയ്യുന്നുണ്ട്. കഴിഞ്ഞ ദിവസം ഇതെ പുഴയുടെ സൈഡിലുടെയുള്ള മല്ലം കൊളച്ചപ്പ് നടപ്പാതയും തകർന്ന് വീണ് യാത്ര സഞ്ചാര പോലും തടസ്സപ്പെട്ടു. ഇവിടങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളും, വഴിയാത്രക്കാരും മഴക്കാല മായാൽ ഭയത്തോടെയും, ഭീതിയോ ടെയുമാണ് കഴിയുന്നത്.

മല്ലം മധുവാഹിനി പുഴയുടെ ഇരുവശം സംരക്ഷണ ഭിത്തി നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി തവണ ഇരിഗേഷൻ ഡിപ്പാർട്ട്മെന്റിനെ അടക്കം സമീപിച്ചെങ്കിലും ഒരു ഫലവും ഉണ്ടായിട്ടില്ല. വൻ അപകടങ്ങൾ ഉണ്ടാകുന്നതിന് മുമ്പായി ബന്ധപ്പെട്ട അധികൃതർ അടിയന്തിര മായും നടപടി സ്വീകരിക്കണമെന്ന് മുളിയാർ ഗ്രാമപഞ്ചായത്ത് അംഗം അബ്ബാസ് കൊളച്ചപ്പ് ബന്ധപ്പെട്ടവർക്ക് നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടു.

കാഞ്ഞങ്ങാട്: പുല്ലൂർ തോട് കരകവിഞ്ഞൊഴുകി വിഷ്ണുമംഗലം ക്ഷേത്രത്തിൽ വലിയതോതിൽ വെള്ളം കയറി. സമീപത്തെ കുളവും വയലുകളുമെല്ലാം വെള്ളത്തിൽ മുങ്ങിയ നിലയിലാണ്. ദേശീയപാത നിർമാണവുമായി പുല്ലൂരിൽ നിർമ്മിക്കുന്ന പാലത്തിന്റെ അരികിലൂടെയുള്ള നിരോഴുക്ക് തടസപ്പെട്ടതാണ് ഇതിന് കാരണമെന്ന് നാട്ടുകാർ ആരോപിക്കുന്നു. മലയോര മേഖലയിലെ പാലകളിലും, തോട്ടിലും വെള്ളം കര വിഞ്ഞ് ഒഴുക്കുന്നു.

കൊട്ടോടി ടൗണിൽ വെള്ളം കയറിയതിനാൽ കൊട്ടോടി സർക്കാർ ഹൈസ്കൂളിന് ജില്ലാ കളക്ടർ ഇ. ഇമ്പശേഖരൻ ഇന്നലെ അവധി പ്രഖ്യാപിച്ചു. .റോഡിൽ വെള്ളം കെട്ടി നിൽക്കുന്നത് കാരണ വാഹനങ്ങൾക്ക് കടന്നു പോകാൻ പ്രയസം അനുഭവപ്പെടുന്നുണ്ട്.

കൊട്ടോടി മുസ്ലിം ജമാഅത്ത് പള്ളിയുടെ മുൻവശത്ത് വെള്ളം കയറി. കള്ളാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും ജനപ്രതിനിധികളും കൊട്ടോടിയിലെ സ്ഥലം സന്ദർശിച്ചു. പനത്തടി തച്ചർകടവ് പുലിക്കടവ് പാലം വെള്ളത്തിൽ മുങ്ങാനായ നിലയിലാണ്.മേൽപ്പറമ്പ തെക്കിൽ വളവിൽ ദേശീയ പാതയുടെ പണി നടക്കുന്ന സ്ഥലത്ത് മണ്ണ് ഇടിഞ്ഞു വീണ് ദേശീയപാത വഴി ഗതാഗത തടസപ്പെട്ടു. ഒരുസൈഡിൽ കൂടി അത്യാവശ്യം വാഹനങ്ങൾ പോകുന്നത്.



മൊഗ്രാൽ കടവത്ത് വെള്ളത്തിൽ മുങ്ങിയ വീട്



പെർവാഡ് കടപ്പുറത്തെ കടലേറ്റം

## പെർവാട് കടപ്പുറത്ത് കടലേറ്റം രൂക്ഷം കടൽ ഭിത്തിയും, തീരദേശ റോഡും കടന്ന് കടൽ തിരമാല

### തീരം ആശങ്കയിൽ

മൊഗ്രാൽ: മഴ ശക്തമായതോടെ പെർവാഡ് കടപ്പുറത്തെ തീരദേശ നിവാസികളുടെ നെഞ്ചിടിപ്പ് കൂടി. ഓരോ കാലവർഷവും അടുത്തെത്തുന്നതോടെ കടലിനെ പേടിച്ച് കഴിയേണ്ട അവസ്ഥയിലാണ് മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തീരദേശ മേഖല.

രൂക്ഷമായ കടലാക്രമണം തന്നെയാണ് പ്രദേശവാസികളെ ഏറെ ഭയപ്പെടുത്തുന്നത്. മുൻവർഷങ്ങളിലെ രൂക്ഷമായ കടലാക്രമണങ്ങളെ ചെറുക്കാൻ പ്രദേശത്ത് നിർമ്മിച്ച കടൽ ഭിത്തികൾക്കൊന്നും കഴിഞ്ഞിരുന്നില്ല. കടൽ ഭിത്തികളൊക്കെ കടൽ തന്നെ കൊണ്ടുപോയി. ശേഷിച്ചവയും ഇപ്പോൾ കടലെടുത്തു കൊണ്ടിരിക്കുന്നു. കഴിഞ്ഞവർഷം കടൽ 200 മീറ്ററുകളോളം കരകവർന്നപ്പോൾ നിരവധി വീടുകൾക്ക് കേടുപാട് സംഭവിച്ചു. നിരവധി കുടും ബാംഗങ്ങളെ മാറ്റി പ്പാർപ്പിച്ചു. തെങ്ങുകൾ കടപുഴകി വീണു. പ്രദേശത്ത് വലിയ തോതിലുള്ള നാശനഷ്ടം നേരിട്ടു. ചെറിയൊരു ഭാഗത്ത് പരീക്ഷണാർത്ഥം 'ജിയോ ബാഗ്' ഉപയോഗിച്ച് കടൽഭിത്തി നിർമ്മിച്ചിട്ടുണ്ടെങ്കിലും രൂക്ഷമായ കടലാക്രമണം ഈ ഭിത്തിക്കും ഭീഷണിയായിട്ടുണ്ട്. കാലവർഷം ശക്തി പ്രാപിച്ചതോടെ പ്രദേശത്ത് കടലേറ്റം രൂക്ഷമായിട്ടുണ്ട്. കടൽ തിരമാലകൾ കടൽ ഭിത്തിയും കടന്ന് തീരദേശ റോഡിലേക്ക് കൂടി അടിച്ചു തുടങ്ങിയോടെ പ്രദേശവാസികൾ വലിയ ഭയാശങ്കയിലാണ് കഴിഞ്ഞു കൂടുന്നത്.

## ദേശീയപാത നിർമ്മാണം: താഴ്ന്ന പ്രദേശങ്ങൾ വെള്ളപ്പൊക്ക ഭീഷണിയിൽ

മൊഗ്രാൽ: പുഴ നിറഞ്ഞു കവിഞ്ഞു, ദേശീയപാത നിർമ്മാണം ഉയരത്തിലും, മൊഗ്രാൽ കടവത്ത് താഴ്ന്ന പ്രദേശങ്ങൾ വെള്ളപ്പൊക്ക ഭീഷണിയിൽ. സർവിസ് റോഡിൽ അശാസ്ത്രീയമായി കെട്ടിപ്പൊക്കിയ ഓവുചാലുകളിലൂടെ മഴവെള്ളം ഒഴുകാത്തത് വെള്ളക്കെട്ടിന് കാരണമായി. മൊഗ്രാൽ പുഴ നിറഞ്ഞു കവിഞ്ഞതിനാൽ പുഴയിലേക്കും വെള്ളം ഒഴുകി പോകുന്നതിന് തടസ്സമായി. മഴ കനത്താൽ പ്രദേശം മുഴുവൻ വെള്ളത്തിൽ മുങ്ങുമെന്ന സ്ഥിതിയിലാണ്. വെള്ളക്കെട്ട് ഒഴിവാക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണമെന്ന് മൊഗ്രാൽ ജിവിഎച്ച്എസ്എസ് പിടിഎ പ്രസിഡന്റ് സിദ്ദീഖ് റഹ് മാൻ ആവശ്യപ്പെട്ടു.

## സമസ്ത സ്ഥാപക ദിനം കാഞ്ഞങ്ങാട്ട് 98 പേരെ ആദരിച്ചു

കാഞ്ഞങ്ങാട്: സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ സ്ഥാപക ദിനത്തിന്റെ ഭാഗമായി കാഞ്ഞങ്ങാട് മണ്ഡലം സമസ്ത കോഡിനേഷൻ കമ്മിറ്റി പുതിയകോട്ട മർഹൂം മെട്രോ മുഹമ്മദ് ഹാജി നഗറിൽ 98 കർമ്മനിരതരായ സമസ്ത സാരഥികളെ 98 നേതാക്കൾ ചേർന്ന് ആദരിച്ചു. എസ് വൈഎസ് ജില്ലാ ട്രഷറർ മുബാറക് ഹസൈനാർ ഹാജിയുടെ അദ്ധ്യക്ഷതയിൽ സമസ്ത ജില്ലാ ഉപാദ്യക്ഷൻ എം മൊയ്തു മൗലവി ബാഖവി പുഞ്ചാവി ഉദ്ഘാടനം ചെയ്തു. യു കെ മുഹമ്മദ് ഹനീഫ് നിസാമി മൊഗ്രാൽ മുഖ്യ പ്രഭാഷണം നടത്തി. കാഞ്ഞങ്ങാട് മർച്ചന്റ് അസോസിയേഷൻ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട എസ് വൈഎസ് മണ്ഡലം ജനറൽ സെക്രട്ടറി സി കെ ആസിഫിനെ കെബി കുട്ടി ഹാജി ആദരിച്ചു. സഈദ് അസ്അദി പുഞ്ചാവി സ്വാഗതം പറഞ്ഞു. ഒപി അബ്ദുള്ള സഖാഫി പ്രാർത്ഥന നടത്തി.

ബശീർ വെള്ളിക്കോത്ത്, സുലൈമാൻ ഫൈസി കരുവഞ്ചാൽ, മുഹ്യദ്ധീൻ അസ്ഹരി എന്നിവർ പ്രസംഗിച്ചു. അബ്ദുൽ അസീസ് അശ്റഫി പാണത്തൂർ,എ ഹമീദ് ഹാജി,എംകെ അബൂബക്കർ ഹാജി,എം കെ റഷീദ് ഹാജി, ഉമർ മൗലവി തൊട്ടിയിൽ, കെയു ദാവൂദ് ഹാജി, എൽ അബ്ദുള്ള കുഞ്ഞി ഹാജി, ഒടയഞ്ചാൽ ഇബ്റാഹീം ഹാജി, ശറഫുദ്ധീൻ കണിയ, മയൂരി അബ്ദുള ഹാജി,ടിപി അലി ഫൈസി, യൂസുഫ് മദനി,സിഎച്ച് അഹ്മദ് കുഞ്ഞി ഹാജി, ഹസൻ അർശദി പാറപ്പള്ളി, മുല്ലക്കോയ തങ്ങൾ മാണി ക്കോത്ത്, മജീദ് ഫൈസി, അബ്ദുൽ കരീം അശ്റഫി, എംടിപി മുഹമ്മദലി മൗലവി,യൂനുസ് ഫൈസി കാക്കടവ്,സയ്യിദ് യാസിർ തങ്ങൾ ജമലുല്ലൈലി, ആബിദ് ഹുദവി കുണിയ, എഞ്ചിനിയർ മുഹമ്മദ് കുഞ്ഞി,സിഎച്ച് ഹമീദ് ഹാജി,സൗദി അബൂബക്കർ,റഷീദ് ഫൈസി, ബദരിയ്യ നഗർ മുഹമ്മദ് കുഞ്ഞി പാലാട്ട് ഇബ്റാഹീം ഹാജി, ശിഹാബ് അരയി,ഹാരിസ് ചിത്താരി,ശമീർ അസ്ഹരി എന്നിവർ പങ്കെടുത്തു.



കാഞ്ഞങ്ങാട് മണ്ഡലം സമസ്ത കോഡിനേഷൻ കമ്മിറ്റി സംഘടിപ്പിച്ച സമാദരം സമസ്ത സ്ഥാപക ദിനാചരണം ജില്ലാ ഉപാധ്യക്ഷൻ എം മൊയ്തു മൗലവി ബാഖവി പുഞ്ചാവി ഉദ്ഘാടനം ചെയ്യുന്നു.

## ആറങ്ങാടി ഹൈദരലി ശിഹാബ് തങ്ങൾ സൗധം ലീഗ് ഓഫീസ് ഉദ്ഘാടന സമ്മേളനം ഇന്ന് തുടങ്ങും

കാഞ്ഞങ്ങാട്: ആറങ്ങാടി ഹൈദരലി ശിഹാബ് തങ്ങൾ സൗധം മുസ്‌ലിം ലീഗ് ഓഫീസ് ഉദ്ഘാടന സമ്മേളനം ഇന്ന് മുതൽ 30 വരെ മർഹൂം അബൂബക്കർ കാസ്മി നഗറിൽ വിവിധ പരിപാടികളോടെ നടക്കു മെന്ന് സംഘാടകർ പത്രസമ്മേളനത്തിൽ അറിയിച്ചു.

ഇന്ന് ഉച്ചക്ക് രണ്ട് മണിക്ക് നിർമാണ കമ്മിറ്റി ചെയർമാൻ എം.കെ റഷീദ് ഹാജി പതാക ഉയർത്തും. തുടർന്ന് വിളംബര ജാഥ നടക്കും. വൈകീട്ട് പൊതുസമ്മേളനത്തിൽ എം സൈനുദ്ധീൻ സ്വാഗതം പറയും. എം ഇബ്രാഹിം കുട്ടി അധ്യക്ഷത വഹിക്കും. മുനിസിപ്പൽ മുസ്‌ലിം ലീഗ് പ്രസിഡന്റ് അബ്ദുറസാഖ് തായിലക്കണ്ടി ഉദ്ഘാടനം ചെയ്യും. കെ മുഹമ്മദ് കുഞ്ഞി, ഇ കെ അബ്ദുൽ റഹ്മാൻ, ഇ.കെ റമീസ്, സലാം മീനാപ്പീസ്, ബി.കെ ഫൈസൽ പ്രസംഗിക്കും. തുടർന്ന് ആദിൽ അത്തുവും ഫാസില ബാനുവും ടീമും നയിക്കുന്ന മാപ്പിള ഗാനമേള അരങ്ങേറും.

നാളെ വൈകീട്ട് ഏഴ് മണിക്ക് തലമുറയ്ക്ക് ആദരം പരിപാടി നടക്കും. അലി അപ്പാട്ട് അധ്യക്ഷത വഹിക്കും. മണ്ഡലം മുസ്‌ലിം ലീഗ് പ്രസിഡന്റ് ബഷീർ വെള്ളിക്കോത്ത് ഉദ്ഘാടനം ചെയ്യും. സഹീർ നല്ലളം, റാഷിദ് മാളൂർ പ്രഭാഷണം നടത്തും. കെ.കെ ബദറുദ്ധീൻ, സികെ റഹ് മത്തുള്ള, എ ഹമീദ് ഹാജി, സികെ അഷ്റഫ്, ഇകെ അബ്ദുൽ റഹ്മാൻ, ഇ.കെ റിയാസ്,എം.കെ അഷ്റഫ് പ്രസംഗിക്കും. 30ന് രണ്ട് മണിക്ക് ആറങ്ങാടി സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ ലീഗ് ഓഫീസും എം.കെ കുഞ്ഞബ്ദുല്ല ഹാജി മെമ്മോറിയൽ കോൺഫ്രൻസ് ഹാളും പൊതു മ്മേളനവും മുസ്‌ലിം ലീഗ് സംസ്ഥാന അധ്യക്ഷൻ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. നിർമാണ കമ്മിറ്റി മുഖ്യരക്ഷാധികാരി എം.കെ അബ്ദുൽ റഹ്മാൻ സ്വാഗതം പറയും. എം.കെ റഷീദ് ഹാജി അധ്യക്ഷത വഹിക്കും. മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി കെഎം ഷാജി മുഖ്യ പ്രഭാഷണം നടത്തും.

ജില്ലാ പ്രസിഡന്റ് കല്ലട്ര മാഹിൻ ഹാജി, ജനറൽ സെക്രട്ടറി എ അബ്ദുൽ റഹ്മാൻ, ട്രഷറർ പിഎം മുനീർ ഹാജി, ജില്ലാ ഉപാധ്യക്ഷന്മാരായ അഡ്വ.എൻ.എ ഖാലിദ്, വൺ ഫോർ അബ്ദുൽ റഹ് മാൻ, മുബാറക്ഹസൈനാർഹാജി,അഷ്റഫ് എടനീർ, എംപി ജാഫർ, കെകെ ജാഫർ, ടി അസീസ്, എം കെ അബ്ദുല്ല ആറങ്ങാടി, കെകെ ശിഹാബ് ആറങ്ങാടി, ഹാഷം കക്കാട്ട് എന്നിവർ പ്രസംഗിക്കും. പത്ര സമ്മേളനത്തിൽ എംകെ അബ്ദുല്ല ആറങ്ങാടി, എം.കെറഷീദ് ഹാജി, ടി അസീസ്, ഹാഷിം കക്കാട്ട്, എം ഇബ്രാഹിം കുട്ടി, കെ.കെ ശിഹാബ്, അലി അപ്പാട്, എം.കെ അഷ്റഫ്, ജൗഹർ എന്നിവർ സംബന്ധിച്ചു.




മുസ് ലിംലീഗ് സംസ്ഥാന അധ്യക്ഷൻ പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്ന ആറങ്ങാടി സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ സൗധം

## കെജെയു സംസ്ഥാന നേതൃസംഗമം നാളെ തുടങ്ങും

തളിപ്പറമ്പ്: കേരള ജേർണലിസ്റ്റ് യൂണിയൻ സംസ്ഥാന നേതൃസംഗമവും ജില്ലാ ക്യാമ്പും നാളെ പറശ്ശിനിക്കടവ് വിസ്മയ പാർക്കിൽ തുടങ്ങും. ക്യാമ്പ് വൈകിട്ട് മൂന്നിന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. ഞായറാഴ്ച രാവിലെ ഒമ്പതിന് മാധ്യമങ്ങളും ഇന്ത്യൻ സാഹചര്യവും എന്ന വിഷയത്തിൽ ജോൺ ബ്രിട്ടാസ് എംപി പ്രഭാഷണം നടത്തും. മുതിർന്ന മാധ്യമ പ്രവർത്തകരെ സജീവ് ജോസഫ് എംഎൽഎ ആദരിക്കും. വാർത്താസമ്മേളനത്തിൽ പ്രകാശൻ പയ്യന്നൂർ, സാജു ചെമ്പേരി, സി പ്രകാശൻ മാട്ടൂൽ, പ്രിൻസ് തോമസ്, രഞ്ജിത്ത് പൂക്കോത്ത് പങ്കെടുത്തു.

## ലൈറ്റ് ആന്റ് സൗണ്ട് തൊഴിലാളി ധർണ ഇന്ന്

തലശ്ശേരി: ലൈറ്റ് ആന്റ് സൗണ്ട് മേഖലകളിൽ ജോലി ചെയ്യുന്ന ലക്ഷക്കണക്കിന് തൊഴിലാളികളെ അധികൃതർ അവഗണിക്കുന്നതിൽ പ്രതിഷേധിച്ച് ലൈറ്റ് ആന്റ് സൗണ്ട് വെൽഫെയർ അസോസിയേഷൻ സംസ്ഥാന വ്യാപക സമരത്തിന്റെ ഭാഗമായി ഇന്ന് രാവിലെ 10ന് കണ്ണൂർ കലക്ടറേറ്റ് പടിക്കൽ ധർണ നടത്തുമെന്ന് ജില്ലാ സെക്രട്ടറി പി.കെ മുഹമ്മദ് നസീർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. എം.വി അനീഷ്, കെ.എം.എസ് പ്രദീപൻ, പി.വിനീഷ്, വി.പി ശ്രീനിഷ് പങ്കെടുത്തു.

## മാഹി കോടതിക്ക് പുതിയ കെട്ടിടം: മന്ത്രിയുമായി ചർച്ച നടത്തി

മാഹി: മാഹി കോടതിക്ക് പുതിയ കെട്ടിടം, പുതിയ ജില്ലാ കോടതി സ്ഥാപിക്കുന്നതുൾപ്പെടെ കാര്യങ്ങൾ പുതുച്ചേരി നിയമമന്ത്രി ലക്ഷ്മി നാരായണനുമായി രമേശ് പറമ്പത്ത് എംഎൽഎ, ബാർ അസോ.ഭാരവാഹികളായ രാജേഷ് കുമാർ, വത്സരാജൻ ടിസി, എപി അശോകൻ, ടി അശോക് കുമാർ, എൻകെ പ്രതാപൻ ചർച്ച നടത്തി.

# കണ്ണൂർ വാർത്തകൾ

## നേതാക്കളുടെ മണ്ഡല പര്യടനം ഇന്ന് തുടങ്ങും

ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ് — ഒരു വീട്ടിൽ ഒരു ചന്ദ്രിക — 2024 ജൂൺ 1 മുതൽ 25 വരെ

കണ്ണൂർ: ഈമാസം ഒന്നിന് തുടങ്ങി 25 വരെ നടന്ന 'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ് പദ്ധതിയിൽ വരിക്കാരായവരുടെ ലിസ്റ്റും തുകയും ഏറ്റുവാങ്ങാൻ മുസ്‌ലിംലീഗ് ജില്ലാ ഭാരവാഹികൾ ഇന്നും നാളെയും മണ്ഡലങ്ങളിൽ പര്യടനം നടത്തും.

ജില്ലാ പ്രസിഡന്റ് അബ്ദുൽ കരീം ചേലേരിയുടെ നേതൃത്വത്തിൽ ട്രഷറർ മഹമൂദ് കടവത്തൂർ, കെ.എ ലത്തീഫ്, എസ് മുഹമ്മദ്, ഇബ്രാഹിം മുണ്ടേരി, അൻസാരി തില്ലങ്കേരി, എം.പി മുഹമ്മദലി, ടി.പി മുസ്തഫ, പി.കെ സുബൈർ എന്നിവരടങ്ങിയ സംഘം ഇന്ന് രാവിലെ 10ന് പേരാവൂർ മണ്ഡലത്തിലെ ഇരിട്ടി മുസ്‌ലിംലീഗ് ഓഫീസിലും വൈകുന്നേരം മൂന്നിന് മട്ടന്നൂർ ലീഗ് ഓഫീസിലും അഞ്ച് മണിക്ക് പാനൂർ മുസ്‌ലിംലീഗ് ഓഫീസിലും ഏഴ് മണിക്ക് തലശ്ശേരി ശിഹാബ് തങ്ങൾ സൗധത്തിലും എത്തി ലിസ്റ്റും തുകയും ഏറ്റുവാങ്ങും.

നാളെ ഉച്ചയ്ക്ക് രണ്ടിന് പയ്യന്നൂർ മുസ്‌ലിംലീഗ് ഓഫീസിലും വൈകുന്നേരം നാലിന് പഴയങ്ങാടി റഹീ മേച്ചേരി സ്മാരക സൗധത്തിലും എത്തിയാണ് ലിസ്റ്റും തുകയും ഏറ്റുവാങ്ങുക. ജില്ലാ ജനറൽ സെക്രട്ടറി കെ.ടി സഹദുല്ലയുടെ നേതൃത്വത്തിൽ ഭാരവാഹികളായ വി.പി വമ്പൻ, കെ.പി താഹിർ, കെ.വി മുഹമ്മദലിഹാജി, ഇബ്രാഹിംകുട്ടി തിരുവട്ടൂർ, ടി.എ തങ്ങൾ, സി.കെ മുഹമ്മദ്, മഹമൂദ് അള്ളാംകുളം, എൻ.കെ റഫീഖ്, ബി.കെ അഹമ്മദ് എന്നിവരടങ്ങിയ സംഘം ഇന്ന് വൈകുന്നേരം മൂന്നിന് ചക്കരക്കല്ലിൽ നിന്ന് പര്യടനം തുടങ്ങും. വൈകുന്നേരം 4.30ന് വളപട്ടണം മുസ്‌ലിംലീഗ് ഓഫീസിൽ അഴീക്കോട് മണ്ഡലത്തിലെ ലിസ്റ്റും തുകയും ഏറ്റുവാങ്ങും, വൈകുന്നേരം ഏഴിന് കണ്ണൂർ ബാഫഖി സൗധത്തിലെത്തി കണ്ണൂർ മണ്ഡലത്തിലെ ലിസ്റ്റും തുകയും ഏറ്റുവാങ്ങും.

നാളെ ഉച്ചയ്ക്ക് രണ്ടിന് തളിപ്പറമ്പ് കേയി സാഹിബ് ട്രെയിനിംഗ് കോളജിൽ തളിപ്പറമ്പ് മണ്ഡലത്തിലെ ലിസ്റ്റും തുകയും വൈകുന്നേരം നാലിന് ശ്രീകണ്ഠപുരം പി.ടി.എച്ചിൽ ഇരിക്കൂർ മണ്ഡലത്തിലെ ലിസ്റ്റും തുകയും ഏറ്റുവാങ്ങും. ശാഖാ കമ്മിറ്റികളിൽ നിന്ന് പഞ്ചായത്ത് കമ്മിറ്റികൾ മുഖേന മണ്ഡലം കമ്മിറ്റി ശേഖരിച്ച ലിസ്റ്റും തുകയുമാണ് ജില്ലാ ഭാരവാഹികൾ ഏറ്റുവാങ്ങുന്നത്.

'തദ്ദേശീയം-25'

## മുസ്‌ലിംലീഗ് ശിൽപശാലക്ക് നാളെ തളിപ്പറമ്പിൽ തുടക്കം

കണ്ണൂർ: തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിന് മുന്നോടിയായി മുസ്‌ലിംലീഗ് ജില്ലാ കമ്മിറ്റി മണ്ഡലം തലത്തിൽ സംഘടിപ്പിക്കുന്ന 'തദ്ദേശീയം-25 ഏകദിന ശിൽപശാലയ്ക്ക് നാളെ തളിപ്പറമ്പിൽ തുടക്കം. ജില്ലാതല ഉദ്ഘാടനം തളിപ്പറമ്പ് മണ്ഡലത്തിൽ ജില്ലാ പ്രസിഡന്റ് അഡ്വ.അബ്ദുൽ കരീം ചേലേരി നിർവഹിക്കും. മുസ്‌ലിംലീഗ് മണ്ഡലംഭാരവാഹികൾ, പഞ്ചായത്ത് ഭാരവാഹികൾ, ജനപ്രതിനിധികൾ തുടങ്ങിയവരാണ് ശിൽപശായിൽ പങ്കെടുക്കുക. ജൂലൈ രണ്ടിന് അഴീക്കോട് മണ്ഡലത്തിൽ ജില്ലാ ജനറൽ സെക്രട്ടറി കെ.ടി സഹദുല്ലയും മൂന്നിന് കണ്ണൂർ മണ്ഡലത്തിൽ ജില്ലാ ട്രഷറർ മഹമൂദ് കടവത്തൂരും ഉദ്ഘാടനം ചെയ്യും.

നാലിന് ധർമടത്ത് ജില്ലാ വൈസ് പ്രസിഡന്റ് കെ.പി താഹിറും ആറിന് തലശ്ശേരിയിൽ സെക്രട്ടറി മഹമൂദ് അള്ളാംകുളവും ഒമ്പതിന് ഇരിക്കൂറിൽ വൈസ് പ്രസിഡന്റ് എസ് മുഹമ്മദും 10ന് മട്ടന്നൂരിൽ വൈസ് പ്രസിഡന്റ് ഇബ്രാഹിം മുണ്ടേരിയും 11ന് പേരാവൂരിൽ സെക്രട്ടറി അൻസാരി തില്ലങ്കേരിയും 13ന് പയ്യന്നൂരിൽ സെക്രട്ടറി എം.പി മുഹമ്മദലിയും 14ന് കല്ല്യാശ്ശേരിയിൽ വൈസ് പ്രസിഡന്റ് കെ.വി മുഹമ്മദലി ഹാജിയും ഉദ്ഘാടനം ചെയ്യും. 15ന് കൂത്തുപറമ്പിൽ സംസ്ഥാന വൈസ് പ്രസിഡന്റ് അബ്ദുറഹിമാൻ കല്ലായി ഉദ്ഘാടനം ചെയ്യും. ഉദ്ഘാടനസമ്മേളനം, പവർ പോയിന്റ്, പ്രസന്റേഷൻ തുടങ്ങി വിവിധ വിഷയങ്ങളിൽ ക്ലാസുകളും സംശയനിവാരണം, ആക്ഷൻ പ്ലാൻ തയാറാക്കൽ സെഷനുകളും നടക്കും.



പെരുവളത്തുപറമ്പിൽ തകർന്ന വീട് പഞ്ചായത്തധികൃതർ സന്ദർശിക്കുന്നു

## കനത്ത മഴ: പെരുവളത്ത്പറമ്പിൽ വീട് തകർന്നു

ഇരിക്കൂർ: കനത്ത മഴയിൽ പെരുവളത്തുപറമ്പ് ലക്ഷം വീട് കോളനിയിൽ വീട് തകർന്നു. വള്ളുവക്കണ്ടി മാണിക്യത്തിന്റെ വീടാണ് ഇന്നലെ വൈകീട്ടോടെ നിലം പൊത്തിയത്. മാണിക്യത്തോടൊപ്പം മക്കളായ തങ്കമണി, രവീന്ദ്രൻ, മകളുടെ മക്കളായ ആതിര, ശ്രീനിമ, അനഘ എന്നിവരാണ് താമസിക്കുന്നത്. അപകട സമയം ആരും വീട്ടിലില്ലാത്തതിനാൽ വൻദുരന്തമൊഴിവായി.പഞ്ചായത്ത് പ്രസിഡന്റ് ടിപി ഫാത്തിമ, സെക്രട്ടറി എംവി മോളി, വാർഡ് മെമ്പർ ടിസി നസിയത്ത് ടീച്ചർ, ബ്ലോക്ക് പഞ്ചായത്തംഗം എംപി പ്രസന്ന, യുഡിഎഫ് നേതാക്കളായ സികെ മുഹമ്മദ് മാസ്റ്റർ, കെപി മൊയ്തീൻ കുഞ്ഞി മാസ്റ്റർ, കെപി അബ്ദുല്ല, യുപി അബ്ദുറഹ്മാൻ, സിസി ഹിദായത്ത്, എംവി ജനാർദ്ദനൻ, പികെ ദാമു, എപി റഷീദ്, നൂറുദ്ദീൻ, ഷമീർ എന്നിവർ സന്ദർശിച്ചു. മാണിക്യത്തെയും കുടുംബത്തെയും പഞ്ചായത്തിന്റെ അധീനതയിലുള്ള ഫാറൂഖ് നഗറിലെ മറ്റൊരു വീട്ടിലേക്ക് മാറ്റിത്താമസിപ്പിച്ചു. ആയുർവേദ ആശുപത്രിക്ക് മേൽ മരം കടപുഴകി മേൽക്കൂര തകർന്നു.



ചൊക്ലിയിൽ വൻമരം വീണ് തകർന്ന കാറുകൾ

## ചൊക്ലിയിൽ നിർത്തിയിട്ട കാറുകൾക്ക് മുകളിൽ മരം കടപുഴകി

തലശ്ശേരി: ചൊക്ലിയിൽ നിർത്തിയിട്ട കാറുകൾക്കുമുകളിൽ മരം കടപുഴകിവീണു.ചൊക്ലി-പാനൂർ റോഡിൽ രജിസ്ട്രാഫീസിനടുത്ത് എച്ച്.പി പമ്പിനു സമീപം നിർത്തിയിട്ട കാറുകൾക്ക് മുകളിലാണ് മരം വീണത്. ഇന്നലെ ഉച്ചക്ക് ഒരു മണിയോടെയാണ് അപകടം.രണ്ട് കാറുകൾപൂർണമായും തകർന്നു.അപകട സമയം കാറിലും റോഡരികിലും യാത്രക്കാർ ഇല്ലാത്തതിനാൽ വൻ ദുരന്തമാണ് ഒഴിവായത്. മരം വീണ് രണ്ട് വൈദ്യുതി തൂണുകൾ തകരുകയും സമീപത്തെ വീടിന് നേരിയ കേടുപാടുകളും സംഭവിച്ചു.പാനൂർ ഫയർഫോഴ്സും പൊലീസും നാട്ടുകാരും ചേർന്നാണ് മരം മുറിച്ചു നീക്കി ഇതുവഴിയുള്ള ഗതാഗതം പുനഃസ്ഥാപിച്ചത്.



എടത്തൊട്ടിയിൽ വൻമരം കടപുഴകിയപ്പോൾ

## എടത്തൊട്ടിയിൽ വൻ മരം കടപുഴകി ഗതാഗതം തടസ്സപ്പെട്ടു

പേരാവൂർ:ഇരിട്ടി-പേരാവൂർ റോഡിൽ എടത്തൊട്ടിയിൽ വൻമരം കടപുഴകി ഗതാഗതം തടസ്സപ്പെട്ടു. ഇന്നലെ രാവിലെ 10 മണിയോടെയാണ് മരം കടപുഴകിയത്. ഏറെസമയം ഗതാഗതം തടസ്സപ്പെട്ടു.അഗ്നി രക്ഷാസേനയും നാട്ടുകാരും ഏറെ പണിപെട്ട് മരം മുറിച്ചുമാറ്റി. കൊട്ടിയൂർ, മാനന്തവാടി, ഇരിട്ടി ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ വഴിതിരിച്ചു വിട്ടു.

## വിടപറഞ്ഞത് മാങ്ങാട്ടിടത്തെ മുസ്‌ലിം ലീഗ് കാരണവർ

ഉരുവച്ചാൽ: പ്രതിസന്ധി ഘട്ടങ്ങളിൽ മറുത്തൊന്നും പ്രതീക്ഷിക്കാതെ ഉദാത്തമായ സമുദായ സ്നേഹവും ഉൽക്കടമായ ആദർശ നിഷ്ഠയുമായി മുസ്‌ലിം ലീഗ് പ്രസ്ഥാനത്തോടൊപ്പം ഉറച്ചു നിന്ന പൊതുപ്രവർത്തകനാണ് മെരുവമ്പായിയിൽ ഇന്നലെ വിടപറഞ്ഞ അറക്കൽ പുത്തൻപുരയിൽ പോക്കു ഹാജി. മുസ്‌ലിം ലീഗ് കാര്യ ദർശിയും മെരുവമ്പായി മഹല്ല് കമ്മിറ്റി, സിഎച്ച് സെന്റർ പ്രവർത്തനങ്ങളിലും സജീവമായിരുന്നു. ലീഗ് നേതാക്കളായ അൻസാരി തില്ലങ്കേരി, ഇപി ശംസുദ്ദീൻ, പികെ കുട്ട്യാലി, മുസ്തഫ ചൂര്യോട്ട്, പിഎം ആബൂട്ടി, റഫീഖ് ബാവോട്ടുപാറ തുടങ്ങിയവർ വസതിയിലെത്തി അന്തിമോപചാരമർപ്പിച്ചു.

## ചന്ദ്രിക നൂറുൽ മആരിഫ്



ചന്ദ്രിക നൂറുൽ മആരിഫ് സിറ്റി നീർച്ചാൽ ബിദായത്തുൽ ഉലൂം ഹയർസെക്കന്ററി മദ്രസയിൽ സൽമാൻ ഫാരിസിന് ചന്ദ്രിക കൈമാറി സി സമീർ ഉദ്ഘാടനം ചെയ്യുന്നു

### നീർച്ചാൽ ബിദായത്തുൽ ഉലൂം മദ്രസയിൽ

കണ്ണൂർ: മതഭൗതിക പാഠശാലകളിൽ നടപ്പാക്കുന്ന ചന്ദ്രിക നൂറുൽ മആരിഫ് സിറ്റി നീർച്ചാൽ ബിദായത്തുൽ ഉലൂം ഹയർസെക്കന്ററി മദ്രസയിൽ തുടക്കം.

മദ്രസ ലീഡർ സൽമാൻ ഫാരിസിന് ചന്ദ്രിക കൈമാറി മുസ്‌ലിംലീഗ് കണ്ണൂർ മണ്ഡലം ജനറൽ സെക്രട്ടറി സി സമീർ ഉദ്ഘാടനം ചെയ്തു. അഷ്റഫ് ബംഗാളി മുഹല്ല, കെ.പി ഇസ്മായിൽ ഹാജി, എ.പി യാസർ, സഹീർ അറക്കകത്ത്, കബീർ പുലവർ, എ.പി സഹീദ്, പി നിസാർ, കെ.പി ഉമർ ഫാറൂഖ്, കെ.വി അനീസ്, മഷ്ഹൂദ്, ജഅഫർ ദാരിമി, അബ്ദുല്ല ബാഖവി, സൈനുൽ ആബിദ് മാഹിരി, സുഹൈൽ ദാരിമി, പങ്കെടുത്തു.



ചന്ദ്രിക നൂറുൽ മആരിഫ്' കല്ലിക്കണ്ടി ഇർഷാദിയ്യ ഹയർസെക്കന്ററി മദ്രസയിൽ കെ.എം അബ്ദുൽ റഷീദിന് ചന്ദ്രിക കൈമാറി ടി.കെ അഹമദ് ഉദ്ഘാടനം ചെയ്യുന്നു

### കല്ലിക്കണ്ടി അൽ ഇർഷാദ് മദ്രസയിൽ

കല്ലിക്കണ്ടി: മതഭൗതിക പാഠശാലകളിൽ നടപ്പാക്കുന്ന 'ചന്ദ്രിക നൂറുൽ മആരിഫ്' കല്ലിക്കണ്ടി ഇർഷാദിയ്യ ഹയർസെക്കന്ററി മദ്രസയിൽ തുടക്കം.

പ്രധാനാധ്യാപകൻ കെ.എം അബ്ദുൽ റഷീദിന് ചന്ദ്രിക കൈമാറി മദ്രസ കമ്മിറ്റി സീനിയർ വൈസ് പ്രസിഡന്റ് ടി.കെ അഹമദ് ഉദ്ഘാടനം ചെയ്തു. മഹല്ല് പ്രസിഡന്റ് എ.സി അസു അധ്യക്ഷനായി. ദുബായ് സേവറി ഗ്രൂപ്പ് എംഡിയും ദുബായ് കല്ലിക്കണ്ടി മുസ്‌ലിം ജമാഅത്ത് ജനറൽ സെക്രട്ടറിയുമായ ടി.കെ അബ്ദുൽ നാസറാണ് പത്രം സ്പോൺസർ ചെയ്തത്. കൂത്തുപറമ്പ് മണ്ഡലം ചന്ദ്രിക പ്രചാരണ സമിതി ചെയർമാൻ മുഹമ്മദ് പൂന്തോട്ടം, കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തംഗം പി.കെ അലി, മഹല്ല് കമ്മിറ്റി ജനറൽ സെക്രട്ടറി എ.കെ അബ്ദുൽ ഹമീദ് പങ്കെടുത്തു.



'ചന്ദ്രിക നൂറുൽ മആരിഫ്' പാമ്പുരുത്തി തഅ്ലീമുൽ ഇസ്‌ലാം ഹയർസെക്കന്ററി മദ്രസയിൽ ശിഹാബുദ്ദീൻ ദാരിമിക്ക് ചന്ദ്രിക കൈമാറി എം ആദം ഹാജി ഉദ്ഘാടനം ചെയ്യുന്നു

### പാമ്പുരുത്തി തഅ്ലീമുൽ ഇസ്‌ലാം മദ്രസയിൽ

പാമ്പുരുത്തി: മതഭൗതിക പാഠശാലകളിൽ നടപ്പിലാക്കുന്ന 'ചന്ദ്രിക നൂറുൽ മആരിഫ്' പാമ്പുരുത്തി തഅ്ലീമുൽ ഇസ്‌ലാം ഹയർസെക്കന്ററി മദ്രസയിൽ തുടക്കം. പ്രധാനാധ്യാപകൻ ശിഹാബുദ്ദീൻ ദാരിമിക്ക് ചന്ദ്രിക കൈമാറി മുസ്‌ലിംലീഗ്

പാമ്പുരുത്തി ശാഖ പ്രസിഡന്റ് എം ആദം ഹാജി ഉദ്ഘാടനം ചെയ്തു. ശാഖ ജനറൽ സെക്രട്ടറി കെ.പി അബ്ദുൽസലാം അധ്യക്ഷനായി. പഞ്ചായത്ത് ചന്ദ്രിക പ്രചാരണ സമിതി കൺവീനർ മൻസൂർ പാമ്പുരുത്തി, മിസ്ഹബ് തങ്ങൾ, കൊളച്ചേരി പഞ്ചായത്ത് മുൻ പ്രസിഡന്റ് എം മമ്മു, മുസ്‌ലിംലീഗ് പഞ്ചായത്ത് പ്രസിഡന്റ് എം അബ്ദുൽ അസീസ്, ശാഖാ ട്രഷറർ എം അബ്ദുല്ല, വൈസ് പ്രസിഡന്റ് വി.ടി അബൂബക്കർ, സെക്രട്ടറി എം.പി അബ്ദുൽഖാദർ, അധ്യാപകരായ എം മുഹമ്മദ് ഹനീഫ ഫൈസി, സിദ്ദീഖ് ദാരിമി, മുസ്തഫ മൗലവി, മുജീബ്റഹ്മാൻ റഹ്മാനി, ശാഖ പ്രചാരണ സമിതി ചെയർമാൻ എൻ.പി റിയാസ്, കൺവീനർ കെ.സി മുഹമ്മദ് പങ്കെടുത്തു.



കടവത്തൂർ പൊട്ടങ്കണ്ടി കുഞ്ഞമ്മദ് ഹാജി മെമ്മോറിയൽ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ ചന്ദ്രിക അറിവിൽ തിളക്കം പദ്ധതി സുൽഹ ഫാത്തിമയ്ക്ക് ചന്ദ്രിക കൈമാറി ഇ.കെ മുസ്തഫ ഉദ്ഘാടനം ചെയ്യുന്നു

## കടവത്തൂർ പി.കെ.എം വൊക്കേഷണൽ ഹയർസെക്കന്ററിയിൽ

ചന്ദ്രിക അറിവിൻ തിളക്കം

കടവത്തൂർ: പൊട്ടങ്കണ്ടി കുഞ്ഞമ്മദ് ഹാജി മെമ്മോറിയൽ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ ചന്ദ്രിക അറിവിൽ തിളക്കം പദ്ധതിക്ക് തുടക്കം.

വിദ്യാർഥി പ്രതിനിധി സുൽഹ ഫാത്തിമയ്ക്ക് ചന്ദ്രിക കൈമാറി ദുബായ് കെ.എം.സി തൃപ്പങ്ങോട്ടൂർ പഞ്ചായത്ത് കമ്മിറ്റി വൈസ് പ്രസിഡന്റ് ഇ.കെ മുസ്തഫ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഇൻചാർജ് കെ.ടി.പി ഫൗസിയ അധ്യക്ഷയായി.

യൂത്ത് ലീഗ് സംസ്ഥാന സെക്രട്ടറി സി.കെ മുഹമ്മദലി, കൂത്തുപറമ്പ് മണ്ഡലം ചന്ദ്രിക പ്രചാരണസമിതി ചെയർമാൻ മുഹമ്മദ് പൂന്തോട്ടം, പഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷൻ കൊയമ്പ്രത്ത് ഇസ്മായിൽ, മുസ്‌ലിംലീഗ് പഞ്ചായത്ത് പ്രസിഡന്റ് ഇസ്മയിൽ ചാമാളി, തെണ്ടപ്പറമ്പ് ശാഖ പ്രസിഡന്റ് യൂസഫ്, ദുബായ് കെ.എം.സി.സി മണ്ഡലം വൈസ് പ്രസിഡന്റ് അഹമദ് നമ്മക്കണ്ടി, പി.ടി യൂനുസ്, കെ.കെ ഹാരിസ്, സുഭാഷ് ചന്ദ്രബോസ്, അബ്ദുൽ കരീം, ഫവാസ്, ചന്ദ്രിക പഞ്ചായത്ത് കോ-ഓർഡിനേറ്റർ പി.കെ അലി പങ്കെടുത്തു.



ചന്ദ്രിക അറിവിൽ തിളക്കം പദ്ധതി കടവത്തൂർ പൊട്ടങ്കണ്ടി കുഞ്ഞമ്മദ് ഹാജി മെമ്മോറിയൽ ഹയർസെക്കന്ററി സ്കൂളിൽ നിഹാദയ്ക്ക് ചന്ദ്രിക കൈമാറി കൊയമ്പ്രത്ത് ഇസ്മായിൽ ഉദ്ഘാടനം ചെയ്യുന്നു


## കടവത്തൂർ പി.കെ.എം ഹയർസെക്കന്ററിയിൽ

ചന്ദ്രിക അറിവിൻ തിളക്കം

കടവത്തൂർ: ചന്ദ്രിക അറിവിൽ തിളക്കം പദ്ധതിക്ക് കടവത്തൂർ പൊട്ടങ്കണ്ടി കുഞ്ഞമ്മദ് ഹാജി മെമ്മോറിയൽ ഹയർസെക്കന്ററി സ്കൂളിൽ തുടക്കം.

വിദ്യാർഥി പ്രതിനിധി നിഹാദയ്ക്ക് ചന്ദ്രിക കൈമാറി തൃപ്പങ്ങോട്ടൂർ പഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷൻ കൊയമ്പ്രത്ത് ഇസ്മായിൽ ഉദ്ഘാടനം ചെയ്തു. ചന്ദ്രിക ആജീവാനന്ത വായനക്കാരിയായ മാതാവ് വലിയ കൊയമ്പ്രത്ത് ആയിശുമ്മയുടെ ഓർമയ്ക്ക് കൊയമ്പ്രത്ത് ഇസ്മയിൽ തന്നെയാണ് പത്രം സ്പോൺസർ ചെയ്തത്.

കൂത്തുപറമ്പ് മണ്ഡലം ചന്ദ്രിക പ്രചാരണസമിതി ചെയർമാൻ മുഹമ്മദ് പൂന്തോട്ടം അധ്യക്ഷനായി. തൃപ്പങ്ങോട്ടൂർ പഞ്ചായത്ത് ചന്ദ്രിക കോ-ഓർഡിനേറ്റർ പി.കെ അലി, യൂത്ത്‌ലീഗ് സംസ്ഥാന സെക്രട്ടറി സി.കെ മുഹമ്മദലി, പ്രിൻസിപ്പൽ സുജൻ, മുസ്‌ലിംലീഗ് പഞ്ചായത്ത് പ്രസിഡന്റ് ഇസ്മയിൽ ചാമാളി, തെണ്ടപ്പറമ്പ് ശാഖ പ്രസിഡന്റ് പി.വി യൂസഫ്, ദുബായി കെ.എം.സി.സി മണ്ഡലം വൈസ് പ്രസിഡന്റ് അഹമദ് നമ്മക്കണ്ടി പങ്കെടുത്തു.



കവ്വായി ജിഎംയുപി സ്കൂളിൽ ചന്ദ്രിക അറിവിൻ തിളക്കം പദ്ധതി ഫായിസ് കവ്വായി ഉദ്ഘാടനം ചെയ്യുന്നു

## കവ്വായി ജിഎംയുപി സ്കൂളിൽ

ചന്ദ്രിക അറിവിൻ തിളക്കം

കവ്വായി: ജിഎംയുപി സ്കൂളിൽ ചന്ദ്രിക അറിവിൻ തിളക്കം പദ്ധതിക്ക് തുടക്കം. മുസ്‌ലിംലീഗ് മുനിസിപ്പൽജനറൽ സെക്രട്ടറിഫായിസ് കവ്വായിഉദ്ഘാടനം ചെയ്തു. ശാഖ പ്രസിഡന്റ് സി.എച്ച് അബ്ദുറഹ്മാൻ, സെക്രട്ടറി ടി.പി അസീസ് ഹാജി, അബ്ദുറഹ്മാൻ കുന്നുംകൈ, ഇ.എം.പി അസീസ് ഹാജി, നജ്മുദ്ദീൻ കാനപ്പുറം പങ്കെടുത്തു.



കാറമേൽ എഎൽപി സ്കൂളിൽ ചന്ദ്രിക അറിവിൻ തിളക്കം പദ്ധതി മുഹമ്മദ് ഷഹ്സാറിന് ചന്ദ്രിക കൈമാറി അബ്ദുൽ അസീസ് ഹാജി ഉദ്ഘാടനം ചെയ്യുന്നു

## കാറമേൽ എഎൽപി സ്കൂളിൽ

ചന്ദ്രിക അറിവിൻ തിളക്കം

കാറമേൽ: എഎൽപി സ്കൂളിൽ ചന്ദ്രിക അറിവിൻ തിളക്കം പദ്ധതിക്ക് തുടക്കം. സ്കൂൾ ലീഡർ മുഹമ്മദ് ഷഹ്സാറിന് ചന്ദ്രിക കൈമാറി അബ്ദുൽ അസീസ് ഹാജി ഉദ്ഘാടനം ചെയ്തു.

എം.ടി മുഹമ്മദ് കുഞ്ഞി, അബ്ദുറഹിമാൻ വോൾഗ, ജുനൈദ്, മുസ്തഫ കാട്ടൂർ, എം.വി അബ്ദുറഹിമാൻ, കെ.കെ സനിത, പി ദീപിക, എ.പി രാജശ്രീ, കെ സുരേഷ്, പി.എച്ച് ബുഷറ പങ്കെടുത്തു.

## റെയിൽവേയിൽ ജോലി വാഗ്ദാനം ചെയ്ത് യുവാവിൽ നിന്ന് പത്തരലക്ഷം തട്ടിയെടുത്തു

ചക്കരക്കൽ: റെയിൽവേയിൽ ടി.ടി.ആർ ആയി ജോലി വാങ്ങി നൽകാമെന്ന് വിശ്വസിപ്പിച്ച് യുവാവിന്റെ പത്തരലക്ഷത്തിലേറെ രൂപ വാങ്ങി വഞ്ചിച്ചു.കാടാച്ചിറ ഓരിക്കര എൽ.പി സ്ളിനടുത്ത കെ.വി അഭിരാജിന്റെ 10.70 ലക്ഷം രൂപയാണ് തട്ടിയെടുത്തത്.കോയമ്പത്തൂർ സ്വദേശിനിയായ രമ്യമണികണ്ഠൻ എന്ന സ്ത്രീയാണത്രെ വഞ്ചിച്ചത്. 2022 സപ്തംബർ അഞ്ച് മുതൽ ഇന്നലെ വരെയുള്ള കാലയളവിൽ പല തവണകളിലായാണ് പണം കൈവശപ്പെടുത്തിയതത്രെ.സംഭവം തട്ടിപ്പാണെന്ന് മനസിലാക്കിയതോടെ അഭിരാജ് പൊലീസിൽ പരാതി നൽകി. എടക്കാട് പൊലീസ് കേസെടുത്തു.

## ഹയർസെക്കൻഡറി തുല്യതാ പരീക്ഷ

കൽപ്പറ്റ: ജില്ലാ സാക്ഷരതാ മിഷൻ 2023 മെയ് മാസത്തിൽ നടത്തിയ ഹയർസെക്കണ്ടറി വിഭാഗത്തിൽ ഒന്നാം വർഷ തുല്യതാ പരീക്ഷ എഴുതിയവർക്കുള്ള രണ്ടാം വർഷ പരീക്ഷ, തുല്യതാ പരീക്ഷയിൽ പരാജയപ്പെട്ട വിഷയങ്ങളിലെ രണ്ടാം വർഷ സപ്ലിമെന്ററി പരീക്ഷ, ഒന്നാം വർഷ തുല്യതാ പരീക്ഷ എന്നിവ ജൂലൈ അഞ്ച് മുതൽ 14 വരെ നടക്കുമെന്ന് സാക്ഷരതാമിഷൻ ജില്ലാ കോ-ഓർഡിനേറ്റർ അറിയിച്ചു. ജി.എച്ച്.എസ്.എസ് കണിയാമ്പറ്റ, ജി.വി .എച്ച്.എസ്.എസ് മാനന്തവാടി, ഗവ.സർവ്വജന വൊക്കേഷണൽ എച്ച്.എസ്.എസ് ബത്തേരി, ജി.വി.എച്ച്.എസ്.എസ് കൽപ്പറ്റ എന്നിവയാണ് ജില്ലയിലെ പരീക്ഷാ കേന്ദ്രങ്ങൾ.

## ലഹരി വിരുദ്ധ ദിനം ആചരിച്ചു

തലപ്പുഴ: തലപ്പുഴ ഗവ. ഹയർസെക്കൻഡറി സ്കൂളിൽ അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് തലപ്പുഴ ടൗണിൽ ലഹരി വിരുദ്ധ റാലിയും ഫ്ലാഷ് മോബും നടത്തി.

സ്കൂൾ പിടിഎ പ്രസിഡണ്ട് ഇ. കെ. സതീഷ്, സ്കൂൾ ഹെഡ്മിസ്ട്രസ് സജനകുമാരി കെ വി, സിവിൽ എക്സൈസ് ഓഫീസർ (വിമുക്തി ഇൻ ചാർജ്) മൻസൂർ അലി, സിവിൽ പൊലീസ് ഓഫീസർ പി.സാജിർ എന്നിവർ ലഹരി വിരുദ്ധ സന്ദേശം നൽകി. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോഗ്രാം, ലഹരി വിരുദ്ധ ക്ലബ്ബ്, ഒ.ആർ.സി. ക്ലബ്ബ് തുടങ്ങിയവയുടെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിച്ചത്.




# വയനാട് വാർത്തകൾ

## അധ്യാപക നിയമനം

മാനന്തവാടി: കണിയാരം ഫാ.ജി.കെ എം.ഹയർസെക്കണ്ടറി സ്കൂൾ പ്ലസ്ടു വിഭാഗത്തിൽ ഒഴിവുള്ള മലയാളം (ജൂനിയർ)അധ്യാപക തസ്തികയിലേക്കുള്ള താൽക്കാലിക അധ്യാപക നിയമന കൂടികാഴ്ച ജൂലൈ 4ന് രാവിലെ 10 മണിക്ക് സ്കൂൾ ഓഫീസിൽ നടത്തും.

മാനന്തവാടി: പൈങ്ങാട്ടിരി ഗവ.എൽ.പി.സ്കൂളിൽ എൽ.പി.എസ്.ടി. തസ്തികയിലേക്ക് താൽക്കാലിക അധ്യാപക നിയമനത്തിനുള്ള അഭിമുഖം ജൂലൈ ഒന്നിന് രാവിലെ 10 മണിക്ക് സ്കൂൾ ഓഫീസിൽ നടക്കും.

തോൽപ്പെട്ടി: തോൽപ്പെട്ടി ഗവ. ഹൈസ്കൂളിൽ ഹൈസ്കൂൾ വിഭാഗം ഹിന്ദി അധ്യാപക നിയമനത്തിനുള്ള അഭിമുഖം ഇന്ന് രാവിലെ 10-നു സ്കൂൾ ഓഫീസിൽ.

മാനന്തവാടി: കണിയാരം ഫാ.ജി.കെ എം.ഹയർ സെക്കൻഡറി സ്കൂളിൽ ഹയർ സെക്കൻഡറി വിഭാഗം മലയാളം (ജൂനിയർ) അധ്യാപക നിയമനത്തിനുള്ള അഭിമുഖം ജൂലൈ നാലിനു രാവിലെ 10-നു സ്കൂൾ ഓഫീസിൽ.

## സൗജന്യ തൊഴിൽ പരിശീലനവും ജോലിയും

കൽപ്പറ്റ: കേന്ദ്ര / സംസ്ഥാന സർക്കാരുകളുടെ സംയുക്താഭിമുഖ്യത്തിൽ കുടുംബശ്രീ വഴി നടത്തി വരുന്ന തൊഴിൽ നൈപുണ്യ സൗജന്യ വിദ്യാഭ്യാസ പദ്ധതിയായ ഡിഡിയുജികെവൈ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ഹോട്ടൽ മാനേജ്മന്റ് (ഫുഡ് പ്രൊഡക്ഷൻ ആന്റ് കിച്ചൻ സ്റ്റീവാർഡിംഗ്), ഏവിയേഷൻ (കസ്റ്റമർ സർവീസ്) മേഖലയിലുള്ള റസിഡൻഷ്യഷൽ കോഴ്സുകളിലേക്ക് അപേക്ഷിക്കാം. 6 മാസമാണ് കോഴ്സ് കാലാവധി. പ്ലസ്ടു വിദ്യാഭ്യാസ യോഗ്യതയുള്ള 18നും 35നും ഇടയിൽ പ്രായമുള്ള കുടുംബശ്രീ/ ഓക്സിലറി അംഗ/ കുടുംബാംഗങ്ങൾക്ക് അപേക്ഷിക്കാം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് മുൻഗണനയുണ്ടായിരിക്കും. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സൗജന്യ പഠനം, ഭക്ഷണം, താമസം, പ്രായോഗിക പരിശീലനവും ലഭ്യമാക്കും. പഠനം പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര സർക്കാർ അംഗീകൃത എസ്എസ്ഇ സെർട്ടിഫിക്കറ്റുകൾ ലഭ്യമാവും. താല്പര്യമുള്ളർ ലവ്ഗ്രീൻ അസോസിയേഷൻ, ഗവ.ഐ.ടി.ഐക്ക് സമീപം, പുളിയാർമല, കൽപ്പറ്റ, വയനാട്. എന്ന സ്ഥാപനത്തിലേക്ക് 2024 ജൂലൈ മാസം 20 തിനു മുൻപായി നേരിട്ട് ഹാജരാവേണ്ടതാണ്. വിശദ വിവരങ്ങൾക്കായി (9539376000/ 9497486000, 04936206062) നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## മീനങ്ങാടി കത്തീഡ്രലിൽ ഓർമപ്പെരുന്നാൾ

മീനങ്ങാടി: സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് യാക്കോബായ സുറിയാനി കത്തീഡ്രലിൽ ഇടവക മധ്യസ്ഥരായ പരിശുദ്ധ പത്രോസ്, പൗലോസ് ശ്ലീഹൻമാരുടെ ഓർമപ്പെരുന്നാൾ വെള്ളി, ശനി ദിവസങ്ങളിൽ ആഘോഷിക്കും. വെള്ളി വൈകുന്നേരം 5.30ന് വികാരി ഫാ.ബിജുമോൻ കർലോട്ടുകുന്നേൽ കൊടിയേറ്റും. 6.30ന് സന്ധ്യാപ്രാർഥന, ഏഴിന് പ്രസംഗം. ശനി രാവിലെ എട്ടിന് വിശുദ്ധ കുർബാന. 10ന് പ്രദക്ഷിണം. ഫാ.ബിജുമോൻ കർലോട്ടുകുന്നേൽ, ഫാ.റെജി പോൾ ചവർപ്പനാൽ, ഫാ.ബേസിൽ വട്ടപ്പറമ്പിൽ, ഫാ.സോജൻ വാണാക്കുടിയിൽ തുടങ്ങിയവർ നേതൃത്വം നൽകും.

## ബാലപംക്തികൾ വിതരണം ചെയ്തു

മാനന്തവാടി: കുട്ടികളിൽ വായന വളർത്തുന്നതിന്റെ ഭാഗമായി ഗവ. യു.പി സ്കൂളിൽ പഴശ്ശി ഗ്രന്ഥാലയം തുടങ്ങിയ വായനമൂലയിലേക്ക് വിവിധ ബാലപംക്തികൾ വിതരണം ചെയ്തു. പഴശ്ശി ഗ്രന്ഥാലയത്തിന്റെ ലൈബ്രേറിയൻ ഷിനോജ് വി.പി പ്രധാന അധ്യാപകൻ വർക്കി ടി.പി. ക്ക് കുട്ടികൾക്കായി ബാലപംക്തികൾ കൈമാറി. അധ്യാപകരായ ബിന്ദു കെ.കെ., പ്രശാലിനി എൻ. പഴശ്ശി ലൈബ്രറി സെക്രട്ടറി തോമസ് സേവ്യർ അസിസ്റ്റന്റ് ലൈബ്രേറിയൻ ജിതിൻ എം.സി പരിപാടിക്ക് നേതൃത്വം നൽകി.

## വായനാ വാരാചരണം സമാപിച്ചു

കൽപ്പറ്റ: എസ്.കെ.എസ്.എസ്.എഫ് വയനാട് ജില്ല ത്വലബാവിംഗ് സംഘടിപ്പിച്ച വായന വാരാചരണം അവസാനിച്ചു. വിപുലമായ പ്രവർത്തനങ്ങളിലൂടെയാണ് ഒരാഴ്ചക്കാലം വായന വാരാചരണം ആചരിച്ചത്. വായന വാരാചരണം , ഗസ്റ്റ് ടോക്, ഓൺലൈൻ മെഗാ ക്വിസ് മത്സരം എന്നിങ്ങനെ വിപുലമായ പ്രവർത്തനങ്ങളിലൂടെയാണ് വായനാ ദിനം ആചരിച്ചത്. ദിവസേനയുള്ള പത്രവാർത്തകളെ അടിസ്ഥാനമാക്കിയാണ് ഓൺലൈൻ ക്വിസ് മത്സരം നടന്നത്. വാരാചരണത്തിന്റെ ഭാഗമായി ന്യൂസ് ക്വസ്റ്റ് എന്നപേരിൽ ദിനപത്രങ്ങൾ നാം അറിയേണ്ടത് എന്ന വിഷയത്തിൽ മാധ്യമപ്രവർത്തകൻ റിയാസ് ഫൈസി പാപ്ലശ്ശേരി സംസാരിച്ചു.

## ജനശക്തി കർഷക കോൺഗ്രസ്സ് കലകട്രേറ്റ് ധർണ്ണ നടത്തും

കൽപ്പറ്റ: മനുഷ്യ ജീവനും കർഷകർക്കും വില കൽപ്പിക്കാത്ത കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കെതിരെ ജനശക്തി കർഷക കോൺഗ്രസ്സ് വയനാട് ജില്ലാ കമ്മിറ്റി വയനാട് കല്ട്രേറ്റിന് മുൻപിൽ പ്രതിഷേധ ധർണ്ണ സംഘടിപ്പിക്കും. നാളെ രാവിലെ 11 മണിക്ക് നടക്കുന്ന ധർണ്ണ സമരം നവജന ശക്തി കോൺഗ്രസ്സ് ദേശീയ പ്രസിഡണ്ട് മനോജ് ശങ്കരനെല്ലൂർ ഉദ്ഘാടനം ചെയ്യും.

സംസ്ഥാന സെക്രട്ടറി എം.എൻ ഓമനക്കുട്ടൻ അദ്ധ്യക്ഷത വഹിക്കും. ഫാദർ ജോർജ്ജ് മാത്യു, പി.വി. ജനാർദ്ദനൻനമ്പ്യാർ, എൻ ഗോപാലകൃഷ്ണൻ, എം.ജി. മണിലാൽ, ബാബു മക്യാട് നേതൃത്വം നൽകും.

# മഴ: ജില്ലയിൽ 5 ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു

കൽപ്പറ്റ: ജില്ലയിൽ കാലവർഷം ശക്തമായ സാഹചര്യത്തിൽ അഞ്ച് ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. സുൽത്താൻ ബത്തേരി, വൈത്തിരി താലൂക്കുകളിലെ നൂൽപ്പുഴ, നെന്മേനി, മുട്ടിൽ, കോട്ടത്തറ ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ച

അഞ്ച് ക്യാമ്പുകളിലായി 34 കുടുംബങ്ങളിലെ 111 ആളുകളെ മാറ്റിപ്പാർപ്പിച്ചു. 46 സ്ത്രീകളും 46 പുരുഷൻമാരും 19 കുട്ടികളെയുമാണ് വിവിധ താലൂക്കുകളിൽ ആരംഭിച്ച ക്യാമ്പുകളിലേക്ക് മാറ്റിയത്. സുൽത്താൻ

ബത്തേരി താലൂക്കിലെ നൂൽപ്പുഴ നന്ദന ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിലെ ക്യാമ്പിൽ ആറ് കുടുംബങ്ങളിലെ 9 സ്ത്രീകളും 9 പുരുഷൻമാരും 5 കുട്ടിക്കളും ഉൾപ്പടെ 23 പേരെയും ചുണ്ടക്കിനി കോളിനിയിലെ അങ്കണവാടിയിൽ ഏഴ് കുടുംബങ്ങളിലെ 11 സ്ത്രീകളും 10 പുരുഷൻമാരും 4 കുട്ടിക്കളും ഉൾപ്പടെ 25 പേരെയും മാറ്റിപ്പാർപ്പിച്ചു. ചീരാൽ പൂള്ളക്കുണ്ട് അങ്കണവാടിയിൽ മൂന്ന് കുടുംബങ്ങളിലെ

6 സ്ത്രീകളും 5 പുരുഷൻമാരും 3 കുട്ടിക്കളും ഉൾപ്പടെ 14 പേരെ മാറ്റിപ്പാർപ്പിച്ചു. വൈത്തിരി താലൂക്കിലെ കരിങ്കുറ്റി ഗവ ഹയർസെക്കൻഡറി സ്കൂളിൽ ആരംഭിച്ച ക്യാമ്പിൽ 2 കുടുംബങ്ങളിലെ 2 സ്ത്രീകളും 2 പുരുഷൻമാരും 2 കുട്ടിക്കളും ഉൾപ്പെടെ 6 പേരെയും മുട്ടിൽ നോർത്ത് ഡബ്ല്യൂ.ഒ.എൽ.പി സ്കൂളിൽ 16 കുടുംബങ്ങളിലെ 18 സ്ത്രീകളും 20 പുരുഷൻമാരും 5 കുട്ടിക്കളെയും ഉൾപ്പെടെ 43 പേരെയും മാറ്റിപ്പാർപ്പിച്ചു.



കരിങ്കുറ്റി മണിയോകോട് ജംഗ്ഷനിൽ പുഴ കരവിഞ്ഞ് റോഡിൽ വെള്ളംകയറിയ നിലയിൽ

## കാലവർഷം: കൺട്രോൾ റൂം തുറന്നു

കൽപ്പറ്റ: കാലവർഷം ശക്തിയാർജിച്ചതിനെതുടർന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പനമരം ഗ്രാമപഞ്ചായത്തിൽ കൺട്രോൾ റൂം തുറന്നു. പുഴയോരത്ത് താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. അടിയന്തര സാഹചര്യങ്ങളിൽ വിളിക്കേണ്ട ഫോൺ നമ്പറുകൾ 8921181467, 9249221239, 6282897976

## സ്കൂൾ കോമ്പൗണ്ട് ഭിത്തി അപകടാവസ്ഥയിൽ


പുൽപ്പള്ളി: നിരവധി വിദ്യാർത്ഥികൾ പഠിക്കുന്ന പെരിക്കല്ലൂർ ഗവ. ഹൈസ്കുളിന്റെ ക്ലാസ് മുറികളോട് ചേർന്ന് നിൽക്കുന്ന കോമ്പൗണ്ട് ഭിത്തി ഏതു സമയത്തും നിലംപൊത്താവുന്ന അവസ്ഥയിൽ. മഴക്കാലം തുടങ്ങിയത്തോടെ അധ്യാപകരും വിദ്യാർത്ഥികളും ഭീതിയിലായിരിക്കുകയാണ്. എത്രയും വേഗത്തിൽ പ്രശ്നത്തിന് പരിഹാരം കാണണമെന്നാണ് ആവശ്യം ഉയരുന്നത്.



അപകടാവസ്ഥയിലായ സ്കൂൾ കോമ്പൗണ്ട് ഭിത്തി

## വെണ്ണിയോട്ടെ താഴ്ന്ന പ്രദേശങ്ങളിൽ വീണ്ടും വെള്ളം കയറി

കോട്ടത്തറ: കനത്ത മഴയിൽ വെണ്ണിയോട്ടെ താഴ്ന്ന പ്രദേശങ്ങളിൽ വീണ്ടും വെള്ളം കയറി തുടങ്ങി. നെൽപ്പാടങ്ങളും വാഴകൃഷികളും വെള്ളത്തിനടിയിലായി. കോട്ടത്തറ മണിയൻങ്കോട് റോഡ് പൂർണ്ണമായും ഒറ്റപ്പെട്ടു. വെണ്ണിയോട് വലിയകുന്നിന് താഴെ ഒടിയോട്ടിൽ ഭാഗത്ത് നിലവിൽ പുഴയിൽ നിന്നും വെള്ളം കയറിത്തുടങ്ങി. ചെറുപുഴ നിറഞ്ഞ് പുഴക്കംവയൽ ഭാഗങ്ങളിലും വയലുകളിൽ വെള്ളംകയറി. കുറുമണിയിലെ പുതുശ്ശേരിക്കുന്നിലും വെള്ളംകയറിത്തുടങ്ങിയിട്ടുണ്ട്. പുഴകൾ പൂർണ്ണമായും നിറഞ്ഞ് കവിയുന്നതോടെ കൂടുതൽ കൃഷിയിടങ്ങളിൽ വെള്ളം കയറും. ജില്ലയിലെ താഴ്ന്ന പ്രദേശങ്ങളിലൊന്നായ വെണ്ണിയോട് ഓരോ മഴക്കാലത്തും വെള്ളംകയറുക പതിവാണ്. കനത്ത മഴ തുടരുകയാണെങ്കിൽ ചേലാകുനിക്കുന്ന്, വലിയകുന്ന്, മാങ്ങോട്ട് കുന്ന്, പുതിയിടത്തുകുന്ന്, പന്നിയണകുന്ന്, ചെറിയ മൊട്ടക്കുന്ന് തുടങ്ങിയ പ്രദേശങ്ങൾ ഒറ്റപ്പെടാനും സാധ്യതയുണ്ട്.



കോട്ടത്തറ കമ്പളക്കാട് റോഡ് പുഴ കരകവിഞ്ഞ് വെള്ളത്തിലായപ്പോൾ

## ബ്ലോക്ക് പഞ്ചായത്ത് മണ്ണെടുത്തു; സബ് കലക്ടർ ഓഫീസ് അപകട ഭീഷണിയിൽ

മാനന്തവാടി: മഴയെത്തും മുമ്പേ മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് തങ്ങളുടെ അധീനതയിലുള്ള സ്ഥലത്തിന്റെ സംരക്ഷണഭിത്തി നീക്കി മണ്ണെടുത്തത് വിനയായി. മഴ ആരംഭിച്ചതോടെ മണ്ണെടുത്ത ഭാഗം കൂടുതൽ ഇടിയാൻ തുടങ്ങിയതോടെ സബ്ബ് കലക്ടർ ഓഫീസിന് അപകട ഭീഷിണി ഉയർത്തുകയാണ്. മാനന്തവാടി തലശ്ശേരി റോഡിൽ ഗാന്ധി പാർക്കിനോട് ചേർന്ന ടാക്സി

ജീപ്പുകൾ നിർത്തിയിടുന്ന ഭാഗത്താണ് മൺതിട്ട ഇടിയുന്നത്. ഇത് ജീപ്പുകാർക്കും കാൽനടയാത്രക്കാർക്കും ഒരുപോലെ ആശങ്കയിലാഴ്ത്തിയിരിക്കുകയാണ്.മഴ കനക്കുന്നതോടെ കൂടുതൽ മണ്ണിടിച്ചിൽ ഉണ്ടായാൽ സബ്ബ് കലകൂർ ഓഫീസിന് അപകട സാധ്യത ഏറും. അടിയന്തരമായി മണ്ണിടിച്ചിൽ തടയാനുള്ള നടപടി സ്വീകരിച്ചില്ലെങ്കിൽ വലിയ ദുരന്തത്തിന് നാട് സാക്ഷിയാകേണ്ടി വരും.



ബ്ലോക്ക് പഞ്ചായത്ത് മണ്ണെടുത്ത സ്ഥലം

## മഴ പെയ്താൽ അടിപ്പാത സ്വിമ്മിംഗ് പൂളായി മാറുന്നു

ഫറോക്ക്: കരുവൻതിരുത്തി ചാലിയം റോഡിൽ റെയിൽവെ അടിപ്പാലത്തിൽ വെള്ളം കെട്ടികിടക്കുന്നത് അപകടങ്ങൾക്കിടയാക്കുന്നു. ഫറോക്കിൽ നിന്നും കരുവൻതിരുത്തി, ചാലിയം ഭാഗങ്ങളിലേക്കുള്ള റോഡിലാണ് റെയിൽവെ അടിപ്പാത സ്ഥിതി ചെയ്യുന്നത്. നിർമ്മാണത്തിലെ അപാകത കാരണം ചെറിയ മഴ പെയ്താൽ പോലും അടിപ്പാതയിൽ വെള്ളമുയരും. അടിപ്പാതയോട് ചേരുന്ന ഭാഗത്ത് റോഡുകൾ ഉയർന്നും അടിപ്പാതയുടെ ഭാഗം താഴ്ന്ന് കിടക്കുന്നതുമാണ് വെള്ളക്കെട്ടിനിടയാക്കുന്നത്. അടിപ്പാതയുടെ വശത്ത് കൂടിയുള്ള ഓവുചാൽ തിരിച്ചറിയാനാകാത്ത വിധമാണ് ഇവിടെ വെള്ളമുയരുന്നത്. ഇത് കാരണം പരിചയമില്ലാത്തവർ ഇതിലെ ഇരുചക്രവാഹനവുമായി പോകുമ്പോൾ ഓവുചാലിൽ വീഴുന്നത് പതിവാണ്.

കൊച്ചിയിൽ നിന്നും ചമ്രവട്ടം വഴി കോഴിക്കോട് ലക്ഷ്യമാക്കി വരുന്ന വാഹനങ്ങളും ഇതിലൂടെ വേണം കടന്ന് പോകാൻ അടിപ്പാതയിലെ വെള്ളക്കെട്ട് പ്രശ്നം രൂക്ഷമായതിനെ തുടർന്ന് കഴിഞ്ഞ വർഷം സമീപത്തെ ഓവുചാലുകൾ വൃത്തിയാക്കുകയും അറ്റകുറ്റപണികൾ നടത്തുകയും ചെയ്തിരുന്നു. എന്നാൽ ഇത് കൊണ്ടും കെട്ടിക്കിടക്കുന്ന മുഴുവൻ വെള്ളവും ഒഴിഞ്ഞു പോകാത്ത സ്ഥിതിയാണ്. സമീപത്തെ കുന്നിൻ ചെരിവിൻ പ്രദേശങ്ങളിൽ നിന്നും വെള്ളം കുത്തിയൊലിച്ചു വരുന്നതാണ് അടിപ്പാതയിൽ വെള്ളം കെട്ടി സ്വിമ്മിംഗ് പൂളാകാൻ കാരണമാകുന്നത്. ഒഴുകി വരുന്ന വെള്ളം ഓവുചാൽ നിർമ്മിച്ച് തിരിച്ച് വിട്ടാൽ പരിഹാരമാകുമെന്ന പ്രതീക്ഷയിലാണ് നാട്ടുകാർ.

## നീലഗിരിയിൽ ശക്തമായ മഴ തുടരുന്നു; നാശനഷ്ടവും

ഗൂഡല്ലൂർ: നീലഗിരിയിൽ പെയ്ത കനത്ത മഴയിൽ ഗൂഡല്ലൂരിൽ നിന്നും കേരളത്തിലേക്കും, കർണാടകയിലേക്കും പോകുന്ന ദേശീയ പാതയിൽ മരങ്ങൾ വീണു ഗതാഗതം തടസ്സപ്പെട്ടു.

ഓവാലി പഞ്ചായത്തിലെ ചുണ്ണാമ്പ് പാലം വഴിയുള്ള റോഡിലേക്ക് മരം വീണ് ഗതാഗതം തടസപ്പെട്ടു. പുളിയംപാറയിൽ നൂറുകണക്കി നു നേന്ത്രവാഴകൾ നശിച്ചു. ആമക്കുളത്ത് രാത്രി 10 മണിക്ക് വിജയകുമാർ എന്നയാളുടെ പലചരക്ക് കടക്ക് പിന്നിലുണ്ടായിരുന്ന മൺതിട്ട കടക്കുമുകളിലേക്ക് വീണ് സാധനങ്ങൾ നശിച്ചു.

ആ സമയത്ത് കടയിആൾ സാന്നിധ്യമില്ലാത്തതിനാൽ ദുരന്തം ഒഴിവായി. പുഴകളും തോടുകളും നിറഞ്ഞുകവിഞ്ഞു തൊറപ്പള്ളിക്കു സമീപത്തെ ഇരുവയലിലെ വീടുകളിലേക്കു വെള്ളം കയറി. കോഴിക്കോട് റോഡിലെ ഇരുമ്പാലത്തിനു സമീപത്ത് പാണ്ഡിയാർ പുന്നപ്പുഴയോരത്ത് നിന്നിരുന്ന മരം വീണു സ്ത്രീക്ക് നിസാര പരിക്കേറ്റു. പൊന്നൂർ ഭാഗത്തുണ്ടായ മണ്ണിടിച്ചിലിൽ 5 വീടുകൾ തകർന്നു. ചെമ്പാലക്ക് സമീപം പുറമണവയലിൽ മണ്ണിടിച്ചലിൽ ഒരു വീടും തകർന്നു.

റവന്യൂ ഉദ്യോഗസ്ഥർ സ്ഥലത്തെത്തി തകർന്ന വീടുകൾ സന്ദർശിച്ചു നാശനഷ്ടങ്ങൾ വിലയിരുത്തി.

നീലഗിരി ജില്ലയിൽ കഴിഞ്ഞ കഴിഞ്ഞ ദിവസം വൈകുന്നേരം വരെ ലഭിച്ച മഴ (മില്ലീമീറ്ററിൽ): ഗൂഡല്ലൂർ 148, പന്തല്ലൂർ 135, ചേരക്കോട് 124, പാടന്തറ 90, നടുവട്ടം 52, ഓവാലി 88, അവലാഞ്ചി 110,അപ്പർ ഭവാനി 69, ഗ്ലൻമോർഗൻ 40, കുന്ത 22, എമറാൾഡ് 21, ഊട്ടി 18, കോത്തഗിരി 14, കോടനാട് 13.

## ഒറ്റപ്പെട്ട് മുത്തങ്ങ മന്മഥമൂല ആലത്തൂർ നിവാസികൾ

കൽപ്പറ്റ: കല്ലൂർപുഴ കരകവിഞ്ഞ് റോഡ് വെള്ളത്തിൽ മുങ്ങിയതോടെ ഒറ്റപ്പെട്ട് മന്മഥമൂല, ആലത്തൂർ നിവാസികൾ. മുത്തങ്ങയിൽ നിന്ന് പ്രദേശത്തേക്ക് എത്തുന്ന റോഡാണ് വെള്ളത്തിൽ മുങ്ങിയതോടെ പ്രദേശങ്ങൾ ഒറ്റപ്പെട്ടത്. മൻമഥമൂല, ആലത്തൂർ, കുഴിമൂല,ചുണ്ടക്കുനി, അത്തിക്കുനി, ചിറമൂല പ്രദേശങ്ങളിലേക്ക് പോകുന്ന റോഡിന്റെ തുടക്കഭാഗമാണ് വെള്ളത്തിൽ മുങ്ങിയത്.

കഴിഞ്ഞരണ്ട് ദിവസമായി പെയ്യുന്ന മഴയിൽ കല്ലൂർ പുഴകരകവിഞ്ഞ് സമീപത്തെവയലിലൂടെ വെള്ളകുതിച്ചെത്തിയാണ് റോഡ് മുങ്ങിയത്. ഇതോടെ പ്രദേശവാസികൾ അത്യാവശ്യകാര്യങ്ങൾക്കുപോലും അക്കരെയിക്കരെ കടക്കുന്നത് ഏറെ ബുദ്ധിമുട്ടിയാണ്. കുട്ടികളും മുതിർന്നവരും അരക്കൊപ്പം വെള്ളത്തിലൂടെ നടന്നാണ് പുറത്തുകടക്കുന്നത്. പ്രദേശത്ത് നിന്ന് പുറത്തേക്ക് കന്നുകാലികളെ മേയ്ക്കാനായി കൊണ്ടുപോകുന്നവരടക്കം പ്രയാസപ്പെട്ടാണ് കാലികളെ പുറത്തെത്തിക്കുന്നത്.കൂട്ടത്തിലെ കിടാവുകൾ ശക്തമായ ഒഴുക്കിൽ പ്രയാസപ്പെട്ടാണ് നീന്തി അക്കരയിരക്കരെ കടക്കുന്നത്. വെള്ളംകയറിയതോടെ ഇതുവഴിയുള്ള വാഹനഗതാഗതവും തടസ്സപ്പെടുന്നതും പതിവാണ്.



മുത്തങ്ങ ആലത്തൂർ ഭാഗത്തേക്കുള്ള റോഡിൽ വെള്ളംകയറിയപ്പോൾ പുറത്തേക്ക് കടക്കുന്ന കന്നുകാലികൾ

## പി.എഫ് പെൻഷനേഴ്സ് അസോസിയേഷൻ കോഴിക്കോട് ജില്ലാ സമ്മേളനം 30ന് മാവൂരിൽ

മാവൂർ: പ്രോവിഡണ്ട് ഫണ്ട് പെൻഷനേഴ്സ് അസോസിയേഷന്റെ ജില്ലാ സമ്മേളനം 2024 ജൂൺ 30ന് ഞായറാഴ്ച രാവിലെ 10ന് മാവൂർ എസ്.ടി.യു ഓഡിറ്റോറിയത്തിൽ നടക്കുമെന്ന് സംഘാടകർ വാർത്ത സമ്മേളനത്തിൽ അറിയിച്ചു. കേന്ദ്രസർക്കാറിന്റെ പെൻഷൻകാരോടുള്ള നിഷേധാത്മക നിലപാട് കാരണം മരുന്നു വാങ്ങാനോ ജീവിക്കാനോ കഴിയാത്ത അവസ്ഥയാണെന്ന് ഭാരവാഹികൾ കുറ്റപ്പെടുത്തി.

മിനിമം പെൻഷൻ 9000 രൂപയും ഡി. എയും അനുവദിക്കുക. ഇ.പി.എഫ് നിയമം സമഗ്രമായി പരിഷ്കരിക്കുക. സൗജന്യ ചികിത്സ അനുവദിക്കുക, മുതിർന്ന പൗരന്മാർക്കുള്ള റെയിൽവേ കൺസഷൻ പുന:സ്ഥാപിക്കുക, പി.എഫ് പെൻഷൻകാരോട് കേന്ദ്ര സർക്കാർ കാണിക്കുന്ന അവഗണന അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് പ്രക്ഷോഭങ്ങളും നിയമനടപടികൾ ഉൾപ്പെടെയുള്ള പോരാട്ടത്തിനും രൂപം നൽകും. ജില്ലാ സമ്മേളനം ഐ.എൻ.ടി.യു.സി ജില്ല പ്രസിഡന്റ് കെ. രാജീവ് ഉദ്ഘാടനം ചെയ്യും. ജില്ല പ്രസിഡന്റ് കാനങ്ങോട്ട് ഹരിദാസ് അധ്യക്ഷത വഹിക്കും. വാർത്ത സമ്മേളനത്തിൽ അഖിലേന്ത്യ പ്രസിഡന്റ് എം ധർമജൻ, കാനങ്ങോട്ട് ഹരിദാസ്, രാജൻ ബാബു, ടി.പി. ഉണ്ണിക്കുട്ടി, ചിറ്റടി അഹ്മദ് കുട്ടി ഹാജി, കെ.പി വിജയൻ, ഓനാക്കിൽ ആലി, പി. ഭാസ്കരൻ നായർ, പി.ടി. മുഹമ്മദലി സംബന്ധിച്ചു.

## ലോക ലഹരി വിരുദ്ധദിനാചരണം

കോഴിക്കോട്: പരപ്പിൽ എം.എം ഹൈസ്കൂളിൽ ലോക ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ പ്രദർശനം, ബോധവൽക്കരണ ക്ലാസ്, തീം ഇൻസ്റ്റലേഷൻ, സയൻസ് വർക്ക്ഷോപ്പ് എന്നീ വ്യത്യസ്ത പരിപാടികൾ സംഘടിപ്പിച്ചു. വിദ്യാർത്ഥികളും, അധ്യാപകരും തയ്യാറാക്കിയ ഗാന ചിത്രീകരണത്തിന്റെ സ്വിച്ച് ഓൺ കർമ്മം കോഴിക്കോട് എക്സൈസ് സർക്കിൾ ഓഫീസ് പ്രിവന്റീവ് ഓഫീസർ ഗ്രേഡ് ജലാലുദ്ധീൻ നിർവഹിച്ചു. മുതിർന്ന ശാസ്ത്രാധ്യാപിക പി.എം രഹന ടീച്ചർക്കുള്ള ആദരവും നൽകി. മനോമോഹനൻ സയൻസ് ക്ലബ് ഉദ്ഘാടനം നിർവഹിച്ചു. പി.ടി.എ പ്രസിഡണ്ട് മുഷ്താഖ് അലി അദ്ധ്യക്ഷത വഹിച്ചു. പ്രദീഷ് ടി.വി, സ്മിതേഷ്, അരുൺ, സി.സി ഹസൻ, ജലീൽ കെ, ഹാഷിം, ജസീഖ, പി വി ഹസൻ കോയ, അബ്ദുൽ റഹൂഫ്, ഇസ്ഹാഖ്, കെ.എം.എ നാസർ, ആശ, അബ്ബാസ് നടുവട്ടം, സുമി, നജ്മത്ത്, ഹസീന, ഷാബ്വിറ, ഷാനവാസ്, ജാസിർ, ഷഫ്ന, ജസീല, ജെസ്സി ഫാത്തിമ, അർജിഷ, ഫിദ മുസ്തഫ എന്നിവർ സംസാരിച്ചു.

ഫറോക്ക്: ലഹരി നിർമാർജന സമിതി ബേപ്പൂർ മണ്ഡലം കമ്മറ്റിയും, ഫറോക്ക് താലൂക്ക് ഹോസ്പിറ്റലും സംയുക്തമായി സംഘടിപ്പിച്ച ലഹരി വിരുദ്ധ സംഗമം ശ്രദ്ധേയമായി. താലൂക്ക് ഹോസ്പിറ്റൽ സൂപ്രണ്ട് ഡോ. ഷബീർ അലി ഉദ്ഘാടനം ചെയ്തു. യോഗാചാര്യൻ സുരേന്ദ്രനാഥ് മുഖ്യ പ്രഭാഷണം നിർവഹിച്ചു. എൻ കെ ബിച്ചിക്കോയ അധ്യക്ഷനായി. ഡോ. അൻവർ അലി, ജയേഷ്, കെ.ടി റസാക്ക്, കെ.വി അഷറഫ്, റഷീദ്, ജാഫർ, ഇ കെ അബ്ദുൽ ലത്തീഫ്, താഹിറ ഇ കെ, മജീദ് അമ്പലം കണ്ടി, ഫൽഗുണൻ സി, പി കെ ജാഫർ, ഷീബ, പിവി അൻവർ ഷാഫി, എം മൊയ്തീൻ കോയ, കെ അബ്ദുൾ ഖാദർ, കെ ലൈല എ, നാസർ കാരടി, ആഷിക്ക് എം കെ സംസാരിച്ചു.

## ഹരിത നിർമ്മാണം കാർബൺ പുറം തള്ളുന്നത് കുറക്കും

കോഴിക്കോട് : ഹരിത നിർമ്മാണം അന്തരീക്ഷത്തിലെ കാർബൺ പുറം തള്ളുന്നത് കുറയ്ക്കുമെന്ന് അരിസോണ യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ. നാരായണൻ നെയ്തലത്ത് അഭിപ്രായപ്പെട്ടു. കാലിക്കറ്റ് ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയുടെ ആഭിമുഖ്യത്തിൽ സുസ്ഥിര വികസനത്തിന് ഹരിത നിർമ്മാണം സംബന്ധിച്ച് സംവാദത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നിർമ്മാണമേഖലയാണ് സമ്പദ്‌വ്യവസ്ഥയെ താങ്ങി നിർത്തുന്നത്. 2050 ആകുമ്പോൾ ജനസംഖ്യ 9.7ബില്യൺ ആയി വർധിക്കും, അതിനനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ കൂടും. അവിടെയാണ് ഹരിത നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാധാന്യം. എൽ.എസ്.ജി. ഡി ടൗൺ പ്ലാനർ എസ് എസ് രാജി ഉദ്ഘാടനം ചെയ്തു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 28 വെള്ളി
ഗൾഫ് ചന്ദ്രിക



കാണാതായ മാമിയെന്ന മുഹമ്മദിനെ കണ്ടെത്തണമെന്നാവശ്യപ്പെട്ട് ബാലുശ്ശേരിയിൽ നടന്ന ബഹുജന റാലി

## മാമിയെ കണ്ടെത്തണം; ബഹുജന റാലി

ബാലുശ്ശേരി: പത്ത് മാസം മുമ്പ് കോഴിക്കോട് നിന്നും കാണാതായ മാമിയെന്ന മുഹമ്മദിനെ ഉടൻ കണ്ടെത്തണമെന്നും ഇതിനു പിന്നിൽ പ്രവർത്തിച്ച പ്രതികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്നും ആവശ്യപ്പെട്ട് ആക്ഷൻ കമ്മറ്റി ബാലുശ്ശേരിയിൽ സംഘടിപ്പിച്ച ബഹുജന റാലിയും ബഹുജന സദസ്സും ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. അസ്‌ലം ബക്കർ ആക്ഷൻ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. അഡ്വ. രാജേഷ് കുമാർ അധ്യക്ഷനായി. കെ രാമചന്ദ്രൻ മാസ്റ്റർ, പി.പി രവീന്ദ്രനാഥ്, കെ അഹമ്മദ് കോയ മാസ്റ്റർ, കെ.വി ബാലൻ, ടി. ആർ രഘൂത്തമൻ, അഷ്റഫ് കുന്നുമ്മൽ, പി.കെ കബീർ സലാല, കെ.ഷാജി, ഭരതൻ പുത്തൂർ വട്ടം സംസാരിച്ചു. അഡ്വ. രാജേഷ് കുമാർ, ഹസ്സൻ അഗ, അസ്‌ലം ബക്കർ, കെ ഷാജി, മനാഫ് പനായി, ഷരീഫ് ആഷിയാന, നാസർ കുന്നക്കൊടി, നസീർ, മുനീർ കോക്കല്ലൂർ, മുഹസിൻ കീഴമ്പത്ത്, ഡ്ഡസ വിജയൻ മാസ്റ്റർ, ഭരതൻ പുത്തൂർ വട്ടം., ഗോൾഡൻ നാസർ, കബീർ സലാല, അഷ്റഫ് കളത്തിങ്ങൽ വി മുഹമ്മദലി, സീനത്ത് മുതുവത്ത്റാലിക്ക് നേതൃത്വം നൽകി.

# കോഴിക്കോട് വാർത്തകൾ


സ്വതന്ത്ര കർഷക സംഘം ജില്ലാ നേതൃയോഗം സംസ്ഥാന സെക്രട്ടറി കെ.കെ അബ്ദുറഹിമാൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു

## ദുരിത ബാധിതർക്ക് ആശ്വാസം പകരണം: സ്വതന്ത്ര കർഷക സംഘം

കോഴിക്കോട് : മഴക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന കർഷകർക്ക് ആശ്വാസം പകരാൻ സർക്കാർ അടിയന്തിര നടപടികൾ കൈക്കൊള്ളണമെന്നും കൃഷി നാശത്തിന് താമസം വിനാ നഷ്ടപരിഹാരം ഉറപ്പു വരുത്തണമെന്നും സ്വതന്ത്ര കർഷക സംഘം കോഴിക്കോട് ജില്ലാ നേതൃയോഗം സർക്കാറിനോടാവശ്യപ്പെട്ടു. കോഴിക്കോട് ബാഫഖി കർഷക ഭവനിൽ ചേർന്ന യോഗം സംസ്ഥാന സെക്രട്ടറി കെ.കെ അബ്ദുറഹിമാൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ഒ.പി മൊയ്തു അധ്യക്ഷനായി. നസീർ വളയം സ്വാഗതം പറഞ്ഞു. പി ബീരാൻ കുട്ടി, സി.വി മൊയ്തീൻ, എസ് കെ അസ്സയിനാർ, എ.പി മൂസ, കെ.കെ അന്ത്രു മാസ്റ്റർ, എ.വി മൊയ്തീൻ കോയ, പി.കെ മൊയ്തീൻ, മാമുക്കുട്ടി മായനാട്, നടുക്കണ്ടി അബൂബക്കർ സംസാരിച്ചു.

## വില്ല്യാപ്പള്ളി ഇബ്രാഹിം മുസ്‌ലിയാർ, മൂസ ഹാജി ആണ്ടനുസ്മരണം നാളെ

വില്ല്യാപ്പള്ളി: സമസ്ത മുശാവറ മെമ്പറും കർമ ശാസ്ത്ര പണ്ഡിതനുമായിരുന്ന വില്ല്യാപ്പള്ളി ഇബ്രാഹിം മുസ്‌ലിയാരുടെയും, പ്രവാസി പ്രമുഖനും പാവങ്ങളുടെ അത്താണിയും, മഹല്ല് പ്രസിഡന്റുമായിരുന്ന കരണ്ടോത്ത് മൂസ ഹാജിയുടെയും ആണ്ടനുസ്മരണം മലാറക്കൽ നാസിറുൽ ഇസ്‌ലാം ജമാഅത്ത് മഹല്ല് കമ്മറ്റിയുടെ നേതൃത്വത്തിൽ നാളെ നടക്കും. കാലത്ത് 10 മണിക്ക് കുടുംബ സംഗമം ഖാസി സി.വി അബ്ദുറഹ്മാൻ ഹൈത്തമി ഉദ്ഘാടനം ചെയ്യും. ആസിഫ് ദാരിമി മുഖ്യപ്രഭാഷണം നടത്തും. നാലു മണിക്ക് പൂർവവിദ്യാർത്ഥി സംഗമം നടക്കും. വൈകീട്ട് ഏഴു മണിക്ക് സമാപന സമ്മേളനം പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. ഓണമ്പള്ളി മുഹമ്മദ് ഫൈസി, പാറക്കൽ അബ്ദുല്ല, കെ. ആറ്റക്കോയ തങ്ങൾ, ഇ.കെ അബൂബക്കർ ഫൈസി തുടങ്ങിയ പണ്ഡിതരും നേതാക്കളും പങ്കെടുക്കും.


കല്ലാച്ചിയിലെ വെള്ളക്കെട്ടിന് പരിഹാരം ആവശ്യപ്പെട്ട് വ്യാപാരി നേതാക്കൾ എക്സി. എഞ്ചിനീയർക്ക് നിവേദനം നൽകുന്നു

## വെള്ളക്കെട്ട്: വ്യാപാരികൾ നിവേദനം നൽകി

നാദാപുരം: കല്ലാച്ചിയിലെ വെള്ളക്കെട്ടിന് പരിഹാരം കാണാൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് വ്യാപാരി വ്യവസായി ഏകോപന സമിതി ഭാരവാഹികൾ പൊതുമരാത്ത് എക്.സി എഞ്ചിനീയർക്ക് നിവേദനം നൽകി. ഓവുചാലുകൾ ക്ലീൻ ചെയ്യാത്തത് കൊണ്ട് മഴവെള്ളം ഒഴികിപ്പോവാതെ അങ്ങാടിയിൽ വലിയ വെള്ളകെട്ടുകൾ രുപപ്പെടുന്നതിനാൽ കടകളിൽ വെള്ളം കയറി വ്യാപാരികൾക്ക് കനത്ത നാശനഷ്ടങ്ങൾ വരുത്തിവെക്കുന്നു. ഇതുമൂലം വ്യാപാരികൾ വലിയ പ്രയാസങ്ങളാണ് നേരിടുന്നത്. അടിയന്തര പരിഹാരം കാണുന്നില്ലെങ്കിൽ സമര പരിപാടികളുമായി മുന്നോട്ട് പോകുമെന്ന് പ്രസിഡന്റ് എം.സി ദിനേശൻ, ജനറൽ സെക്രട്ടറി ശംസുദ്ദീൻ ഇല്ലത്ത്, പോക്കു ഹാജി, സുധീർ ഒറ്റപ്പുരക്കൽ എന്നിവർ പറഞ്ഞു.

## സിനിമ

**കോഴിക്കോട്**
**രാധ:** GHAJINI (Tamil) (11.00 A.M., 9.00 P.M)
GURUVAYOOR AMBALANADAYIL (Mal) (2.30 P.M., 6.00 P.M.)
**ARC കോറണേഷൻ**
**ONLINE BOOKING THROUGH Bookmyshow**
BIG BEN (MAL) (10:00 AM,05:30 PM)
KALKI -2898 AD (MAL) (10:00 AM, 01:20 PM, 07:00 PM, 10:30 PM)
MAHARAJA (TAMIL) (02:00 PM, 07:00 PM)
NADANNA SAMBHAVAM (MAL) (03:00 PM, 10:30 PM)
PARADISE (MAL) (12:00 PM, 05:00 PM)
PATTAAPAKAL (MAL) (12:00 PM, 05:00 PM)
ULLOZHUKKU (MAL) (12:30 AM, 04:45 PM, 08:00 PM)
**കൈരളി: A/C 4K Dolby:**
KALKI 2898 AD(mal)(10.30AM,02.00PM,05.45PM,09.15PM)
**ശ്രീ: A/C 4K Dolby:**
PARADISE-(11.00AM,09.00PM)
ULLOZHUKKU-(03.00PM,06.00PM)
PATTAPAKAL-(01.00PM)
**വടകര**
**അശോക് CNC: A/C 4K Dolby 7.1**
KALKI 2898 AD 3D (Malayalam) (10.00, 01.15, 04.30, 07.45)
NADANNA SAMBHAVAM (Malayalam) (11:00, 02:00,08:00)
GOLAM (Malayalam) (05:00PM)
**കുന്ദമംഗലം**
**MAGIC FRAMES 4K RGB LASER/3D DOLBY ATMOS**
MAHARAJA (U/A) - TAMIL (2:00 PM, 4:40 PM)
GAGANACHARI - Malayalam (11:45 AM, 7:15 PM)
KALKI 2898 AD (U/A) - Malayalam (11:00 AM,12:00 PM, 4:00 PM, 7:30 PM, 9:30 PM, 10:45 PM)
BIG BEN - Malayalam (2:30 PM)
PATTAAPAKAL - Malayalam (9:45 PM)
PARADISE (U/A) - Malayalam (7:45 PM)
KUNDALA PURANAM (U) - Malayalam (5:00 PM)

## ജില്ലയിലും പ്ലസ് വൺ ബാച്ചുകൾ അനുവദിക്കണം

# മുസ്‌ലിംലീഗ് തുടർ പ്രക്ഷോഭത്തിലേക്ക്

**ജൂലൈ ഒന്നിലെ പ്രതിഷേധ സംഗമം വിജയിപ്പിക്കും**

കോഴിക്കോട്. ജില്ലയിൽ പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും ഇഷ്ടപ്പെട്ട സ്കൂളും കോമ്പിനേഷനും ലഭിക്കുന്നതിന് വേണ്ടി ജില്ലയിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പ്ലസ് വൺ അധിക ബാച്ചുകൾ അനുവദിക്കണമെന്ന് മുസ്‌ലിം ലീഗ് കോഴിക്കോട് ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. ജില്ലയിൽ 48,156 വിദ്യാർത്ഥികൾ പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷിച്ചിട്ടുണ്ട്. മൂന്നാം അലോട്ട്മെന്റ് പൂർത്തിയായപ്പോൾ മെറിറ്റ് അടിസ്ഥാനത്തിൽ 31,389 വിദ്യാർത്ഥികളും,സ്പോർട്സ് ക്വാട്ടയിൽ 650 വിദ്യാർത്ഥികളും, കമ്മ്യൂണിറ്റി ക്വാട്ടയിൽ 2,028 വിദ്യാർത്ഥികളും, മാനേജ്മെന്റ് ക്വാട്ടയിൽ 1,750 വിദ്യാർത്ഥികളും അ എയ്ഡഡ് സ്കൂളിൽ 392 വിദ്യാർത്ഥികളും പ്രവേശനം നേടിയിട്ടുണ്ട്. 48,156 വിദ്യാർത്ഥികളിൽ 36,209 വിദ്യാർത്ഥികൾക്ക് മാത്രമാണ് പ്രവേശനം ലഭിച്ചിട്ടുള്ളത്. ഇതിൽ തന്നെ പലർക്കും ഇഷ്ടപ്പെട്ട സ്കൂളോ, കോമ്പിനേഷനോ ലഭിച്ചിട്ടില്ല. 11,947 വിദ്യാർത്ഥികൾ പ്രവേശനം ലഭിക്കാതെ ആശങ്കയിലാണ്. സർക്കാർ കണക്കുകൾ പ്രകാരം 7094 സീറ്റുകൾ ബാക്കിയുണ്ട്. എന്നാൽ ഇതിൽ 4290 ഒഴിവുകളും അൺഎയ്ഡഡ് സ്കൂളുകളിലാണ്. അൺ എയ്ഡഡ് മേഖലയിൽ ജില്ലയിലുള്ള 4682 സീറ്റിൽ 392 സീറ്റിൽ മാത്രമാണ് വിദ്യാർത്ഥികൾ പ്രവേശനം നേടിയത് എന്നത് വിദ്യാർത്ഥികൾക്ക് അൺഎയ്ഡഡ് മേഖലയിൽ പഠിക്കാനുള്ള വിമുഖത മനസ്സിലാക്കാവുന്നതാണ്. മെറിറ്റ് സീറ്റിൽ 17 ഒഴിവുകൾ (എസ്.സി 2, ഭിന്നശേഷി 15) മാത്രമാണുള്ളത്. സ്പോർട്സ് ക്വാട്ടയിൽ 132 ഒഴിവും കമ്മ്യൂണിറ്റി ക്വാട്ടയിൽ 457 ഒഴിവും മാനേജ്മെന്റ് ക്വാട്ടയിൽ 2,198 ഒഴിവുമാണുള്ളത്. പന്ത്രണ്ടായിരത്തോളം വിദ്യാർത്ഥികൾക്ക് ആകെ 2,804 ഒഴിവുകൾ മാത്രമാണ് സർക്കാർ, എയ്ഡഡ് മേഖലയിൽ ജില്ലയിൽ നിലവിലുള്ളത്. ബാക്കിയുള്ള പതിനായിരത്തോളം വിദ്യാർത്ഥികൾക്ക് അൺ എയ്ഡഡ് സ്കൂളുകളിലോ, പ്രൈവറ്റ് സ്ഥാപനങ്ങളിലോ ചേർന്ന പഠിക്കേണ്ട അവസ്ഥ വന്ന് ചേരും. ഉയർന്ന മാർക്ക് ലഭിച്ചിട്ടും ഇഷ്ടപ്പെട്ട സ്കൂളോ, കോമ്പിനേഷനോ ലഭിക്കാത്തത് ഇവരുടെ ഉന്നത പഠനത്തിനും ജോലി സാധ്യതകൾക്കും മങ്ങലേൽപ്പിക്കും. സാമ്പത്തികമായി ചിലവ് വരുന്നതോടെ പല വിദ്യാർത്ഥികൾക്കും പ്ലസ് വൺ പ്രവേശനം അസാധ്യമാവും. നിലവിൽ മലപ്പുറം ജില്ലയിൽ മാത്രമാണ് സംസ്ഥാന സർക്കാർ താത്കാലിക അധിക ബാച്ചുകൾ പ്രഖ്യാപിച്ചത്. അതിന്റെ മറവിൽ കോഴിക്കോട് ജില്ലയിലെ വിദ്യാർത്ഥികളുടെ പഠിക്കാനുള്ള അവസരത്തെ നിഷേധിക്കുന്നത് അംഗീകരിക്കാനാവില്ല. ജില്ലയിലെ മുഴുവൻ വിദ്യാർത്ഥികൾക്കും സർക്കാർ എയ്ഡഡ് മേഖലയിൽ തുടർന്ന് പഠിക്കുന്നതിന് സർക്കാർ സംവിധാനം ഒരുക്കണം. കോഴിക്കോട് ജില്ലയിലും ആവശ്യത്തിന് അധിക ബാച്ചുകൾ അനുവദിക്കണമെന്നും മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് എം.എ റസാഖ് മാസ്റ്റർ, ജനറൽ സെക്രട്ടറി ടി.ടി ഇസ്മായിൽ എന്നിവർ ആവശ്യപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട് ജൂലൈ ഒന്നിന് തിങ്കളാഴ്ച യു.ഡി.എഫ് പഞ്ചായത്ത്, മുനിസിപ്പൽ, മേഖല കമ്മിറ്റികളുടെ നേതൃത്വത്തിൽ നടത്തുന്ന പ്രതിഷേധ സംഗമം വിജയിപ്പിക്കുന്നതിന് മുസ്‌ലിം ലീഗിന്റെയും പോഷക സംഘടനകളുടെയും മുഴുവൻ നേതാക്കളും പ്രവർത്തകരും നേതൃത്വം കൊടുക്കണമെന്നും ഇരുവരും ആവശ്യപ്പെട്ടു. സർക്കാരിന്റെ ഭാഗത്ത് നിന്നും നീതി ലഭിക്കാത്ത പക്ഷം പ്രവേശനം ലഭിക്കാത്ത വിദ്യാർത്ഥികളേയും ബഹുജനങ്ങളെയും സംഘടിപ്പിച്ച് കൊണ്ട് തുടർപ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകുമെന്നും ഇരുവരും മുന്നറിയിപ്പ് നൽകി.


തൂണേരി ചേടിയാലക്കടവിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റും സംഘവും സന്ദർശനം നടത്തുന്നു

## ചേടിയാലക്കടവിൽ ജനപ്രതിനിധികളെത്തി

**ചന്ദ്രിക വാർത്ത തുണയായി**

നാദാപുരം: മഴ കനത്തതോടെ തൂണേരി പഞ്ചായത്തിലെ മുടവന്തേരി- ചേടിയാലക്കടവ് പുഴ വഴിമാറി ഒഴുകുകയും സമീപത്തെ കൃഷിയിടങ്ങൾ നശിക്കുകയും ചെയ്ത പ്രദേശം ജനപ്രതിനിധികൾ സന്ദർശിച്ചു. ഇത് സംബന്ധിച്ച് ഇന്നലെ ചന്ദ്രിക നൽകിയ വാർത്തയെ തുടർന്നാണ് തൂണേരി പഞ്ചായത്ത് പ്രസിഡന്റ് സുധാ സത്യന്റെ നേതൃത്വത്തിൽ ജനപ്രതിനിധി സംഘം എത്തിയത്. ചേടിയാലക്കടവ് പാലം നിർമാണത്തിന്റെ ഭാഗമായി മയ്യഴി പുഴ ഒരു ഭാഗം മണ്ണിട്ട് നികത്തിയത് മഴക്ക് മുമ്പ് നീക്കം ചെയ്യാത്തത് മൂലമാണ് വെള്ളപ്പൊക്ക ഭീഷണിയും മണ്ണിടിച്ചിലുമുണ്ടായത്. ഇതേക്കുറിച്ച് നാട്ടുകാർ ജില്ലാ കലക്ടർക്കും പൊതുമരാമത്തിനും ദുരന്ത നിവാരണ വിഭാഗത്തിനും നിരന്തരം വിവരങ്ങൾ അറിയിച്ചിട്ടും യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. പ്രശ്നത്തിന് പരിഹാരം കാണാൻ ഗ്രാമ പഞ്ചായത്ത് അടിയന്തിരമായി ഇടപെടുമെന്ന് പ്രസിഡന്റ് സുധാ സത്യൻ പറഞ്ഞു. വൈ. പ്രസിഡന്റ് വളപ്പിൽ കുഞ്ഞമ്മദ് മാസ്റ്റർ, സ്റ്റാൻറിങ് കമ്മറ്റി ചെയർപേഴ്സൻ റജുല ഫൈസൽ, മെമ്പർ ഫൗസിയ സലീം എൻ. സി. എന്നിവരും സംഘത്തിലുണ്ടായിരുന്നു.


വില്യാപ്പള്ളി വില്ലേജ് ഓഫീസിലെ വൈദ്യുതി വിച്ഛേദിച്ചതിൽ പ്രതിഷേധിച്ച് യൂത്ത്ലീഗ് നടത്തിയ ധർണ

## ബില്ല് അടച്ചില്ല: വില്ലേജ് ഓഫീസിൽ വൈദ്യുതിയില്ല യൂത്ത് ലീഗ് മാർച്ച് നടത്തി

വില്യാപ്പള്ളി: വൈദ്യുതി ബിൽ അടവാക്കാത്തതിന്റെ പേരിൽ വില്ല്യാപ്പള്ളി വില്ലേജ് ഓഫീസിന്റെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിട്ട് ഒരാഴ്ച്ച പിന്നിട്ടു. ദൈനംദിന കാര്യങ്ങളുമായി ബന്ധപ്പെട്ട് വില്ലേജ് ഓഫീസിലെത്തുന്നവർക്ക് വ്യക്തമായ മറുപടി ലഭിക്കുകയോ കാര്യങ്ങൾ സാധിക്കാനോ പറ്റാത്ത അവസ്ഥയാണുള്ളത്. സഹികെട്ട പൊതുപ്രവർത്തകനും നാട്ടുകാരും ഓഫീസിന്റെ ദുരവസ്ഥയുടെ നിജസ്ഥിതി അന്വേഷിച്ചെത്തിയപ്പോൾ പൈസയില്ലാത്ത കാരണത്താൽ കറന്റ് ബില്ല് അടച്ചിട്ടില്ലെന്നാണ് പറഞ്ഞത്. വില്ലേജ് ഓഫീസറും ജീവനക്കാരിൽ ഭൂരിപക്ഷവും ദിവസങ്ങളോളമായി ലീവിലാണെന്നും ഇൻ ചാർജുള്ള ഉദ്യോഗസ്ഥാനും ജീവനക്കാരനും മാത്രമാണ് സീറ്റിലുണ്ടായിരുന്നത്. വൈദ്യുതി പുനസ്ഥാപിക്കാൻ മേലുദ്യോഗസ്ഥന്മാരെയും, പഞ്ചായത്ത്, താലൂക്ക്, കലക്ട്രേറ്റ് എന്നിവിടങ്ങളിൽ വിവരം അറിയിച്ചിട്ടുണ്ടെന്നും നടപടികളൊന്നും ഉണ്ടായിട്ടില്ലെന്നും പറഞ്ഞു. ഉന്നത വിദ്യാഭ്യാസത്തിനാവശ്യമായ പല രേഖകളും ആവശ്യമായി വരുന്ന ഈ സന്ദർഭത്തിൽ ഓഫീസിന്റെ കെടുകാര്യസ്ഥത സാധാരണക്കാരെ സാരമായി ബാധിച്ചിട്ടുണ്ട്.

വില്ലേജ് ഓഫീസിലെ അനാസ്ഥക്കെതിരെ വില്ല്യാപ്പള്ളി പഞ്ചായത്ത് യൂത്ത് ലീഗ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വില്ലേജ് ഓഫീസിലേക്ക് പ്രതിഷേധ മാർച്ച് നടത്തി. എത്രയും പെട്ടെന്ന് വിഷയത്തിന് പരിഹാരം കാണാത്തപക്ഷം ശക്തമായ സമരങ്ങളുമായി യൂത്ത് ലീഗ് മുമ്പോട്ട് പോകുമെന്ന് പ്രസിഡന്റ് ശറഫുദ്ദീൻ കൈതയിൽ പറഞ്ഞു. മണ്ഡലം ഉപാധ്യക്ഷൻ ചെത്തിൽ സുബൈർ മാർച്ച് ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് ഉപാധ്യക്ഷൻ മഹറൂഫ് മേമുണ്ട അധ്യക്ഷനായിരുന്നു. മാനാരി ഇബ്രാഹിം, ഫസൽ മേമുണ്ട, സബാഹ്, യാസീൻ കീഴൽ സംസാരിച്ചു. ജനറൽ സെക്രട്ടറി നൈസാം രാജഗിരി സ്വാഗതവും സലാഹുദ്ദീൻ നന്ദിയും പറഞ്ഞു.

# വടകരയിൽ കടലാക്രമണം രൂക്ഷം


വടകര കൊയിലാണ്ടി വളപ്പിലുണ്ടായ കടൽക്ഷോഭം

വടകര: കാലവർഷം ശക്തമായതോടെ വടകരയിൽ കടലാക്രമണം രൂക്ഷമായി. സാന്റ് ബാങ്ക്സ്, ചുങ്കം കടപ്പുറം, മുകച്ചേരി ഭാഗം, ആവിക്കൽ, കുരിയാടി, പള്ളിത്താഴെ തുടങ്ങിയ പ്രദേശങ്ങളിലാണ് കടലാക്രമണം രൂക്ഷമായത്. സാന്റ് ബാങ്ക്സിൽ പുലിമുട്ടിനോട് ചേർന്ന് ഇന്നലെ വൈകീട്ടോടെ വലിയ തോതിൽ വെള്ളം കയറി. മറ്റ് ചില സ്ഥലങ്ങളിൽ കടൽ അമ്പത് മീറ്ററോളം കരയിലേക്ക് കയറിയിട്ടുണ്ട്. കൊയിലാണ്ടി വളപ്പിൽ പത്തോളം കുടുംബങ്ങളുടെ വീടുകളും, മറ്റിടങ്ങളിൽ മുപ്പതോളം വീടുകളും ഭീഷണിയിലാണ്. ശക്തമായ കാറ്റിലും മഴയിലും കൊയിലാണ്ടി വളപ്പിൽ തെങ്ങ് മുറിഞ്ഞു വീണ് മയ്യിച്ചിന്റവിട സുനീറിന്റെ വീടിനു പുറത്തുള്ള ശുചിമുറി തകർന്നു. കൊയിലാണ്ടി വളപ്പിൽ എരഞ്ഞിക്കൽ ആയിശു, വളപ്പിൽ ജിയാന, ഇബ്രാഹിം ചേറാന്റവിട, സലാം മാടക്കൂൽ, കുഞ്ഞായിശ മഞ്ഞാന്റവിട, എറമുള്ളാൻ ഇഞ്ചിന്റവിട, ബീവി വളപ്പിൽ പുതിയ പുരയിൽ, ഫൈസൽ വളപ്പിൽ പുതിയ പുരയിൽ, അഷറഫ് വളപ്പിൽ പുതിയപുരയിൽ, ഉസ്മാൻ വളപ്പിൽ പുതിയ പുരയിൽ എന്നിവരുടെ വീടുകളാണ് ഭീഷണിയിലുള്ളത്. കുരിയാടിയിൽ പാണന്റെ വിട ശ്യാം രാജ്, കിണറ്റിൻകര സരസു, പാണന്റെ വിട പവിത്രൻ, കോയാന്റെ വളപ്പിൽ ഭവാനി, പുതിയ പുരയിൽ സുരേഷ് നായാടിന്റെ വിട ഗീത, പുതിയ പുരയിൽ ബാബു, പാണന്റെ വിട രമേശൻ, പുതിയപുരയിൽ സത്യൻ, തുടങ്ങി മുപ്പതോളം വീടുകൾ കടലാക്രമണ ഭീഷണിയിലാണ് ഇവിടെ തീരദേശ റോഡ് തകർന്ന് തരിപ്പണമായിട്ടുണ്ട്. തീര ദേശത്ത് പുതുതായി സ്ഥാപിച്ച പത്തോളം ഇലക്ട്രിക്ക് പോസ്റ്റുകളും ഒരു ട്രാൻസ്ഫോമറും കടലെടുക്കുന്ന സ്ഥിതിയിലാണ്. ഇവിടെ 54 വർഷം മുമ്പ് കെട്ടിയ കടൽഭിത്തിയാണുള്ളത്. മണൽ അടിച്ചുകയറി ഈ കടൽ ഭിത്തികൾ മണ്ണിനടിയിലാണുള്ളത്. ഇത് കാരണം ചെറിയ തിരമാലകൾ ഉണ്ടാകുമ്പോൾ തന്നെ നിവലിലുള്ള കടൽഭിത്തി കടന്നു വെള്ളം കയറുന്നുണ്ട്. പ്രദേശത്തെ കടൽ ഭിത്തി ഉടൻ പുനർ നിർമിച്ചില്ലെങ്കിൽ നൂറോളം വീട്ടുകാർ വീട് ഒഴിയേണ്ടിവരും. വരയന്റെ വളപ്പ് മുതൽ കൈതയിൽ വളപ്പ് വരെ 500 മീറ്റർ കടൽ ഭിത്തികെട്ടുന്നതിന് 4.80 കോടി രൂപയുടെ പ്രപ്പോസൽ സർക്കാറിൽ നൽകിയിട്ട് മൂന്ന് വർഷത്തിലധികമായി. അടിയന്തിരമായി സർക്കാർ ഇടപെട്ട് കടൽഭിത്തി നിർമിക്കണമെന്ന് പരമ്പരാഗത മത്സ്യത്തൊഴിലാളി സംരക്ഷണ സമിതി പ്രസിഡന്റ് സതീശൻ കുരിയാടി ആവശ്യപ്പെട്ടു. ജനപ്രതിനിധികൾ ഇവരോട് മാറി താമസിക്കാൻ ആവശ്യപ്പെട്ടെങ്കിലും മാറാൻ ഇവർ തയ്യാറാകുന്നുമില്ല. വാർഡ് മെമ്പർ നിസാബി ടീച്ചറുടെ നേതൃത്വത്തിൽ കൊയിലാണ്ടി വളപ്പിൽ പരിസരവാസികൾ തിരമാല അടിച്ചു കയറാതിരിക്കാൻ ചാക്കിൽ മണൽ നിറച്ച് മതിൽ തീർത്തിട്ടുണ്ട്. കാലാകാലങ്ങളിലായി തീരദേശവാസികളുടെ ആവശ്യമായിരുന്നു കടൽഭിത്തി എന്നത്. എന്നാൽ ഇക്കാര്യത്തിൽ ജനപ്രതിനിധികൾ മുഖം തിരിക്കുന്ന സമീപനമാണ് സ്വീകരിച്ചു വന്നതെന്ന് നാട്ടുകാരുടെ പരാതി.

## മുസ്‌ലിം ലീഗ് പ്രവർത്തക സമിതി ഇന്ന്

ആയഞ്ചേരി: കുറ്റ്യാടി നിയോജക മണ്ഡലം മുസ്‌ലിം ലീഗ് പ്രവർത്തക സമിതി ഇന്ന് വെള്ളി 3 മണിക്ക് തിരുവള്ളൂർ ശിഹാബ് തങ്ങൾ സ്മാരകത്തിൽ ചേരുന്നതാണ്. അംഗങ്ങൾ കൃത്യസമയത്ത് എത്തിച്ചേരണമെന്ന് ജനറൽ സെക്രട്ടറി കെ.സി മുജീബ് റഹ്മാൻ അറിച്ചു.



നാദാപുരം മണ്ഡലം യു.ഡി.എഫ് നേതൃസംഗമം ജില്ലാ കൺവീനർ അഹമ്മദ് പുന്നക്കൽ ഉദ്ഘാടനം ചെയ്യുന്നു

## നാദാപുരത്ത് പത്ത് കേന്ദ്രങ്ങളിൽ യു.ഡി.എഫ് സമര സംഗമം

നാദാപുരം: എസ്.എസ്.എൽ സി പരീക്ഷയിൽ ഫുൾ എ പ്ലസ് നേടീയ കുട്ടികൾക്ക് പോലും പ്ലസ് വൺ പഠനത്തിനു സൗകര്യം ഏർപെടുത്താത്ത സർക്കാരിന്റെ അലംഭാവത്തിനെതിരെ ജൂലൈ ഒന്നിന് തിങ്കളാഴ്ച നാദാപുരം നിയോജക മണ്ഡലത്തിലെ പത്ത് പഞ്ചായത്ത് ആസ്ഥാനങ്ങളിലും സായാഹ്ന സമര സദസ്സ് സംഘടിപ്പിക്കാൻ നിയോജക മണ്ഡലം യു.ഡി എഫ് നേതൃയോഗം തീരുമാനിച്ചു. നാദാപുരം മണ്ഡലത്തിൽ വിജയിച്ച പകുതിയിലധികം കുട്ടികൾക്കും ഇതേവരെ അലോട്ട്മെന്റ് ലഭിക്കാതെ രക്ഷിതാക്കളും കുട്ടികളും ഉൽക്കണ്ഠയി ലാണ്. മണ്ഡലത്തിലെ ഹയർ സെക്കന്ററി സ്കൂളുകളിൽ പുതിയ ബാച്ചുകൾ അനുവദിച്ച് എല്ലാ കുട്ടികൾക്കും പഠനസൗകര്യമൊരുക്കണമെന്ന് യോഗം സർക്കാറിനോട് ആവശ്യപ്പെട്ടു. ചെയർമാൻ സൂപ്പി നരിക്കാട്ടേരി അധ്യക്ഷത വഹിച്ചു. ജില്ലാ യു.ഡി.എഫ് കൺവീനർ അഹമ്മദ് പുന്നക്കൽ ഉദ്ഘാടനം ചെയ്തു. മണ്ഡലം കൺവീനർ സജീവൻ വക്കീൽ, കെ.കെ. നവാസ്, ബംഗ്ലത്ത് മുഹമ്മദ്, എൻ. കെ. മൂസ, ടി.കെ ഖാലിദ്, കോരങ്കോട്ട് മൊയ്തു, മോഹനൻ പാറക്കടവ്, അബ്ദുല്ല വയലോളി, എം.പി ജാഫർ, പി.കെ ദാമു, എം.പി സൂപ്പി, കെ.എം രഘുനാഥ് സംസാരിച്ചു.

## കല്ലാച്ചി പൈപ്പ് ലൈൻ റോഡിലെ ഗതാഗതം നിരോധിച്ചു

# വെള്ളക്കെട്ടിന് പരിഹാരം


കല്ലാച്ചി പൈപ്പ് ലൈൻ റോഡിൽ വെള്ളക്കെട്ട് ഒഴിവാക്കാൻ പഞ്ചായത്ത് കൾവർട്ട് നിർമാണം ആരംഭിച്ചപ്പോൾ

നാദാപുരം: കല്ലാച്ചി പൈപ്പ് ലൈൻ റോഡിനടിയിൽ മഴവെള്ളം പോകാനിട്ടിരുന്ന വലിയ പൈപ്പ് മണ്ണും ചെളിയും നിറഞ്ഞ് അടഞ്ഞതിനാൽ കഴിഞ്ഞ ദിവസത്തെ ശക്തമായ മഴയെ തുടർന്നുണ്ടായ വെള്ളക്കെട്ട് പരിഹരിക്കാനായി ഗ്രാമ പഞ്ചായത്ത് മുൻ കയ്യെടുത്ത് പൈപ്പ് ലൈൻ റൊഡ് കുറുകെ മുറിച്ചു കെട്ടിനിന്ന വെള്ളമൊഴുക്കി വിട്ടു. താൽക്കാലിക പരിഹാരമുണ്ടാക്കുന്നതിന് റോഡ് മുറിച്ചതിനാൽ ഇതുവഴിയുള്ള ഗതാഗതം പൂർണമായി നിരോധിച്ചിരിക്കയാണെന്നും പൊതുജനങ്ങൾ സഹകരിക്കണമെന്നും പ്രസിഡന്റ് വി.വി മുഹമ്മദലി അഭ്യർത്ഥിച്ചു. വളയം- വാണിമേൽ റോഡിലെയും ഇതിനോടു ചേർന്നുള്ള ഉയർന്ന പ്രദേശങ്ങളിലെയും മഴവെള്ളം പൈപ്പ് ലൈൻ റോഡ് വഴി കാളാച്ചേരി താഴ തോട്ടിലേക്കും വിഷ്ണുമംഗലം പുഴയിലുമാണെത്തിച്ചേരുന്നത്. വർഷങ്ങൾക്ക് മുമ്പേ ഇട്ട പൈപ്പ് അടഞ്ഞതിനാൽ വെള്ളക്കെട്ടുണ്ടാവുകയും മരങ്ങൾ കടപുഴകി അപകടമുണ്ടാവുകയും ചെയ്തിരുന്നു. തുടർന്നാണ് ഗ്രാമ പഞ്ചായത്ത് റോഡ് മുറിച്ചത്. കൾവെർട്ട് പണിത് റോഡ് ഗതാഗതയോഗ്യമാക്കാൻ നടപടിയെടുത്തു. എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങാൻ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. പഞ്ചായത്ത് അസിസ്റ്റൻറ് എഞ്ചിനീയർ ദിനേശ് ഡി.കെ , ഹെൽത്ത് ഇൻസ്പെക്ടർ കെ സതീഷ് ബാബു, വാർഡ് കൺവീനർ സി.വി ഇബ്രാഹിം എന്നിവർ മേൽനോട്ടം വഹിച്ചു.

## ബില്ല് അടച്ചില്ല: സിവിൽ സ്റ്റേഷനിലെ വൈദ്യുതി ബന്ധം വിച്ഛേദിച്ചു

വടകര : വൈദ്യുതി ബിൽ അടക്കാത്തതിനെ തുടർന്ന് വടകര സിവിൽ സ്റ്റേഷനിലെ വൈദ്യുതി കണക്ഷൻ കെ.എസ്.ഇ.ബി വിച്ഛേദിച്ചു. ആർ ടി ഓഫീസ് ഒഴികെയുള്ള മറ്റു ഓഫീസുകളിൽ ഒറ്റ മീറ്ററാണുള്ളത്. ഓരോ ഓഫീസുകളിൽ നിന്നും അടക്കേണ്ട തുക ശേഖരിച്ച് താലൂക്ക് ഓഫീസിൽ നിന്നുമാണ് തുക അടച്ചു വരുന്നത്. 3024 രൂപയാണ് അടക്കേണ്ടിയിരുന്നത്. ബിൽ തുക അടക്കാതായതോടെ വ്യാഴാഴ്ച കെ.എസ്.ഇ.ബി അധികൃതർ സിവിൽ സ്റ്റേഷനിലെ വൈദ്യുതി കട്ട് ചെയ്തു . ഇതോടെ ആർ ടി ഒ ഓഫീസ് ഒഴികെയുള്ള ഓഫീസുകളുടെ പ്രവർത്തനം അവതാളത്തിലായി .നേരത്തെ പല പ്രാവശ്യവും ബിൽ അടക്കാത്തതിനാൽ സിവിൽ സ്റ്റേഷനിലെ വൈദ്യുതി ബന്ധം വിച്ഛേദിച്ചിരുന്നു. ജീവനക്കാരുടെ പ്രതിഷേധത്തെ തുടർന്ന് താലൂക്ക് ഓഫീസ് ഇടപെട്ട് കണക്ഷൻ പുനഃസ്ഥാപിക്കുകയായിരുന്നു.

## പ്ലസ് വൺ സീറ്റ് പ്രതിസന്ധി: കെ.എസ്.യു കലക്ടറേറ്റ് മാർച്ച് നടത്തി

മലപ്പുറം: പ്ലസ്‌വൺ സീറ്റ് പ്രതിസന്ധി പരിഹാരമായി മലബാറിലെ പ്ലസ് വൺ പ്രതിസന്ധി പരിഹരിക്കാൻ രൂപം നൽകിയ കാർത്തികേയൻ കമ്മീഷന്റെ റിപോർട്ട് നടപ്പിലാക്കണമെന്നും താൽക്കാലിക ബാച്ചിനു പകരം സ്ഥിരം സംവിധാനം ഏർപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് മലപ്പുറം കലക്ടറേറ്റിലേക്ക് കെ.എസ്.യു വിദ്യാർഥി ലഹള മാർച്ച് നടത്തി. ഡി.സി.സി പ്രസിഡന്റ് അഡ്വ. വി.എസ് ജോയ് ഉദ്ഘാടനം ചെയ്തു. ഇ.കെ അൻഷിദ് അധ്യക്ഷനായി. കണ്ണൻ നമ്പ്യാർ,ആദിൽ കെ.കെ.ബി, ഷംലിക് കുരിക്കൾ, ഷഫ്രിൻ, പി.സുദേവ്, അനൂജ് കാപ്പിൽ പ്രസംഗിച്ചു. കലക്ടറേറ്റ് ഉപരോധത്തിന് ശേഷം പ്രവർത്തകർ മലപ്പുറം ടൗണിൽ പാലക്കാട് കോഴിക്കോട് ദേശീയപാത ഉപരോധിച്ചു.



പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് കെ.എസ്.യു ജില്ലാ കമ്മിറ്റി കലക്ട്രേറ്റിലേക്ക് നടത്തിയ മാർച്ച് ഡി.സി.സി പ്രസഡന്റ് വി.എസ് ജോയ് ഉദ്ഘാടനം ചെയ്യുന്നു

## ഡിഗ്രി ഓണേഴ്സ് പ്രവേശനം

മലപ്പുറം: കൊണ്ടോട്ടി മുതുവല്ലൂർ ഐ.എച്ച്.ആർ.ഡി അപ്ലൈഡ് സയൻസ് കോളേജിലെ ബി.കോം ഓണേഴ്സ്, ബി.ബി.എ ഓണേഴ്സ് കോഴ്സുകളിൽ കോളേജിന് നേരിട്ട് പ്രവേശനം നടത്താവുന്ന സീറ്റുകളിലേക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് 0483-2963218, 8547005070

മലപ്പുറം വാർത്തകൾ

# ജില്ലയിൽ ഭീതിയേറ്റി കനത്ത മഴ

- മലയോര മേഖലകളിൽ മണ്ണിടിച്ചിൽ
- നിരവധി കൃഷിയിടങ്ങൾ നശിച്ചു

മലപ്പുറം: ജില്ലയെ ഭീതിയിലാഴ്ത്തി ശക്തമായ മഴ തുടരുന്നു. മൂന്ന് ദിവസമായി തോരാതെ പെയ്യുന്ന മഴയിൽ വലിയ നാശ നഷ്ടങ്ങളാണ് വിവിധ മേഖലയിൽ റിപ്പോർട്ട് ചെയ്യുന്നത്. മലയോര മേഖലകളിൽ മണ്ണിടിച്ചിൽ ശക്തമാണ്. ചാലിയാറിൽ ജലനിരപ്പ് ഉർന്നത് കാരണം ആദിവാസി കോളനികളെല്ലാം ഒറ്റപ്പെട്ട അവസ്ഥയിലാണ്.

കർഷകരെ കണ്ണീരിലാഴ്ത്തി നിരവധി കൃഷിയിടങ്ങൾ നശിച്ചിട്ടുണ്ട്. ശക്തമായ കാറ്റിൽ മരങ്ങൾ കടപുഴകി വീണു. പലയിടങ്ങളിലും കിണർ ഇടിഞ്ഞു താന്നു. ചാലിയാറിലും കടലുണ്ടിപ്പുഴയിലും ഭാരതപ്പുഴയിലും ജലനിരപ്പ് വലിയ തോതിൽ ഉയർന്നിട്ടുണ്ട്.

ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ശക്തമായ കാറ്റിൽ മരം വീണ് ഗതാഗതം നിലച്ചു. പലയിടങ്ങളിലും ദീർഘ നേരം വൈദ്യുതി മുടങ്ങി. പല പ്രദേശിക പാലങ്ങളും വെള്ളത്തിനടിയിലാണ്. വീടിനു മുകളിലേക്ക് മണ്ണിടിഞ്ഞു വീണു നിരവധി വീടുകൾക്ക് ഭാഗികമായി തകർന്നു.

ശക്തമായ മഴയിൽ കൂടുതൽ വാഹനാപകടങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കനത്ത മഴയെ തുടർന്ന് പെരുമ്പടപ്പ് വില്ലേജിൽ ദുരിതാശ്വാസ ക്യാമ്പ് ആരംഭിച്ചിട്ടുണ്ട്. ഒരു കുടുംബത്തെ ക്യാമ്പിലേക്ക് മാറ്റി. വെളിയങ്കോട്, പൊന്നാനി വില്ലേജുകളിൽ 22 ആളുകളെ ബന്ധു വീടുകളിലേക്ക് താമസം മാറ്റി. പൊന്നാനി മേഖലയിൽ കടലാക്രമണം രൂക്ഷമാണ്. നിരവധി വീടുകൾ തകർച്ച ഭീഷണിയിലാണ്.

ദേശീയ പാതയുടെ അവസ്ഥയും സമാനമാണ്. ഭീതിയോടെയാണ് ഒരോ വാഹനങ്ങളും കടന്നു പോകുന്നത്. അശാസ്ത്രീയമായി കിടക്കുന്ന സർവീസ് റോഡുകൾ വലിയ അപടങ്ങൾക്കാണ് വലിയൊരുക്കുന്നത്. മഴയിൽ രക്ഷതേടി പലയിടങ്ങളിലും ടാർപായ വലിച്ച കെട്ടിയ അവസ്ഥയാണ്. ആയിരക്കണക്കിന് വാഹനങ്ങളാണ് ദിനം പ്രതി ഈ റൂട്ടിലൂടെ കടന്ന പോകുന്നത്.

എന്നാൽ യാതൊരു സുരക്ഷാ ക്രമീകരണങ്ങളും കരാർ കമ്പനിയുടെ ഭാഗത്ത് നിന്നുമുണ്ടായില്ല എന്നത് പ്രതിഷേധത്തിന് ഇടയാക്കിയിട്ടുണ്ട്. പലയിടങ്ങളിലും വെള്ളക്കെട്ട് രൂപപ്പെട്ട പ്രയാസം അനുഭവിക്കുകയാണ്. പലയിടങ്ങളിലും മരങ്ങളും അപകട ഭീഷണിയുയർത്തുന്നുണ്ട്. ബുധനാഴ്ച രാമനാട്ടുകര ദേശീയ പാതയിൽ മരം കടപുഴകി വീണ് മലപ്പുറം ജില്ലക്കാരായ മൂന്ന് പേർക്ക് പരിക്കു പറ്റി. ശക്തമായ മഴ കാരണം പല ജില്ലകളിലും ഓറഞ്ച് അലട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ജില്ലയിൽ ഇന്നലെ മുതൽ യെല്ലോ അലർട്ടാണ്. പല ജില്ലയിലും സ്കൂളുകളും അവധിയാണ്. എന്നാൽ ജില്ലയിൽ അവധി പ്രഖ്യാപിച്ചിട്ടില്ല.

## പൊന്നാനി തീര മേഖലയിൽ ശക്തമായ കടലാക്രമണം തുടരുന്നു

പൊന്നാനി: പൊന്നാനി താലൂക്കിലെ തീര മേഖലയിൽ ശക്തമായ കടലാക്രമണം തുടരുന്നു. പൊന്നാനി അഴീക്കൽ മുതൽ പാലപ്പെട്ടി അജ്മീർ നഗർ വരെയുള്ള തീരപ്രദേശങ്ങളിൽ ജനങ്ങൾ ഭീതിയുടെ വക്കിലാണ്.

പാലപ്പെട്ടി, വെളിയങ്കോട് മേഖലയിലാണ് കടൽക്ഷോഭം രൂക്ഷമായത്. ഈ മേഖലയിൽ എമ്പതോളം വീടുകളിലേക്ക് വെള്ളം കയറി. പത്തോളം വീടുകൾ തകർച്ചാ ഭീഷണിയിലാണ്. ഏതാനും കുടുംബങ്ങൾ താമസം മാറിയിട്ടുണ്ട്. കുട്ടികളെയും പ്രായമായവരെയും ബന്ധുവീടുകളിലേക്ക് മാറ്റി. ഏതു നിമിഷവും കടൽ കയറിവരാവുന്ന വീടുകളിൽ കാവലിരിക്കുകയാണ് പലരും.

ഏറെ ദയനീയമായ കാഴ്ചയാണ് കടലോര മേഖലയിൽ. ജില്ലാതിർത്തിയായ കാപ്പിരിക്കാട് മുതൽ അലിയാർ പള്ളി വരെയുള്ള ഭാഗങ്ങളിൽ ബുധനാഴ്ച ഉച്ചയോടെയാണ് ശക്തമായ തിരയടിയുണ്ടായത്. ബുധനാഴ്ച രാത്രിയും ഇന്നലെ രാവിലെയും ശക്തമായ മഴയുണ്ടായി.

വെളിയങ്കോട് മേഖലയിൽ രാവിലെ മുതൽ വൈദ്യുതിയും മുടങ്ങി. പത്തു മുറി, തണ്ണിത്തുറ പ്രദേശങ്ങളിലാണ് ശക്തമായ തിരയടി ഭീഷണി ഉയർത്തുന്നത്.

### കടലാക്രമണത്തിൽ അടിയന്തര സഹായ നടപടികൾ സ്വീകരിക്കണം: പി അബ്ദുൽഹമീദ്

മലപ്പുറം: പൊന്നാനി താലൂക്കിലെ തീരമേഖലയിലെ ശക്തമായ കടലാക്രമണത്തിൽ സർക്കാർ അടിയന്തര സഹായ നടപടികൾ സ്വീകരിക്കണമെന്ന് മുസ്‌ലിംലീഗ് ജില്ലാ ജനറൽ സെക്രട്ടറി പി. അബ്ദുൽഹമീദ് എം.എൽ.എ ആവശ്യപ്പെട്ടു. പൊന്നാനി അഴീക്കൽ മുതൽ പാലപ്പെട്ടി അജ്മീർ നഗർ വരെയുള്ള തീരപ്രദേശങ്ങളിൽ ജനങ്ങൾ ഭീതിയുടെ വക്കിലാണ്. പാലപ്പെട്ടി, വെളിയങ്കോട് മേഖലയിലാണ് കടൽക്ഷോഭം രൂക്ഷമായത്. ഈ മേഖലയിൽ എൺപതോളം വീടുകളിലേക്ക് വെള്ളം കയറി. പത്തോളം വീടുകൾ തകർച്ചാ ഭീഷണിയിലാണ്. ഏതാനും കുടുംബങ്ങൾ താമസം മാറിയിട്ടുണ്ട്. കടൽ ക്ഷോഭമുള്ള പ്രദേശങ്ങളിൽ കടൽഭിത്തി നിർമിക്കണം. വീട് തകർന്നവർക്ക് ഉൾപ്പെടെ അടിയന്തരമായ നഷ്ടപരിഹാരം നൽകണം. തീരദേശത്ത് സൗജന്യ റേഷൻ ഉൾപ്പെടെയുള്ള സഹായങ്ങൾ സർക്കാർ പ്രഖ്യാപിക്കണം. അബ്ദുൽഹമീദ് ആവശ്യപ്പെട്ടു.

## ചാലിയാറിൽ ജലനിരപ്പുയർന്നു; അസുഖബാധിതരായ വനവാസികൾക്ക് സഹായഹസ്തവുമായി അഗ്നിശമന സേന

എടക്കര: ചാലിയാർ പുഴയിൽ ജലനിരപ്പുയർന്നതിനെ തുടർന്ന് അസുഖ ബാധിതരായ കൈക്കുഞ്ഞടക്കം രണ്ട് കുട്ടികളുമായി ആശുപത്രിയിലേക്ക് പോകൻ കഴിയാതെ ദുരിതത്തിലായ വനവാസികൾക്ക് സഹായഹസ്തവുമായി അഗ്നിശമന സേന. പോത്തുകൽ പഞ്ചായത്തിലെ മുണ്ടേരി ഇരുട്ടുകുത്തി ആദിവാസി ഊരിലെ അനൂപ് - ആതിര ദമ്പതികളുടെ മകൾ അനുഷ, വിപിൻഅനു ദമ്പതികളുടെ മകൾ ശ്രീകാലിക എന്നിവരെയാണ് അഗ്നിശമനസേനയുടെ ഡിങ്കി ബോട്ടിൽ കുത്തിയൊഴുകുന്ന ചാലിയാർ പുഴയുടെ മറുകരയിലെത്തിച്ച് ആശുപത്രിയിൽ ചികിത്സ നൽകിയത്.

അനൂപ്ആതിര ദമ്പതികളുടെ കൈക്കുഞ്ഞായ മകൾ അനുഷക്കും വിപിൻ -അനു ദമ്പതികളുടെ മകൾ ശ്രീകാലികക്കും പനി ബാധിച്ചിരുന്നു. രണ്ട് കുട്ടികളെയും മുണ്ടേരിയിലെ ഹോമിയോ ആശുപത്രിയിലെത്തിച്ച് ചികിത്സ നൽകാനായി പുഴക്കരയെത്തിയപ്പോൾ ചാലിയാറിൽ വെള്ളം ക്രമാതീതമായി ഉയർന്നിരുന്നു. മുളകൊണ്ട് കെട്ടിയുണ്ടാക്കിയ ചങ്ങാടത്തിലാണിവർ സാധാരണ പുഴ മുറിച്ച് കടക്കുന്നത്. എന്നാൽ ജലനിരപ്പ് ഉയർന്നതിനാൽ കുട്ടികളുമായി ചങ്ങാടത്തിൽ പോകാൻ ഇവർ ഭയപ്പെട്ടു. പുഴ കടക്കാനാകാതെ ദുരിതത്തിലായ ഇവർ അഗ്നിശമന സേനയുടെ സഹായം തേടുകയായിരുന്നു. ഉച്ചക്ക് രണ്ടരയോടെ ഇരുട്ടുകുത്തിയിലെത്തിയ അഗ്നിശമനസേന രണ്ട് കുട്ടികളെയും അവരുടെ മാതാപിതാക്കളെയും കുത്തിയൊലിച്ചൊഴുകുന്ന ചാലിയാർ പുഴയിലൂടെ ഡിങ്കി ബോട്ടിൽ മറുകരയെത്തിച്ചു. തുടർന്ന് ആശുപത്രിയിലെത്തിച്ച കുട്ടികൾക്ക് ചികിത്സ നൽകിയശേഷം തിരികെ പുഴ കടത്തിവിടുകയും ചെയ്തു. രാവിലെ കടുത്ത പനി ബാധിച്ച വാണിയംപുഴ ഊരിലെ ചെമ്പനെ ചങ്ങാടത്തിലാണ് മറുകരയെത്തിച്ചത്. ഇയാൾ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ചികിത്സ തേടിയിട്ടുണ്ട്. 2019ലെ പ്രളയത്തിലാണ് ഇരുട്ടുകുത്തി കടവിലുണ്ടയിരുന്ന കോൺക്രീറ്റ് നടപ്പാലം ഒലിച്ചുപോയത്.

ഇതേത്തുടർന്ന് കഴിഞ്ഞ അഞ്ച് വർഷത്തോളമായി വർഷകാലത്ത് മുണ്ടേരി വനത്തിലെ ഇരുട്ടുകുത്തി, തരിപ്പപ്പൊട്ടി, വാണിയംപുഴ, കുമ്പളപ്പാറ എന്നീ നാല് ഊരുകളിലെ ആദിവാസികൾ പുറംലോകവുമായി ബന്ധപ്പെടാനാകാതെ ദുരിതത്തിലാണ്.

നിലമ്പൂർ ഫയർ സ്റ്റേഷൻ ഓഫീസർ ബാബുരാജിന്റെ നേതൃത്വത്തിൽ അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ ഹരേഷ് കുമാർ, ഫയർമാൻമരായ ജംഷാദ്, നവീൻ, വിനോദ്, വിജേഷ് ഉണ്ണി, രമേഷ്, ഷാദ് അഹമ്മദ്, സുനിൽ, ഹോംഗാർഡുമാരായ അജിത്, അബ്ദുൽ സലാം, സിവിൽ ഡിഫൻസ് വളന്റിയർമാരായ റിജു രാജ്, റിയാസ് എന്നിവർ രക്ഷാപ്രവർത്തനത്തിൽ പങ്കാളികളായി.



അസുഖ ബാധിതരായ കുട്ടികളുമായി ആശുപത്രിയിലേക്ക് പോകാൻ കഴിയാതെ ദുരിതത്തിലായ ആദിവാസികളെ അഗ്നിശമന സേന ഡിങ്കി ബോട്ടിൽ ചാലിയാർ പുഴയുടെ മറുകരയെത്തിച്ചപ്പോൾ.



അലിവ് ഫൗണ്ടേഷൻ ഫോർ കൾച്ചർ ആന്റ് ഹ്യൂമാനിറ്റിക്ക് കീഴിലുള്ള കരുണാമൃതം പദ്ധതിക്ക് അലിവ് ജിദ്ദ ചാപ്റ്റർ നൽകുന്ന ഫണ്ട് അലിവ് പ്രസിഡന്റ് പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ ജിദ്ദാ ചാപ്റ്റർ കമ്മിറ്റി അധികൃതരിൽ നിന്ന് ഏറ്റുവാങ്ങുന്നു

## അലിവ് കരുണാമൃതം പദ്ധതിക്ക് ജിദ്ദ ചാപ്റ്ററിന്റെ സഹായം

വേങ്ങര : ആതുര സേവന പ്രസ്ഥാനമായ അലിവ് ഫൗണ്ടേഷൻ ഫോർ കൾച്ചർ ആന്റ് ഹ്യൂമാനിറ്റിക്ക് കീഴിൽ അലിവ് ജിദ്ദ ചാപ്റ്ററിന്റെ സഹകരണത്തോടെ നടപ്പിലാക്കി വരുന്ന കരുണാമൃതം പദ്ധതിക്ക് ജിദ്ദയിൽ നിന്ന് സഹായ ഹസ്തം.

പാവപ്പെട്ട കാൻസർ രോഗികൾക്കുള്ള ചികിത്സാ സഹായ പദ്ധതിയാണ് കരുണാമൃതം. ഇതിനാവശ്യമായ മുഴുവൻ ചിലവും വഹിച്ചു വരുന്നത് അലിവിന്റെ ജിദ്ദാ ചാപ്റ്റർ കമ്മിറ്റിയാണ്. നൂറു കണക്കിന് രോഗികൾക്ക് ഇതിന്റെ ആശ്വാസം ലഭിക്കുന്നു. ചാപ്റ്റർ കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്വരൂപിച്ച പതിനാല് ലക്ഷത്തി അമ്പത്തി ഒന്നായിരത്തി അറുനൂറ്റി പന്ത്രണ്ട് രൂപ പാണക്കാട് കൊടപ്പനക്കലിൽ നടന്ന ചടങ്ങിൽ അലിവ് പ്രസിഡന്റ് കൂടിയായ പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ ഏറ്റുവാങ്ങി.

അബീർ മെഡിക്കൽ ഗ്രൂപ്പിന്റെ സഹകരണത്തോടെ പ്രവർത്തിക്കുന്ന അലിവ് ഡയാലിസിസ് സെന്റർ, അലിവ് ഫിസിയോ തെറാപ്പി സെന്റർ, പാവപ്പെട്ട രോഗികൾക്ക് സൗജന്യ മരുന്ന് വിതരണത്തിനായി അലിവ് മെഡിക്കൽ കെയർ, സൗജന്യ ആംബുലൻസ് സർവീസ്, ഭിന്നശേഷിക്കാരുടെ ക്ഷേമം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ശിഹാബ് തങ്ങൾ അലിവ് എബിലിറ്റി പാർക്ക് എന്നിവ അലിവിന് കീഴിലുള്ള മറ്റ് സേവന പ്രവർത്തനങ്ങളാണ്. അലിവ് ജനറൽ സെക്രട്ടറി ശരീഫ് കുറ്റൂർ, ജിദ്ദ ചാപ്റ്റർ പ്രസിഡന്റ് അരീക്കൻ ലത്തീഫ്, ജനറൽ സെക്രട്ടറി റഷീദ് പറങ്ങോടത്ത്, ട്രഷറർ നൗഷാദ് ചേറൂർ, അലിവ് ട്രഷറർ ടി അബ്ദുൽ ഹഖ്, അബൂദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ ജനറൽ സെക്രട്ടറി ടി ഹിദായത്തുല്ല, മുസ്‌ലിം യൂത്ത് ലീഗ് മണ്ഡലം ജനറൽ സെക്രട്ടറി പുള്ളാട്ട് ശംസു, ട്രഷറർ നൗഫൽ മമ്പീതി, ആദൃശ്ശേരി കുഞ്ഞിമോൻ ഹാജി, അലിവ് ഭാരവാഹികളായ മുജീബ് പൂക്കുത്ത്, പി.കെ.അബ്ദുൽ റഷീദ്, അലി മേലേതിൽ, പി.എ ജവാദ്, ഹാരിസ് മാളിയേക്കൽ, ടി ഫസലുറഹ്മാൻ, ജിദ്ദ അലിവ് ചാപ്റ്റർ പ്രതിനിധികളായ മജീദ് പുകയൂർ, അഹമ്മദ് കരുവാടൻ, സിദ്ധീഖ് പുള്ളാട്ട്, സമീർ ഒതുക്കുങ്ങൽ, സി.ടി ഫാറൂഖ് പങ്കെടുത്തു.

## പ്ലസ് വൺ സീറ്റ് പ്രതിസന്ധി:
## യൂത്ത് ലീഗ് റോഡ് ഉപരോധവും കലക്ടറേറ്റ് മാർച്ചും മാറ്റിവെച്ചു

മലപ്പുറം: മുസ്‌ലിംലീഗ്, യൂത്ത് ലീഗ്, എം.എസ്.എഫ് കമ്മിറ്റികളുടെ നിരന്തര സമരങ്ങളുടെ ഭാഗമായി മലപ്പുറം ജില്ലയിൽ പ്ലസ് വൺ സീറ്റുകളുടെ അപര്യാപ്തത പരിഹരിക്കാൻ പുതിയ ബാച്ചുകൾ അനുവദിക്കുമെന്നും ഇത് സംബന്ധമായി ഉടൻ തീരുമാനമെടുക്കുമെന്നും സർക്കാർ വ്യക്തമാക്കിയ സാഹചര്യത്തിൽ നാളെ മലപ്പുറം ജില്ലയിലെ നിയോജക മണ്ഡലം കമ്മിറ്റികളുടെ നേതൃത്വത്തിൽ നടത്താൻ തീരുമാനിച്ച റോഡ് ഉപരോധവും ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജൂലൈ മൂന്നിന് നടത്താൻ തീരുമാനിച്ച കലക്ടറേറ്റ് മാർച്ചും മാറ്റിവെച്ചതായി ജില്ലാ ജനറൽ സെക്രട്ടറി മുസ്തഫ അബ്ദുൽ ലത്തീഫ് അറിയിച്ചു.

പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടികൾ നിശ്ചിത സമയത്തിനുള്ളിൽ സർക്കാർ കൈക്കൊള്ളുന്നില്ലെങ്കിൽ പ്രക്ഷോഭ പരിപാടികളുമായി മുന്നോട്ട് പോവുമെന്നും യൂത്ത്‌ലീഗ് അറിയിച്ചു.

## സി.പി.എം കൗൺസിലറുടെ അയോഗ്യത ഹൈക്കോടതി ശരിവെച്ചു

മഞ്ചേരി:സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അയോഗ്യനാക്കിയ നടപടിക്കെതിരെ സി.പി.എം കൗൺസിലർ നൽകിയ ഹരജി ഹൈക്കോടതി തള്ളി. മഞ്ചേരി നഗരസഭയിലെ 49ാം വാർഡ് കൗൺസിലർ സി.പി.എമ്മിലെ പി വിശ്വനാഥനെ തിരഞ്ഞെടുപ്പ് കമ്മീഷൻ അയോഗ്യനാക്കിയിരുന്നു. തിരഞ്ഞെടുപ്പ് കമ്മീഷന്റെ വിധിക്കെതിരെ നൽകിയ റിട്ട് ഹർജിയാണ് ഇന്നലെ ഹൈക്കോടതി തള്ളിയത്.

നഗരസഭ കൗൺസിലർ ആയും മലബാർ ദേവസ്വം ക്ഷേത്ര ജീവനക്കാരനായും സർക്കാർ ശമ്പളം കൈപ്പറ്റിയതു വഴി ഇരട്ട പദവി ആനുകൂല്യങ്ങൾ നേടിയെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് ഇക്കഴിഞ്ഞ ഫെബ്രുവരി 22ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിശ്വനാഥനെ അയോഗ്യനാക്കിയത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2020 ഡിസംബറിൽ നടന്ന തിരഞ്ഞെടുപ്പിൽ മത്സരിക്കുമ്പോൾ പി വിശ്വനാഥൻ കരുവമ്പ്രം കരിങ്കാളിക്കാവ് ക്ഷേത്രത്തിലെ വഴിപാട് ക്ലാർക്കായി ജോലി ചെയ്തു വരികയായിരുന്നു.

ഇക്കാര്യം ചൂണ്ടിക്കാട്ടി എതിർ സ്ഥാനാർത്ഥിയായ ഫൈസൽ പാലായി, പി വിശ്വനാഥനെ അയോഗ്യനാക്കണമെന്നാവശ്യപ്പെട്ട് പരാതി നൽകിയിരുന്നു. ഉടൻ ജോലി രാജിവെച്ച് വിശ്വനാഥൻ തിരഞ്ഞെടുപ്പിൽ മത്സരിക്കുകയും വിജയിക്കുകയും ചെയ്തു. എന്നാൽ 2021 അവസാനത്തോടെ അദ്ദേഹം വീണ്ടും ജോലിയിൽ പ്രവേശിച്ചു. ഇതോടെയാണ് കൗൺസിലറെ അയോഗ്യനാക്കണമെന്നാവശ്യപ്പെട്ട് 49ാം വാർഡിലെ വോട്ടറായ പി മുനവർ തിരഞ്ഞെടുപ്പ് കമ്മീഷനെ സമീപിച്ചത്. ക്ഷേത്രത്തിലെ വഴിപാട് ക്ലാർക്കായി ജോലി ചെയ്തിരുന്ന സമയത്ത് വ്യാജ റസിപ്റ്റ് ഉപയോഗിച്ച് പണമിടപാട് നടത്തിയതിന് ഇയാളെ മലബാർ ദേവസ്വം ബോർഡ് ജോലിയിൽ നിന്നും പിരിച്ചുവിട്ടിരുന്നു.

ഇതേ തുടർന്ന് കൗൺസിലർ സ്ഥാനം രാജിവെക്കണമെന്നാവശ്യപ്പെട്ട് യൂത്ത് ലീഗ്, യൂത്ത് കോൺഗ്രസ് നിരന്തരം സമരം നടത്തുകയും നഗരസഭാ യോഗത്തിനെത്തിയപ്പോൾ തടയുകയും ചെയ്തിരുന്നു.സി.പി.എം ഇയാളെ സംരക്ഷിക്കാൻ ശ്രമിച്ചുവെങ്കിലും പ്രതിഷേധം കനത്തതോടെ സി.പി.എമ്മിൽ നിന്നും പുറത്താക്കി.

## വാളക്കുളത്ത് സാമൂഹിക വിരുദ്ധരും നാട്ടുകാരും തമ്മിൽ സംഘട്ടനം; നാലു പേർക്ക് ഗുരുതര പരിക്ക്

ചോക്കാട് : വാളക്കുളത്ത് സാമൂഹിക വിരുദ്ധരും നാട്ടുകാരും തമ്മിൽ ഏറ്റുമുട്ടി. നിരവധി കേസുകളിൽ ഉൾപ്പെട്ട നാൽവർ സംഘം നാട്ടുകാരെ വെല്ലുവിളിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തതാണ് ഏറ്റുമുട്ടലിന് വഴിവെച്ചതെന്ന് പൊലീസ് പറഞ്ഞു.

സാമൂഹിക വിരുദ്ധരുടെ ശല്യം സഹിക്ക വയ്യാതെ വന്നതോടെയാണ് നാട്ടുകാർ സംഘടിച്ച് സംഘത്തെ നേരിടുകയായിരുന്നു. പൂക്കോട്ടുംപാടം തട്ടിയേക്കൽ ഷാഫി, പന്നിക്കോട്ടുമുണ്ട സ്വദേശികളായ വല്ലാഞ്ചിറ ഉമൈർ, മുതുകുളവൻ ഫായിസ് (പാണ്ഡ്യൻ), മുതുകുളവൻ ജിഷാൻ എന്നിവർക്കാണ് ഗുരുതരമായി പരിക്കേറ്റത്. പരിക്കേറ്റ ഉമൈർ ഒഴികെയുള്ള മൂന്നു പേരെ കോഴിക്കോട് മെഡിക്കൽ കോളജിലും ഉമൈറിനെ മഞ്ചേരി മെഡിക്കൽ കോളജിലും പ്രവേശിപ്പിച്ചു.

പൂക്കോട്ടുംപാടത്തിന് സമീപം വാളക്കുളത്ത് വെച്ചാണ് ഏറ്റുമുട്ടലുണ്ടായത്. പന്നിക്കോട്ടുമുണ്ടയിലെ കടയിൽ നിന്നും പണം തട്ടിയെടുത്ത സംഭവവുമായിട്ട് ബന്ധപ്പെട്ട് വാക്കേറ്റമാണ് ആദ്യമുണ്ടായത്. പിരിഞ്ഞു പോയ സംഘടം മടങ്ങിയെത്തി ആളുകളെ ഭീഷണിപ്പെടുത്തുകയും പടക്കമെറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു.

ബുധനാഴ്ച രാത്രി നാട്ടുകാർ സംഘടിച്ച് പ്രതികരിച്ചതോടെയാണ് ഏറ്റുമുട്ടലിൽ കലാശിച്ചത്. പരിക്കേറ്റ ഷാഫി, ഉമൈർ, ഫായിസ്, ജിഷാൻ എന്നിവരെ ആശുപത്രിയിൽ എത്തിക്കാൻ ബന്ധുക്കളും നാട്ടുകാരും രംഗത്തുവന്നില്ല. പൊലീസെത്തി നാല് ആംബുലൻസ് ഏർപ്പെടുത്തയാണ് ആശുപത്രിയിലേക്ക് മാറ്റിയത്.

നിസാരമായി പരിക്കേറ്റ ഉമൈർ ഇന്നലെ രാവിലെ പന്നിക്കോട്ടുമുണ്ടയിലെത്തി നാട്ടുകാരെ വീണ്ടും വെല്ലുവിളിക്കുകയും ഭീഷണിപ്പെടുത്തുകയും ആയുധങ്ങൾ ഉപയോഗിച്ച് അക്രമിക്കാൻ ശ്രമിക്കുകയും ചെയ്തതോടെ വീണ്ടും സംഘട്ടനമുണ്ടായി. ഗുരുതരമായി പരിക്കു പറ്റിയ ഉമൈറിനെ ആശുപത്രിയിലെത്തിക്കാനും പ്രദേശവാസികൾ തയ്യാറായില്ല. പൊലീസെത്തി ബന്ധുക്കളെ വിവരമറിയിച്ചാണ് ഇയാളെ മഞ്ചേരി മെഡിക്കൽ കോളജിലേക്ക് മാറ്റിയത്.

പോക്സോ, ബലാത്സംഗം, സ്ത്രീ പീഡനം, ലഹരി ഉപയോഗം തുടങ്ങി പത്തോളം കേസുകളിലെ പ്രതിയായ ഫായിസിനെ കാപ്പ ചുമത്തി പൊലീസ് നാടുകടത്തിയിരുന്നു. ലഹരി വസ്തുക്കളുടെ വിൽപനയും ഉപയോഗവും എതിർക്കുന്ന പൊതു പ്രവർത്തകര ഭീഷണിപ്പെടുത്തൽ, മോഷണം, പെരിന്തൽമണ്ണ താലൂക്ക് ആശുപത്രി അടിച്ചു തകർക്കൽ എന്നിങ്ങനെ 12 കേസുകൾ ഉമൈറിന്റെ പേരിലുണ്ട്.

ഷാഫിയുടെ പേരിലും ലഹരി ഉപയോഗം വിൽപന തുടങ്ങി നാലു കേസുകളും നിലവിലുണ്ട്. ജിഷാലിനെതിരെ ലഹരി ഉപയോഗത്തിനാണ് കേസുള്ളത്. നാട്ടുകാരെ നിരന്തരം ശല്യം ചെയ്യുകയും വെല്ലുവിളിക്കുകയും ചെയ്തതിനെ തുടന്നാണ് ഏറ്റുമുട്ടലുണ്ടായതെന്ന് പൊലീസ് പറഞ്ഞു. കാളികാവ് പൊലീസ് അന്വേഷണം തുടങ്ങിയിട്ടുണ്ട്.

## സി.കെ.സി.ടി ജില്ലാ എക്സിക്യൂട്ടീവ് ക്യാമ്പ് നാളെ

മലപ്പുറം: കോൺഫെഡറേഷൻ ഓഫ് കേരള കോളജ് ടീച്ചേഴ്സ് (സി.കെ.സി.ടി) മലപ്പുറം ജില്ലാ എക്സിക്യൂട്ടീവ് ക്യാമ്പ് നാളെ രാവിലെ 9 മണി മുതൽ വേങ്ങര മലബാർ കോളജ് ഓഫ് അഡ്വാൻസ് സ്റ്റഡീസിൽ നടക്കും. പാണക്കാട് സയ്യിദ് മുനവ്വറലി തങ്ങൾ ഉദ്ഘാടനം ചെയ്യും. പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടി മുഖ്യ അതിഥിയായിരിക്കും. സിന്റിക്കേറ്റ് അംഗങ്ങളായ പ്രഫ. റഷീദ് അഹമ്മദ്, സി.പി ഹംസ എന്നിവരെ ചടങ്ങിൽ ആദരിക്കും. വിവിധ സെഷനുകളിലായി ശരീഫ് സാഗർ, എൻ.പി.എസ് കലക്റ്റീവ് സംസ്ഥാന പ്രസിഡന്റ് ഷാഹിദ് റഫീഖ്, ഡോ. കെ.വി മുഹമ്മദ്, സിന്റിക്കേറ്റ് അംഗം ഡോ. റഷീദ് അഹമ്മദ്, സെനറ്റ് അംഗം ഡോ. ആബിദ ഫാറൂഖി, ഡോ. അൻവർ ഷാഫി, പ്രഫ. സൈനുൽ ആബിദ് കോട്ട, ഡോ. എ ഉസ്മാൻ, ഡോ. പി അഷ്‌കറലി, ഡോ. മുനവ്വർ ഫൈറൂസ് എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകും. മലബാർ കോളജ് പ്രിൻസിപ്പൽ ഡോ. സൈതലവി, മാനേജർ മുനീർ, അലി അക്ബർ, പുല്ലാണി സൈദ്, മൻസൂർ തങ്ങൾ, സി.കെ.സി.ടി സംസ്ഥാന പ്രസിഡന്റ് കെ.കെ അഷ്‌റഫ്, സെക്രട്ടറി ഡോ. ഷിബുനു, ട്രഷറർ ഡോ. സലീം പങ്കെടുക്കും.

## തിരൂരിൽ നിന്ന് ആർ.എം.എസ് ഓഫീസ് എടുത്തു കളയാൻ നീക്കം; ഡോ: സമദാനി എം.പി ഇടപെട്ടു

- റെയിൽവേ മന്ത്രിയെ കണ്ടു
- പാലക്കാട് ഡി.ആർ.എമ്മുമായി സമദാനി ഫോണിൽ സംസാരിച്ചു
- ഡി.ആർ.എമ്മുമായി ഇന്ന് തന്നെ യോഗം ചേരാൻ ആർ.എം.എസ് അധികൃതരോട് എം.പി

തിരൂർ: റെയിൽവേ മെയിൽ സർവീസ് (ആർ.എം.എസ്) ഓഫീസ് തിരൂർ റെയിൽവേ സ്റ്റേഷനിൽ നിന്ന് കുടിയൊഴിപ്പിക്കാൻ റെയിൽവേ അധികൃതരുടെ നീക്കം. ഇതറിഞ്ഞ് പൊന്നാനി എം.പി ഡോ. എം.പി അബ്ദുസ്സമദ് സമദാനി വിഷയത്തിൽ ഇടപെട്ടു. ആർ.എം.എസ് ഓഫീസ് അവിടെത്തന്നെ നിലനിർത്താൻ നടപടി സ്വീകരിക്കണമെന്ന് ഡോ. അബ്ദുസ്സമദ് സമദാനി എം.പി റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവിനെ കണ്ട് ആവശ്യപ്പെട്ടു.

അമൃത് ഭാരത് പദ്ധതി പ്രകാരമുള്ള വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ആർ.എം.എസ് ഓഫീസ് അവിടെ നിന്ന് മാറ്റുമെന്ന ജനങ്ങളുടെ ആശങ്കക്ക് പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനവും മന്ത്രിക്ക് സമർപ്പിച്ചു.

മികവാർന്ന രീതിയിൽ പ്രവർത്തിക്കുന്ന തിരൂർ സ്റ്റേഷനിലെ ആർ.എം.എസ് സംസ്ഥാനത്തെ തന്നെ സുപ്രധാനമായ ആർ.എം.എസ് കേന്ദ്രങ്ങളിൽപ്പെട്ടതാണ്. മേഖലയിലെ ഒട്ടേറെ ജനങ്ങളാണ് അതിനെ ആശ്രയിക്കുന്നത്. തിരൂരിലെ ആർ.എം.എസ് കേന്ദ്രം മഹത്തായൊരു പാരമ്പര്യത്തിന്റെ അടയാളമാണെന്നും സമദാനി നിവേദനത്തിൽ പറഞ്ഞു.

അതിനാൽ അമൃത് ഭാരത് പദ്ധതി പ്രകാരമുള്ള നവീകരണ പ്രവർത്തനങ്ങൾ ആർ.എം.എസ് ഓഫീസിനെയും ഉൾപ്പെടുത്തിക്കൊണ്ട് പുന:സംവിധാനിക്കണം. ഏതുവിധേനയും കേന്ദ്രം അവിടെത്തന്നെ നിലനിർത്താൻ ഇടപെടണമെന്നും സമദാനി റെയിൽവേ മന്ത്രിയോട് ആവശ്യപ്പെട്ടു. വിഷയ സംബന്ധമായി പാലക്കാട് ഡി.ആർ.എം എ.കെ ചതുർവേദിയുമായി സമദാനി ഫോണിൽ സംസാരിച്ചു. ആർ.എം.എസ് അധികൃതരുമായി പ്രശ്നപരിഹാരത്തിനായി ചർച്ച നടത്താനുള്ള എം.പിയുടെ നിർദേശം അദ്ദേഹം അംഗീകരിച്ചു. പാലക്കാട് ഡി.ആർ.എം ഉമായി യോഗം ഇന്ന് തന്നെ നടത്താൻ ആർ.എം.എസ് അധികൃതരോട് എം.പി ആവശ്യപ്പെട്ടു.

തിരൂർ റെയിൽവേ സ്റ്റേഷൻ വികസനം മറയാക്കിയാണ് ആർ.എം.എസ് ഓഫീസ് ഉടൻ മാറ്റണമെന്ന് റെയിൽവേ അധികൃതർ അന്ത്യശാസനം നൽകിയത്. കഴിഞ്ഞ ദിവസം റെയിൽവേ പാലക്കാട് ഡിവിഷൻ എസ്.ആർ.എം തിരൂർ സ്റ്റേഷനിലെത്തി ആർ.എം.എസ് ഓഫീസ് ജീവനക്കാരുമായി സംസാരിച്ചിരുന്നു. ഇതിന് പിന്നാലെയാണ് ഈ സമദാനിയുടെ ഇടപെടൽ. ഓഫീസ് പൂട്ടുന്നതോടെ ജില്ലയിലെ തപാൽ ഉരുപ്പടി വിതരണം പൂർണമായും സ്തംഭിക്കും. ജില്ലയിലെ നിലമ്പൂർ, പെരിന്തൽമണ്ണ മേഖലകൾ ഒഴികെയുള്ള പ്രദേശങ്ങളിലേക്ക് തപാൽ ഉരുപ്പടികൾ വിതരണം ചെയ്യുന്നത് തിരൂർ ആർ.എം.എസ് ഓഫീസ് മുഖേനയാണ്. ഓഫീസ് അടച്ചു പൂട്ടിയാൽ ജില്ലയിലെ തപാൽ വിതരണം പൂർണ്ണമായും സ്തംഭിക്കുമെന്ന് ജീവനക്കാർ പറയുന്നു.




തിരൂർ റെയിൽവേ സ്റ്റേഷനിലെ ആർ.എം.എസ് ഓഫീസ്

## രണ്ടിടങ്ങളിൽ മരം വീണ് ഗതാഗതം തടസ്സപ്പെട്ടു

മണ്ണാർക്കാട്: കനത്തമഴയിൽ മണ്ണാർക്കാട് മേഖലയിലെ രണ്ടിടങ്ങളിലായി റോഡിലേക്ക് മരം വീണ് ഗതാഗതം തടസപ്പെട്ടു. മണ്ണാർക്കാട്അട്ടപ്പാടി റോഡിലും കുമരംപുത്തൂർ കുളപ്പാടത്തുമാണ് മരം വീണത്. ബുധനാഴ്ച രാത്രി പന്ത്രണ്ട് മണിയോടെയായിരുന്നു സംഭവം. ആനമൂളി ഭാഗത്ത് ചുരത്തിൽ വൻ മരം റോഡിനുകുറുകെ പതിച്ചത്. ഗതാഗതവും തടസപ്പെട്ടു. വിവരമറിഞ്ഞ് അഗ്നിരക്ഷാസേന സ്ഥലത്തെത്തി ഒരു മണിക്കൂർ പരിശ്രമിച്ച് മരം മുറിച്ച് നീക്കി ഗതാഗതം പുനഃസ്ഥാപിച്ചു. കുളപ്പാടത്ത് വഴിയരികിലുള്ള തോട്ടത്തിലെ റബർമരം റോഡിലേക്ക് പൊട്ടിവീഴുകയായിരുന്നു. സേനാംഗങ്ങൾ സ്ഥലത്തെത്തി മരം നീക്കം ചെയ്തു. സീനിയർ ഫയർ ആൻഡ് റസ്ക്യൂ ഓഫിസർ എസ്. അനി, ഫയർ ആൻഡ് റസ്ക്യൂ ഓഫിസർമാരായ രഞ്ജിത്, ഷബീർ, റിജേഷ്, ഷോബിൻദാസ്, രാഖിൽ എന്നിവർ നേതൃത്വം നൽകി.

## പോക്സോ കേസിൽ യുവാവ് അറസ്റ്റിൽ



ആഷിക്ക്

മണ്ണാർക്കാട്: കുട്ടികൾക്കെതിരായ ലൈംഗികാതിക്രമണ കേസിലെ പ്രതിയായ യുവാവിനെ മണ്ണാർക്കാട് പൊലീസ് അറസ്റ്റ് ചെയ്തു. തെങ്കര മണലടി ഉള്ളാട്ടിൽ ആഷിക്ക് (24) ആണ് അറസ്റ്റിലായത്. പ്രതി പീഡിപ്പിച്ചെന്ന അതിജീവിതയുടെ പരാതി പ്രകാരം പൊലീസ് കേസെടുത്തിരുന്നു. മണ്ണാർക്കാട് ഇൻസ്പെക്ടർ ഇ.ആർ.ബൈജു, സബ് ഇൻസ്പെക്ടർ ഋഷിപ്രസാദ്, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ശാന്തകുമാരി, സീനിയർ സിവിൽ പൊലീസ് ഓഫീസർ മുബാറക്ക് അലി, പ്രസാദ് എന്നിവരടങ്ങുന്ന സംഘമാണ് യുവാവിനെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാന്റ് ചെയ്തു.

# പാലക്കാട് വാർത്തകൾ



കഞ്ചിക്കോട് കിൻഫ്ര പാർക്ക് മെയിൻ ഗേറ്റിന് മുൻവശം കാറിന്റെ സി.എൻ.ജി ടാങ്കിലുണ്ടായ ചോർച്ച അഗ്നിശമനസേനയുടെ നേതൃത്വത്തിൽ അടക്കുന്നു

## കാറിന്റെ സി.എൻ.ജി ടാങ്കിൽ ചോർച്ച

പാലക്കാട്: കാറിന്റെ സി.എൻ.ജി ടാങ്കിൽ ചോർച്ച. കഞ്ചിക്കോട് കിൻഫ്ര പാർക്ക് മെയിൻ ഗേറ്റിന് മുൻവശത്താണ് ഒമ്നി കാറിന്റെ സി.എൻ.ജി ടാങ്ക് ട്യൂബിലൂടെ വാതകം പുറത്തേക്ക വന്നത്. കിൻഫ്ര സെക്യൂരിറ്റി ജീവനക്കാർ ഫയർ എക്സ്റ്റിംഗ്യൂഷർ ഉപയോഗിച്ച് പ്രാഥമിക രക്ഷാപ്രവർത്തനം നടത്തി. ഇന്നലെ രാവിലെ 8.45ഓടെയാണ് സംഭവം. കഞ്ചിക്കോട് അഗ്നിരക്ഷാ സേനാംഗങ്ങൾ വാൽവിന്റെ ലീക്ക് അടച്ച് അപകടാവസ്ഥ പൂർണമായി ഒഴിവാക്കി. വെള്ളം നനച്ച് ഗ്യാസ് ടാങ്ക് തണുപ്പിച്ചു. കഞ്ചിക്കോട് അഗ്നിരക്ഷാനിലയം ഗ്രേഡ് അസി.സ്റ്റേഷൻ ഓഫീസർ എം.രമേഷ് കുമാർ, ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർമാരായ പി. മനോജ്, സി.സതീഷ്, കെ. മനോജ്, ഹോംഗാർഡ് നാഗദാസൻ എന്നിവർ അപകടസ്ഥലത്ത് രക്ഷാപ്രവർത്തനം നടത്തി.

### മസ്റ്ററിങ് നടത്തണം

മണ്ണാർക്കാട്: നഗരസഭാ പരിധിയിലെ കഴിഞ്ഞ ഡിസംബർ 31 വരെ സാമൂഹിക സുരക്ഷാപെൻഷൻ അനുവദിച്ചിട്ടുള്ള വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, 50വയസ്സ് കഴിഞ്ഞ അവിവാഹിത പെൻഷൻ, വികലാംഗ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നിവ കൈപ്പറ്റുന്ന എല്ലാ ഗുണഭോക്താക്കളും ആഗസ്റ്റ് 24നകം നിർബന്ധമായും മസ്റ്ററിംഗ് പൂർത്തിയാക്കണമെന്ന് മണ്ണാർക്കാട് നഗരസഭാ സെക്രട്ടറി അറിയിച്ചു.

### നിയമനം

പട്ടാമ്പി: കൊപ്പം സാമൂഹികാരോഗ്യകേന്ദ്രത്തിലെ തെറാപ്പി സെന്ററിൽ താൽകാലികാടിസ്ഥാനത്തിൽ ഫിസിയോതെറാപ്പിസ്റ്റിനെ നിയമിക്കുന്നു. യോഗ്യതയുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം 4ന് രാവിലെ 11ന് പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ കൂടിക്കാഴ്ചക്ക് ഹാജരാകേണ്ടതാണ്.

## ചെന്നൈ മംഗളൂരു എക്സ്പ്രസിൽ നിന്ന്

# 16.85കിലോ കഞ്ചാവ് പിടികൂടി

പാലക്കാട്: ചെന്നൈ മംഗളൂരു എക്സ്പ്രസിലെ എ.സി കോച്ചിൽ നിന്ന് 16.85 കിലോ കഞ്ചാവ് പിടികൂടി. പാലക്കാട് എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡും, ആർ.പി.എഫും സംയുക്തമായി പാലക്കാട് ജങ്ഷൻ റെയിൽവേ സ്റ്റേഷനിലും ട്രെയിനുകളിലും നടത്തിയ പരിശോധനയിലാണ് ചെന്നൈ മംഗളൂരു എക്സ്പ്രസിലെ എ.സി കോച്ചിലെ ശുചിമുറിക്ക് സമീപം ആളില്ലാത്ത രണ്ടുബാഗുകൾ കണ്ടെത്തിയത്. ഒരു ഷോൾഡർ ബാഗിലും ഒരു ട്രാവലർ ബാഗിലുമായി 15 പൊതികളായി സൂക്ഷിച്ച നിലയിലായിരുന്നു കഞ്ചാവ്. പാലക്കാട് നർക്കോട്ടിക് സ്പെഷൽ സ്ക്വാഡ് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ജിജി പോൾ, ആർ.പി.എഫ് അസി.ഇൻസ്പെക്ടർ കെ.സുനിൽ കുമാർ, കോൺസ്റ്റബിൾ എൻ.ശ്രീജിത്ത്, വനിതാ കോൺസ്റ്റബിൾ എ.അമൃത, അസി.എക്സൈസ് ഇൻസ്പെക്ടർ പി.അജിത്കുമാർ, പ്രിവന്റീവ് ഓഫീസർമാരായ യാസർ അറഫാത്ത്, ശരവണൻ, ഡ്രൈവർ വിനീഷ് എന്നിവരാണ് പരിശോധന സംഘത്തിലുണ്ടായിരുന്നത്.

### കഞ്ചാവ് കടത്തിയ പ്രതിക്ക് അഞ്ചുവർഷം കഠിന തടവ്

പാലക്കാട്: തമിഴ്നാട്ടിൽ നിന്നും കഞ്ചാവ് കടത്തിയ കേസിലെ പ്രതിക്ക് അഞ്ചുവർഷം കഠിന തടവും ഒരു ലക്ഷംരൂപ പിഴയും ശിക്ഷ. തമിഴ്നാട് മധുര ജില്ലയിൽ ഉസലാം പെട്ടി അല്ലിഗുണ്ടം സ്വദേശി തങ്കപാണ്ടി (35)യെയാണ് സെക്കൻഡ് അഡീഷണൽ കോടതി ജഡ്ജി ഡി.സുധീർ ഡേവിഡ് ശിക്ഷിച്ചത്. പിഴതുക അടച്ചില്ലെങ്കിൽ ആറുമാസം അധിക തടവ് അനുഭവിക്കണം. 2016 ജൂലൈമാസമാണ് കേസിനാസ്പദമായ സംഭവം. ഗോപാലപുരം എക്സൈസ് ചെക് പോസ്റ്റിന് സമീപം വാഹനപരിശോധനക്കിടെയാണ് തമിഴ്നാട് എക്സ്പ്രസ് ബസിലെ യാത്രക്കാരനായ പ്രതിയുടെ കൈവശമുണ്ടായിരുന്ന ബാഗിൽനിന്നും 6.4 കിലോ കഞ്ചാവ് കണ്ടെടുത്തത്. ചെക് പോസ്റ്റിലെ എക്സൈസ് ഇൻസ്പെക്ടറായ പി. ശ്രീരാജിന്റെ നേതൃത്വത്തിലുള്ള സംഘമാണ് കഞ്ചാവ് പിടികൂടിയത്. ചിറ്റൂർ റെയ്ഞ്ച് ഓഫീസിലെ എക്സൈസ് ഇൻസ്പെക്ടർ എസ്.സജീവാണ് കേസിന്റെ അന്വേഷണവും അന്തിമറിപ്പോർട്ട് സമർപ്പണവും നടത്തിയത്. പ്രോസിക്യൂഷനുവേണ്ടി അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ കെ.എം. മനോജ്കുമാറും എൻ.ഡി.പി.എസ് സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടർ ശ്രീനാഥ് വേണുവും ഹാജരായി.

## കുന്തിപ്പുഴയിലുണ്ടായ മലവെള്ളപ്പാച്ചിൽ

# കുമരംപുത്തൂർ തരിശ്ശുഭാഗത്ത് വെള്ളം കയറി



കുന്തിപ്പുഴയിലുണ്ടായ മലവെള്ളപ്പാച്ചിലിൽ കുമരംപുത്തൂർ പഞ്ചായത്തിലെ തരിശ്ശുഭാഗത്ത് വെള്ളം കയറിയപ്പോൾ

മണ്ണാർക്കാട്: കുന്തിപ്പുഴയിലുണ്ടായ മലവെള്ളപ്പാച്ചിലിൽ കുമരംപുത്തൂർ പഞ്ചായത്തിലെ തരിശ്ശുഭാഗത്ത് വെള്ളം കയറി. കന്നടപ്പാറ ഭാഗത്ത് വാഴകൃഷിയിൽ നാശനഷ്ടമുണ്ടായി. കഴിഞ്ഞദിവസം രാത്രി 11.30ഓടെയാണ് സംഭവം. പുഴയിൽ ജലനിരപ്പുയർന്ന് ഉയർന്നതോടെ തരിശ്ശുഭാഗത്തെ വീടുകളുടെ സമീപത്തേക്ക് പൊടുന്നനെ വെള്ളമെത്തുകയായിരുന്നു. ഒരുമണിക്കൂറുള്ളിൽ വെള്ളം ഇറങ്ങുകയും ചെയ്തു. കാലവർഷമെത്തി ഇതാദ്യമായാണ് തരിശ്ശുഭാഗത്തേക്ക് വെള്ളം കയറുന്നത്. പുഴയോരപ്രദേശമായ ഇവിടെ 15ഓളം വീടുകളാണുള്ളത്. കുന്തിപ്പുഴയുടെ ഗതിമാറ്റം ഇവർക്ക് ഭീഷണിയാണ്. 2018ലെ പ്രളയത്തിൽ വലിയതോതിൽ വെള്ളംകയറി നാശമുണ്ടായിരുന്നു. പിന്നിടുള്ള വർഷകാലത്തെല്ലാം തരിശിലേക്ക് വെള്ളം കയറുന്നത് പതിവായി. തെങ്ങ്, കവുങ്ങ്, വാഴ കൃഷിയിൽ നാശനഷ്ടങ്ങളും സംഭവിക്കാറുണ്ട്. ചൊവ്വാഴ്ച കന്നടപ്പാറ ഭാഗത്ത് കുമരംപുത്തൂർ സ്വദേശികളായ കുന്നക്കാട് പള്ളി റെഫീഖ്, വറോടൻ അബ്ദുൾ റഷീദ് എന്നിവർ ചേർന്ന് നടത്തുന്ന വാഴകൃഷിയിലേക്ക് വെള്ളം കയറി 300ഓളം നേന്ത്രവാഴകൾ നശിച്ചു. മൂന്നേക്കറോളം സ്ഥലം പാട്ടത്തിനെടുത്ത് ഇവർ ഓണവിപണി ലക്ഷ്യമാക്കിയാണ് കൃഷിയിറക്കിയിട്ടുള്ളത്. കുലച്ചവാഴകളാണ് നശിച്ചത്. ഏകദേശം 1.35 ലക്ഷത്തോളം രൂപയുടെ നാശനഷ്ടമുണ്ടായതായി കർഷകർ പറയുന്നു. വാർഡ് മെമ്പർ ഡി.വിജയലക്ഷ്മി, വില്ലേജ് ഓഫിസർ എന്നിവർ സ്ഥലം സന്ദർശിച്ചു. അതേസമയം ശക്തമായ ഒരു മഴയെത്തിയപ്പോഴേക്കും വീടുകൾക്ക് സമീപവും കൃഷിയിടങ്ങളിലേക്കും വെള്ളംകയറിയതിൽ പ്രദേശവാസികൾ ആശങ്കാകുലരാണ്. ഈ മഴക്കാലം എങ്ങിനെ തള്ളിനീക്കുമെന്ന ആധിയും ഇവർക്കുള്ളിലുണ്ട്. തരിശുഭാഗത്ത് സംരക്ഷണ ഭിത്തി നിർമിക്കണമെന്ന് നാളുകളായി ആവശ്യപ്പെടുന്നുണ്ടെങ്കിലും നടപടികൾ വൈകുകയാണ്.

### കോഴ്സുകൾക്ക് അനുമതി

ഷൊർണൂർ: കുളപ്പുള്ളി അൽ അമീൻ എജുസിറ്റിയിൽ, ബി.ബി.എ (ലോജിസ്റ്റിക്സ്), ബി.സി.എ (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) എന്നീ കോഴ്സുകൾക്ക് അനുമതി. 2024-25 വർഷത്തേക്കാണ് എ.ഐ.സി.ടി.യു അനുമതി നൽകിയത്. മാനേജ്മെന്റ് സീറ്റിലേക്ക് പ്രവേശനം ആരംഭിച്ചതായി കോളജ് ട്രസ്റ്റ് സെക്രട്ടറി അറിയിച്ചു. ഫോൺ: 9946106372.

### റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

പാലക്കാട്: കേരള പബ്ലിക് സർവീസ് കമ്മീഷൻ ജില്ലയിലെ ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ ഫാർമസിസ്റ്റ് ഗ്രേഡ് രണ്ട് തസ്തികയിലേക്ക് തെരഞ്ഞെടുക്കുന്നതിന് കാറ്റഗറി നമ്പർ 713/2022 എന്ന വിജ്ഞാപന പ്രകാരം 2023 ഓഗസ്റ്റ് പത്തിന് നടത്തിയ ഒ.എം.ആർ പരീക്ഷയുടെ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചതായി ജില്ലാ പി.എസ്.സി ഓഫീസർ അറിയിച്ചു.




വി.ജി സുകുമാരന്റെ അമ്പതാം ചരമവാർഷിക ദിനാചരണം മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യുന്നു

## വി.ജി സുകുമാരൻ ചരമവാർഷിക ദിനാചരണം

പാലക്കാട്: ശ്രീനാരായണഗുരുവും നാരായണീയരും കേരളത്തിന്റെ സാംസ്കാരിക ജീർണതക്കെതിരെ ദീപം തെളിയിച്ചവരെന്ന് മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. വിജ്ഞാനോദയ സഭ മുൻ അധ്യക്ഷൻ വി.ജി സുകുമാരന്റെ അമ്പതാം ചരമ വാർഷിക ദിനാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിലെ സാംസ്കാരിക ചരിത്രത്തിൽ നിർണായക പങ്കു വഹിച്ചിട്ടുള്ള ഒരാളാണ് ശ്രീനാരായണഗുരു. അന്ന് ജാതീയതിക്കെതിരെ ആഞ്ഞടിച്ച വ്യക്തികളിൽ ഒരാളായിരുന്നു ശ്രീനാരായണഗുരുദേവൻ. ഗുരുവിന്റെ സന്ദർശനത്തിൽ വി.ജി സുകുമാരനുമായുള്ള ബന്ധം വളരെ വലുതായിരുന്നു. സമൂഹത്തിന്റെ തകർച്ച രാഷ്ട്രീയ സാംസ്കാരിക കേരളത്തിന് ആഘാതമുണ്ടാക്കുമെന്നും ശ്രീനാരായണീയർ കരുതിയിരിക്കേണ്ട കാലമാണിതെന്നും രമേശ് ചെന്നിത്തല കൂട്ടിച്ചേർത്തു. യാക്കര വിശ്വേശര ക്ഷേത്രാങ്കണത്തിൽ നടന്ന ചടങ്ങിൽ വിജ്ഞാനോദയസഭ പ്രസിഡന്റ് വി.ജി. സുകുമാരൻ അധ്യക്ഷനായി. യാക്കര ശ്രീ വിശേശ്വര ക്ഷേത്രം ശ്രീ നാരായണ സെന്റിനറി ഹാൾ പുനർ നിർമ്മാണ കെട്ടിടം ഉദ്ഘാടനം ശിവഗിരിമഠം പ്രസിഡന്റ് ബ്രഹ്മശ്രീ സച്ചിദാനന്ദ സ്വാമികൾ നിർവ്വഹിച്ചു. മുൻ എംപി വി.എസ്. വിജയരാഘവൻ സ്മരണഞ്ജലി അർപ്പിച്ചു. സെക്രട്ടറി എം ഗോപാലകൃഷ്ണൻ, സി. ബാലകൃഷ്ണൻ, നഗരസഭാ ചെയർപേഴ്സൺ പ്രമീളാ ശശിധരൻ തുടങ്ങിയവർ സംബന്ധിച്ചു.

## ഓണത്തിന് പൂക്കളുമായി അപ്ര

തൃശൂർ:അരണാട്ടുകര പടിഞ്ഞാപ്പുറം റസിഡൻസ് അസോസിയേഷന്റെ നേതൃത്വത്തിൽ ഓണത്തിന് വിളവെടുക്കാവുന്ന രീതിയിൽ ചെണ്ടുമല്ലി കൃഷി ആരംഭിച്ചു . തരിശായി കിടന്ന സ്ഥലം കൃഷിക്ക് യോഗ്യമാക്കിയാണ് തൈകൾ നട്ടത്.അസോസിയേഷൻ പ്രസിഡണ്ട് ജോർജ് ചിറമ്മൽ ചെണ്ടുമല്ലി കൃഷി നടീൽ ഉദ്ഘാടനം നിർവഹിച്ചു. വൈസ് പ്രസിഡണ്ട് മാരായ ജോയി ചിറമ്മൽ, ഡേവിസ് വല്ലച്ചിറ ക്കാരൻ , സെക്രട്ടറി ബിജു ജോസ് , ട്രഷറർ ജിസൺ ബി ആർ എന്നിവർ സംസാരിച്ചു. ഡോ. ജെയിൻ ചിമ്മൻ, സത്യൻ സി ആർ, ജോമി ജോസ്, സെറിൻ ഫ്രാൻസിസ്, സാജു കാട, ജോഫി ജോസ്, ഷീല രാമദാസ് , റോസിലി ജോജി നേതൃത്വം നൽകി.

## ട്രാൻസ്ഫോർമർ റോഡിലേക്ക് മറിഞ്ഞു വീണു



കൈപ്പുറത്ത് കനത്തമഴയിൽ റോഡിലേക്ക് മറിഞ്ഞു വീണ ട്രാൻസ് ഫോർമറും വൈദ്യുതി കാലുകളും

കൊപ്പം: കൈപ്പുറം വിളത്തൂർ റോഡിൽ ട്രാൻസ്ഫോർമർ മറിഞ്ഞ് വീണു.ഇന്നലെ രാവിലെ പെയ്ത കനത്ത മഴയിലാണ് അപകടം. ആസമയം റോഡിൽ വാഹനങ്ങളോ കാൽനടയാത്രികരോ ഇല്ലാത്തത് വൻദുരന്തം ഒഴിവായി. മരംപൊട്ടി വൈദ്യുത കമ്പിയിലേക്ക് വീണ് കമ്പികൾ വലിഞ്ഞ് പോസ്റ്റ് പൊട്ടിയാണ് ട്രാൻസ്ഫോർമർ റോഡിലേക്ക് മറിഞ്ഞത്. ഏറെസമയം വൈദ്യുതിയും ഗതാഗതവും തടസപ്പെട്ടു. അധികൃതരെത്തി മേൽനടപടികൾ സ്വീകരിച്ചു.

### വി.കെ ശ്രീകണ്ഠൻ എം.പിയുടെ പര്യടനം ജൂലൈ ആറിന് തുടങ്ങും

പാലക്കാട്: ഉജ്വല വിജയം സമ്മാനിച്ച പാലക്കാട് പാർലമെന്റ് നിയോജകമണ്ഡലത്തിലെ വോട്ടർമാരോട് നന്ദി അറിയിക്കുന്നതിന് വി.കെ ശ്രീകണ്ഠൻ എം.പി നിയോജകമണ്ഡലം തലത്തിൽ പര്യടനം നടത്തുന്നു. 2024 ജൂലായ് 6, 7, പട്ടാമ്പി, 9, 10, ഷൊർണൂർ 12, 13,ഒറ്റപ്പാലം 14, 15, കോങ്ങാട് 16, 17,മണ്ണാർക്കാട് 19, 22, മലമ്പുഴ 20, 21 പാലക്കാട്. രാവിലെ 8.30 മുതൽ ഉച്ചയ്ക്ക് 12.30വരെയും ഉച്ചകഴിഞ്ഞ് 4മണി മുതൽ 8 മണിവരെയുമായിരിയിക്കും പരിപാടി. എം.പി സന്ദർശന പരിപാടികൾ വിജയിപ്പിക്കുന്നതിനുവേണ്ടിയുള്ള പരിപാടികൾക്ക് ജില്ലാ യു.ഡി.എഫ് കമ്മിറ്റി ഒരുക്കങ്ങൾ പൂർത്തിയാക്കി. അതത് മണ്ഡലങ്ങളിൽ പരിപാടി കൃത്യസമയത്ത് പൂർത്തിയാക്കാനും വിജയിപ്പിക്കുന്നതിനുള്ള പരിപാടികൾക്ക് നേതൃത്വം നൽകണമെന്ന് യു.ഡി.എഫ് തെരഞ്ഞെടുപ്പ് കമ്മിറ്റി ചെയർമാൻ മരക്കാർ മാരായമംഗലം, കൺവീനർ സി.ചന്ദ്രൻ എന്നിവർ അറിയിച്ചു.

## ഒറ്റപ്പാലം അമ്പലപ്പാറ ക്വാറിയിൽ പരിശോധന നടത്തണം: മനുഷ്യാവകാശ കമ്മീഷൻ

പാലക്കാട്: ഒറ്റപ്പാലം അമ്പലപ്പാറയിൽ പ്രവർത്തിക്കുന്ന ക്വാറിയിൽ ഇടയ്ക്കിടെ മിന്നൽ പരിശോധന നടത്തി അനുവദനീയമായ തോതിലാണ് ഖനനം നടക്കുന്നതെന്നും മലിനീകരണം നിയന്ത്രിത അളവിലാണെന്നും ഉറപ്പാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. നിർദ്ദേശം ലംഘിക്കുന്ന പക്ഷം ക്വാറിക്കെതിരെ നിയമാനുസൃതം നടപടി സ്വീകരിക്കണമെന്നും കമ്മീഷൻ ആക്റ്റിങ് ചെയർപേഴ്സണും ജുഡീഷ്യൽ അംഗവുമായ കെ. ബൈജൂനാഥ് പാലക്കാട് ജില്ലാ ജിയോളജിസ്റ്റിന് നിർദേശം നൽകി. തന്റെ വീടിന് സമീപമുള്ള പി.പി.കെ ഗ്രാനൈറ്റ്സ് എന്ന ക്വാറിയിൽ നിന്നുള്ള ശബ്ദ മലിനീകരണത്തിനെതിരെ പ്രദേശവാസി സമർപ്പിച്ച പരാതിയിലാണ് നടപടി. പാലക്കാട് ജില്ലാ കലക്ടറിൽ നിന്നും കമ്മീഷൻ റിപ്പോർട്ട് വാങ്ങി. ക്വാറിയിൽ നിന്നും കരിങ്കൽ ഖനനം നടത്താൻ 2015ലെ ചട്ട പ്രകാരം 12 വർഷത്തേക്ക് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും ലൈസൻസ് ലഭിച്ചിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു. ക്വാറിക്ക് സമീപമുള്ള വീടുകൾക്ക് ചട്ടപ്രകാരമുള്ള ദൂരപരിധിയുണ്ടെന്നും റിപ്പോർട്ടിലുണ്ട്. ക്വാറിയിൽ നിന്നും ശബ്ദമലിനീകരണം ഉണ്ടായിട്ടില്ല. കുറഞ്ഞ അളവിൽ സ്ഫോടക വസ്തുക്കൾ ഉപയോഗിക്കണമെന്നും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് മാത്രം ഖനന പ്രവർത്തനങ്ങൾ നടത്തണമെന്നും ക്വാറി ഉടമയ്ക് നോട്ടീസ് നൽകിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ നിർദ്ദേശാനുസരണം ക്വാറിയിൽ മിന്നൽ പരിശോധന നടത്തി. അളവിൽ കൂടുതൽ സ്ഫോടക വസ്തുക്കൾ ഈ ക്വാറിയിൽ ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ എറണാകുളം ഡെപ്യൂട്ടി ചീഫ് കൺട്രോളർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടിലുണ്ട്. പരാതിക്കാരന്റെ വീടിന്റെ ചുമരിൽ വിള്ളലുകളുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു. ഇത് കെട്ടിടത്തിന്റെ കാലപഴക്കം കാരണം സംഭവിച്ചതാണോ എന്ന് പരിശോധിക്കണം. എന്നാൽ ഭയരഹിതമായി ജീവിക്കാനുള്ള സാചര്യമുണ്ടാകണമെന്ന് പരാതിക്കാരൻ അഭ്യർത്ഥിച്ചു. ഒറ്റപ്പാലം ചുനങ്ങാട് സ്വദേശി ജി.എസ്. രഞ്ജിത്ത് സമർപ്പിച്ച പരാതിയിലാണ് നടപടി.

### പ്രധാനധ്യാപകന്റെ തസ്തിക ഒഴിഞ്ഞ് കിടക്കുന്നു

കുമരനല്ലൂർ: ഗവ.ഹയർസെക്കന്ററി ഹൈസ്കൂൾ വിഭാഗത്തിന് പ്രധാനധ്യാപകന്റെ തസ്തിക ഒഴിഞ്ഞ് കിടക്കുന്നു. സ്കുൾ തുറന്ന് മാസം ആയിട്ടും പ്രധാനധ്യാപകന്റെ നിയമനം അനിശ്ചിത മായി തുടരുകയാണ്. പുതിയ പ്രധാനധ്യാപകരുടെ പട്ടിക പ്രസിദ്ധീകരിച്ചപ്പോഴും കുമരനല്ലൂർ സ്കൂളിനെ ഒഴിവാക്കി. ഹൈസ്കൂളിൽ പ്രധാനധ്യാപകനെന്ന പോലെ 13 മറ്റു അധ്യാപക തസ്തികകളും ഒഴിഞ്ഞ് തന്നെ. പ്രാധാനധ്യാപകന്റെ താൽകാലിക ചുമതല നൽകി സ്കൂളിൽ നാഥനില്ലാത്ത അവസ്ഥ പരിഹരിക്കണമെന്നാണ് രക്ഷിതാക്കളുടെ ആവശ്യം.

### വായ മൂടിക്കെട്ടി സത്യഗ്രഹം നടത്തി

ഷൊർണൂർ: നഗരസഭയുടെ കീഴിലുള്ള അയ്യങ്കാളി സ്മാരക പട്ടിക ജാതി വർഗപരിശീലന കേന്ദ്രത്തിൽ പരിശീലകരെ നിയമിക്കാത്തതിൽ പ്രതിഷേധിച്ച് ഷൊർണൂരിലെ സാമൂഹ്യ പ്രവർത്തകനായ പരമേശ്വരൻ കേന്ദ്രത്തിന് മുമ്പിൽ വായ മൂടിക്കെട്ടി സത്യഗ്രഹം നടത്തി. പട്ടികജാതി വർഗത്തിൽപെട്ട വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും പരിശീലനം നൽകാനുള്ള ലക്ഷ്യത്തോടെയാണ് ഷൊർണൂർ ബസ് സ്റ്റാന്റിലുള്ള മൂന്ന് നില കെട്ടിടത്തിലെ മുകൾ നിലയിൽ നഗരസഭ പരിശീലനകേന്ദ്രം ആരംഭിച്ചത്. മന്ത്രി കെ.രാധാകൃഷ്ണനാണ് ഉദ്ലാടനം ചെയ്തത്. ഫർണീച്ചറുകളെല്ലാം സജ്ജീകരിച്ചു എന്നതല്ലാതെ മറ്റൊന്നും നടന്നിട്ടില്ല. സാമ്പത്തിക പ്രതിസന്ധിയിൽ സമീപകാലത്ത് എന്തെങ്കിലും ചെയ്യുമെന്ന് പ്രതീക്ഷയുമില്ല.

## മംഗലം ഡാം ഇന്ന് തുറക്കും

പാലക്കാട്: മംഗലം ഡാമിന്റെ വൃഷ്ടി പ്രദേശങ്ങളിൽ ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ ഇന്ന് രാവിലെ 11 ന് ഡാമിന്റെ സ്പിൽവെ ഷട്ടറുകൾ നിയന്ത്രിത അളവിൽ തുറക്കുമെന്ന് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. ഡാമിന്റെ താഴെ ഭാഗത്തുള്ള ചെറുകുന്നം പുഴയുടെ തീരത്തുള്ളവർ ജാഗത പാലിക്കണമെന്നും നിർദ്ദേശമുണ്ട്. ഇന്നലെ രാവിലെ എട്ടുമണിക്കുള്ള ജലനിരപ്പ് 76. 21 മീറ്ററാണ്.ഡാമിന്റ ബ്ലൂ അലർട്ട് ലെവൽ 76 മീറ്ററും ഓറഞ്ച് അലർട്ട് ലെവൽ 76.5 1 മീറ്ററും ആണ്.

### ലഹരി വിരുദ്ധ ദിനാചരണം

മണ്ണാർക്കാട്: നെല്ലിപ്പുഴ ദാറുന്നജാത്ത് ഹയർ സെക്കന്ററി സ്കൂളിൽ ലോക ലഹരി വിരുദ്ധ ദിനത്തിന്റെ ഭാഗമായി എൻ.സി.സി കേഡറ്റു കൾക്കായി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. അസി.എക്സൈസ് ഇൻസ്പെക്ടർ ബഷീർകുട്ടി ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ മുഹമ്മദ് കാസിം അധ്യക്ഷത വഹിച്ചു. പ്രധാനാധ്യാപിക കെ.എം സൗദത്ത് സലീം സ്വാഗതവും ഷബീർ. പി.എ നന്ദിയും പറഞ്ഞു. ലെഫ്റ്റനന്റ് പി.ഹംസ, എ.ടി ഉമ്മു സൽമ, റിയ,അഞ്ജന സന്തോഷ്, ആസിൻ, അക്ഷയ്, സുബിഷ, ശ്രേയ സംബന്ധിച്ചു.

## വ്യത്യസ്തമായി ട്രാൻസിയൻസ് ചിത്ര പ്രദർശനം



രഞ്ജിത്ത് തന്റെ ട്രാൻസിയൻസ് ചിത്ര പ്രദർശനവുമായി

ഇരിങ്ങാലക്കുട: ജലരാശിയിൽ ഇളകിമാറുന്ന നിഴലുകളുടെ നിറഭേദങ്ങളിൽ നിന്ന് ക്യാമറ കണ്ടെത്തിയ മനുഷ്യഭാവങ്ങളുമായി ഇരിങ്ങാലക്കുട സെന്റ് ജോസഫ് കോളേജിൽ ഒരുക്കിയ രഞ്ജിത്തിന്റെ ട്രാൻസിയൻസ് ചിത്ര പ്രദർശനം വ്യത്യസ്തമായി. കണ്ണ് കൊണ്ട് തിരിച്ചറിയാൻ കഴിയാത്ത വേഗത്തിലുള്ള നിഴലനക്കത്തിന്റെ തുടർച്ചയിൽ നിന്നാണ് ഇവയോരോന്നും ക്യാമറയിൽ പതിഞ്ഞത്. നിഴലിന്റെ കൗതുകങ്ങൾ ഫോട്ടോഗ്രാഫിയിലൂടെ അവതരിപ്പിക്കാനുള്ള ശ്രമങ്ങളാണ് വെള്ളത്തിലെ നിഴൽ ചിത്രങ്ങളിലേക്ക് രഞ്ജിത്തിന്റെ കാഴ്ചയെ ആകർഷിച്ചത്.

നദിയിലെ നിഴലും വെയിൽതിളക്കങ്ങളും ഓളങ്ങളിൽ പലരൂപങ്ങളായി മാറിക്കൊണ്ടിരിക്കും. ചിത്രങ്ങളുടെ അനന്തമായ ആ തുടർച്ചയെ ക്യാമറ കൊണ്ട് നിശ്ചലമാക്കി. അങ്ങനെ പകർത്തിയ അനവധി അമൂർത്ത ചിത്രങ്ങളിൽ അപൂർവ്വമായി മാത്രം മനുഷ്യഭാവങ്ങളെ കണ്ടു. അതിശയമായി തോന്നിയ ആ കാഴ്ചയെ ലോകത്തിന് പരിചയപ്പെടുത്തുകയാണ് ട്രാൻസിയൻസ് എന്ന ചിത്രപരമ്പര.ചാലക്കുടി സ്വദേശിയായ രഞ്ജിത്ത് 2010 മുതൽ പ്രാദേശിക പത്രപ്രവർത്തകനായിരുന്നു. ചുറ്റുപാടുകളിലെ കൗതുകങ്ങൾ നിരീക്ഷിച്ച് ഓരോ വഴികളിലൂടെയും യാത്ര ചെയ്തായിരുന്നു വാർത്താ കണ്ടെത്തൽ. അതിനായി നിരന്തരം യാത്ര ചെയ്യുമായിരുന്നു. കാഴ്ചകളിലെ വേറിട്ടതെല്ലാം ക്യാമറയിൽ പകർത്തിയെടുക്കുന്നതിലും സക്രിയമായിരുന്നു. പിന്നീട് ഫോട്ടോഗ്രാഫിയിലെ പുതുമകൾ തേടിയും തനിച്ച് യാത്ര ചെയ്യാൻ തുടങ്ങി. കാഴ്ചകൾ കൂടുതൽ വ്യക്തതയോടെ നിരീക്ഷിക്കാൻ യാത്രാവേഗം കുറച്ച്, സൈക്കിൾ യാത്രികനായി. തൃശൂരിൽ നിന്ന് കന്യാകുമാരിയിലേക്കും പിന്നീട് ഗോകർണ്ണത്തെക്കും സൈക്കിളിൽ തനിച്ചു പോയപ്പോഴും ക്യാമറ കൂട്ടിനുണ്ടായി.

ഡോകുമെന്ററി ഫോട്ടോഗ്രാഫുകൾ കൂടാതെ കൂടുതൽ വൈവിധ്യങ്ങൾ ഓരോ യാത്രയിലും തേടി. മറയൂരിലെ ചിന്നാർ വനമേഖലയിൽ കാനന യാത്രക്കിടയിലാണ് ആദ്യമായി വെള്ളത്തിലെ വെയിൽ തിളക്കം ക്യാമറയിൽ പകർത്തിയത്. വെള്ളത്തിലെ കല എന്ന ആശയത്തിൽ ' ഹൈഡ്രോർട്ട് ' എന്ന പേരിൽ വെള്ളത്തിലെ നിഴലിൽ നിന്നെടുത്ത അമൂർത്ത ചിത്രങ്ങൾ 2020ൽ തൃശൂർ ലളിത കലാ അക്കാദമി ആർട്ട് ഗ്യാലറിയിൽ പ്രദർശിപ്പിച്ചു. തുടർന്ന് മനുഷ്യ മുഖങ്ങൾ മാത്രമുള്ള ചിത്രപരമ്പര തയ്യാറാക്കണമെന്ന ആശയവുമായാണ് ഇന്ത്യൻ നദികളിലേക്ക് യാത്ര ചെയ്ത് ട്രാൻസിയൻസ് ഒരുക്കിയത്. ഇതിലെ തിരഞ്ഞെടുത്ത ചിത്രങ്ങൾ 2023 നവംബറിൽ ഡെൽഹിയിലെ സ്റ്റെയിൻലസ് ഗ്യാലറിയിൽ നടന്ന നാഷണൽ വിഷൽ ആർട്ട് എക്സിബിഷനിൽ പ്രദർശിപ്പിച്ചിരുന്നു. ഡിസംബറിൽ കേരള ലളിതകലാ അക്കാദമിയുടെ കോഴിക്കോട് ആർട്ട് ഗ്യാലറിയിലും മുംബൈയിൽ ജഹാംഗീർ ആർട്ട് ഗ്യാലറിയിൽ ചിത്രങ്ങളുടെ പ്രദർശനം നടത്തിയിട്ടുണ്ട്.ഇരിങ്ങാലക്കുട സെന്റ് ജോസഫ് കോളേജിലെ പദ്മഭൂഷൺ റിസർച്ച് ഹാളിൽ നടക്കുന്ന രഞ്ജിത്ത് മാധവന്റെ ഫൈൻ ആർട്ട് ഫോട്ടോഗ്രഫി പ്രദർശനം ചിത്രകാരി ഡോ. കവിത ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

## നാടൻ ഭക്ഷ്യ മേള ഒരുക്കി വിദ്യാർഥികൾ

ചാലക്കുടി: അന്നനാട് യൂണിയൻ ഹയർ സെക്കൻഡറി സ്കൂളിൽ അഞ്ചാം ക്ലാസ് വിദ്യാർഥികൾ. സോഷ്യൽ സയൻസ് ഒന്നാം പാഠത്തിലെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നാടൻ വിഭവങ്ങളുടെ ഭക്ഷ്യ മേള നടത്തി. ഹെഡ്മിസ്ട്രസ് എം.പി മാലിനി ഉദ്ഘാടനം ചെയ്തു.. നാടൻ വിഭവങ്ങളായ കുമ്പളപ്പം, കപ്പയും ചമ്മന്തിയും, അവലോസുണ്ട, പഴംപൊരി, അരിയുണ്ട, ഇലയട, കൊഴുക്കട്ട തുടങ്ങി 25ഓളം വൈവിധ്യമാർന്ന ഭക്ഷണങ്ങൾ വിദ്യാർഥികൾ തയ്യാറാക്കുകയായിരുന്നു.

## അന്താരാഷ്ട്ര യോഗദിനം ആചരിച്ചു

തൃശൂർ: ഗവ. മോഡൽ ഗേൾസ് ഹൈസ്കൂളിൽ അന്താരാഷ്ട്ര യോഗദിനം ആചരിച്ചു. കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ എം.എൽ റോസി ഉദ്ഘാടനം നിർവ്വഹിച്ചു. ഡിവിഷൻ കൗൺസിലർ റെജി ജോയ് അധ്യക്ഷനായി. യോഗയോടൊപ്പം വിദ്യാർത്ഥികൾക്കായി സ്വയം പ്രതിരോധത്തിലും പരിശീലനം നൽകി. സിവിൽ പോലീസ് ഓഫീസർമാരും സെൽഫ് ഡിഫൻസ് മാസ്റ്റർ ട്രെയ്നർമാരുമായ പി.കെ പ്രതിഭ, പി.ബി ഷിജി, ഐ.എ ഷീജ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. സ്കൂൾ ഹെഡ്മിസ്ട്രസ് കെ.പി ബിന്ദു, അധ്യാപകരായ കെ. സിന്ദു, പി.എ ലത തുടങ്ങിയവർ സംസാരിച്ചു.

## പുസ്തക പ്രകാശനം 30ന്

കൊടുങ്ങല്ലൂർ: കേരള ക്ഷേത്രസംരക്ഷണ സമിതി ജില്ലാ മാതൃസമിതി അധ്യക്ഷയായ ഡോ.ആശാലത എഴുതിയ സനാതന ധർമ്മം ഒരു സുസ്ഥിര സംസ്കാരം പുസ്തകത്തിന്റെ പ്രകാശനവും ഗ്രന്ഥകർത്താവിനെ ആദരിക്കുന്ന ചടങ്ങും 30ന് വൈകീട്ട് 3ന് വിവേകാനന്ദ കേന്ദ്രത്തിൽ നടക്കും. സമിതി ജില്ലാ കമ്മിറ്റി സംഘടിപ്പിക്കുന്ന ചടങ്ങ് ഡോ.എം.ലക്ഷ്മി കുമാരി ഉദ്ഘാടനം ചെയ്യും. സംസ്ഥാന അധ്യക്ഷൻ മുല്ലപ്പിള്ളി കൃഷ്ണൻ നമ്പൂതിരി പുസ്തകം പ്രകാശനം ചെയ്യും. എസ്.എൻ.ഡി.പി. കൊടുങ്ങല്ലൂർ യൂണിയൻ ചെയർമാൻ പി.കെ.രവീന്ദ്രൻ ആദ്യപ്രതി ഏറ്റുവാങ്ങും. ആർഎസ്എസ് വിഭാഗ് സംഘചാലക് കെ..എസ്.പത്മനാഭൻ അനുഗ്രഹ പ്രഭാഷണം നടത്തും. സേവാഭാരതി ജില്ലാ അധ്യക്ഷൻ മേജർ ജനറൽ പി.വി വേകാനന്ദൻ ഡോ.ആശാലതയെ ആദരിക്കും. സമിതി ജില്ലാ പ്രസിഡൻറ് അഡ്വ.സോമസുന്ദരം അധ്യക്ഷത വഹിക്കും.

തൃശൂർ വാർത്തകൾ

# കടപ്പുറത്ത് ഇന്നും കടലാക്രമണം; മുനക്കകടവിൽ വീടുകൾ വെള്ളത്തിൽ

## മുപ്പതിലധികം വീടുകൾ വെള്ളക്കെട്ടിൽ

കടപ്പുറം: കടപ്പുറം പഞ്ചായത്തിൽ ഇന്നും ശക്തമായ കടൽക്ഷോഭം ഉണ്ടായി നിരവധി വീടുകൾ വെള്ളത്തിൽ. കടപ്പുറം പഞ്ചായത്തിലെ ഇഖ്ബാൽ നഗർ ലീഗ് ഓഫീസ് പരിസരത്ത് ഇന്ന് ഉച്ചയോടെയാണ് കടലാക്രമണം രൂക്ഷമായത്.

നിരവധി വീടുകളിലേക്ക് വെള്ളം കയറി മുപ്പതിലധികം വീടുകൾ വെള്ളക്കെട്ടിൽ ആയി. കഴിഞ്ഞ ദിവസം ഈ പ്രദേശത്ത് നാട്ടുകാർ റോഡ് ഉപരോധിച്ചിരുന്നു അതിന്റെ അടിസ്ഥാനത്തിൽ ഇന്ന് രാവിലെ മണൽ കൂനയിടാൻ ജെ.സി.ബി എത്തുമെന്ന് താസിൽദാർ പറഞ്ഞിരുന്നു. പക്ഷേ ജെ.സി.ബി ഉച്ചയോട് കൂടിയാണ് എത്തിയത്. ആ സമയത്ത് കടൽക്ഷോഭം രൂക്ഷമായപ്പോൾ മണൽ കൂനയിടാൻ കഴിഞ്ഞില്ല. ഇതോടു കൂടി പ്രതിരോധ പ്രവർത്തനങ്ങൾ നിർത്തിവച്ചു. ഇതു മൂലം ഇന്നും നിരവധി വീടുകളിലേക്ക് വെള്ളം അടിച്ചു കയറി. വെള്ളം കയറിയ വീട്ടുകാർ ബന്ധു വീടുകളിലേക്ക് താമസം മാറി.

കടൽക്ഷോഭം ഉണ്ടാകുമ്പോൾ ഉദ്യോഗസ്ഥരും, എം.എൽ.എ ഉൾപ്പെടെയുള്ളവർ വാഗ്ദാനങ്ങൾ നൽകി പോകുക അല്ലാതെ യാതൊരു പരിഹാരവും ഇതുവരെ ഉണ്ടായിട്ടില്ല എന്നും, കടൽ ഭിത്തി തകർന്ന കടപ്പുറം പഞ്ചായത്തിലെ തീരപ്രദേശങ്ങളിൽ ശാശ്വതമായ ഒരു പരിഹാരം കാണണമെന്നും, അടിയന്തരമായി ഇവിടങ്ങളിൽ സംരക്ഷണഭിത്തി കെട്ടണമെന്നും യൂത്ത് ലീഗ് കടപ്പുറം പഞ്ചായത്ത് പ്രസിഡന്റ് പി.എ.അഷ്കർ അലി, ജനറൽ സെക്രട്ടറി അലി അഞ്ചങ്ങാടി, ട്രഷറർ ഷബീർ പുതിയങ്ങാടി എന്നിവർ ആവശ്യപ്പെട്ടു.

കടപ്പുറം പഞ്ചായത്തിലെ തീരപ്രദേശങ്ങളിൽ കടൽഭിത്തി കെട്ടാത്തതിൽ പ്രതിഷേധിച്ച് ജൂൺ 29 ശനിയാഴ്ച്ച, വൈകിട്ട് 5 മണിക്ക് അഞ്ചങ്ങാടി വളവിൽ മനുഷ്യഭിത്തി കെട്ടി കൊണ്ട് പ്രതിഷേധ സമരം സംഘടിപ്പിക്കുവാൻ മുസ്‌ലിം യൂത്ത് ലീഗ് കടപ്പുറം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു.



കടപ്പുറം പഞ്ചായത്തിലെ മുനക്കകടവിൽ ശക്തമായ കടൽക്ഷോഭത്തിൽ പൊന്നാക്കാരൻ കുഞ്ഞലീമുവിന്റെ വീട്ടിലേക്ക് വെള്ളം കയറുന്നു



അപകടത്തിൽ തകർന്ന ബൈക്ക്

## കുന്നംകുളത്ത് ഓട്ടോറിക്ഷ ഇടിച്ച് ബൈക്ക് യാത്രികന് പരിക്ക്

കുന്നംകുളം: നഗരത്തിൽ പെട്ടെന്ന് തിരിച്ച ഓട്ടോറിക്ഷ ഇടിച്ച് ബൈക്ക് യാത്രികന് പരിക്കേറ്റു.

കേച്ചേരി സ്വദേശി പണിക്കവീട്ടിൽ ബഷീറിനാണ്(57) പരിക്കേറ്റത്. ബുധനാഴ്ച രാത്രി എട്ടരയോടെയാണ് അപകടമുണ്ടായത്. കുന്നംകുളം ഭാഗത്ത് നിന്ന് കേച്ചേരി ഭാഗത്തേക്ക് പോവുകയായിരുന്നു ബൈക്ക് യാത്രികൻ. കുന്നംകുളം ബോയ്സ് സ്കൂളിനു മുന്നിൽ നിർത്തിയ ഓട്ടോറിക്ഷ പെട്ടെന്ന് തിരിച്ചതോടെ ബൈക്കിൽ ഇടിക്കുകയായിരുന്നുവെന്ന് ദൃക്സാക്ഷികൾ പറഞ്ഞു. ഇടിയുടെ ആഘാതത്തിൽ റോഡിൽ തെറിച്ചുവീണാണ് ബൈക്ക് യാത്രികന് പരിക്കേറ്റത്. പരിക്കേറ്റ ബൈക്ക് യാത്രികനെ കുന്നംകുളം താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അപകടത്തിൽ ബൈക്കിനും കേടുപാടുകൾ സംഭവിച്ചു. അപകടത്തെ തുടർന്ന് മേഖലയിൽ ഭാഗികമായി ഗതാഗതം തടസപ്പെട്ടു. കുന്നംകുളം പൊലീസ് നടപടികൾ സ്വീകരിച്ചു.

## കെ.കെ.അംബുജാക്ഷൻ സ്മൃതി പുരസ്കാരം വി.കെ.ശ്രീധരന്

കൊടുങ്ങല്ലൂർ: സാംസ്കാരിക പ്രവർത്തകനും ചരിത്രാന്വേഷകനും നാട്ടറിവ് വിദഗ്ധനുമായ കെ.കെ.അംബുജാക്ഷൻറെ പേരിൽ അനുസ്മരണ സമിതി ഏർപ്പെടുത്തിയിട്ടുള്ള 2024–ലെ പുരസ്കാരം അണ്ണല്ലൂർ സ്വദേശി വാത്യാട്ട് ശ്രീധരന്. കേരള സംഗീത നാടക അക്കാദമി അഡ് മിനിസ്ട്രേറ്റീവ് ഓഫീസറായിരുന്ന വി.കെ.ശ്രീധരൻ ഇപ്പോൾ കില ഫാക്കൽറ്റിയും ഇൻസ്പെയർ ഇന്ത്യ സന്നദ്ധ സംഘടനയുടെ സെക്രട്ടറിയുമാണ്. 17 പുസ്തക ങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇന്ന് കൊടുങ്ങല്ലൂരിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരദാനം നടക്കുമെന്ന് കെ.കെ.അംബുജാക്ഷൻ അനുസ്മരണ സമിതി ചെയർമാൻ അഡ്വ.അബ്ദുൾ കാദർ കണ്ണേഴത്ത്, കൺവീനർ സി.എസ്.തിലകൻ, ട്രഷറർ കിഷോർ ബാബു അറിയിച്ചു.

## കരിയർ എക്സ്പോ

കൊടുങ്ങല്ലൂർ: എറിയാട് ഗവ.കേരള വർമ്മ ഹയർ സെക്കൻഡറി സ് കൂൾ കരിയർ ഗൈഡൻസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ ഹോപ് 2കെ 24 കരിയർ എക്സ്പോ സംഘടിപ്പിച്ചു. എറിയാട് ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് കെ.പി.രാജൻ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡൻറ് ഫൗസിയ ഷാ ജഹാൻ അധ്യക്ഷത വഹിച്ചു. കരിയർ ഗൈഡൻസ് ജില്ലാ കോ ഡിനേറ്റർ വി.ഡി.പ്രകാശ് ബാബു മുഖ്യാതിഥിയായി. ഗ്രാമപഞ്ചായത്തംഗം നജ്മൽ ഷക്കീർ, ജില്ലാ എംപ്ലോയ്മെൻറ് ഓഫീസർ ഷാജു ലോനപ്പൻ, പ്രധാനാധ്യാപിക ലാലി ആൻറണി, എൽപി സ്കൂൾ പ്രധാനാധ്യാപകൻ നസീർ സി.എ., പ്രിൻസിപ്പൽ വി.സ്മിത, ടി.കെ.റാഫി, ദീപ കെ.കെ പ്രസംഗിച്ചു.



മുർഷിദുൽ അനാം മദ്രസ കമ്മിറ്റി പ്രസിഡന്റ് അബു സ്വാലിഹ് പതാക ഉയർത്തുന്നു

## അങ്ങാടിത്താഴം മുർഷിദുൽ അനാം മദ്രസ സ്ഥാപക ദിനാചരണം

ചാവക്കാട്: അങ്ങാടിത്താഴം മുർഷിദുൽ അനാം മദ്രസ സമസ്ത കേരള ജംഇയ്യത്തുൽ ഉലമ യുടെ സ്ഥാപക ദിനമായി ആചരിച്ചു.പരിപാടി ചാവക്കാട് മഹല്ല് പ്രസിഡന്റ് അബ്ദുൽ റഹ്മാൻ കാളിയത്ത് ഉൽഘാടനം ചെയ്തു. മുർശിദുൽ അനാം മദ്രസ കമ്മിറ്റി പ്രസിഡന്റ് അബു സ്വാലിഹ് പതാക ഉയർത്തി. ജനറൽ സെക്രെട്ടറി നൗഷാദ് അഹമ്മു, ജോയിന്റ് സെക്രെട്ടറി അനീഷ് പാലയൂർ, മദ്രസ്സ കമ്മിറ്റി സെക്രട്ടറി ശംസുദ്ധീൻ, യുസഫ് പഞ്ചാരമുക്ക്, ഷജീർ അങ്ങാടി, സദർ മുഅല്ലിം അബൂബക്കർ ഉസ്താദ് പൈലിപ്പുറം, തങ്ങൾ ഉസ്താദ്, അസ്കർ ഉസ്താദ്, ഖാലിദ് ഉസ്താദ് എന്നിവർ പ്രസംഗിച്ചു.

## മാലിന്യ സംസ്കരണത്തിന് പെല്ലെറ്റൈസർ നിർമിച്ച് വിദ്യാർത്ഥികൾ

ഇരിങ്ങാലക്കുട: നഗരങ്ങളിലെ കരിയില മാലിന്യങ്ങളിൽ നിന്നു പെല്ലറ്റ് രൂപത്തിലുള്ള ജൈവവളം നിർമിക്കാനുള്ള ഉപകരണം വികസിപ്പിച്ച് ക്രൈസ്റ്റ് എഞ്ചിനീയറിംഗ് കോളജ് വിദ്യാർഥികൾ. അസി. പ്രൊഫ.അശ്വതി പി സജീവിൻറെ മേൽനോട്ടത്തിൽ അവസാന വർഷ മെക്കാനിക്കൽ എൻജിനീയറിംഗ് വിദ്യാർഥികളായ ആബേൽ ജെയ്സൺ, അജ്മൽ പാഷാ, ആൽബർട്ട് ആൻറോ, ജോ കുര്യൻ ജോസ് എന്നിവരാണ് പെല്ലറ്റൈസർ വികസിപ്പിച്ചെടുത്തത്. മോട്ടോറിൽ പ്രവർത്തിക്കുന്ന യന്ത്രത്തിന് മണിക്കൂറിൽ 80 കിലോ വരെ പെല്ലറ്റ് രൂപത്തിലുള്ള ജൈവ വളം ഉൽപാദിപ്പിക്കാൻ കഴിയും. കരിയിലക്കൊപ്പം പോഷക സന്തുലിതാവസ്ഥ ഉറപ്പാക്കാൻ ചാണകപ്പൊടിയും കടലപ്പിണ്ണാക്കും ചേർത്ത് നിർമിക്കുന്ന പെല്ലറ്റുകൾ ഇൻഡോർ പ്ലാൻറുകളുടെ പോട്ടിങ് മിശ്രിതമായി ഉപയോഗിക്കാം. ഈർപ്പം നിലനിർത്താനുള്ള കഴിവും പോഷക സമ്പന്നതയും കരിയില പെല്ലറ്റുകളെ ആകർഷകമാക്കുന്നു.

ഫ്ളാറ്റുകൾ, ഐടി ഹബ്ബുകൾ, നഗരങ്ങളിലെ പാർക്കുകൾ എന്നിങ്ങനെ ജനസാന്ദ്രതയേറിയ കേന്ദ്രങ്ങളിൽ കരിയില കത്തിക്കുന്നത് മൂലമുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾക്കു ശാശ്വത പരിഹാരമുണ്ടാക്കുക എന്നതാണ് യന്ത്രം രൂപകൽപന ചെയ്യാനുള്ള പ്രചോദനമെന്നു മെക്കാനിക്കൽ വിഭാഗം മേധാവി ഡോ.എം ടി സിജോ അഭിപ്രായപ്പെട്ടു. എക്സി.ഡയറക്ടർ ഫാ.ജോൺ പാലിയേക്കര, ജോ. ഡയറക്ടർ ഫാ.മിൽനർ പോൾ, പ്രിൻസിപ്പൽ ഡോ.സജീവ് ജോൺ, വൈസ് പ്രിൻസിപ്പൽ ഡോ.വി.ഡി ജോൺ, അക്കാദമിക് ഡയറക്ടർ ഡോ.മനോജ് ജോർജ് എന്നിവർ വിദ്യാർഥികളെ അഭിനന്ദിച്ചു.

# കടപ്പുറം പഞ്ചായത്തിലെ കടൽക്ഷോഭ ദുരിതം; ശാശ്വത പരിഹാരം വേണമെന്ന് പ്രമേയം

ചാവക്കാട്: കടപ്പുറം ഗ്രാമപഞ്ചായത്തിലെ തീരദേശത്ത് കടൽക്ഷോഭം മൂലമുണ്ടാകുന്ന ദുരിതത്തിന് അറുതി വരുത്തുന്നതിന് തീരദേശത്ത് ഉടൻ കടൽ ഭിത്തി നിർമ്മിക്കണമെന്ന് കടപ്പുറം ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗം കേന്ദ്ര–സംസ്ഥാന സർക്കാരുകളോട് പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

പതിമൂന്നാം വാർഡ് മെമ്പർ ടി.ആർ ഇബ്രാഹിം അവതരിപ്പിച്ച പ്രമേത്തെ ഏഴാം വാർഡ് മെമ്പർ എ വി അബ്ദുൽ ഗഫൂർ പിന്താങ്ങി. കടപ്പുറം ഗ്രാമപഞ്ചായത്തിലെ തീരപ്രദേശം രൂക്ഷമായ കടൽക്ഷോഭം മൂലം വർഷങ്ങളായി ദുരിതത്തിലാണ്. നിരവധി കെട്ടിടങ്ങളും ഭൂമികളും കടലെടുത്ത് പോയി, കുടിവെള്ളം ലഭിച്ചിരുന്ന പ്രദേശം ഉപ്പ് വെള്ളം കയറി ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യമാണ്.

അടുത്തിടെയുണ്ടായ കടലാക്രമണം തീരദേശത്തെ ജനങ്ങളെ ഏറെ ആശങ്കയിലാഴ്ത്തിയിരിക്കുകയാണ്. നിരവധി വീടുകളിലേക്കാണ് വെള്ളം അടിച്ചു കയറുന്നത്, കടപ്പുറം ഗ്രാമപഞ്ചായത്തിലെ പ്രധാന റോഡായ അഹമ്മദ് കുരിക്കൽ പി.ഡബ്ലിയു റോഡ് തകർച്ചയയുടെ വക്കിലാണ്. അഞ്ചങ്ങാടി വളവ് പ്രദേശത്ത് റോഡും കടലും തമ്മിൽ പത്ത് മീറ്റർ അകലത്തിൽ എത്തിയിരിക്കുകയാണ്. പ്രദേശത്തെ കെട്ടിടങ്ങൾ കടൽക്ഷോഭത്തിൽ തകർന്നു വീഴുകയുണ്ടായി. നിരവധി വർഷങ്ങളായി നിരന്തരമായി ഉണ്ടാകുന്ന കടൽക്ഷോഭ ദുരിതത്തിന് പരിഹാരം ഉണ്ടാകണമെന്നും കടപ്പുറം പഞ്ചായത്തിന്റെ തീര പ്രദേശം ഹോട്ട് സ്പോട്ടിൽ ഉൾപ്പെടുത്തി തീരദേശത്ത് ടെട്രാപോഡ് സംവിധാനം ഉപയോഗിച്ച് കടൽഭിത്തികെട്ടി ശാശ്വത പരിഹാരം ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര–സംസ്ഥാന സർക്കാരുകളോട് ഗ്രാമപഞ്ചായത്ത് യോഗം ആവശ്യപ്പെട്ടു. പ്രമേയം ഐക്യകണ്ഠേനെ അംഗീകരിച്ചു.

യോഗത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്സാലിഹ ഷൗക്കത്ത് അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡണ്ട് കാഞ്ചന മൂക്കൻ, ഹസീന താജുദ്ദീൻ( ചെയർപേഴ്സൺ, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി), വി.പി മൻസൂർ അലി (ചെയർമാൻ, ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി), ശുഭ ജയൻ ( ചെയർപേഴ്സൺ, ആരോഗ്യം, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി), പഞ്ചായത്ത് അംഗങ്ങളായ പ്രസന്ന ചന്ദ്രൻ, ഷീജ രാധാകൃഷ്ണൻ, മുഹമ്മദ് നാസിഫ്, ബോഷി ചാണാശ്ശേരി, എ.വി അബ്ദുൽ ഗഫൂർ, സമീറ ഷെരീഫ്, പി.ഐ മുഹമ്മദ്, ടി.ആർ ഇബ്രാഹിം, റാഹില വഹാബ്, തൗഫീഖ് പി.എച്ച്, സുനിത പ്രസാദ് എന്നിവർ പങ്കെടുത്തു.



കടപ്പുറം ഗ്രാമപഞ്ചായത്തിൽ കടൽക്ഷോഭ പ്രദേശങ്ങളിൽ ശുദ്ധജലം ടാങ്കറിൽ എത്തിക്കുന്നതിന് പ്രത്യേക അനുമതി ആവശ്യപ്പെട്ട് കടപ്പുറം ഗ്രാമ പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ ജില്ലാ കലകർ വി.ആർ കൃഷ്ണതേജയെ കണ്ടപ്പോൾ

## കടപ്പുറത്ത് ശുദ്ധജലം ടാങ്കറിലെത്തിക്കാൻ അനുമതി; പഞ്ചായത്തംഗങ്ങൾ കലക്ടറെ കണ്ടു

കടപ്പുറം: ഗ്രാമപഞ്ചായത്തിൽ തുടർച്ചയായുണ്ടാകുന്ന കടൽക്ഷോഭ പ്രദേശങ്ങളിൽ ശുദ്ധജലം ടാങ്കറിൽ എത്തിക്കുന്നതിനായി പ്രത്യേക അനുമതി ആവശ്യപ്പെട്ട് കടപ്പുറം ഗ്രാമ പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ ജില്ലാ കലക്ടർ വി.ആർ കൃഷ്ണതേജയെ കണ്ടു

കടപ്പറം പഞ്ചായത്തിലെ തീര പ്രദേശങ്ങളിൽ കടൽക്ഷോഭമുണ്ടാകുമ്പോൾ പ്രദേശത്തെ ശുദ്ധജല സോത്രസ്സുകൾ മലിനമാകുകയാണ്.ഇത് മൂലം കുടിവെള്ളം ലഭ്യമാകാത്ത അവസ്ഥ തുടരുകയാണ്.ഇതിനു താത്കാലിക പരിഹാരമായാണ് വാഹനത്തിൽ കുടിവെള്ളം എത്തിക്കുന്നത്തിനുള്ള സംവിധാനം ചെയ്യുന്നത് ഇതിനായി സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യപ്പെട്ടുകൊണ്ടാണ് ഭരണ സമിതി കളക്ടറെ കണ്ടത്. ഭരണകൂടത്തിന്റെ ശ്രദ്ധയിൽപെടുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ജില്ലാ കളക്റ്റർ ശ്രീ വി ആർ കൃഷ്ണ തേജ അറിയിച്ചു

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സാലിഹ ഷൗക്കത്ത്, വൈസ് പ്രസിഡന്റ് കാഞ്ചന മൂക്കൻ, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാന്മാരായ വി.പി മൻസൂർ അലി, ഹസീന താജുദ്ധീൻ, ശുഭ ജയൻ, മെമ്പർമാരായ ടി.ആർ ഇബ്രാഹിം, എ.വി അബ്ദുൽ ഗഫൂർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

## ഞാറ്റുവേല ചന്തയ്ക്ക് തുടക്കം

വടക്കാഞ്ചേരി: തെക്കുംകര ഗ്രാമപഞ്ചായത്തിലെ ഞാറ്റുവേല ചന്ത പ്രസിഡൻറ് ടി.വി സുനിൽകുമാർ ഉദ്ഘാഘാടനം ചെയ്തു. വൈസ് പ്രസിഡൻറ് ഇ ഉമാലക്ഷ്മിഅധ്യക്ഷത വഹിച്ചു.

നഗരസഭ സ്ഥിരം സമിതി അധ്യക്ഷൻ എം.ആർ അനൂപ് കിഷോർ സെമിനാറിനു നേതൃത്വം നൽകി. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ് സി.വി സുനിൽകുമാർ, ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ എം.കെ ശ്രീജ, ബ്ലോക്ക് പഞ്ചായത്ത് അംഗം ബിജു കൃഷ്ണൻ, പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ പി.ആർ രാധാകൃഷ്ണൻ, വി.സി സജീന്ദ്രൻ, സബിത സതീഷ്, പഞ്ചായത്ത് അംഗങ്ങളായ എ.ആർ.കൃഷ്ണൻകുട്ടി, കെ.രാമചന്ദ്രൻ, കുടുംബശ്രീ ചെയർപേഴ്സൺ അജിത സുനിൽ, കൃഷി ഓഫീസർ അർച്ചന വിശ്വനാഥ്, പഞ്ചായത്ത് സെക്രട്ടറി ഡോ.ടി.എൻ ബിന്ദു പ്രസംഗിച്ചു.

## ലൈഫ് സ്കിൽസ് പരിശീലനം

ഇരിങ്ങാലക്കുട : ഗവ.ബോയ്സ് ഹൈസ്കൂൾ സോഷ്യൽ സർവീസ് സ്കീമിൻറെ ആഭിമുഖ്യത്തിൽ ഹൈസ്കൂൾ വിദ്യാർഥികൾക്കായി ലൈഫ് സ്കിൽസ് പരിശീലനം നടത്തി. ഹെഡ്മിസ്ട്രസ് ലത ഉദ്ഘാടനം ചെയ്തു. ഷാജു പൊറ്റക്കൽ, സുരേഷ് ബാബു എന്നിവർ ക്ലാസ് നയിച്ചു.



ജില്ലാ മദ്യനിരോധന സമിതി നടത്തിയ ഇരുചക്ര വാഹന റാലിയുടെ സമാപന യോഗം ചാലക്കുടി മുൻസിപ്പൽ വൈസ് ചെയർപേഴ്സൺ ആലീസ് ഷിബു ഉദ്ഘാടനം ചെയ്യുന്നു

## ലഹരിവ്യാപനത്തിന്റെ മുഖ്യ ഉത്തരവാദി എൽ.ഡി.എഫ് സർക്കാർ

ചാലക്കുടി: കേരളത്തിൽ ലഹരിവ്യാപനം മുമ്പൊരിക്കലുമുണ്ടാകാത്തവിധം ശക്തമായതിന്റെ മുഖ്യ ഉത്തരവാദി ,നാടും വീടും മദ്യത്തിൽ മുക്കിയ എൽ.ഡി.എഫ് സർക്കാരാണെന്ന് മദ്യനിരോധന സമിതി സംസ്ഥാന ജനറൽ സെക്രട്ടറി പ്രൊഫ. വിൻസെന്റ് മാളിയേക്കൽ അഭിപ്രായപ്പെട്ടു.

ചാലക്കുടിയിൽ ലോക ലഹരിവിരുദ്ധ ദിനത്തിൽ, തൃശൂർ ജില്ലാ മദ്യനിരോധന സമിതി നടത്തിയ ഇരുചക്ര വാഹന റാലിയുടെ സമാപന യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ചാലക്കുടി മുൻസിപ്പൽ വൈസ് ചെയർപേഴ്സൺ ആലീസ് ഷിബു ഉദ്ഘാടനം ചെയ്ത യോഗത്തിൽ, ജാഥാ ക്യാപ്റ്റൻ ആന്റണി പന്തല്ലൂക്കാരൻ , ഈപ്പൻ കരിയാറ്റിൽ , ഫാ.ജോൺ പോൾ ഇയ്യനം, മാർട്ടിൻ പേരേക്കാടൻ, കെ.എ.ഗോവിന്ദൻ , ജോസ് കോച്ചേക്കാടൻ എന്നിവർ പ്രസംഗിച്ചു.

രാവിലെ ഒല്ലൂരിൽ നിന്നും ആരംഭിച്ച റാലിയ്ക്ക് എടക്കുന്നി, താലോർ , പാലിയേക്കര , ആമ്പല്ലൂർ, പുതുക്കാട്, കുറുമാലി, നന്തിക്കര, നെല്ലായി, കൊടകര , പേരമ്പ്ര, പോട്ട, ചാലക്കുടി എന്നിവിടങ്ങളിൽ സ്വീകരണം ലഭിച്ചു. മലപ്പുറം കളക്ടറേറ്റിന് മുന്നിൽ ,11 മാസമായി മദ്യനിരോധന സമിതി സംസ്ഥാന കമ്മറ്റി നടത്തിക്കൊണ്ടിരിക്കുന്ന അനിശ്ചിതകാല സത്യാഗ്രഹത്തിന് യോഗം ഐക്യദാർഢ്യം അറിയിച്ചു.

## ഞാറ്റുവേല മഹോത്സവം

കൊടകര ; പറപ്പൂക്കര പഞ്ചായത്ത് സോഷ്യൽ വെൽഫെയർ കോ–ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പത്താമത് ഞാറ്റുവേല മഹോത്സവം 29, 30, ജൂലായ് 1 തീയതികളിൽ നടക്കും. 29ന് രാവിലെ 9.30ന് മന്ത്രി കെ.രാജൻ ഉദ്ഘാടനം ചെയ്യും. സംഘം പ്രസിഡൻറ് ആർ.നാരായൺകുട്ടി അധ്യക്ഷത വഹിക്കും. പ്രദർശനവും സൗജന്യ വിത്തുവിതരണവും കെ.കെ.രാമചന്ദ്രൻ എം.എൽ.എ ഉദ്ഘാടനം ചെയ്യും. ഹരിതം സഹകരണം പദ്ധതിയുടെ ഉദ്ഘാടനം സഹകരണ വകുപ്പ് അസി.റജിസ്ട്രാർ ബ്ലിസൺ സി ഡേവീസ് നിർവഹിക്കും. പ്ലസ് ടുവിന് 1200 മാർക്ക് നേടിയ നിവേദ് കെ നന്ദനെ പറപ്പൂക്കര പഞ്ചായത്ത് പ്രസിഡന്റ് ഇ.കെ.അനൂപും എസ്.എസ്.എൽ.സിക്ക് ഫുൾ എ പ്ലസ് ലഭിച്ചവരെ പറപ്പൂക്കര പഞ്ചായത്ത് സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ എൻ.എം.പുഷ്പാകരനും അനുമോദിക്കും. മികച്ച കുടുംബശ്രീ യൂണിറ്റ്, യു.പി, എൽ.പി വിഭാഗങ്ങളിൽ ഉയർന്നമാർക്കു നേടിയവർ, മികച്ച കർഷകൻ, എൻസിസി വിദ്യാർഥികൾ തുടങ്ങിയവരെയും ആദരിക്കും. 30ന് രാവിലെ 9ന് നടക്കുന്ന നേത്രപരിശോധനാ ക്യാംപ് സനീഷ്കുമാർ ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്യും. വാർത്താസമ്മേളനത്തിൽ സംഘം പ്രസിഡൻറ് ആർ.നാരായണൻകുട്ടി, പറപ്പൂക്കര റൂറൽ ബാങ്ക് പ്രസിഡൻറ് പി.കെ.പ്രസാദ്, ചന്ദ്രൻ ചിറ്റേത്ത് പങ്കെടുത്തു.




കടപ്പുറം ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിന്റെ നേതൃത്വത്തിൽ നടത്തിയ ആയുർവേദ മെഡിക്കൽ ക്യാമ്പ് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശുഭ ജയൻ ഉദ്ഘാടനം ചെയ്യുന്നു

## ആയുർവേദ മെഡിക്കൽ ക്യാമ്പ്

കടപ്പുറം: ആരോഗ്യം ആയുർവേദത്തിലൂടെ എന്ന പദ്ധതിയുടെ ഭാഗമായി കടപ്പുറം ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിന്റെ നേതൃത്വത്തിൽ ആയുർവേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.

കടപ്പുറം ഗ്രാമപഞ്ചായത്ത്, ഭാരതീയ ചികിത്സാ വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ, ആയുഷ് ഗ്രാമം ചാവക്കാട് ബ്ലോക്ക് എന്നിവർ സംയുക്തമായാണ് ക്യാമ്പിന്റെ സംഘാടനം.

പരിശോധന, സൗജന്യ മരുന്ന് വിതരണം , ബോധവൽക്കരണ ക്ലാസ്, യോഗാ ദിനാചരണം എന്നിവയ്ക്ക് ആയുർവേദ ഡോക്ടർമാരായ കെ ബി ദിൽസ, സി. ബാലകൃഷ്ണൻ, കെ പി നിമ്മി എന്നിവർ നേതൃത്വം നൽകി.

ക്യാമ്പ് കടപ്പുറം ഗ്രാമപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശുഭ ജയൻ ഉദ്ഘാടനം ചെയ്തു. ക്ഷേമകാര്യ കമ്മിറ്റി ചെയർമാൻ വി.പി മൻസൂർ അലി അധ്യക്ഷത വഹിച്ചു. ഏഴാം വാർഡ് മെമ്പർ എ.വി അബ്ദുൽ ഗഫൂർ എന്നിവർ സംസാരിച്ചു. ഫാർമസിസ്റ്റ് പി. ജിജി, അറ്റൻഡർ ഡിജിൽമോൻ, പി.കെ ഷറഫുദ്ദീൻ, യോഗ ഇൻസ്ട്രക്ടർ ബൈജു, സോജിഷ, നെഹ്റു ഷംസു എന്നിവർ ക്യാമ്പിന് സഹായികളായി.

## വയോജന സർഗോത്സവം

പുതുക്കാട് : ഗ്രാമ പഞ്ചായത്ത് തണൽ വയോജന സർഗോത്സവം പ്രസിഡൻറ് കെ.എം ബാബുരാജ് ഉദ്ഘാടനം ചെയ്തു. തണൽ വൈസ് പ്രസിഡന്റ് വി.ഒ കുഞ്ഞിപാലു അധ്യക്ഷനായി. പഞ്ചായത്ത് വൈസ് പ്രസിഡൻറ് ഷൈനി ജോജു, ഗ്രാമ പഞ്ചായത്തംഗങ്ങളായ രതി ബാബു, ഷാജു കാളിയേങ്കര, ആൻസി ജോബി അനൂപ് മാത്യു, രശ്മി ശ്രീഷോബ്, പ്രീതി ബാലകൃഷ്ണൻ , സി.പി സജീവൻ പുതുക്കാട് സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡൻറ് ടി.എസ് രാജു, തണൽ ഭാരവാഹികളായ ടി.കെ ചാത്തുണ്ണി, എൻ.ഡി ഇനാശു , ലീലാ ഭായ്, വി.കെ വേലുക്കുട്ടി പ്രസംഗിച്ചു.

## അപേക്ഷ ക്ഷണിച്ചു

മൂവാറ്റുപുഴ: സംസ്ഥാന സർക്കാർ സ്കോൾ കേരള മുഖേന കൂവാറ്റുപുഴ ശിവൻകുന്ന് ഗവ.ഹയർ സെക്കൻഡറി സ്കൂളിൽ നടത്തുന്ന പി.എസ്.സി അംഗീകൃത ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സിന്റെ പത്താം ബാച്ചിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.
യോഗ്യത: എസ്.എസ്.എൽ.സി പാസായിരിക്കണം. ഉയർന്ന പ്രായപരിധി :ഇല്ല. കോഴ്സ് കാലാവധി :6 മാസം. സർക്കാർ ജീവനക്കാർ, ഉദ്യോഗസ്ഥർ, വീട്ടമ്മമാർ , വിദ്യാർഥികൾ തുടങ്ങി ഏവർക്കും അനുയോജ്യമായ വിധത്തിൽ അവധി ദിവസങ്ങളിൽ മാത്രമാണ് ക്ലാസുകൾ നടത്തുന്നത്. പാഠപുസ്തകങ്ങൾ ഉൾപ്പടെ 5,300/ രൂപ കോഴ്സ് ഫീ 2 തവണകളായി അടക്കാൻ സൗകര്യം ഉണ്ട്. താൽപ്പര്യമുള്ളവർ https://scolekerala.org/202426/dca/ എന്ന ലിങ്കിലൂടെ ഉടൻ പേര് രജിസ്റ്റർ ചെയ്യണം

## മാതൃകാ പഞ്ചായത്ത് പദവിയിലേക്ക് നെടുമ്പാശേരി

നെടുമ്പാശേരി: നെടുമ്പാശേരി പഞ്ചായത്ത് മാതൃക പഞ്ചായത്ത് പദവിയിലേയ്ക്ക്. പദ്ധതിക്ക് രൂപം നൽകാൻ ശിൽപശാല സംഘടിപ്പിച്ചു. പഞ്ചായത്ത് ഹാളിൽ നടന്ന ശിൽപശാല ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ഏ വി സുനിൽ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി വി പ്രദീഷ് വിഷയാവതരണം നടത്തി. ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ, ആരോഗ്യ സ്ഥിരം സമിതി അധ്യക്ഷൻ എം ജെ ജോമി, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശോഭാ ഭരതൻ, ബ്ലോക്ക് പഞ്ചായത്ത് അംഗം ദിലീപ് കപ്രശ്ശേരി, ബിജി സുരേഷ്, ജെസി ജോർജ്, പി വി കുഞ്ഞ്, സെക്രട്ടറി പി വി ജെസി എന്നിവർ സംസാരിച്ചു.

## ആമസോൺ പ്രൈം കാമ്പയിൻ

കൊച്ചി: പ്രൈം മെമ്പർഷിപ്പ് നൽകുന്ന ഓഫറുകൾ അവതരിപ്പിക്കുന്ന സച്ച് മേ ടൂ മച്ച് എന്ന ക്യാമ്പയിനിന്റെ രണ്ടാം ഭാഗം ആമസോൺ അവതരിപ്പിച്ചു. സിംഗിൾ മെമ്പർഷിപ്പിലൂടെ വായന, ഗെയിമിംഗ്, സംഗീതം എന്നിവ മുതൽ ഷോപ്പിംഗ്, ഷിപ്പിംഗ്, എന്റർടെയിൻമെന്റ് എന്നിവ വരെയുള്ള ആനുകൂല്യങ്ങൾ എങ്ങനെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു എന്നതാണ് ക്യാമ്പയിൻ അറിയിക്കുന്നത്. ഫീ സെയിം ഡേ ഡെലിവറി, അൺലിമിറ്റഡ് സേവിംഗ്, ബ്ലോക്ക്ബസ്റ്റർ എന്റർടെയിൻമെന്റ്, ആമസോൺ പേയിൽ ഐസിഐസിഐ ക്രെഡിറ്റ് കാർഡിൽ 5% ക്യാഷ്ബാക്ക് എന്നിങ്ങനെയുള്ള അനുകൂല്യങ്ങളെയും എടുത്തുകാട്ടുന്നുണ്ട്.

എറണാകുളം വാർത്തകൾ

## മൂലമ്പിള്ളി: കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് തൊഴിൽ നൽകുമെന്ന് കളക്ടറുടെ ഉറപ്പ്

കൊച്ചി: മൂലമ്പിള്ളി പാക്കേജിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് തൊഴിൽ നൽകുമെന്ന് കളക്ടറുടെ ഉറപ്പ്. ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന മൂലമ്പിള്ളി പാക്കേജ് മേൽനോട്ട സമിതിയിലാണ് കളക്ടറുടെ ഉറപ്പ്. ദീർഘകാലമായി മുടങ്ങിക്കിടന്ന മേൽനോട്ട സമിതിയാണ് ഇന്നലെ കളക്ടറുടെ ചേംബറിൽ കൂടിയത്. വല്ലാർപാടം ഐസിടിടി കണ്ടെയ്നർ ടെർമിനൽ പദ്ധതിക്കു വേണ്ടി മുളവുകാട്, മൂലംപള്ളി, കോതാട്, ചേരാനല്ലൂർ, പോണേക്കര, എളമക്കര, വടുതല, മഞ്ഞുമ്മൽ, ഫ്രാങ്ക്ലിൻ ഗാർഡൻസ്, ഏലൂർ, നോർത്ത് കളമശേരി എന്നീ പ്രദേശങ്ങളിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ട 316 കുടുംബങ്ങളുടെ പുനരധിവാസത്തിനു വേണ്ടി 2008 മാർച്ച് 19നാണ് സർക്കാർ ഉത്തരവ് ഇറക്കിയത്. പുനരധിവാസ സൈറ്റുകളിലെ വിഷയങ്ങൾ 45 ദിവസങ്ങൾക്കുള്ളിൽ പരിഹരിക്കപ്പെടുമെന്ന് ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് കോഓർഡിനേഷൻ കമ്മിറ്റി അംഗങ്ങൾക്ക് ഉറപ്പുനൽകി. വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് കുടിയൊഴിക്കപ്പെട്ട കുടുംബത്തിലെ ഒരാൾക്കു വീതം പദ്ധതിയിൽ തൊഴിൽ നൽകുമെന്നതാണ് ഉത്തരവിലെ പ്രധാന ഉറപ്പ്. ഇത് പരിഹരിക്കുന്നതിന് വേണ്ടി മന്ത്രിതലത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരും കൊച്ചിൻ പോർട്ട് ട്രസ്റ്റുമായി ചർച്ച ചെയ്ത് തീരുമാനിക്കാമെന്നും ജില്ലാ കളക്ടർ പറഞ്ഞു. കോഓർഡിനേഷൻ കമ്മിറ്റിയെ പ്രതിനിധികരിച്ച് സി.ആർ നീലകണ്ഠൻ, ഫ്രാൻസീസ് കളത്തുങ്കൽ, വി.പി വിൽസൻ, കുരുവിള മാത്യൂസ്, ഏലൂർ ഗോപിനാഥ് എന്നിവർ പങ്കെടുത്തു.

# തീരം അശാന്തം

## കണ്ണമാലിയിലും എടവനക്കാടും കടൽകയറി എടവനക്കാട് ഇന്ന് ജനകീയ ഹർത്താൽ




വൈപ്പിൻ എടവനക്കാട് കടലാക്രമണത്തിൽ നിരവധി വീടുകളിൽ വെള്ളം കയറിയതിനെ തുടർന്ന് നാട്ടുകാർ വൈപ്പിൻ മുനമ്പം റോഡ് ഉപരോധിച്ചപ്പോൾ

കൊച്ചി: ജില്ലയിൽ മഴയുടെ ശക്തി കുറഞ്ഞെങ്കിലും തീരപ്രദേശങ്ങളിൽ നാശനഷ്ടങ്ങൾ തുടരുന്നു. എടവനക്കാട് കടൽ കയറ്റം രൂക്ഷമായതോടെ നൂറോളം വീടുകളിൽ വെള്ളം കയറി. കണ്ണമാലി ചെറിയകടവ് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ കടൽ കയറ്റം തുടരുകയാണ്. പ്രദേശത്തെ വീടുകളിൽ മണ്ണ് അടിഞ്ഞതോടെ ജനജീവിതവും ദുസഹമായി. കടൽകയറ്റം രൂക്ഷമായ സാഹചര്യത്തിൽ കടലാക്രമണം ചെറുക്കാൻ ചെല്ലാനം മോഡലിൽ ടെട്രാ പോഡ് ഉപയോഗിച്ചുള്ളകടൽ ഭിത്തി നിർമ്മിക്കണമെന്നാവശ്യപ്പെട്ട് തീരവാസികൾ എടവനക്കാട് വില്ലേജ് ഓഫീസിന് മുമ്പിൽ ഇന്നലെ ഒമ്പത് മണിക്കൂറോളം സംസ്ഥാന പാത ഉപരോധിച്ചു. ജനകീയ സമരസമിതിയും പഞ്ചായത്തും സംയുക്തമായാണ് റോഡ് തടഞ്ഞത്. രാവിലെ എട്ടു മുതൽ ആരംഭിച്ച സമരം ഇന്ന് ജില്ലാ കളക്ടർ ചർച്ചക്ക് വിളിച്ചതോടെ വൈകുന്നേരം അഞ്ചിന് താൽകാലികമായി അവസാനിപ്പിച്ചു. സമരത്തെ തുടർന്ന് സംസ്ഥാന പാതയിൽ മണിക്കൂറുകളോളം വാഹനഗതാഗതം തടസപ്പെട്ടു സമരത്തിന്റെ ഭാഗമായി എടവനക്കാട് പഞ്ചായത്തിൽ ഇന്ന് രാവിലെ മുതൽ വൈകുന്നേരം വരെ ഹർത്താലിന് ആഹ്വാനം ചെയ്തിട്ടുണ്ട്.സമരത്തിന്റെ ഭാഗമായി എടവനക്കാട് പഞ്ചായത്തിൽ ഇന്ന് ഹർത്താലിന് ആഹ്വാനം ചെയ്തിട്ടുണ്ട്.
കടലാക്രമണം നേരിടുന്നതിനെക്കുറിച്ച് ചർച്ചചെയ്യാൻ ബുധനാഴ്ച ജില്ലാ കളക്ടർ വിളിച്ച യോഗത്തിൽ വ്യക്തമായ ഉറപ്പോ തീരുമാനങ്ങളോ ഉണ്ടാവാത്ത സാഹചര്യത്തിലാണ് ജനങ്ങൾ റോഡ് ഉപരോധിച്ചത്. എടവനക്കാട് തീരത്ത് കടൽത്തിരകളെ ചെറുക്കാൻ 52 കോടിയുടെ പദ്ധതി കഴിഞ്ഞ വർഷം ജില്ലാ ഭരണകൂടം പ്രഖ്യാപിച്ചെങ്കിലും സർക്കാരിൽ സമർപ്പിച്ചിട്ടുള്ള ഈ പദ്ധതി ഫണ്ട് ഇല്ലാത്തതിനാൽ ഫയലിൽ തന്നെ ഉറങ്ങുകയാണ്. ഇതിനിടെ ഈ വർഷവും കടൽക്ഷോഭം രൂക്ഷമായതോടെയാണ് കളക്ടർ അടിയന്തിര യോഗം വിളിച്ചത്. തൽക്കാലം കടലോരത്ത് തോടുകൾ കീറി കടൽ വെള്ളം ഒഴുകിപ്പോകാൻ സൗകര്യമുണ്ടാക്കാമെന്നും മണൽ ബണ്ട് കെട്ടാമെന്ന പതിവ് പദ്ധതികൾക്കല്ലാതെ മറ്റൊന്നിനും ഫണ്ടില്ലെന്നാണ് യോഗത്തിൽ കളക്ടർ അറിയിച്ചത്. കണ്ണമാലിയിലും കടൽ കയറ്റത്തെത്തുടർന്നുള്ള നാശനഷ്ടങ്ങൾ തുടരുകയാണ്. പുത്തൻതോട് പ്രദേശത്ത് കടൽത്തിരയിൽ വീട് തകർന്നു. പൊള്ളയിൽ ബെഞ്ചമിൻ ജോർജിന്റെ വീടാണ് ശക്തമായ തിരയിൽ തകർന്നത്. വീടിന്റെ അടുക്കള പൂർമായും തകർന്നു. മണ്ണ് അടിഞ്ഞുകൂടി വീട് വാസയോഗ്യമല്ലാതെയായി. അപകടസമയത്ത് ബെഞ്ചമിൻ മാത്രമാണ് വീട്ടിൽ ഉണ്ടായിരുന്നത്. കടൽ കയറ്റത്തിൽ നാട്ടുകാരുടെ പ്രതിഷേധം ശക്തമായതോടെ പ്രദേശത്ത് മണൽവാട നിർമാണം ആരംഭിച്ചിട്ടുണ്ട്. മഴ തുടരുന്ന സാഹചര്യത്തിൽ ജില്ലയിൽ ഇന്ന് യെല്ലോ അലേർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

## എടവനക്കാട്ടെ ജനങ്ങളെ കടലിന് വിട്ടു കൊടുക്കരുത്: മത്സ്യത്തൊഴിലാളി ഫെഡറേഷൻ

വൈപ്പിൻ: എടവനക്കാട് പ്രദേശത്തെ ജനങ്ങളെ കടൽ ക്ഷോഭത്തിന് വിട്ടു കൊടുക്കാനുള്ള സർക്കാർ നീക്കത്തെ മത്സ്യത്തൊഴിലാളി ഫെഡറേഷൻ (എസ്.ടി.യു.) ജില്ലാ കമ്മിറ്റി അപലപിച്ചു.
എടവനക്കാട്ടെ കടലാക്രമണ വിഷയം ചർച്ച ചെയ്യാൻ മാത്രമായി പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ള ജനപ്രതിനിധികളേയും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരേയും വിളിച്ച് ജില്ലാ കളക്ടർ ചേംബറിൽ യോഗം വിളിച്ചു ചേർത്തെങ്കിലും ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് ആശ്വാസകരമായ ഒരു തീരുമാനവുമുണ്ടായില്ല. നിലവിൽ ഇവിടെ പുലിമുട്ടോ ടെട്രോമോഡൽ സീ വാളോ പണിയാൻ ഫണ്ടില്ലെന്ന പതിവ് പല്ലവി മാത്രമാണുണ്ടായത്. എടവനക്കാട്ടെ ജനങ്ങളുടെ ദുരിതം സർക്കാരിലറിയിക്കുമെന്നോ അടിയന്തര സഹായത്തിന് നടപടി സ്വീകരിക്കുമെന്നോ ഒരാശ്വാസ വാക്ക് പോലും കളക്ടർ പറഞ്ഞില്ല. യോഗം പ്രഹസനമായി.
മുഖ്യമന്ത്രിയുടെ വീട്ടിൽ പശുതൊഴുത്തിനും ചാണകക്കുഴിക്കും സ്വിമ്മിങ്ങ് പൂളിനും രണ്ട്നില വീട്ടിൽ ലിഫ്റ്റ് വെക്കുന്നതിനും ഹെലികോപ്റ്റർ വാടകക്കും കുടുംബസമേതം വിദേശ ടൂർ നടത്തുന്നതിനും ഒരു ട്രഷറി നിയന്ത്രണവുമില്ലാതെ പണം ധൂർത്തടിക്കുമ്പോൾ പാവങ്ങളുടെ ജീവൻ രക്ഷിക്കാൻ പണമില്ലെന്ന് പറയുന്നത് പാവപ്പെട്ട ജനങ്ങളോടുള്ള വെല്ലുവിളിയാണെന്ന് ജില്ലാ കമ്മിറ്റി കുറ്റപ്പെടുത്തി. ജീവിക്കാനുള്ള അവകാശത്തിനായി എടവനക്കാട്ടെ ജനങ്ങൾ നടത്തുന്ന പ്രക്ഷോഭങ്ങൾക്ക് ഫെഡറേഷൻ പിന്തുണ നൽകുമെന്ന് ജില്ലാ പ്രസിഡന്റ് കെ.കെ.അബ്ദുള്ള, ജന. സെക്രട്ടറി അഷറഫ് അലി, ട്രഷറർ എ.എം.സിദ്ദീക്ക് എന്നിവർ പറഞ്ഞു.

## റിമാന്റ് പ്രതിയെ വഞ്ചന കേസിൽ അറസ്റ്റ് ചെയ്തു



ജോസഫ്

മട്ടാഞ്ചേരി: ജോലി വാഗ്ദാനം ചെയ്ത് സ്ത്രീയിൽനിന്ന് പണം കൈപറ്റി വഞ്ചിച്ച കേസ്സിൽ ഒരാളെ മട്ടാഞ്ചേരി പോലീസ് അറസ്റ്റ് ചെയ്തു. മറ്റൊരു വഞ്ചന കേസ്സിൽ പൂജപ്പുര പോലീസ് പിടികൂടി റിമാൻഡ് ചെയ്ത ഇടുക്കി ഉടുമ്പംചോല മാവറ സ്വദേശി ജോസഫ്. എ ജെ (51), യെയാ ണ് മട്ടാഞ്ചേരി പോലീസ് അറസ്റ്റ് ചെയ്തതത്.
. മട്ടാഞ്ചേരി ചുള്ളിക്കൽ സ്വദേശിയാണ് തട്ടിപ്പിനിരയായത്. കേസ്സിലെ രണ്ടാം പ്രതിയാണ് ജോസഫ് എ ജെ. ജർമ്മനിയിൽ ബുക്ക് ബൈൻഡിംങ് പ്രസ്സിൽ ജോലി വാഗ്ദാനം ചെയ്ത് പ്രതികൾ സ്ത്രീയുടെ പക്കൽ നിന്നും പണം തട്ടിയെടുക്കുകയായിരുന്നുവെന്നാണ് കേസ്സ്. തുടർന്ന് സ്തീയുടെ പരാതി പ്രകാരം മട്ടാഞ്ചേരി പോലീസ് കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയായിരു ന്നു. ഇതിനിടയിലാണ് ജോസഫ് പൂജപ്പുര പോലീസ് സ്റ്റേഷനിലെ സമാനമായ മറ്റൊരു കേസ്സിൽ അറസ്റ്റിലായി റിമാൻഡ് ചെയത് ജയിലിലുള്ളതായി വിവരം ലഭിച്ചത്. തുടർന്ന് ജയിലിലെത്തി ഇയാളെഅറസ്റ്റ് ചെയ്യുകയായിരുന്നു. പ്രതിയെ കസ്റ്റഡിയിൽ വാങ്ങി തെളിവെടുപ്പ് നടത്തി. മട്ടാഞ്ചേരി അസ്സിസ്റ്റന്റ് കമ്മീഷണർ മനോജ്. കെ. ആർ, മട്ടാഞ്ചേരി പോലീസ് സ്റ്റേഷ9 ഇൻസ്പെക്ട4 ബിജു എ വി, എസ്. ഐ. മാരായ ശിവൻകുട്ടി, ജയപ്രസാദ്, സന്തോഷ്, സീനിയർ സിവിൽ പൊലീസ് ഓഫീസർ ശ്രീകുമാർ എ റ്റി എന്നിവരാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. ഇയാൾ വണ്ടൻമേട് പൊലീസ് സ്റ്റേഷനിലെ സമാനമായ കേസ്സിലും ഉൾപ്പെട്ടിട്ടുള്ളതാണ്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാന്റ് ചെയ്തു.

## കനത്ത മഴ; കാക്കനാട് വ്യാപക നാശം

കാക്കനാട്: കഴിഞ്ഞ രണ്ടുദിവസമായി പെയ്യുന്ന കനത്ത മഴയിൽ കാക്കനാട് മേഖലയിൽ വ്യാപകനാശം. താഴ്ന്ന പ്രദേശങ്ങൾ വെള്ളക്കെട്ടിലായി.
വാഴക്കാല, ചെമ്പ്മുക്ക്, ബി.എം നഗർ, തുതിയൂർ, എൻ.ജി.ഒ ക്വോർട്ടേഴ്സ് തൈക്കുടം, ചെറുമുട്ടപുഴക്കര തുടങ്ങിയ കാക്കനാടിന്റെ പടിഞ്ഞാറൻ മേഖലയിലെ കാനകൾ കരകവിഞ്ഞൊഴുകി. മഴക്ക് ഇടക്ക് ശമനം വന്നതിനാൽ വീടുകളിൽ വെള്ളം കയറിയില്ല. തെങ്ങോട് ഗവൺമെന്റ് സ്കൂളിന്റെ റോഡിൽ മണ്ണിടിഞ്ഞു. പിന്നാലെ സ്കൂൾ ഗ്രൗണ്ടിന് സമീപം മണ്ണിടിഞ്ഞു.ഇന്നലെ രാവിലെ ഏഴുമണിയോടെയായിരുന്നു സംഭവം.അത്താണി കീരേലി മലയിൽ രണ്ടുതവണ മണ്ണിടിഞ്ഞു.
ഇന്നലെ രാവിലെ പത്തുമണിയോടെ പാലാരിവട്ടത്ത് കാറിന് മുകളിലേക്ക് മരം വീണു. കാറിന്റെ വാതിൽ തകർന്നു. കാർ ഡ്രൈവർ മലപ്പുറം സ്വദേശി നിസാർ ചെറിയ പരിക്കുകളോടെ രക്ഷപ്പെട്ടു. പതിനൊന്ന് മണിയോടെ കാക്കനാട് ഇൻഫോപാർക്ക് റോഡിൽ സുരഭി നഗർ ഭാഗത്ത് കൂറ്റൻ വാഗമരം റോഡിലേക്ക് കടപുഴകി വീണു.
വഴി വിളക്കുകൾക്കായി നഗരസഭ സ്ഥാപിച്ച മൂന്ന് തകർന്നു. തൃക്കാക്കര ഏലൂർ സ്റ്റേഷനുകളിലെ ഫയർ ഫോഴ്സ് യൂണിറ്റുകൾ രണ്ടുമണിക്കൂർ നീണ്ട പരിശ്രമത്തിനൊടുവിലാണ് റോഡിൽ നിന്നും മരം പൂർണ്ണമായും മാറ്റാനായത്.



ഫോർട്ടുകൊച്ചി സൗത്ത് ബീച്ചിലെ തീരത്ത് കടൽ കയറിയപ്പോൾ .

## ഫോർട്ടുകൊച്ചിയിൽ സൗത്ത് കടപ്പുറം കടൽ കവർന്നു

മട്ടാഞ്ചേരി: ഫോർട്ടുകൊച്ചി: ബുധനാഴ്ച്ച ഉണ്ടായ ശക്തമായ കടൽക്ഷോഭത്തിൽ ഫോർട്ടുകൊച്ചി സൗത്ത് കടപ്പുറം പൂർണമായും കടലെടുത്തു.
തീരവും ഇടിഞ്ഞു. അപകട സാധ്യത കണക്കിലെടുത്ത് ഈ ഭാഗത്തു നിന്നുള്ള പ്രവേശനം പൊലീസ് അടച്ചു പൂട്ടി .ബുധനാഴ്ച കടുത്ത കടൽക്ഷോഭത്തിൽ കടൽ, തീരം കവരുകയായിരുന്നു . കൊച്ചി കാണാനെത്തുന്ന സഞ്ചാരികളുടെ പ്രധാന ആകർഷണങ്ങളിൽ ഒന്നാണ് മഹാത്മാഗാന്ധി കടപ്പുറമെന്ന സൗത്ത് കടപ്പുറം. തീര സംരക്ഷണത്തിന് പഠനം നടത്തിയ ചെന്നൈ ഐ.ഐ.ടിയുടെ റിപ്പോർട്ട് നടപ്പാക്കാൻ ഇതുവരെ അധികൃതർ തയ്യാറാകാത്തതിൽ വലിയ പ്രതിഷേധമാണ് ഉയർന്നിട്ടുള്ളത്.

## നോ പാർക്കിംഗ് ബോർഡുകൾ സ്ഥാപിച്ച് പിഴ ഈടാക്കരുതെന്ന് വ്യാപാരികൾ

പറവൂർ: നഗരത്തിലെ കച്ചവടസ്ഥാപനങ്ങൾക്കു മുമ്പിൽ 'നോ പാർക്കിംഗ്' ബോർഡുകൾ സ്ഥാപിച്ച പൊലീസ് നടപടി അംഗീകരിക്കാനാവില്ലെന്ന് പറവൂർ ടൗൺ മർച്ചന്റ്സ് അസോസിയേഷൻ.
അതിജീവനത്തിനായി വൻ പ്രതിസന്ധികൾ തരണം ചെയ്താണ് നഗരത്തിലെ കച്ചവടക്കാർ കഴിഞ്ഞു പോകുന്നത്.
ഇതിനിടെ നഗരത്തിൽ നിന്ന് ഉപഭോക്താക്കളെ അകറ്റാനുള്ള ശ്രമമാണ് പൊലീസിന്റെത്. ഗതാഗത തടസം സൃഷ്ടിക്കുന്ന തെരുവിലെ കച്ചവടവും കവലകളിലെ തിരക്കും നിയന്ത്രിക്കാതെ കച്ചവടസ്ഥാപനങ്ങളിലേക്ക് വരുന്ന ഉപഭോക്താക്കളിൽ നിന്ന് പിഴ ഈടാക്കാനുള്ള ശ്രമത്തെ ശക്തമായി നേരിടുമെന്ന് ഭാരവാഹികളായ കെ ടി ജോണി, പി ബി പ്രമോദ്, ടി വി ജോഷി, അൻവർ കൈതാരം എന്നിവർ പറഞ്ഞു.



പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കളമശേരി എച്ച്.എം.ടി കോളനി ഗവ. എൽ.പി. സ്കൂളിൽ കുട്ടികൾ നിർമ്മിച്ച പൂന്തോട്ടം

## പൂന്തോട്ടം നിർമ്മിച്ചു

കൊച്ചി: പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഗെയിലിന്റെ നേതൃത്വത്തിൽ കളമശേരി എച്ച്.എം.ടി കോളനി ഗവ. എൽ.പി. സ്കൂളിൽ പൂന്തോട്ട നിർമ്മാണം നടത്തി. അധ്യാപകരും വിദ്യാർത്ഥികളും പി.ടി.എയും ചേർന്ന് ചെടികൾ നട്ട് പൂന്തോട്ടം ഭംഗിയാക്കി. ഗെയിൽ ഇന്ത്യാ ലിമിറ്റഡിന്റെ കൊച്ചി ജനറൽ മാനേജർ എം. വിജു, ജീവനക്കാർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

## ലഹരി വിരുദ്ധ ദിനം ആചരിച്ചു

പെരുമ്പാവൂർ: കൊമ്പനാട് ഗവ. യു.പി. സ്കൂളിൽ ലഹരി വിരുദ്ധ ദിനം വിവിധ ബോധവൽക്കരണ പരിപാടികളോടെ നടത്തി. സീനിയർ അധ്യാപിക ടി.കെ. ഷിബിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പെരുമ്പാവൂർ അഗ്നിരക്ഷാനിലയം ഗ്രേസ്. സ്റ്റേഷൻ ഓഫീസർ പി.എൻ. സുബ്രഹ്മണ്യൻ ലഹരി വിരുദ്ധ സന്ദേശം നൽകി.

## പെൻഷൻ പറ്റിയവർ പക്ഷി നിരീക്ഷണം നടത്തട്ടെയെന്ന് സക്കറിയ

കൊച്ചി: നല്ല പെൻഷനും വാങ്ങി വിശ്രമിക്കുന്നവർ കേരളത്തിൽ ലക്ഷക്കണക്കിനുണ്ടെന്നും ശരീരം അനങ്ങാതിരിക്കുന്നതിനു പകരം അവർ പക്ഷനിരീക്ഷണം തുടങ്ങട്ടയെന്നും എഴുത്തുകാരൻ സക്കറിയ. കൊച്ചി ദർബാർ ഹാളിൽ പ്രശസ്ത പക്ഷി നിരീക്ഷകനും എഴുത്തുകാരനുമായ ഇന്ദുചൂഡന്റെ ജന്മശതാബ്ദി വർഷത്തിൽ പാടിപ്പറക്കുന്ന മലയാളം എന്ന ഫോട്ടോ പ്രദർശനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു സക്കറിയ. പക്ഷി നിരീക്ഷണം മനുഷ്യരുടെ ഓർമ ശക്തിയും ചിന്താശക്തിയും കാഴ്ചശക്തിയും ഭാവനയുമെല്ലാം വർധിപ്പിക്കും. മലയാളികൾ മറന്ന വി.ടി ഇന്ദുചൂഡൻ എന്ന വലിയ എഴുത്തുകാരനെ ഉയർത്തെഴുന്നേൽപ്പിക്കുന്നതിൽ അദ്ദേഹത്തിന്റെ കേരളത്തിലെ പക്ഷികൾ എന്ന പുസ്തകത്തിന്റെ സമീപകാല പുനപ്രസിദ്ധീകരണവും സുരേഷ് ഇളമൺ രചിച്ച പക്ഷികളും ഒരു മനുഷ്യനും എന്ന ജീവചരിത്രവും പോലെത്തന്നെ ഈ ഫോട്ടോ എക്സിബിഷനും വലിയ പങ്കുവഹിക്കുമെന്നും അദ്ദേഹം പറഞ്ഞു. മലയാളഗദ്യത്തിന്റെ ഏറ്റവും മനോഹരമായ



ദർബാർ ഹാളിൽ പാടിപ്പറക്കുന്ന മലയാളം എന്ന ഫോട്ടോ പ്രദർശനം ഉദ്ഘാടനം ചെയ്ത് സക്കറിയ ചിത്രങ്ങൾ കാണുന്നു

ഉപയോഗമാണ് കേരളത്തിലെ പക്ഷികൾ എന്ന പുസ്തകത്തിൽ കാണാനാവുക. ഇത്തരം പുസ്തകങ്ങളാണ് തന്നെ എഴുത്തുകാരനാക്കിയത്. അതിലെ കുറച്ചു ഭാഗമെങ്കിലും വായിച്ചാണ് സക്കറിയയുടെ പിതാവ് രാത്രികളിൽ ഉറങ്ങാൻ കിടന്നിരുന്നതെന്ന് സക്കറിയ എഴുതിയത് അധ്യക്ഷത വഹിച്ച വി.കെ ശ്രീരാമൻ ഓർമിച്ചു.
സുരേഷ് ഇളമൺ, പ്രദശർനത്തിന്റെ ക്യൂറേറ്ററും കലാനിരൂപകനും ഫോട്ടോഗ്രാഫറുമായ എം രാമചന്ദ്രൻ എന്നിവരും പ്രസംഗിച്ചു. നടൻ മമ്മൂട്ടിയും പക്ഷിച്ചിത്രങ്ങളെടുക്കുന്നതിൽ ലോക പ്രശസ്തയായ ജെയിനി കുര്യാക്കോസുമടക്കം ഇരുപത്തിമൂന്നു ഛായാഗ്രാഹകന്മാരുടെ 61 ഫോട്ടോകളാണ് പ്രദർശനത്തിലുള്ളത്. മമ്മൂട്ടി എടുത്ത ഇലത്തുമ്പിൽ വിശ്രമിക്കുന്ന നാട്ടുബുൾബുളിന്റെ മനോഹരചിത്രം പ്രദർശനത്തിന്റെ സമാപനദിനമായ ജൂൺ 30ന് 4 മണിക്ക് ഫൗണ്ടേഷന്റെ ധനശേഖരണാർത്ഥം ലേലം ചെയ്യും.

## ഫാക്ടിൽ സന്ദർശനം നടത്തി

ഏലൂർ: നാഷണൽ അതോറിറ്റി കെമിക്കൽ വെപ്പൺസ് കൺവെൻഷൻ ചെയർപേഴ്സൺ (ഇന്ത്യ ഗവൺമെന്റ് സെക്രട്ടറി) മുഖ്മീത് സിംഗ് ഭാട്ടിയ ഐ എ എസ്, ഫാക്ടിൽ ഔദ്യോഗിക സന്ദർശനം നടത്തി. ഇന്നലെയാണ് സന്ദർശനം നടത്തിയത്. ഫാക്ട് മാർക്കറ്റിംഗ് വിഭാഗം ഡയറക്ടർ അനുപം മിശ്ര, ഫിനാൻസ് വിഭാഗം ഡയറക്ടർ എസ് ശക്തിമണി എന്നിവർ ചേർന്ന് അദ്ദേഹത്തെ സ്വീകരിച്ചു.



ഫിക്കി പുറത്തിറക്കിയ ട്യുവേർഡ്സ് ടുമോറോ എ വിഷൻ ഫോർ കേരള ആൻഡ് കീ ട്രാൻസ്ഫോർമേഴ്സ് ഓഫ് കേരള കോഫി ടേബിൾ ബുക്ക് മുഖ്യമന്ത്രി പിണറായി വിജയൻ മന്ത്രി പി.രാജീവിന് നൽകി പ്രകാശനം ചെയ്യുന്നു. ഫിക്കി കേരള സ്റ്റേറ്റ് കൗൺസിൽ ചെയർമാൻ ഡോ. എം.ഐ സഹദുള്ള, കേരള സ്റ്റേറ്റ് കൗൺസിൽ മേധാവി സാവിയോ മാത്യു എന്നിവർ സമീപം



മുട്ടാർ കടവ് പാലത്തിൽ രൂപപ്പെട്ട ഗർത്തം നാട്ടുകാർ മണ്ണിട്ട് മൂടിയ നിലയിൽ. ഇൻസെറ്റിൽ പാലത്തിൽ രൂപപ്പെട്ട ഗർത്തം

### തകർന്ന പാലം പുനർ നിർമ്മിക്കാൻ നടപടി ആയില്ല

## മുട്ടാർ കടവ് പാലത്തിലെ ഗർത്തം മണ്ണിട്ടു മൂടി നാട്ടുകാർ

കളമശ്ശേരി : കഴിഞ്ഞമാസം പെയ്ത ശക്തമായ മഴയെ തുടർന്ന് മുട്ടാർ കടവ് പാലത്തിൽ രൂപപ്പെട്ട ഗർത്തം മണ്ണിട്ട് മൂടുവാനോ, പാലം ബലപ്പെടുത്തുവാനോ, പുനർനിർമ്മിക്കാനോ നടപടി എടുക്കാത്ത സാഹചര്യത്തിൽ നാട്ടുകാർ പാലത്ത് രൂപപ്പെട്ട ഗർത്തം മണ്ണിട്ട് മൂടി. കൊച്ചിൻ കോർപ്പറേഷനെയും കളമശ്ശേരി നഗരസഭയെയും ബന്ധിപ്പിക്കുന്ന മുട്ടാർക്കടവ് പാലം കഴിഞ്ഞ മാസം പെയ്ത ശക്തമായ മഴയെ തുടർന്ന് പാലത്തിൽ ഗർത്തം രൂപപ്പെട്ടത്.
ഇതിനെ തുടർന്ന് പാലത്തിലൂടെയുള്ള യാത്ര നാട്ടുകാർ തടഞ്ഞിരുന്നു. ഏത് സമയത്തും പാലത്തിലെ സ്ലാബ് തോട്ടിൽ പതിക്കാവുന്ന രീതിയിലാണ്. പാലത്തിൽ രൂപപ്പെട്ട ഗർത്തം അപകടം വിതയ്ക്കുമെന്ന് കണ്ടതോടെ കളമശ്ശേരി നഗരസഭ അടിയന്തര കൗൺസിൽ യോഗത്തിൽ പാലം ഉടൻ പൊളിച്ച് മാറ്റണമെന്ന് പറഞ്ഞിരുന്നു എന്നാൽ അതിനും യാതൊരു നടപടി ഉണ്ടായില്ല.
ഗതാഗതം പൂർണ്ണമായും തടസ്സപ്പെട്ട സാഹചര്യത്തിൽ ഇരുചക്രവാഹനങ്ങൾ പോലും ഇതിലെ പോകുമായിരുന്നില്ല. എന്നാൽ പാലം തകർച്ച നേരിടുന്ന വിവരം മന്ത്രി അടക്കം അധികാരികളെ അറിയിച്ചെങ്കിലും നടപടികളൊന്നും ഉണ്ടായിട്ടില്ലന്ന് നാട്ടുകാർ പറഞ്ഞു. 2018ലെയും 2019 ലേയും പ്രളയത്തെ തുടർന്നാണ് പാലം തകർച്ച നേരിട്ടു തുടങ്ങിയത്. പാലത്തിലെ സ്ലാവ് ഇടപ്പള്ളി തോട്ടിലേക്ക് പതിച്ചാൽ നഗരസഭയിലെ കിഴക്കൻ മേഖല ഉൾപ്പെടെ 15 ഓളം വാർഡുകൾ വെള്ളത്തിൽ ആകുമെന്ന് നാട്ടുകാർ പറയുന്നു. വ്യവസായ മന്ത്രിയുടെ നാട്ടിൽ പാലം തകർച്ച നേരിടാൻ തുടങ്ങിയിട്ട് അഞ്ചാണ്ട് പിന്നിട്ടിട്ടും പാലം പുതുക്കി പണിയാൻ ഇതുവരെ യാതൊരു നടപടിയും സ്വീകരിക്കാത്തതിൽ നാട്ടുകാരിൽ പ്രതിഷേധവുമുണ്ട്.
വിദ്യാർഥികൾ അടക്കം ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ തൊഴിലാളികൾ ഉൾപ്പെടെ 100 കണക്കിന് ആളുകളാണ് ദിനംപ്രതി ഈ പാലത്തിലൂടെ സഞ്ചരിക്കുന്നത്. പാലം പുതിക്കി പണിയാൻ ഇറിഗേഷൻ വകുപ്പോ, സർക്കാരോ നടപടി ഒന്നും എടുക്കാത്ത സാഹചര്യത്തിലാണ് നാട്ടുകാർ മുട്ടാർ കടവ് പാലത്തിൽ രൂപപ്പെട്ട ഗർത്തം മണ്ണിട്ട് മൂടിയത്.



പൊൻതിളക്കം- 2024 വിദ്യാർത്ഥികൾക്കുള്ള അനുമോദന സമ്മേളനത്തിൽ അഡ്വ. പി.എ. അബ്ദുൽ മജീദ് പറക്കാടൻ കരിയർ ഗൈഡൻസ് ക്ലാസ്സ് നടത്തുന്നു

### പൊൻതിളക്കം –2024

## മെറിറ്റ് അവാർഡ് ദാനവും, കരിയർ ഗൈഡൻസ് ക്ലാസ്സും നടത്തി

വടുതല: മുസ്‌ലിം ലീഗ് അരൂക്കുറ്റി പഞ്ചായത്ത് കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന പ്ലസ്ടു, എസ് എസ് എൽ സി പരീക്ഷകളിൽ ഫുൾ എപ്ലസ് നേടിയ വിദ്യാർത്ഥികളെയും മദ്രസ പഠനത്തിൽ മികവ് പുലർത്തിയവരെയും ഖുർആൻ മനപ്പാഠമാക്കിയ ഹാഫിളീങ്ങളെയും പൊൻതിളക്കം-2024 എന്ന പേരിൽ വടുതല അബ്റാർ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ആദരിച്ചു.
പ്രോഗ്രാം കമ്മറ്റി ചെയർമാൻ എൻ.കെ. അനീസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ മുസ്‌ലിം ലീഗ് അരൂർ നിയോജക മണ്ഡലം പ്രസിഡന്റ് ടി.എ.അബ്ദുൽ ഷുകൂർ ഉദ്ഘാടനം ചെയ്തു. അഡ്വ. പി.എ. അബ്ദുൽ മജീദ് പറക്കാടൻ കരിയർ ഗൈഡൻസ് ക്ലാസ്സ് നടത്തി.
മുസ്‌ലിം ലീഗ് ജില്ലാ വൈസ് പ്രസിഡന്റ് പി.കെ. ഫസലുദീൻ മുഖ്യപ്രഭാഷണം നടത്തി. മക്കാർ മൗലവി, സനീറ ഹസ്സൻ, കെ.എം. ഖാദിർ, എസ്.ഐ .ഷാജി, കെ.എം. ഇസ്മായിൽ അരൂക്കുറ്റി, മുഹമ്മദ് ഷാൻ, മുഹമ്മദ് സാനി, അസീസ് എന്നിവർ പ്രസംഗിച്ചു.

## ഞാറ്റുവേല ചന്ത ആരംഭിച്ചു

കാലടി: ശ്രീമൂലനഗരം പഞ്ചായത്തിൽ ഞാറ്റുവേല ചന്ത ആരംഭിച്ചു. പഞ്ചായത്ത് പ്രസിഡൻറ് വി.എം ഷംസുദ്ദീൻ ഉദ്ഘാടനം നിർവഹിച്ചു മികച്ച ഉത്പാദന ശേഷിയും രോഗപ്രതിരോധശേഷിയുമുള്ള വിവിധതരം പച്ചക്കറി തൈകൾ,ഫലവൃക്ഷതൈകൾ എന്നിവ കൂടാതെ ജൈവവളങ്ങളും ചന്തയിൽ ഒരുക്കിയിട്ടുണ്ട്.
വൈസ് പ്രസിഡൻറ് സിന്ധു പാറപ്പുറം അധ്യക്ഷത വഹിച്ചു. സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ വി.ജെ ആന്റു, സിൽവി ബിജു, പഞ്ചായത്തംഗങ്ങളായ കെ.സി മാർട്ടിൻ, ഡേവിസ് കൂട്ടുങ്കൽ, പി.കെ ബിജു,പി.കെ സുകുമാരൻ,ജാരിയ കബീർ,എഡിസി അംഗങ്ങളായ വർഗീസ് അരീകൽ,മഞ്ജു നവാസ്,കൃഷി ഓഫീസർ രജിത അടിയോടി എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

## യുവതിയുടെ മോർഫ് ചിത്രം ; യുവാവ് അറസ്റ്റിൽ

കോട്ടയം: യുവതിയുടെ ഫോട്ടോയും, വീഡിയോയും മോർഫ് ചെയ്ത് സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച കേസിൽ യുവാവിനെ പോലീസ് അറസ്റ്റ് ചെയ്തു.നാട്ടകം പാക്കിൽ പൂവന്തുരുത്ത് റെയിൽവേ ഓവർ ബ്രിഡ്ജ് ഭാഗത്ത് മഠത്തിങ്കൽ വീട്ടിൽ അച്ചു എന്ന് വിളിക്കുന്ന എം.സൂരജ് രാജിനെയാണ്


സൂരജ് രാജ്.

(27) കോട്ടയം വെസ്റ്റ് പോലീസ് അറസ്റ്റ് ചെയ്തത്.ഇയാൾ 2022 മുതൽ തന്റെ മൊബൈൽ ഫോണിൽ പെൺകുട്ടിയുടെ ഫോട്ടോയും,വീഡിയോയും പകർത്തിയശേഷം സമൂഹമാധ്യമത്തിലൂടെ വ്യാജ അക്കൗണ്ട് വഴി യുവതിയുടെ മുഖം മോർഫ് ചെയ്ത് ഫോട്ടോകളും, വീഡിയോകളും നിർമ്മിച്ച് സോഷ്യൽ മീഡിയ വഴി പ്രചരിപ്പിക്കുകയായിരുന്നു.
പെൺകുട്ടിയുടെ പരാതിയെ തുടർന്ന് കോട്ടയം വെസ്റ്റ് പോലീസ് കേസ് രജിസ്റ്റർ ചെയ്തു. തുടർന്ന് നടത്തിയ തിരച്ചിലിൽ ഇയാളെ അറസ്റ്റ് ചെയ്യുകയുമായിരുന്നു.
വെസ്റ്റ് സ്റ്റേഷൻ എസ്.എച്ച്.ഓ ശ്രീകുമാർ.എം ന്റെ നേതൃത്വത്തിലാണ് ഇയാളെ അറസ്റ്റ് ചെയ്തത്.കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാണ്ട് ചെയ്തു.

## പ്രോജക്ട് അസിസ്റ്റന്റ് നിയമനം

കടുത്തുരുത്തി: ബ്ലോക്ക് പഞ്ചായത്തിൽ പ്രോജക്റ്റ് അസിസ്റ്റന്റ് തസ്തികയിൽ താൽക്കാലിക നിയമനത്തിനായി അപേക്ഷ ക്ഷണിച്ചു. സംസ്ഥാന സാങ്കേതിക പരീക്ഷ കൺട്രോളർ / സാങ്കേതിക വിദ്യാഭ്യാസ ബോർഡ് നടത്തുന്ന മൂന്നുവർഷത്തെ ഡിപ്ലോമ ഇൻ കൊമേഴ്ഷ്യൽ പ്രാക്ടീസ്/ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആൻഡ് ബിസിനസ് മാനേജ്മെന്റ് അല്ലെങ്കിൽ കേരളത്തിലെ സർവകലാശാലകൾ അംഗീകരിച്ചിട്ടുള്ള ബിരുദവും ഒപ്പം ഒരു വർഷത്തെ അംഗീകൃത ഡി.സി.എ/പി.ജി.ഡി.സി.എ. ആണ് യോഗ്യത. ജൂലൈ ആറിന് വൈകിട്ട് അഞ്ചുമണിക്ക് മുമ്പായി അപേക്ഷിക്കണം.

# കോട്ടയം വാർത്തകൾ

## മുസ്‌ലിം ലീഗ് ഈരാറ്റുപേട്ട മിനിസിപ്പൽ കൗൺസിൽ യോഗം ഇന്ന്

ഈരാറ്റുപേട്ട: മുസ്‌ലിം ലീഗ് ഈരാറ്റുപേട്ട മിനിസിപ്പൽ കമ്മിറ്റി കൗൺസിൽ യോഗം ഇന്ന് വൈകിട്ട് 7ന് ഈരാറ്റുപേട്ട ലീഗ് ഹൗസ് ഓഡിറ്റോറിയത്തിൽ പ്രസിഡന്റ് കെ എ മുഹമ്മദ് അഷ്റഫിന്റെ അധ്യക്ഷതയിൽ ചേരുമെന്ന് ജനറൽ സെക്രട്ടറി വി എം സിറാജ് അറിയിച്ചു.

## ക്ലസ്റ്റർ യോഗം ബഹിഷ്കരിക്കും : കെ.എസ്.ടി.യു

കോട്ടയം: ഏകപക്ഷീയമായ അക്കാദമിക്ക് കലണ്ടർ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ആറാം പ്രവർത്തി ദിനമായ 29 ശനിയാഴ്ച നടക്കുന്ന ക്ലസ്റ്റർ യോഗം ബഹിഷ്കരിക്കരിക്കാനുള്ള സംയുക്ത അധ്യാപക സമിതിയുടെ തീരുമാനത്തിന്റെ പശ്ചാത്തലത്തിൽ ജില്ലയിലെ കെ.എസ്.ടി.യു അംഗങ്ങൾ ക്ലസ്റ്റർ യോഗം ബഹിഷ്കരിക്കാൻ കെ എസ് ടി യു ജില്ലാ കമ്മിറ്റി തീരുമാനിച്ചു. ജില്ലാ പ്രസിഡണ്ട് നാസർ മുണ്ടക്കയം അധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡണ്ട് ടി.എ. നിഷാദ് ഉദ്ഘാടനം ചെയ്തു.
ഭാരവാഹികളായ തൗഫീഖ് കെ. ബഷീർ, എൻ. വൈ. ജമാൽ, ടി .എ .അബ്ദുൽ ജബ്ബാർ, എൻ. വൈ. ജമാൽ ,കെ. എ. ഷഫീർ ഖാൻ ,ഷഹബാനത്ത് ടീച്ചർ,അനീഷ നാസർ, സുമയ്യ വി എം ,റോഷ്ന മനോജ്, രാജി ടീച്ചർ,ബഷീർ മുഹമ്മദ് എന്നിവർ പ്രസംഗിച്ചു

## എം ഇ എസ് വിദ്യാഭ്യാസ അവാർഡ് വിതരണം

കോട്ടയം: മുസ്‌ലിം എഡ്യൂക്കേഷനൽ സൊസൈറ്റി (എം ഇ എസ്) താലൂക്ക് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഈ വർഷത്തെ എസ് എസ് എൽ സി, പ്ലസ് ടു പരീക്ഷകളിൽ മുസ്‌ലിം സമുദായത്തിൽ നിന്നും ഫുൾ എ പ്ലസ് വാങ്ങി വിജയിച്ചവർക്കും, ഡിഗ്രി പരീക്ഷകളിൽ ഒന്നും രണ്ടും റാങ്കുകൾ ലഭിച്ചവർക്കും അവാർഡ് നൽകാൻ താലൂക്ക് കമ്മിറ്റി തീരുമാനിച്ചു. ജൂലൈ 14ന് കോട്ടയം ഐ എം എ ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ അവാർഡുകൾ വിതരണം ചെയ്യും. അർഹതയുള്ളവർ ജൂൺ 30ന് മുമ്പ് സർട്ടിഫിക്കറ്റിന്റെ കോപ്പിയും ഫോട്ടോയും സഹിതം കമ്മിറ്റി ഭാരവാഹികൾക്ക് എത്തിക്കണം.
9447141672, 9446370658 വിവരങ്ങൾക്ക് ഈ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാം.
താലൂക് കമ്മിറ്റി യോഗത്തിൽ പ്രസിഡന്റ് ഡോ:പി എം കോയാക്കുട്ടി അധ്യക്ഷത വഹിച്ചു. സെക്രട്ടറി പി കെ ഹാഷിം, വൈസ് പ്രസിഡന്റ് നൗഷാദ് പനച്ചിമൂട്ടിൽ, ജോ:സെക്രട്ടറി മജീദ്, ട്രഷറർ കെ എച്ച് റിയാസ്, ജില്ലാ സെക്രട്ടറി പി പി മുഹമ്മദ് കുട്ടി തുടങ്ങിയവർ പ്രസംഗിച്ചു.

## പി.എസ്.സി അഭിമുഖം

കോട്ടയം: കോട്ടയം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ ടീച്ചർ(മാത്തമാറ്റിക്സ് മലയാളം മീഡിയം ) (ഒന്നാം എൻ.സി.എ ഹിന്ദു നാടാർ) (കാറ്റഗറി നമ്പർ 211/2023) തസ്തികയിലേക്ക് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖം പി.എസ്.സിയുടെ ഇടുക്കി ജില്ലാ ഓഫീസിൽ ജൂലൈ മൂന്നിന് രാവിലെ 10ന് നടക്കും. അസൽ തിരിച്ചറിയൽ രേഖ, യോഗ്യത, വെയ്റ്റേജ്, കമ്മ്യൂണിറ്റി തെളിയിക്കുന്ന അസൽ രേഖകൾ, വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവ സഹിതം പി.എസ്.സിയുടെ ഇടുക്കി ജില്ലാ ഓഫീസിൽ ഉദ്യോഗാർഥികൾ നേരിട്ട് ഹാജരാകണം. പ്രൊഫൈലിൽ ലഭ്യമാക്കിയിരിക്കുന്ന അഡ്മിഷൻ ടിക്കറ്റ്, ബയോഡേറ്റ എന്നിവ ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് ഇന്റർവ്യൂ സമയത്ത് നൽകണം.

## ഈരാറ്റുപേട്ട എംഇഎസ് കോളജിൽ സ്പോട്ട് അഡ്മിഷൻ

തിടനാട്: എംഇഎസ് കോളേജ് ഈരാറ്റുപേട്ടയിൽ ബിരുദ, ബിരുദാനന്തര പ്രോഗ്രാമിലേക്കുള്ള സ്പോട്ട് അഡ്മിഷൻ വെള്ളി ശനി ദിവസങ്ങളിൽ നടത്തും.ബിസിഎ (എ. ഐ. വിത്ത് പൈത്തൺ), ബികോം ലോജിസ്റ്റിക്സ്, ബി കോം ഫൈനാൻസ് ആൻഡ് ടാക്സേഷൻ (ടാലി ആൻഡ് പ്രാക്റ്റിക്കൽ അക്കൗണ്ടിങ്), ബിബിഎ (ഡിജിറ്റൽ മാർക്കറ്റിംഗ്), എം കോം ടാക്സേഷൻ എന്നിവയാണ് വിവിധ കോഴ്സുകൾ. വിദ്യാർത്ഥികൾ വെള്ളി, ശനി ദിവസങ്ങളിൽ അസ്സൽ സർട്ടിഫിക്കറ്റുമായി കോളേജ് ഓഫീസിൽ എത്തിച്ചേരണമെന്ന് അധികൃതർ അറിയിച്ചു.75% മേൽ മാർക്കുള്ള ബിപിഎൽ വിഭാഗത്തിൽ പെട്ടവർക്കും, 85% മേൽ മാർക്കുള്ള എല്ലാ വിഭാഗത്തിൽ പെട്ടവർക്കും സൗജന്യ പഠനം അനുവദിക്കും. മാർക്കിനെ അടിസ്ഥാനമാക്കി മറ്റുള്ളവർക്ക് ഫീസ് ഇളവും നൽകും. 80865 63005, 8086 563009

## ഡോ ബിജു ഫിലിം ഫെസ്റ്റിവൽ ഇന്നുമുതൽ

കോട്ടയം: ദർശന സാംസ്കാരിക കേന്ദ്രത്തിന്റെ സിനിമാ വിഭാഗമായ ചിത്രദർശന ഫിലിം സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഇന്നുമുതൽ ദർശന ഓഡിറ്റോറിയത്തിൽ 'ഡോ. ബിജു ഫിലിം ഫെസ്റ്റിവൽ' ആരംഭിക്കും.
ഡോ. ബിജു സംവിധാനം ചെയ്ത നാല് ചിത്രങ്ങളാണ് പ്രദർശിപ്പിക്കുന്നത്. അദൃശ്യജാലകങ്ങൾ, കാടു പൂക്കുന്ന നേരം, വെയിൽ മരങ്ങൾ, പേരറിയാത്തവർ എന്നിവയാണ് ചലച്ചിത്രങ്ങൾ. ഇന്ന് ഉച്ചകഴിഞ്ഞ് 3:00 മണിക്ക് സംവിധായകൻ ഡോ. ബിജു ചലച്ചിത്രമേള ഉദ്ഘാടനം ചെയ്യും. അദൃശ്യജാലകങ്ങളാണ് ഉദ്ഘാടന ചിത്രം. പ്രവേശനം സൗജന്യമാണ്. നാളെ രാവിലെ 10 മണിക്ക് കാടു പൂക്കുന്ന നേരം, ഉച്ചകഴിഞ്ഞ് 1.30 ന് വെയിൽ മരങ്ങൾ, വൈകിട്ട് 4:00 മണിക്ക് പേരറിയാത്തവർ എന്നിവയാണ് മറ്റ് ചിത്രങ്ങൾ.

## മഴ: വ്യാപക നാശനഷ്ടങ്ങൾ, വെള്ളക്കെട്ട് എട്ടു ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു

കോട്ടയം: ജില്ലയിൽ കനത്ത മഴയിലും കാറ്റിലും വ്യാപക നാശനഷ്ടങ്ങളുണ്ടായി. ഇന്നലെ പകൽ മഴക്ക് ശമനമായെങ്കിലും കിഴക്കൻ വെള്ളത്തിന്റെ വരവിൽ പുഴകളിൽ ജലനിരപ്പ് ഉയരുന്നുണ്ട്.
പടിഞ്ഞാറൻ മേഖലയിൽ താഴ്ന്നപ്രദേശങ്ങളിൽ വെള്ളം കയറി. കോട്ടയം ജില്ലയിൽ എട്ടു ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു.
കോട്ടയം താലൂക്കിൽ 8 ക്യാമ്പുകളിലായി 30 കുടുംബങ്ങളിൽ നിനനുള്ള 95 പേരെ പാർപ്പിച്ചിട്ടുണ്ട്. ഇവരിൽ 39 പുരുഷന്മാരും 39 സ്ത്രീകളും 17 കുട്ടികളുമുണ്ട്.
പാറോച്ചാൽ, തിരുവാർപ്പ്, കുമരകം ഭാഗങ്ങളിലെ പല വീടുകളിലും വെള്ളം കയറി. ശക്തമായ കാറ്റിൽ പ്രദേശത്തു വലിയ നാശമാണുണ്ടായിരിക്കുന്നത്. പല വീടുകളുടെയും മേൽക്കൂര തകർന്നു. മരം കടപുഴകി വീണു. തിരുവാതുക്കൽ, പാറോച്ചാൽ ഭാഗത്ത് അഞ്ചു വൈദ്യുതി പോസ്റ്റുകൾക്കു മുകളിലേക്കു മരങ്ങൾ വീണു.
കുമരകത്ത് ഉണ്ടായ കാറ്റിന്റെ ശക്തിയിൽ യാത്രക്കിടെ ഓട്ടോറിക്ഷ പാടത്തേക്ക് മറിഞ്ഞു, ബൈക്ക് നിയന്ത്രണം തെറ്റി .പരസ്യ ബോർഡുകൾ മറിഞ്ഞു വീടിന് മുകളിലേക്ക് വീണും, വീടുകളുടെയും, സ്ഥാപനങ്ങളുടെയും ഷീറ്റ് മേൽക്കൂര, വാട്ടർ ടാങ്ക് അടക്കം സ്ഥാനം തെറ്റി നിലം പൊത്തിയും നിരവധി നാശനഷ്ടം
കുമരകത്ത് ബുധനാഴ്ച വൈകുന്നേരം ഉണ്ടായ ശക്തമായ കാറ്റിലും, മഴയിലും വൻ കെടുതികളുണ്ടായത്.ചുഴലിക്കാറ്റിന് സമാനമായ അതിശക്തമായ കാറ്റാണ് പ്രദേശത്ത് ഉണ്ടായത്.
ഇതേ തുടർന്ന് കുമരകം ഒന്നാം കലുങ്കിനും, രണ്ടാം കലുങ്കിനും ഇടയിലുള്ള റോഡിൽ സഞ്ചരിക്കുകയായിരുന്ന വാഹനങ്ങൾ നിയന്ത്രണം തെറ്റി മറിഞ്ഞു. യാത്രക്കിടെ ഓട്ടോറിക്ഷ റോഡരികിലെ പാടത്തേക്ക് മറിഞ്ഞു. ഇതേ സമയം എതിരേ വരുകയായിരുന്ന ബൈക്കും കാറ്റിൽ ദിശ തെറ്റി മറിഞ്ഞു. യാത്രക്കാർ പരിക്കേൽക്കാതെ രക്ഷപ്പെട്ടു.രണ്ടാം കലുങ്കിനു സമീപം ഫോട്ടോഗ്രാഫർ റെജിയുടെ വീടിന് മുകളിലേക്ക് പരസ്യ ബോർഡ് വീണ് നാശനഷ്ടം ഉണ്ടായി.
കൃഷി ആവശ്യങ്ങൾക്കായുള്ള നെൽവിത്തും, കക്കയും ഉപകരണങ്ങളും സൂക്ഷിച്ചിരുന്ന ഷെഡിന്റെ മേൽക്കൂര ഷീറ്റും തകർന്നു. കൂടാതെ 60 ഓളം ഏത്തവാഴ ഉൾപ്പെടെയുള്ള കൃഷിയും ഒടിഞ്ഞു വീണ് നശിച്ചു.
വാട്ടർ ടാങ്ക് സ്ഥാനം തെറ്റി നിലത്ത് വീണു. സമീപത്തെ തീർത്ഥം വാട്ടർ പ്യൂരിഫിക്കേഷൻ സിസ്റ്റം ഓഫീസിന്റെ ഫ്രണ്ട് ഗ്ലാസ് പൂർണ്ണമായും തകർന്നിട്ടുണ്ട്. വൈദ്യുതി ബന്ധവും തടസ്സപ്പെട്ടു.
കോട്ടയം കുമരകം റോഡിൽ താഴത്തങ്ങാടി ഭാഗത്ത് മീനച്ചിലാറിന്റെ തീരത്തു നിന്ന മാവ് ആറ്റിലേക്ക് കടപുഴകി വീണു.റോഡ് തകർന്നു.
കോട്ടയം കുമരകം റോഡിൽ വിള്ളൽ ഉണ്ടായിട്ടുണ്ട് .ഇതോടെ ആറ്റിലേക്ക് മണ്ണിടിച്ചിൽ ഉണ്ടായി.


മതിലിടിഞ്ഞ് വീണു പാലാ കണ്ടനാംപറമ്പിൽ ബേബി ജോസഫിന്റെ വീട് ഭാഗികമായി തകർന്ന നിലയിൽ.

## വീടിന് മുകളിലേയ്ക്ക് മതിലിഞ്ഞ് വീണു; വിദ്യാർത്ഥിനി അത്ഭുതകരമായി രക്ഷപ്പെട്ടു

പാലാ : കനത്ത മഴയിൽ ഹോസ്റ്റൽ കെട്ടിടത്തിന്റെ മതിലിടിഞ്ഞ് വീടിന് മുകളിലേക്ക് വീണു. വീട് ഭാഗികമായി തകർന്നു. പാലാ ഗവ. സ്കൂളിന് സമീപമുള്ള കണ്ടനാംപറമ്പിൽ ബേബി ജോസഫിന്റെ വീടാണ് തകർന്നത്.
ഉച്ചയോടെ ആരംഭിച്ച പെരുമഴയെത്തുടർന്ന് മരിയറാണി കോൺവന്റ് ഹോസ്റ്റലിന്റെ കരിങ്കൽകെട്ടും ഭിത്തിയും ഇടിഞ്ഞ് വീഴുകയായിരുന്നു. ബേബി ജോസഫിന്റെ കൊച്ചുമകൾ പ്ലസ്‌വൺ വിദ്യാർത്ഥിനിയായ ആൽഫി വിനോദ് ഈ സമയം കട്ടിലിൽ കിടക്കുകയായിരുന്നു. വലിയ ശബ്ദം കേട്ട് ഓടിമാറിയ ആൽഫി അത്ഭുതകരമായിരക്ഷപ്പെടുകയായിരുന്നു.വീടിന്റ ഒരു ഭാഗം മണ്ണിനടിയിലായി.

## സ്കൂൾ മൈതാനത്തു നിന്ന് വെള്ളം ഒഴുകിയെത്തുന്നത് ദേശീയപാതയിലേക്ക്

പൊൻകുന്നം: ഗവ.ഹയർസെക്കൻഡറി സ്കൂളിന്റെ വിശാലമായ മൈതാനത്തെ മഴവെള്ളം മുഴുവൻ ദേശീയപാതയിലേക്ക് ഒഴുകിയെത്തി യാത്ര ദുരിതമായി. വെള്ളം റോഡിലേക്ക് ഒഴുകും വിധമാണ് മതിലിന്റെ വിടവുകൾ ക്രമീകരിച്ചിരിക്കുന്നത്. ഓടയുടെ സ്ലാബിന് മുകളിൽ വീഴുന്ന റോഡിലാകെ നിരന്ന് ഒഴുകി റോഡ് തകരുന്നതിനിടയാക്കുന്നു. ജലഅതോറിറ്റിയുടെ പൈപ്പ് പൊട്ടൽ മൂലം പതിവായി അറ്റകുറ്റപ്പണികൾക്ക് കുഴിയെടുക്കാറുള്ളതാണിവിടെ. അതിനുശേഷം കോൺക്രീറ്റിങ് നടത്തിയ ഭാഗം മുഴുവൻ ഇത്തരത്തിലുള്ള മഴവെള്ള പാച്ചിലിൽ നശിക്കുകയാണ്. കെ.വി.എം.എസ്.കവല പിന്നിട്ട് ദേശീയപാതയിലൂടെ ഏറെ ദൂരം മഴവെള്ളം കുത്തിയൊഴുകി റോഡിന് നാശം വിതയ്ക്കുന്നുണ്ട്. ഓവുചാലിൽ പൈപ്പ് സ്ഥാപിച്ച് ഓടയിലേക്ക് വെള്ളമൊഴുകും വിധം തുറന്നു വെച്ചാൽ പ്രശ്നപരിഹാരമാകും.

## മാലിന്യങ്ങൾ നീക്കത്തിന് ഇനി തിരുവോണം ഇക്കോ ഇൻഡസ്ട്രീസ്

കോട്ടയം: നഗരസഭയിലെ മാലിന്യങ്ങൾ നീക്കത്തിന് ഇനി തിരുവോണം ഇക്കോ ഇൻഡസ്ട്രീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്. കരാർ ഒരു വർഷത്തേക്ക് നൽകാനാണ് കൗൺസിൽ തീരുമാനം .ഹരിതകർമ്മ സേന ശേഖരിക്കുന്ന അജൈവ പാഴ് വസ്തുക്കൾ ഇവർക്ക് കൈമാറിക്കൊണ്ടാണ് പദ്ധതി നടപ്പാക്കുന്നത്. തിരുവോണം ഇക്കോ ഇൻഡസ്ട്രീസാണ് ഗുരുവായൂർ, കുന്നുംകുളം നഗരസഭകളിലെ മാലിന്യനീക്കത്തിന്റെ കരാർ ഏറ്റെടുത്തിരിക്കുന്നത്.ഈ നഗരസഭകളിൽ കോട്ടയം മുൻസിപ്പാലിറ്റിയിലെ കൗൺസിലർമാരും ഉദ്യോഗസ്ഥരും സന്ദർശനം നടത്തി ചർച്ചകൾക്ക് ശേഷമാണ് കരാർ നൽകുവാൻ ഇന്നലെ ചേർന്ന കൗൺസിൽ യോഗം തീരുമാനിച്ചത്.

## മുസ്‌ലിം ജമാഅത്ത് ഫെഡറേഷൻ സംസ്ഥാന സമിതി യോഗം

പത്തനംതിട്ട :കേരള മുസ്‌ലിം ജമാഅത്ത് ഫെഡറേഷൻ സംസ്ഥാന സമിതി യോഗം സംസ്ഥാന പ്രസിഡണ്ട് കടയ്ക്കൽ അബ്ദുൽ അസീസ് മൗലവിയുടെ അധ്യക്ഷതയിൽ ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമ ജനറൽ സെക്രട്ടറി തൊടിയൂർ മുഹമ്മദ് കുഞ്ഞ് മൗലവി ഉദ്ഘാടനം ചെയ്തു. സംസ്ഥാന സർക്കാർ മുൻകൈയ്യെടുത്ത് രൂപീകരിച്ച നവോത്ഥാന സംരക്ഷണസമിതിയുമായുള്ള സഹകരണം നിർത്തിവയ്ക്കാൻ യോഗം തീരുമാനിച്ചു.
ജനറൽ സെക്രട്ടറി അഡ്വക്കേറ്റ് കെ പി മുഹമ്മദ് റിപ്പോർട്ട് അവതരിപ്പിച്ചു.അഡ്വ. നൗഷാദ് യൂനുസ്, പാങ്ങോട് കമറുദ്ദീൻ മൗലവി,അഡ്വ കുറ്റിയിൽ ഷാനവാസ്, സി എ മൂസാ മൗലവി, അബ്ദുൽ സലാം കുമളി,കടയ്ക്കൽ ജുനൈദ് , അഫ്സൽ പത്തനംതിട്ട ,കെ എച്ച് മുഹമ്മദ് മൗലവി, രണ്ടാർക്കര മീരാൻ മൗലവി ,എം എം ജലീൽ പുനലൂർ,അഡ്വ സുൽഫിഖർ ,യൂസഫ് മോളൂട്ടി ,കുളത്തൂപ്പുഴ സലിം, കായംകുളം ജലാലുദ്ദീൻ മൗലവി,എ എം ഇർഷാദ് എരുമേലി, കാട്ടാമ്പള്ളി മുഹമ്മദ് മൗലവി,സമദ് വണ്ടിപ്പെരിയാർ, നൗഷാദ് തലക്കോട്,ജാഫർ ഹാജി കുമളി , അബ്ദുൽ റസാഖ് , സാലിഹ് മൗലവി,അബ്ദുൽ റഹീം മൗലവി ഓഹ,എ എം ഹാഷിം , എ യൂസുഫുൽ ഹാദി റാഷിദ് കുലശേഖരപതി, മുഹമ്മദ് സാദിഖ് എന്നിവർ സംസാരിച്ചു.

## താലൂക്ക്‌വികസന സമിതി

കോട്ടയം: കോട്ടയം താലൂക്ക് വികസന സമിതി യോഗം ജൂലൈ ആറിനു രാവിലെ 10.30 ന് കോട്ടയം താലൂക്ക് ഓഫീസിൽ ചേരും.



കേരള മുസ്ലിം ജമാഅത്ത് ഫെഡറേഷൻ സംസ്ഥാന സമിതി യോഗം ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമ ജനറൽ സെക്രട്ടറി തൊടിയൂർ മുഹമ്മദ് കുഞ്ഞ് മൗലവി ഉദ്ഘാടനം ചെയ്യുന്നു.

## ആകാശപ്പാത: മന്ത്രി പറഞ്ഞത് സ്ഥലം കാണാതെ - തിരുവഞ്ചൂർ

കോട്ടയം: ആകാശപ്പാതയും,സ്ഥലവുമൊന്നും കാണാതെയാണ് മന്ത്രി കെ ബി ഗണേഷ്കുമാർ നിയമസഭയിൽ മറുപടി പറഞ്ഞതെന്നാണ് തന്റെ അനുമാനമെന്ന് തിരുവഞ്ചൂർ രാധാകൃഷ്ണൻ എം എൽ എ അദ്ദേഹം വന്നിരുന്നെങ്കിൽ തനിക്ക് കാര്യങ്ങൾ ബോധ്യപ്പെടുത്താൻ കഴിയുമായിരുന്നു. സർക്കാർ എൻജിനീയറും തൃശൂർ എൻജിനീയറിങ് കോളജും പാലക്കാട് എൻഐടിയും ആകാശപ്പാതയ്ക്ക് സർട്ടിഫിക്കേഷൻ നൽകിയതാണ്.ആകാശ നടപ്പാത സംബന്ധിച്ച ഒരു ഹർജി ഇപ്പോൾ കോടതിയുടെ മുന്നിലുണ്ട്. സ്ഥലമേറ്റെടുക്കണമെന്നാണ് ഇപ്പോൾ പറയുന്നത്. സ്ഥലമേറ്റെടുക്കേണ്ട കാര്യമേയില്ല. ഒരു വശത്ത് സ്ഥലം കൊടുക്കാമെന്ന് മുനിസിപ്പൽ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. മറുഭാഗത്ത് ആളുകൾ സഞ്ചരിക്കുന്ന ഫുട്പാത്തിലാണ് ആകാശപ്പാത ലാൻഡ് ചെയ്യുന്നത്. ആളുകൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുന്ന പ്രശ്നമേയില്ല.
തടസ്സവാദങ്ങൾ ഉന്നയിക്കാതെ നിർമാണം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം. മുഖ്യമന്ത്രി പിണറായി വിജയൻ ഇടപെടണമെന്ന് ആവശ്യപ്പെട്ട് കത്ത് കൊടുത്തിട്ടുണ്ട്. കോടതിയിലും കേസുണ്ട്. നിയമപരമായി ഈ പ്രശ്നത്തിനു പരിഹാരമുണ്ടാക്കുമെന്നും തിരുവഞ്ചൂർ രാധാകൃഷ്ണൻ വ്യക്തമാക്കി.
ആകാശ പാത നിർമ്മാണം പൂർത്തിയാക്കണമെന്നാവശ്യപ്പെട്ട് നിയമസഭയിൽ തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിനുള്ള മറുപടിയിലാണ് ആകാശപാത പൊളിച്ചുമാറ്റേണ്ടി വരുമെന്ന് മന്ത്രി ഗണേഷ് കുമാർ സൂചന നൽകിയത്.
ജനങ്ങളുടെ മുന്നിൽ നോക്കുകുത്തിയായി നിൽക്കുന്ന ആകാശപാത പൂർത്തിയാക്കാൻ മുഖ്യമന്ത്രി ഇ ടപെടണമെന്നായിരുന്നു തിരുവഞ്ചൂരിന്റെ ആവശ്യം.



സിൽവർ ലൈൻ പദ്ധതി പിൻവലിച്ച് ഉത്തരവിറക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മാടപ്പള്ളി സമരപന്തലിൽ തുടങ്ങിയ സത്യാഗ്രഹ സമരത്തിന്റെ 800ാം ദിവസത്തെ സമരം ജോസഫ് എം. പുതുശ്ശേരി ഉദ്ഘാടനം ചെയ്യുന്നു.

## സിൽവർ ലൈൻ പദ്ധതി നടപ്പാക്കുവാൻ അനുവദിക്കില്ല : ജോസഫ് എം പുതുശ്ശേരി

### മാടപ്പള്ളി സത്യാഗ്രഹ സമരം 800 ദിവസം പിന്നിട്ടു

മാടപ്പള്ളി : ഭാവി വികസനത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഒരു തുണ്ടു ഭൂമി പോലും വിട്ടു നൽകാൻ കഴിയില്ലെന്ന് ദക്ഷിണ റെയിൽവേ ആവർത്തിച്ച് വ്യക്തമാക്കിയിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാർ നിർദ്ദേശിച്ച സിൽവർ ലൈൻ പദ്ധതി സ്വയമേവ അസാധുവായിരിക്കുകയാണെന്നും ചാപിള്ളയായ ഈ പദ്ധതിക്കു അനുമതി നൽകണമെന്നാണ് സംസ്ഥാന സർക്കാർ ഇപ്പോൾ വീണ്ടും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്നതെന്നും കേരളാ കോൺഗ്രസ് വൈസ് ചെയർമാൻ ജോസഫ് എം. പുതുശ്ശേരി.
നിർദിഷ്ട പദ്ധതിയുടെ 532 കിലോമീറ്റർ ദൂരത്തിൽ 199 കിലോമീറ്റർ റെയിൽവേ ഭൂമിയിലൂടെ കടന്നു പോകുന്ന വിധമാണ് രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്.ഭൂമി ലഭിക്കില്ല എന്ന് വന്നതോടെ പദ്ധതിയുടെ രൂപരേഖ തന്നെ അപ്രസക്തമായെന്നും എന്നിട്ടും അതിനുവേണ്ടി വാദിക്കുന്നത് എന്തെങ്കിലും ഒരു അനുമതിയുടെ പേരിൽ വിദേശ വായ്പ തരപ്പെടുത്തുകയെന്ന ഗൂഢ ലക്ഷ്യം വെച്ചാണെന്നും ഈ ഭ്രാന്തൻ നടപടി ഒരു കാരണവശാലും അംഗീകരിക്കില്ലെന്നും പുതുശ്ശേരി പറഞ്ഞു.
സിൽവർ ലൈൻ പദ്ധതിക്കെതിരെ കെ റെയിൽ സിൽവർ ലൈൻ വിരുദ്ധ ജനകീയ സമിതി റീത്തു പള്ളി ജംഗ്ഷനിൽ സ്ഥിരം സമരപ്പന്തൽ തീർത്ത് നടത്തിവരുന്ന സമരത്തിന്റെ 800 ദിവസമായ ഇന്ന് നടന്ന സത്യഗ്രഹം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.
ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ പരിസ്ഥിതി ആഘാത പഠനം മുൻകൂട്ടി നടത്തുകയും ഇരകൾക്ക് നോട്ടീസ് നൽകി അവരുടെ അഭിപ്രായം ആരായുകയും ചെയ്ത ശേഷം മാത്രമേ നടപടികളാകാവൂ എന്ന് സുപ്രീംകോടതി വ്യക്തമായിരിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യങ്ങൾ ഒന്നും ചെയ്യാത്ത ഈ പദ്ധതിയുമായി ഒരടി മുന്നോട്ടു പോകാനാവില്ലെന്ന് വ്യക്തമാണ്. എന്നിട്ടും പോലീസിനെ മുന്നിൽ നിർത്തി മഞ്ഞക്കുറ്റി സ്ഥാപിച്ചു സർക്കാർ തന്നെ നടത്തിയ നിയമവിരുദ്ധ നടപടിയെ പ്രതിരോധിച്ച ഭൂഉടമകളുടെ പേരിൽ എടുത്ത കേസ് പിൻവലിക്കാൻ പോലും സർക്കാർ തയ്യാറാവാത്തത് നിയമവ്യവസ്ഥയോടുള്ള വെല്ലുവിളിയാണെന്നും പുതുശ്ശേരി പറഞ്ഞു.
സിൽവർ ലൈൻ വിരുദ്ധ ജനകീയ സമിതി ജില്ലാ ചെയർമാൻ ബാബു കുട്ടൻചിറ അധ്യക്ഷത വഹിച്ചു.കുഞ്ഞുകോശി പോൾ, വി.ജെ.ലാലി, മിനി കെ.ഫിലിപ്പ്, മുരുകേഷ് നടയ്ക്കൻ, ബാബു കുരീത്ര, ജസ്റ്റിൻ ബ്രൂസ്, സൈനാ തോമസ്, ജോർജുകുട്ടി കൊഴുപ്പക്കളം, മേരിക്കുട്ടി ജോസഫ്, ജോയിച്ചൻ കാലായിൽ, സബീഷ് നെടുംമ്പറമ്പിൽ, എ.റ്റി.വർക്ഷീസ്, ലാലിച്ചൻ മറ്റത്തിൽ, കെ.എസ്. ശശികല, അപ്പിച്ചൻ എഴുത്തുപള്ളി, ഷിനോ ഓലിക്കര, ജിജി ഇയ്യാലിൽ, രതീഷ് രാജൻ, ദേവസ്യാച്ചൻ പുന്നമ്മൂട്ടിൽ, കൃഷ്ണൻ നായർ, തങ്കച്ചൻ ഇലവുംമൂട്ടിൽ, കെ.പി. ജോസ്, ഷീബാ വർഗീസ്, ജോളി ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു.

## ക്ഷീരവികസന വകുപ്പ് വാർഷിക പദ്ധതി അപേക്ഷ ക്ഷണിച്ചു

കോട്ടയം: ക്ഷീരവകസന വകുപ്പിന്റെ 2024-25 സാമ്പത്തിക വർഷത്തെ വിവിധ പദ്ധതികൾ നടപ്പാക്കാൻ താൽപ്പര്യമുള്ളവരിൽനിന്ന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. ജൂലൈ 20 വരെ ക്ഷീരവികസന വകുപ്പിന്റെ ൦൦൦.സവെലലൃമ്യെലല.സല്യമഹമ.ഴീ.ശി എന്ന പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാം. പുൽക്ക്യഷി വികസനം, മിൽക്ക് ഷെഡ് പദ്ധതി വികസനം, ഡയറി ഫാം ഹൈജീൻ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി തുടങ്ങിയ പദ്ധതികൾക്ക് അപേക്ഷിക്കാം. 20 സെന്റിന് മുകളിലേയ്ക്കുള്ള പുൽകൃഷി, തരിശുഭൂമിയിലുള്ള പുൽകൃഷി, ചോളക്കൃഷി, നേപ്പിയർ പുല്ലും, മുരിങ്ങയും ഉൾപ്പെടുന്ന കോളാർ മോഡൽ പുൽകൃഷി എന്നീ പദ്ധതികളും, പുൽകൃഷിക്കുവേണ്ടിയുള്ള യന്ത്രവൽക്കരണ ധനസഹായം ജലസേചന ധനസഹായം എന്നിവയും ഉൾപ്പെടുന്നതാണ് പുൽകൃഷി വികസന പദ്ധതി. ഡയറി ഫാമുകളുടെ ആധുനികവൽക്കരണവും യന്ത്രവൽക്കരണവും, കയർ മത്സ്യബന്ധന മേഖലകൾക്കായുള്ള പ്രത്യേക പുനരധിവാസ പദ്ധതി, 20 പശു യൂണിറ്റ്, 10 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 2 പശു യൂണിറ്റ്, ഒരു പശു യൂണിറ്റ് എന്നീ പശു യൂണിറ്റ് പദ്ധതികൾ, യുജനങ്ങൾക്കായി 10 പശു അടങ്ങുന്ന സ്മാർട്ട് ഡയറി ഫാം പദ്ധതി, മിൽക്കിംഗ് മെഷീൻ വാങ്ങുന്നതിനുള്ള ധനസഹായം, തൊഴുത്ത് നിർമ്മാണ ധനസഹായം എന്നിവ ഉൾപ്പെടുന്ന മിൽക്ക് ഷെഡ് വികസന പദ്ധതികൾക്കും ഡയറി ഫാമിന്റെ ഹൈജീൻ മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതികൾക്കും ൦൦൦.സവെലലൃമ്യെലല.സല്യമഹമ.ഴീ.ശി എന്ന പോർട്ടലിലൂടെ അപേക്ഷകൾ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് ബ്ളോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടണമെന്ന് ക്ഷീരവികസന വകുപ്പ് ഡയറക്ടർ അറിയിച്ചു. ഫോൺ: 0481 2562768.

## ഹെലൻ കെല്ലർ അനുസ്മരണം

കോട്ടയം: കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ അസിം പ്രേംജി ഫൗണ്ടേഷന്റെ സഹകരണത്തോടെ നടപ്പിലാക്കി വരുന്ന ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി ഹെലൻ കെല്ലർ അനുസ്മരണം സംഘടിപ്പിച്ചു.
തെള്ളകം ചൈതന്യയിൽ സംഘടിപ്പിച്ച അനുസ്മരണ ചടങ്ങിന്റെ ഉദ്ഘാടനം കോട്ടയം മുനിസിപ്പൽ ചെയർപേഴ്സൺ ബിൻസി സെബാസ്റ്റ്യൻ നിർവ്വഹിച്ചു. ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ജെയിംസ് കുര്യൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ, കോട്ടയം മുനിസിപ്പൽ കൗൺസിലർ റ്റി.സി റോയി, കെ.എസ്.എസ്.എസ് പ്രോഗ്രാം ഓഫീസർ ഷൈല തോമസ് എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തോടനുബന്ധിച്ച് എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം കരസ്ഥമാക്കിയ ഭിന്നശേഷിയുള്ള കുട്ടികളെയും ഭിന്നശേഷിയുള്ളവർക്കായി ദേശീയ തലത്തിൽ സംഘടിപ്പിച്ച പാരാ അതലറ്റിക്സ് ചാമ്പൻഷിപ്പിൽ ഷോട്പുട്ടിൽ ഒന്നാം സ്ഥാനം കരസ്ഥാക്കിയ കോട്ടയം ജില്ലയിലെ കരിപ്പൂത്തട്ട് സ്വദേശി അജിൽ സേവിയറിനേയും ആദരിച്ചു.

## ഐ.ടി.ഐ. പ്രവേശനം

ആലപ്പുഴ: വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള വിവിധ ഗവ. ഐ.ടി.ഐ.യിൽ 2024 വർഷത്തെ ഐ.ടി.ഐ. പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിച്ചു. അവസാന തീയതി ജൂൺ 29. അപേക്ഷ https://itiadmissions.kerala.gov.in എന്ന പോർട്ടൽ വഴിയോ https://detkerala.gov.in വെബ്സൈറ്റിലെ ലിങ്ക് മുഖേന നേരിട്ടോ, അക്ഷയ കേന്ദ്രങ്ങൾ വഴിയോ നൽകാം. ഓൺലൈനായി അപേക്ഷിച്ച് ഫീസടച്ച ശേഷം അപേക്ഷകർ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം അടുത്തുള്ള ഗവ ഐ.ടി.ഐ.കളിൽ വേരിഫിക്കേഷനായി എത്തണം. ജൂലൈ ആറിന് വൈകീട്ട് അഞ്ച് വരെ വെരിഫിക്കേഷന് നൽകാം. ഫോൺ: 04792953150.

ആലപ്പുഴ: പള്ളിപ്പാട് ഗവ. ഐ.ടി.ഐയിലെ എൻ.സി.വി.ടി കോഴ്സുകളായ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, സർവ്വേയർ ട്രേഡുകളിലേക്ക് ജൂൺ 29 വരെ അപേക്ഷിക്കാം. https://itiadmissions.kerala.gov.in വെബ് സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷിച്ച് അപേക്ഷയുടെ പ്രിന്റ് ഔട്ടും ഒറിജിനൽ സർട്ടിഫിക്കറ്റും അടുത്തുള്ള ഗവ.ഐ.ടി.ഐ.യിൽ വെരിഫിക്കേഷനായി നൽകണം. ഫോൺ 04792406072, 9995248672, 9744200456.



## മസ്റ്ററിംഗ് പൂർത്തിയാക്കണം

ആപ്പുഴ: 2023 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിച്ചിട്ടുള്ള ഗുണഭോക്താൾ 2024 ജൂൺ 25 മുതൽ 2024 ആഗസ്റ്റ് 24 വരെയുള്ള കാലയളവിൽ വാർഷിക മസ്റ്ററിംഗ് പൂർത്തിയാക്കണമെന്ന് തകഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

**ആലപ്പുഴ വാർത്തകൾ**

# ലജനത്ത് തേങ്ങി
## അൽഫയാസ് അലിക്ക് ആലപ്പുഴയുടെ യാത്രമൊഴി

ആലപ്പുഴ: പ്രിയപ്പെട്ടവർക്ക് അൽ ഫയാസ് അലിയെ അവസാനമായി ഒരു നോക്ക് കാണാൻ ലജ്നത്തുൽ മുഹമ്മദിയ്യയിലേക്ക് എത്തിച്ചത് ഹൃദയഭേദകമായ കാഴ്ചയായി. സ്നേഹവായ്പ്പുകളോടെ ദിവസവും സ്വീകരിച്ചിരുന്ന സഹപാഠികൾ ഇന്നലെ അവനെ കണ്ടപാടെ തേങ്ങി. ഇവരെ ആശ്വസിപ്പിക്കാനെത്തിയ അധ്യാപകരും വേദന താങ്ങാനാവാതെ വിങ്ങിപ്പൊട്ടി. കൂടിനിന്നവരും ദു:ഖത്തിൽ അലിഞ്ഞതോടെ ലജ്നത്ത് കാമ്പസ് സങ്കടക്കടലായി മാറി.



അൽ ഫയാസ് അലി

സ്കൂളിലെ മിടുക്കനായ വിദ്യാർഥിയായിരുന്നു ആറാട്ടുവഴി അന്തേക്ക് പറമ്പിൽ അലി അക്ബർ ഹസീന ദമ്പതികളുടെ മകൻ അൽഫയാസ് അലി. പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ സജീവ സാന്നിധ്യം. ബുധനാഴ്ചയും ഇത്തരം പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്ത് വീട്ടിൽ മടങ്ങിയെത്തിയ ശേഷം ട്യൂഷന് പോയി വരുമ്പോഴായിരുന്നു മതിലിടിഞ്ഞു വീണ് മരണം അവനെ കവർന്നെടുത്തത്. എസ്.പി.സി കേഡറ്റായ അൽഫയാസും സുഹൃത്തുക്കളുമായിരുന്നു ബുധനാഴ്ച സ്കൂളിൽ നടന്ന ലഹരി വിരുദ്ധ റാലിക്ക് നേതൃത്വം നൽകിയത്. പഠന വിഷയങ്ങളിൽ അനുകരണീയ മാതൃക. ഫിസിക്സ് ടീച്ചർ അനിത ജോസഫിനെ നോട്ട് പൂർത്തീകരിച്ചത് കാണിച്ചതിന് ശേഷമാണ് ഫയാസ് സ്കൂളിൽ നിന്നും മടങ്ങിയത് തന്നെ. പോസ്റ്റ് മോർട്ടത്തിന് ശേഷം ഇന്നലെ രാവിലെ 11.45ഓടെയാണ് അൽഫയാസിന്റെ ജനാസ സ്കൂളിലേക്ക് എത്തിച്ചത്. പിന്നാലെ മയ്യിത്ത് നമസ്കാരം നടന്നു. സ്കൂൾ മാനേജർ എ. എം നസീർ മയ്യിത്ത് നമസ്കാരത്തിന് നേതൃത്വം നൽകി. തുടർന്നായിരുന്നു പൊതുദർശനം ആരംഭിച്ചത്. അവൻ കൂടി ഭാഗമായിരുന്ന സ്റ്റുഡന്റ്സ് പൊലീസ് കേഡറ്റുകൾ ഫയാസിന് അന്തിമോപചാരം അർപ്പിച്ചു. വിങ്ങുന്ന ഹൃദയത്തോടെ സഹപാഠികളും അധ്യാപകരും രക്ഷിതാക്കളും സ്കൂൾ അധികൃതരും അവനെ അവസാനമായി ഒരുനോക്ക് കണ്ടു. ഇതിനിടെ എൽ.കെ.ജി മുതൽ ടെംബിൾ ഓഫ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ഒരുമിച്ച് പഠിച്ച ഉറ്റ സുഹൃത്ത് ഇഹ്ലാസ് മോഹാലസ്യപ്പെട്ടു വീണു. മറ്റൊരു സുഹൃത്തായ ഫർഹാനെ ആശ്വസിപ്പിക്കാൻ അധ്യാപകരും സഹപാഠികളും ഏറെ പ്രയാസപ്പെട്ടു. പ്രദേശവാസികൾക്ക് ഫയാസിനെ അവസാനമായി കാണുന്നതിനുള്ള സൗകര്യം ഒരുക്കിയിരുന്ന സെന്റ് ജോസഫ് സൺഡേ സ്കൂൾ ഹാളിലേക്കാണ് പിന്നീട് ലജ്നത്തിൽ നിന്നും ജനാസ കൊണ്ടുപോയത്. ഇതിന് ശേഷം വീട്ടിലുള്ള ഉമ്മയെ കാണിക്കുന്നതിനായി ഫയാസിനെ വീട്ടിലേക്ക് എത്തിച്ചു. തുടർന്ന് രണ്ട് മണിയോടെ പടിഞ്ഞാറെ ഷാഫി ജുമുഅ മസ്ജിദ് ഖബർസ്ഥാനിൽ മയ്യിത്ത് ഖബറടക്കി. പി. പി ചിത്തരഞ്ജൻ എം.എൽ.എയും ജില്ലാ കലക്ടർ അലക്സ് വർഗ്ഗീസും സ്കൂളിൽ എത്തിയിരുന്നു. ലജ്നത്ത് ജനറൽ സെക്രട്ടറി ഫൈസൽ ശംസുദ്ദീൻ, ട്രഷറർ എസ്. എ ഷെരീഫ്, സ്കൂൾ പ്രിൻസിപ്പൽ ടി. എ അഷ്റഫ് കുഞ്ഞാശാൻ, ഹെഡ്മിസ്ട്രസ് ഇ സീന, പി. ടി. എ പ്രസിഡന്റ് ഷാജി ജമാൽ തുടങ്ങിയവർ അന്തിമോപചാരം അർപ്പിച്ചു.



ഗ്രാൻഡ് ലജ്നത്ത് ഹാളിൽ നടന്ന അൽ ഫയാസ് അലിയുടെ മയ്യിത്ത് നമസ്കാരത്തിന് സ്കൂൾ മാനേജർ എ. എം നസീർ നേതൃത്വം നൽകുന്നു

## സർക്കാർ ക്ഷേമനിധി ബോർഡുകളെ തകർക്കുന്നു: സി.എം.പി

ആലപ്പുഴ: കേരളത്തിന്റെ അഭിമാനമായ ക്ഷേമനിധി ബോർഡുകളെ തകർക്കുന്ന സമീപനമാണ് സംസ്ഥാന സർക്കാരിന്റേതെന്ന് സി.എം.പി. ജില്ലാ കൗൺസിൽ കുറ്റപ്പെടുത്തി.

കഴിഞ്ഞ ഒരു വർഷമായി പെൻഷനും മറ്റ് ആനുകൂല്യങ്ങളും കിട്ടാതെ വിവിധ ക്ഷേമനിധികളിൽ അംഗങ്ങളായവർ ബുദ്ധിമുട്ടുകയാണ്. ക്ഷേമനിധി ബോർഡുകളിലെ തൊഴിലാളികൾ അടച്ച അംശാദായം പോലും തിരിച്ചു കൊടുക്കാൻ തയ്യാറാകാത്ത സർക്കാരിനെതിരായ വിധിയെഴുത്താണ് പതിനെട്ട് സീറ്റുകളിൽ യു.ഡി.എഫ് വിജയത്തിന് കാരണമെന്നും, ക്ഷേമനിധി ബോർഡുകളെ രക്ഷിക്കൂ എന്ന മുദ്രാവാക്യമുയർത്തി പ്രക്ഷോഭ പരിപാടികൾ സംഘടിപ്പിക്കുമെന്നും ജില്ലാ സെക്രട്ടറി എ.നിസാർ പറഞ്ഞു.

ജി.മുരളീധരൻ അധ്യക്ഷത വഹിച്ചു. എ. മുരളി, ചുനക്കര ഹനീഫ, കെ.ജി.ഷാജി, എ. ഷഹന, ഐ. ആർ.മുഹമ്മദ് റാഫി , എസ്. രാധാകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

## മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് വൈകുന്നു
### വ്യാപാരികൾക്ക് ലൈസൻസ് ലഭിക്കാത്തതിനെതിരെ പരാതി

ചെങ്ങന്നൂർ : വ്യാപാരികൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ലഭിക്കാൻ വൈകുന്നതിനെ തുടർന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ലഭിക്കാത്തതിനെതിരെ മന്ത്രിയ്ക്ക് പരാതി. ചെങ്ങന്നൂർ നഗരസഭ വൈസ് ചെയർമാൻ കെ. ഷിബുരാജനാണ് ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം. ബി. രാജേഷിന് പരാതി നൽകിയത്.

മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി വലിയ വ്യവസായ സ്ഥാപനങ്ങൾ അല്ലാതെയുള്ള വിവിധയിനം ചെറുകിടകച്ചവടങ്ങൾക്കും ഹോട്ടലുകൾക്കും മലിനീകരണം നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് വേണമെന്ന നിയമമാണ് വ്യാപാരികളെ വെട്ടിലാക്കിയിരിക്കുന്നത്. വ്യാപാരികൾക്ക് ബോർഡിന്റെ സർട്ടിഫിക്കറ്റിനായി അപേക്ഷ നൽകി വളരെ നാളായി കാത്തിരിക്കേണ്ട അവസ്ഥയാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ലഭിക്കാത്തവർക്ക് ഡി ആന്റ് ഓ ലൈസൻസിന് അപേക്ഷിച്ചാലും ലൈസൻസ് ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്.

ലൈസൻസ് കാലാവധി അവസാനിക്കുന്ന ജൂൺ 30 കഴിഞ്ഞാൽ ലൈസൻസ് എടുക്കാൻ കഴിയാത്തവർക്ക് വലിയ തുക പിഴയായി അടക്കേണ്ടി വരും. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റിനായി അപേക്ഷ സമർപ്പിച്ച വ്യാപാരികൾക്ക് ലൈസൻസിന് അപേക്ഷ നൽകിയിട്ടുണ്ടെങ്കിൽ സർട്ടിഫിക്കറ്റ് നൽകാൻ കാലതാമസം വന്നാലും ലൈസൻസ് വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ നൽകേണ്ടതാണ്. നിശ്ചിത കാലയളവിനുള്ളിൽ ലഭിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കാമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകേണ്ടതാണ്. ലൈസൻസ് നൽകാൻ കഴിയാത്ത പക്ഷം ലൈസൻസ് പുതുക്കാനുള്ള കാലാവധി നീട്ടിവെക്കാൻ സർക്കാർ തയ്യാറാവണം. ജില്ലയിൽ ഏക മലിനീകരണ നിയന്ത്രണ ബോർഡ് ഓഫീസിൽ 5 ജീവനക്കാർ മാത്രമാണുള്ളത്. ജില്ലയിൽ നിന്ന് ചുരുങ്ങിയ മാസങ്ങൾക്കുള്ളിൽ ലഭിച്ച 20000 ത്തോളം അപേക്ഷകൾ 5 ജീവനക്കാർ ചേർന്ന് പരിശോധിച്ചു തീർപ്പു കൽപ്പിക്കാൻ കഴിയാത്ത അവസ്ഥയാണ്.

## അപകടകരമായി നിൽക്കുന്ന മരങ്ങളും നിർമ്മിതികളും നീക്കും

ആലപ്പുഴ:ആലപ്പുഴ മണ്ഡലത്തിലെ അപകടകരമായി നിൽക്കുന്ന മരങ്ങളും നിർമ്മിതികളും നീക്കം ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമെന്ന് പി.പി.ചിത്തരഞ്ജൻ എം.എൽ.എ. പാതിരാപ്പള്ളിയിലും ആറാട്ടുവഴിയിലും നടന്ന അപകട മരങ്ങളുടെ പശ്ചാത്തലത്തിൽ കളക്ട്രേറ്റിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു എം.എൽ.എ. എം.എൽ.എയുടെ അധ്യക്ഷതയിൽ ജില്ല കളക്ടർ അലക്സ് വർഗ്ഗീസിൻരെ സാന്നിധ്യത്തിലായിരുന്നു യോഗം. അപകടകരമായി നിൽക്കുന്ന മരങ്ങൾ നീക്കണമെന്ന് കാട്ടി നിരവധി പരാതികൾ ഫോറസ്റ്റ്, റവന്യൂ, മുനിസിപ്പാലിറ്റി/തദ്ദേശ സ്വയംഭരണ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവയ്ക്ക് ലഭിക്കുന്നുണ്ടെങ്കിലും സമയബന്ധിതമായി പരിഹരിക്കാൻ കഴിയുന്നില്ലെന്ന് എം.എൽ.എ പറഞ്ഞു. അതിന് മാറ്റം വരണം. അപകടം ഉണ്ടാകാൻ കാത്തു നിൽക്കാതെ അടിയന്തരമായി പരിഹരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

വകുപ്പുകൾ തമ്മിൽ പരസ്പര ധാരണയോടെ പ്രവർത്തിച്ച് പ്രശ്നപരിഹാരം കാണണം. ശവക്കോട്ടപ്പാലം മുതൽ ബാപ്പുവൈദ്യർ ജംഗ്ഷൻ വരെയുള്ള അപകടകരമായി നിൽക്കുന്ന മരങ്ങൾ ആകെ നീക്കം ചെയ്യുമെന്ന് നഗരസഭ യോഗത്തിൽ അറിയിച്ചു. അപകടകരമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ കെ.എസ്.ഇ.ബി. നീക്കം ചെയ്യും. പോസ്റ്റുകളിലുള്ള ഉപയോഗ ശൂന്യമായ കേബിളുകളും നീക്കം ചെയ്യും. വെള്ളക്കെട്ടുകൾ നീക്കും. വീണു കിടക്കുന്ന മരങ്ങൾ എത്രയും വേഗം നീക്കാൻ നടപടി സ്വീകരിക്കും. മരണമടഞ്ഞ അൽഫയാസ്, പി.പ്രതീഷ് എന്നിവരുടെ കുടുംബങ്ങൾക്ക് എസ്.ഡി.ആർ.എഫ്.ൽ നിന്ന് നാലു ലക്ഷം രൂപ വീതവും മുഖ്യമന്ത്രിയുടെ പ്രത്യേക ധനസഹായവും ലഭ്യമാക്കുമെന്ന് എം.എൽ.എ. പറഞ്ഞു. യോഗത്തിൽ ജില്ലാ കളക്ടർ അലക്സ് വർഗ്ഗീസ്, പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.സാജൻ, ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ എം.സി.സജീവ് കുമാർ, ജില്ലാ ഫയർ ഓഫീസർ എൻ.രാമകുമാർ, ജില്ലാ ഫോറസ്റ്റ് ഓഫീസർ ഫെൻ ആന്റണി, അമ്പലപ്പുഴ തഹസിൽദാർ ജി.സന്തോഷ്, മുനിസിപ്പൽ സെക്രട്ടറി മുംതാസ്, കെ.എസ്.ഇ.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉണ്ണികൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

## ഗതാഗതക്കുരുക്ക് നേരിൽ കാണാൻ കലക്ടറെത്തി

അരൂർ: ദേശിയ പാതയിലെ ഗതാഗതക്കുരുക്കും ശോചിയാവസ്ഥയും നേരിൽ മനസിലാക്കുന്നതിന് ജില്ലാ കലക്ടർ നേരിട്ട് എത്തി. ഇതുവരെപരിഹാരമില്ലാത്തതിനാൽ ഗട്ടറുകൾ അടച്ച് ഗതാഗതം സുഗമമാക്കണമെന്നാവശ്യപ്പെട്ട് കലക്ടർക്ക് സൗഹൃദം കൂട്ടായ്മ, വോയ്സ് ഓഫ് കുത്തിയതോട് തുടങ്ങി നിരവധി സംഘടനകൾ നിവേദനം നൽകിയതിനെ തുടർന്നാണ് സന്ദർശനം.

തുറവൂർ ഉയരപ്പാത നിർമ്മാണ പ്രവർത്തനങ്ങൾആരംഭിച്ചതോടെ ഒരു വരിപാതയിലൂടെയാണ് വാഹനങ്ങൾ സഞ്ചരിക്കുന്നത്. മഴ ശക്തമായതോടെ പാതയിൽ വെള്ളക്കെട്ട് കൾ മുലം റോഡുതകർന്നുവൻകുഴികൾ രൂപപ്പെട്ടതുമാണ് ഗതാഗത തടസത്തിന് കാരണം.നിർമ്മാണമേഖലയിലൂടെ യുള്ളവാഹനങ്ങളുടെ ഗതാഗതം സ്തംഭനം ഒഴിവാക്കാൻ ഭാരവണ്ടികൾ വഴിതിരിച്ച് വിടുമെന്ന ജില്ലാ ഭരണകൂടത്തിന്റെ പ്രഖ്യാപനം ഉടൻ നടപ്പാക്കണമെന്ന് കലക്ടറോട് ആവശ്യപ്പെട്ടു. കലക്ടറോടൊപ്പം മോട്ടോർ വെഹിക്കിൽ ഉദ്യോസ്ഥർ, ദേശിയപാത, അശോകാ കമ്പിനി അധികൃതർ, സൗഹൃദം കൂട്ടായ്മ ജില്ലാ പ്രസിഡന്റ് ബി.അൻഷാദ്, വോയ്സ് ഓഫ് കുത്തിയതോട് അഡ്മിൻ സനീഷ് പായിക്കാട് തുടങ്ങി വിവിധ സന്നദ്ദ സംഘടനകൾ എന്നിവർ ഉണ്ടായിരുന്നു.

## മഴ: ജില്ലയിൽ നാല് ദുരിതാശ്വാസ ക്യാമ്പുകൾ

ആലപ്പുഴ: മഴയെത്തുടർന്ന് ജില്ലയിൽ ചെങ്ങന്നൂർ, ചേർത്തല താലൂക്കുകളിലായി നാല് ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. 18 കുടുംബങ്ങളിലെ 16 പുരുഷൻമാരും 23 സ്ത്രീകളും 13 കുട്ടികളും ഉൾപ്പെടെ 52 പേരാണ് ക്യാമ്പിലുള്ളത്. ചെങ്ങന്നൂർ മൂന്ന് ക്യാമ്പുകളിലായി 42 പേർ കഴിയുന്നു. ചേർത്തലയിൽ ഒരു ക്യാമ്പാണ് പ്രവർത്തിക്കുന്നത്. ഇവിടെ 10 പേരാണ് കഴിയുന്നത്.

## വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി

ആലപ്പുഴ: ജില്ലയിലെ കുട്ടനാട്, ചെങ്ങന്നൂർ, ചേർത്തല, അമ്പലപ്പുഴ താലൂക്കുകളിലെ സ്കൂളുകളിൽ വെള്ളക്കെട്ട് രൂപപ്പെട്ടതിനാലും ശക്തമായ മഴ തുടരുന്ന സാഹചര്യത്തിലും ഇന്ന് ഈ താലൂക്കുകളിലെ പ്രൊഫഷണൽ കോളജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ട്യൂഷൻ സെൻററുകൾക്കും അംഗനവാടികൾക്കും ജില്ല കലക്ടർ അവധി പ്രഖ്യാപിച്ചു. മുൻ നിശ്ചയിച്ച പരീക്ഷകൾക്ക് മാറ്റമില്ല.

# അപ്പർ കുട്ടനാട്ടിലെ താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിൽ

**മുട്ടാറ്റിൽ സർവ്വകക്ഷി യോഗം ഇന്ന്**

### നിരണം, തലവടി, വീയപുരം, എടത്വാ, തകഴി പഞ്ചായത്തിലാണ് വെള്ളപ്പൊക്ക ദുരിതം ഏറെ അനുഭവപ്പെടുന്നത്

എടത്വാ: മഴയ്ക്ക് ശമനമില്ലാതെ തുടരുമ്പോൾ അപ്പർ കുട്ടനാട്ടിൽ ജലനിരപ്പ് വീണ്ടും ഉയരുന്നു. പമ്പാനദിയും മണിമലയാറും കരകവിഞ്ഞതോടെ താഴ്ന്ന പ്രദേശങ്ങൾ ഏറെക്കുറെ വെള്ളത്തിൽ മുങ്ങി. നിരണം, തലവടി, വീയപുരം, എടത്വാ, തകഴി പഞ്ചായത്തിലാണ് വെള്ളപ്പൊക്ക ദുരിതം ഏറെ അനുഭവപ്പെടുന്നത്. തലവടിയിൽ നിരവധി വീടുകളാണ് ഇതിനോടകം വെള്ളത്തിൽ മുങ്ങിയത്. ഒട്ടുമിക്ക ഇടറോഡുകളും മുട്ടോളം വെള്ളത്തിലായിട്ടുണ്ട്. ചക്കുളത്തുകാവ് ദേവീക്ഷേത്ര മൈതാനം വെള്ളത്തിൽ മുങ്ങി. നീരേറ്റുപുറം മുട്ടാർ റോഡും, കൊടുപ്പുന്ന ടൈറ്റാനിക് പാലത്തിന് സമീപത്തും വെള്ളം കയറിയിട്ടുണ്ട്. ജലനിരപ്പ് വീണ്ടും ഉയർന്നാൽ മുട്ടാർ റോഡിലെ ഗതാഗം പൂർണ്ണമായി സ്തംഭിക്കും. ദുരന്ത നിവാരണ സമതിയുടെ നേതൃുത്വത്തിൽ മുട്ടാർ പഞ്ചായത്തിൽ ഇന്ന് സർവ്വകക്ഷി യോഗം കൂടാൻ തീരുമാനിച്ചു. തലവടി പഞ്ചായത്തിൽ ദുരിതാശ്വാസ ക്യാമ്പ് ആരംഭിച്ചു. നീരേറ്റുപുറം ചക്കുളത്തുകാവിലമ്മ ഓഡിറ്റോറിയത്തിലാണ് ക്യാമ്പ് ആരംഭിച്ചത് നിലവിൽ 15 കുടുംബങ്ങൾ ക്യാമ്പിൽ എത്തിയിട്ടുണ്ട്. തലവടി 7ാം വാർഡ് കുന്നുമ്മാടി കുതിരച്ചാൽ പ്രദേശത്തെ ഒട്ടുമിക്ക വീടുകളും വെള്ളത്തിലായിട്ടുണ്ട്. പ്രദേശത്തേയ്ക്കുള്ള റോഡും മുട്ടോളം വെള്ളത്തിൽ മുങ്ങിയ നിലയിലാണ്. കിഴക്കൻ വെള്ളത്തിന്റെ വരവ് ശമിക്കാത്തതാണ് അപ്പർ കുട്ടനാട്ടിൽ ജലനിരപ്പ് ക്രമേണ ഉയരുന്നത്. വേനൽ മഴയെ തുടർന്നുണ്ടായ വെള്ളപ്പൊക്കത്തിലെ ജലനിരപ്പിനൊപ്പം ഇന്നലെ വെള്ളം എത്തിയിട്ടുണ്ട്.

ഇനിയും ജലനിരപ്പ് ഉയർന്നാൽ ജനജീവിതം കൂടുതൽ ദുരിതമായി തീരും. രണ്ട് ദിവസം കൂടി ശക്തമായ മഴയുണ്ടെന്ന് കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകിയ സാഹചര്യത്തിൽ നദീതീര താമസക്കാർ ബന്ധുവീടുകട്ടിലേക്ക് മാറിയിട്ടുണ്ട്. ഇന്നലെ വൈകിട്ട് ശക്തമായ മഴയാണ് തലവടി, എടത്വാ, തകഴി പഞ്ചായത്തുകളിൽ അനുഭവപ്പെട്ടത്. കുറഞ്ഞ സമയത്തിനുള്ളിൽ കൂടുതൽ മഴ പെയ്യുന്നതാണ് കുട്ടനാട്ടുകാരെ ആശങ്കപ്പെടുത്തുന്നത്. പെയ്ത്തുവെള്ളവും കിഴക്കൻ വെള്ളത്തിന്റെ വരവും വർദ്ധിച്ചാൽ കുട്ടനാട്ടുകാർ കനത്ത ദുരിതം നേരിടേണ്ടി വരും.



കുട്ടനാട് തലവടി പഞ്ചായത്തിൽ വെള്ളത്തിൽ മുങ്ങിയ വീട്



പക്ഷിപ്പനി വ്യാപനം പഠിക്കാൻ സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ധ സംഘം കലക്ട്രേറ്റിൽ എത്തി ജില്ല കലക്ടർ അലക്സ് വർഗ്ഗീസുമായി ചർച്ച നടത്തുന്നു

# പക്ഷിപ്പനി: സാമ്പിളുകൾ ശേഖരിച്ച് പഠനസംഘം

ആലപ്പുഴ: പക്ഷിപ്പനി വ്യാപനം പഠിക്കാൻ സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ധ സംഘം വ്യാഴാഴ്ച ജില്ലയുടെ വിവിധ മേഖലകൾ സന്ദർശിച്ചു. ചേർത്തലയിലെ കൂടുതൽ വ്യപനം നടന്ന പ്രദേശങ്ങളാണ് ആദ്യം സന്ദർശിച്ചത്.

തണ്ണീർമുക്കം, ചേർത്തല നഗരസഭയുടെ വിവിധ ഭാഗങ്ങൾ, ചെറുതന, ചെങ്ങന്നൂർ ഹാച്ചറി എന്നിവിടങ്ങളിലാണ് സംഘം സന്ദർശനം പൂർത്തിയാക്കിയത്. വ്യാപനം ഉണ്ടായ പ്രദേശങ്ങളിൽ നിന്നുള്ള സാമ്പിളുകൾ സംഘം ശേഖരിച്ചു. ഫാമുകൾ, പ്രദേശത്തിന്റെ പ്രത്യേകത, വെള്ളം തുടങ്ങിയ കാര്യങ്ങളാണ് സംഘം പഠനവിധേയമാക്കുന്നത്. വൈറസിന്റെ സ്വഭാവവും അത് പടരാനുള്ള സാഹചര്യങ്ങളും സംബന്ധിച്ച് സംഘം പഠനം നടത്തും. തുടർന്ന് തയ്യാറാക്കുന്ന റിപ്പോർട്ട് കേന്ദ്രം നിയോഗിച്ച വിദഗ്ധരുമായി ചർച്ച ചെയ്യും. സംസ്ഥാന തലത്തിൽ സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് രൂപവത്കരിച്ച വിദഗ്ധ സംഘാംഗങ്ങളായ പൂക്കോട് വെറ്ററിനറി കോളജിലെ പ്രഫ.ഡോ.ചിന്തു രവിശങ്കർ, സീനിയർ വെറ്റിനറി സർജൻ ഡോ.പി.രാജീവ്, ഡോ.എസ്.അപർണ വെറ്റിനറി സർജൻ സിയാഡ് പാലോട്, ഡോ.ഹരീഷ് വെറ്റിനറി സർജൻ ജില്ല ലാബ് തിരുവനന്തപുരം, ഡോ.സഞ്ജയ്.ഡി. എന്നിവരാണ് ജില്ലയിൽ സന്ദർശനം നടത്തിയത്. ഇവർ തങ്ങളുടെ കണ്ടെത്തലുകൾ സംസ്ഥാന സർക്കാരിനെ ഉടൻ കൈമാറും. ജില്ല കലക്ടർ അലക്സ് വർഗ്ഗീസുമായി കലക്ട്രേറ്റിൽ വച്ച് സംഘം ജില്ലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്തു. പഞ്ചായത്തുകൾക്കും കർഷകർക്കുമുള്ള കോംപൻസേഷൻ, ജില്ലയിലെ പക്ഷിപ്പനിയുടെ നിയന്ത്രണം എന്നിവ സംബന്ധിച്ച് ജില്ല കലക്ടർ സംഘത്തോട് വിശദീകരിച്ചു.

# വൃക്കരോഗിക്ക് കുരുന്നുകളുടെ കൈത്താങ്ങ്

അരുക്കുറ്റി: മറ്റത്തിൽ ഭാഗം ഗവൺമെന്റ് എൽ.പി സ്കൂളിൽ പെരുന്നാൾ ആഘോഷത്തിന്റെ ഭാഗമായി സ്കൂളിലെ രക്ഷിതാവും കിഡ്നി രോഗത്താൽ ബുദ്ധിമുട്ടുകയും ചെയ്ത ദിവ്യ മഹേഷിന് പെരുന്നാൾ പടി സമ്മാനിച്ചുകൊണ്ട് കുട്ടികൾ മാതൃകയായി. എസ്.എം.സി ചെയർമാൻ കെ.പി കബീറിന്റെ അധ്യക്ഷതയിൽ നടന്ന പരിപാടിയിൽ ദിവ്യ മഹേഷ് സഹായനിധി കൺവീനറും അഞ്ചാം വാർഡ് മെമ്പറുമായ ടി.കെ മജീദിന് കുട്ടികൾ സമാഹരിച്ച അരലക്ഷത്തോളം രൂപ സ്കൂൾ പ്രഥമ അധ്യാപകൻ എം.കെ അബ്ദുറഹ്മാൻ കൈമാറി.

അരേശ്ശേരി മസ്ജിദ് ഖത്തീബ്, നിസാമുദ്ദീൻ സഖാഫി നന്മയുടെ സന്ദേശം കുട്ടികൾക്ക് പകർന്നു നൽകി.

വാർഡ് മെമ്പർമാരായ ശാരി മനോജ്, അൻസില നിഷാദ്, മുംതാസ് സുബൈർ, എസ്.എം.സി വൈസ് ചെയർമാനായ വിനു ബാബു എന്നിവർ ആശംസകൾ നേർന്നു. പ്രശസ്ത ഗായകൻ അയ്യൂബ് റഷീദ് അവതരിപ്പിച്ച പാട്ടരങ്ങ് കുട്ടികൾക്ക് വേറിട്ട അനുഭവമായി.



സഹായനിധി കൺവീനർ ടി.കെ മജീദിന് കുട്ടികൾ സമാഹരിച്ച രൂപ സ്കൂൾ പ്രഥമ അധ്യാപകൻ എം.കെ അബ്ദുറഹ്മാൻ കൈമാറുന്നു

## നീന്തൽ, ബോക്സിങ് പരിശീലനം

ആലപ്പുഴ: ജില്ല സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ സ്കൂൾ കുട്ടികൾക്കായി നീന്തൽ, ബോക്സിങ് ഇനങ്ങളിൽ പരിശീലനം നൽകുന്നു. രാജാ കേശവദാസ നീന്തൽക്കുളത്തിലാണ് പരിശീലനം. പങ്കെടുക്കാൻ താല്പര്യമുള്ള കുട്ടികൾ ആലപ്പുഴ ജില്ല സ്പോർട്സ് കൗൺസിലുമായോ 8129020746, 04772253090 ഫോൺ നമ്പറുകളിലോ രജിസ്റ്റർ ചെയ്യണം.

## ഉണർവ്വ് രണ്ടാം ഘട്ടം ഉദ്ഘാടനം ഇന്ന്

തിരുവനന്തപുരം: വിദ്യാർഥികൾക്കും അധ്യാപകർക്കുമായി എനർജി മാനേജ്മെന്റ് സെന്റർ നടത്തുന്ന ഊർജ്ജസംരക്ഷണ അവബോധപരിപാടിയായ ഉണർവ്വിന്റെ രണ്ടാം ഘട്ടം ഇന്ന് എനർജി മാനേജ്മെന്റ് സെന്ററിൽ മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. അധ്യാപകരും വിദ്യാർഥികളും എനർജി മാനേജ്മെന്റ് സെന്റർ സന്ദർശിച്ച് ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്ന പരിപാടിയാണ് 'ഉണർവ്വ്'. പരിപാടിയുടെ ഒന്നാം ഘട്ടത്തിൽ 684 സ്കൂളുകളിലെ 4,400 പേർ ഇ.എം.സി സന്ദർശിച്ചു. ഉദ്ഘാടന ചടങ്ങിൽ മന്ത്രി കെ. കൃഷ്ണൻകുട്ടി മുഖ്യാതിഥിയാകും. കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ അധ്യക്ഷത വഹിക്കും. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ എ.കെ.ഷൈൻമോൻ ആശംസാ പ്രസംഗം.

## നഴ്സ് ഗ്രേഡ് 2 റാങ്ക് പട്ടിക കാലഹരണപ്പെട്ടു

തിരുവനന്തപുരം: കേരള പബ്ലിക് സർവീസ് കമ്മീഷൻ തിരുവനന്തപുരം ജില്ലയിൽ ആരോഗ്യ മുനിസിപ്പൽ കോമൺ സർവീസസ് വകുപ്പിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 2 (കാറ്റഗറി നമ്പർ 527 2019) തസ്തികയ്ക്കായി 15.07.2023ൽ പ്രസിദ്ധീകരിച്ച 590 2023 ഡിഒറ്റി നമ്പർ റാങ്ക് പട്ടികയുടെ മുഖ്യപട്ടികയിൽ ഉൾപ്പെട്ട അവസാന ഉദ്യോഗാർത്ഥിയെ നിയമനശുപാർശ ചെയ്യാനുള്ള ഒഴിവ് ലഭിച്ച 03.01.2024 തിയതിയിൽ റാങ്ക് പട്ടിക കാലഹരണപ്പെട്ടതായി ജില്ലാ ഓഫീസർ അറിയിച്ചു. 06.02.2024 തിയതിയിൽ പ്രസിദ്ധീകരിച്ച ഇതേ നമ്പർ വിജ്ഞാപനം പിൻവലിച്ചതായും അറിയിപ്പിൽ പറയുന്നു.

## തകർന്ന റോഡിൽ വാഴനട്ട് പ്രതിഷേധം

വിതുര : പൊന്മുടി സംസ്ഥാന ഹൈവേ പുനർനിർമാണവുമായി ബന്ധപ്പെട്ട സർക്കാർ വീഴ്ചക്കെതിരെ യൂത്ത് കോൺഗ്രസ് വിതുരമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ വാഴ നട്ടു പ്രതിഷേധിച്ചു. ഏറ്റവും കൂടുതൽ തകർന്നു കിടക്കുന്ന വിതുര ഹൈസ്കൂൾ ജംഗ്ഷനിലാണ് പ്രതിഷേധം സംഘടിപ്പിച്ചത്.

ഡിസിസി ജനറൽ സെക്രട്ടറി ലാൽ റോഷിൻ പ്രതിഷേധ പരിപാടി ഉദ്ഘാടനം ചെയ്തു. യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡണ്ട് സുദിൻ സുദർശൻ അധ്യക്ഷത വഹിച്ചു.

യൂത്ത് കോൺഗ്രസ് ഭാരവാഹികളായ റമീസ് ഹുസൈൻ, സുനിൽ മാങ്കാല, വിനോദ്, സുനി, ജിജോ തുടങ്ങിയവർ നേതൃത്വം നൽകി.

# തിരുവനന്തപുരം വാർത്തകൾ




പെൻഷൻ പരിഷ്കരണ കുടിശിക നാലാം ഗഡു അനുവദിക്കണമെന്നാവശ്യപ്പെട്ട് കേരള സർവീസ് പെൻഷനേഴ്സ് ലീഗ് (കെ.എസ്.പി.എൽ) സെക്രട്ടറിയേറ്റിന് മുന്നിൽ നടത്തിയ ധർണയിൽ യു.എ ലത്തീഫ് എം.എൽ.എ സംസാരിക്കുന്നു



ധർണയിൽ പി.ഉബൈദുള്ള എം.എൽ.എ സംസാരിക്കുന്നു



ധർണയിൽ ടി.വി ഇബ്രാഹിം എം.എൽ.എ സംസാരിക്കുന്നു

## മൂന്നര കിലോ കഞ്ചാവുമായി യുവാവ് അറസ്റ്റിൽ

നെടുമങ്ങാട്: അരുവിക്കര കളത്തറയിൽ മൂന്നര കിലോ കഞ്ചാവുമായി യുവാവിനെ ഡാൻസഫ് ടീമും അരുവിക്കര പൊലീസും ചേർന്ന് അറസ്റ്റ് ചെയ്തു. കളത്തറ നജിമൻസിലിൽ ഇബ്രാഹിമിന്റെ മകൻ ദിൽഷമോൻ (36) ആണ് പിടിയിലായത്.തിരുവനന്തപുരം റൂറൽ ജില്ലാ പൊലീസ് മേധാവി കിരൺ നാരായൺ ജില്ലയിലെ കൊറിയർ സ്ഥാപനങ്ങൾ നിരീക്ഷിക്കണം എന്ന നിർദേശം നൽകിയതിനെ തുടർന്ന് രണ്ട് മാസമായി സ്ഥിരമായി കൊറിയർ വരുന്നവരെ നിരീക്ഷിച്ചപ്പോഴാണ് ഒഡീഷയിൽ നിന്നുള്ള കൊറിയറിൽ സംശയം തോന്നി ദിൽഷയുടെ വീട്ടിൽ പൊലീസ് റെയ്ഡ് നടത്തി കഞ്ചാവ് പിടികൂടിയത്.




നെടുമങ്ങാട് മാർക്കറ്റിൽ പച്ചക്കറി കച്ചവടം നടത്തിവന്ന ദിൽഷ പെട്ടെന്ന് പണം സമ്പാദിക്കുന്നതിനാണ് വേണ്ടിയാണു കഞ്ചാവ് കച്ചവടം തുടങ്ങിയത്. നെടുമങ്ങാട്, കാട്ടാക്കട, പാലോട്, വിതുര മേഖലയിലെ സ്കൂൾ, കോളജ് വിദ്യാർത്ഥികൾക്കും യുവാക്കൾക്കുമാണ് കഞ്ചാവ് വിൽപ്പന നടത്തിയിരുന്നത്. ദിൽഷയുടെ കയ്യിൽ നിന്നും സ്ഥിരമായി കഞ്ചാവ് വാങ്ങുന്നവരെ പറ്റി കൂടുതൽ അന്വേഷണം നടത്തുന്നതാണെന്ന് പൊലീസ് അറിയിച്ചു.

## പയറ്റുവിളയിൽ മോഷണം

വിഴിഞ്ഞം : വിഴിഞ്ഞം സ്റ്റേഷൻ പരിധിയിലെ പയറ്റുവിള ഭാഗത്ത് ഒരു ക്ഷേത്രത്തിലും രണ്ട് സ്ഥാപനങ്ങളിലും മോഷണം. ക്ഷേത്രത്തിലെ പൂജാ ഉപകരണങ്ങളും പണവും ഒരു സ്ഥാപനത്തിലെ സി സി ടി വി യും അനുബന്ധ ഉപകരണങ്ങളും പല വ്യഞ്ജനക്കടയിൽ നിന്ന് 12000 രൂപയുമാണ് കവർന്നത്. കഴിഞ്ഞ ദിവസം രാത്രിയാണ് കവർച്ച നടന്നിരിക്കുന്നത്. മുര്യതോട്ടം ദേവീ ക്ഷേത്രത്തിലെ തിടപ്പള്ളിയിലെ പൂട്ട് തകർത്ത് അകത്ത് കടന്ന മോഷ്ടാവ് വിളക്കുകൾ, ഉരുളി, മണി, കാണിക്ക വഞ്ചിയിലുണ്ടായിരുന്ന 3000 രൂപ എന്നിവയാണ് കവർന്നത്. പയറ്റുവിള റോഡിൽ സ്ഥിതിചെയ്യുന്ന സിസ്കോ ലോജിസ്റ്റിക് എന്ന സ്ഥാപനത്തിലെ സി സി ടി വി ക്യാമറയും മോണിറ്ററും അനുബന്ധ ഉപകരണങ്ങളും കവർന്ന മോഷ്ടാക്കൾസമീപ ത്തെ പല വ്യഞ്ജന കട കുത്തി തുറന്ന് കടയിലുണ്ടായിരുന്ന 12000 രൂപയും കവർന്നു. പരാതികളുടെ അടിസ്ഥാനത്തിൽ കേസെടുത്ത് അന്വേഷണം ആരംഭിച്ചതായി വിഴിഞ്ഞം പോലീസ് പറഞ്ഞു.


## മാല പൊട്ടിച്ചു കടന്ന നാടോടി സ്ത്രീ അറസ്റ്റിൽ

കോവളം : തിരുവല്ലം പരശുരാമസ്വാമി ക്ഷേത്രത്തിൽ ദർശനത്തിന് വന്ന സ്ത്രീയുടെ മാല പൊട്ടിച്ചു കടന്ന നാടോടി സ്ത്രീയെ തിരുവല്ലം പൊലീസ് അറസ്റ്റു ചെയ്തു. തമിഴ്നാട് സ്വദേശിനി ലക്ഷ്മി എന്ന് വിളിക്കുന്ന ബോച്ചമ്മ (55) ആണ് അറസ്റ്റിലായത്. ഇക്കഴിഞ്ഞ 8ാം തിയതി തിരുവല്ലം പരശുരാമസ്വാമി ക്ഷേത്രത്തിൽ രാവിലെ ദർശനത്തിനെത്തിയ ഉള്ളൂർ ഇടവക്കോട് സ്വദേശി ശ്യാമളയുടെ സ്വർണ്ണ മാലയാണ് പ്രതി പൊട്ടിച്ചെടുത്തത്. തുടർന്ന് ശ്യാമളയുടെ പരാതിയിൽ തിരുവല്ലം പൊലീസ് കേസ്സെടുത്ത് സി.സി.ടി.വി ദൃശ്യങ്ങൾ പരിശോധിച്ച് പ്രതിയെ തിരിച്ചറിഞ്ഞു. തുടർന്ന് പാളയം ഭാഗത്തുനിന്നും തിരുവല്ലം എസ്.എച്ച്. ഒ ഫയാസിന്റെ നേതൃത്വത്തിലുള്ള സംഘം പ്രതിയെ കസ്റ്റഡിയിലെടുക്കുകയുമായിരുന്നു. തിരക്കുള്ള ബസുകൾ, അമ്പലങ്ങൾ എന്നിവ കേന്ദ്രീകരിച്ച് മോഷണം നടത്തിയിരുന്ന പ്രതി മോഷണ മുതലുകൾ തമിഴ്നാട്ടിൽ എത്തിച്ചാണ് വില്പന നടത്തിയിരുന്നത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ കസ്റ്റഡിയിൽ വാങ്ങുമെന്ന് തിരുവല്ലം പൊലീസ് പറഞ്ഞു.



## എഞ്ചിനീയറിംഗ് കോളേജിലെ കവർച്ച: പ്രതി പിടിയിൽ

കോവളം : തിരുവല്ലത്തെ എഞ്ചിനീയറിംഗ് കോളേജിലെ വർക്ക് ഷോപ്പിൽ അതിക്രമിച്ച് കയറി വിലപിടിപ്പുള്ള ഉപകരണങ്ങൾ മോഷ്ടിച്ച പ്രതിയെ തിരുവല്ലം പൊലീസ് അറസ്റ്റു ചെയ്തു. തിരുവല്ലം ശാന്തിപുരം കീഴെ ചരുവിള വീട്ടിൽ മുകേഷ് ( 40) ആണ് അറസ്റ്റിലായത്. ഇക്കഴിഞ്ഞ 25 ന് രാത്രിയിൽ എം.ജി. എഞ്ചിനീയറിംഗ് കോളേജിന്റെ വർക്ക് ഷോപ്പ് കെട്ടിടത്തിന്റെ ഇരുമ്പ് വാതിൽ തകർത്ത് അകത്തു കയറി വില പിടിപ്പുള്ള ഉപകരണങ്ങൾ, മരത്തടികൾ എന്നിവയാണ് പ്രതി മോഷ്ടിച്ചത്. സി.സി.ടി.വി ദൃശ്യങ്ങളുടെ അടിസ്ഥാനത്തിൽ പൊലീസ് നടത്തിയ പരിശോധനയിലാണ് പ്രതിയെ പിടികൂടിയത്. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.



## നിയന്ത്രണം വിട്ട ബസ് ഇടിച്ച് സ്കൂട്ടർ യാത്രികയ്ക്ക് പരിക്ക്

വിഴിഞ്ഞം: വിഴിഞ്ഞത്ത് കെ.എസ് .ആർ.ടി.സി ബസ് നിയന്ത്രണം വിട്ട് സ്കൂട്ടറിൽ ഇടിച്ച് സ്കൂട്ടർ യാത്രികയ്ക്ക് പരിക്കേറ്റു. കോവളം കെ.എസ്.റോഡ് എം.എസ് ഭവനിൽ പ്രേംഷിജിത്തിന്റെ ഭാര്യ ഷീജമോൾ (37) ക്കാണ് പരിക്കേറ്റത്. ഇന്നലെ രാവിലെ 8.30 ഓടെ വിഴിഞ്ഞം തിയറ്റർ ജംഗ്ഷന് സമീപത്താണ് അപകടം നടന്നത്. നഗരത്തിലെ ഒരു ബാങ്കിലെ താത്ക്കാലിക ജീവനക്കാരിയായ ഷീജമോൾ തന്റെ സ്കൂട്ടറിൽ ജോലിക്ക് പോകവെ തിരുവനന്തപുരത്ത് നിന്ന് വിഴിഞ്ഞത്തേക്ക് വരികയായിരുന്ന കെ.എസ് .ആർ.ടി.സി ബസ് നിയന്ത്രണം വിട്ട് ഇടിച്ചാണ് അപകടം.

അപകടത്തിൽ തലയ്ക്കും മൂക്കിനും ഇടിയേൽക്കുകയും വലതുകാൽ മുട്ടിനും കാൽ പാദത്തിനും പരിക്കേൽക്കകയും ചെയ്ത യുവതിയെ നാട്ടുകാർ ഉടൻ തന്നെ വിഴിഞ്ഞം ആശുപത്രിയിൽ എത്തിച്ചു. ഇവിടെ പ്രാഥമികചികിത്സ നൽകിയ ശേഷം വിദഗ്ദ്ധ ചികിത്സയ്ക്കായി ജനറൽ ആശുപത്രിയിലേക്ക് റഫർ ചെയ്തു. വിഴിഞ്ഞം ആശുപത്രിയിൽ 108 ആംബുലൻസ് ഉണ്ടായിരുന്നെങ്കിലും ഡ്രൈവർ ഇല്ലാത്തതിനാൽ സ്വകാര്യ ആംബുലൻസ് വിളിച്ചാണ് ഷീജമോളെ ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചതെന്ന് ഭർത്താവ് പ്രേംഷിജിത്ത് പറഞ്ഞു. യുവതിയെ ജനറൽ ആശുപത്രിയിൽ എത്തിക്കുന്നത് സംബന്ധിച്ച് യുവതിയുടെ ബന്ധുക്കളും ബസ് ജീവനക്കാരും തമ്മിലുണ്ടായ തർക്കത്തെ തുടർന്ന് വിഴിഞ്ഞം പോലീസ് സ്ഥലത്തെത്തിയിരുന്നു.

# തോരാമഴയും തീരാദുരിതവും

## പൊട്ടിവീണ വൈദ്യുത കമ്പിയിൽ നിന്ന് ഷോക്കേറ്റ് ഓട്ടോ ഡ്രൈവർ മരിച്ചു

തിരുവനന്തപുരം: ജില്ലയിൽ കനത്ത മഴയും ദുരിതവും തുടരുന്നു. നഗരൂർ തേക്കിൻകാട് ആടിന് പച്ചില ശേഖരിക്കാൻ പോയ ഗൃഹനാഥൻ പൊട്ടിവീണ് കിടന്ന വൈദ്യുതി കമ്പിയിൽ നിന്നും ഷോക്കേറ്റ് മരിച്ചു.



സഫിയുദ്ധീൻ

നഗരൂർ തേക്കിൻകാട് സഹിനാസ് വില്ലയിൽ സഫിയുദ്ധീൻ (63) ആണ് ബുധനാഴ്ച രാത്രി മരിച്ചത്.കനത്ത മഴയിൽ മരമൊടിഞ്ഞാണ് കമ്പി പൊട്ടിവീണത്. നഗരൂരിലെ പിക്കപ്പ് വാൻ ഡ്രൈവറാണ്. ആളിനെ കാണാത്തതിനെ തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് രാത്രിയിൽ വീടിന് സമീപം മൃതദേഹം കാണപ്പെട്ടത്. ജില്ലയിൽ മഴയെ തുടർന്ന് മൂന്ന് വീടുകൾ പൂർണമായും 16 വീടുകൾ ഭാഗികമായും തകർന്നു. ആലംകോട് ഗുരുനാഗപ്പൻകാവ് മേലാറ്റിങ്ങൽ റോഡിനു സമീപം തകർന്ന വീട്ടിൽ നിന്ന് അൽഭുതകരമായാണ് വീട്ടുകാർ രക്ഷപ്പെട്ടത്. വിജയദാസിന്റെ വീടാണ് ബുധനാഴ്ച രാത്രി 9 മണിയോടെ തകർന്നത്.



മേലാറ്റിങ്ങലിൽ മഴയിൽ തകർന്ന വിജയദാസിന്റെ വീട്

സംഭവസമയത്ത് വിജയദാസും ഭാര്യ രമ്യയും മകൾ ആവണിയും വീട്ടിൽ ഉണ്ടായിരുന്നു. വീടിന്റെ മേൽക്കൂരയിലെ ഉത്തരത്തിന്റെ ഞരക്കം കേട്ടതിനെ തുടർന്ന് ഇവർ പെട്ടെന്ന് പുറത്തിറങ്ങുകയായിരുന്നു. മൂവരും പുറത്തിറങ്ങി നിമിഷങ്ങൾക്കകം വീട് നിലം പതിക്കുകയായിരുന്നു.ഹൃദ്രോഗ ചികിത്സയിലുള്ള വിജയദാസ് ആട്ടോറിക്ഷ ഓടിച്ചാണ് കുടുംബം പോറ്റുന്നത്

ജില്ലയിൽ രണ്ട് ദിവസമായി തുടരുന്ന ശക്തമായ മഴയിൽ 1.41 കോടി രൂപയുടെ കൃഷി നാശം റിപ്പോർട്ട് ചെയ്തു. 14.15 ഹെക്ടർ പ്രദേശത്തെ കൃഷിക്ക് നാശം സംഭവിച്ചു.

വിവിധ കൃഷി മേഖലകളിലായി 289 കർഷകരെയാണ് നഷ്ടം ബാധിച്ചത്. വാഴ കൃഷിയെയാണ് മഴ ഏറെ ബാധിച്ചത്. 11.54 ഹെക്ടർ പ്രദേശത്തെ വാഴ കൃഷി മഴയിൽ നശിച്ചു. 1.05 ഹെക്ടർ പ്രദേശത്തെ പച്ചക്കറി കൃഷിയും 0.16 ഹെക്ടർ പ്രദേശത്തെ നാളികേര കൃഷിയും നശിച്ചു.



മുസ്‌ലിംലീഗിന്റെ പുതിയ രാജ്യസഭാഗമായി തിരഞ്ഞെടുക്കപ്പെട്ട അഡ്വ. ഹാരിസ് ബീരാൻ മുഖ്യമന്ത്രി പിണറായി വിജയനുമായി കൂടിക്കാഴ്ച നടത്തിയ ശേഷം. പി കെ ബഷീർ എം.എൽ.എ സമീപം

## കെ.എസ്.ടി.യു ഫണ്ട് കൈമാറി

തിരുവനന്തപുരം: കെ.എസ്.ടി.യു പരപ്പനങ്ങാടി ഉപജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സ്വരൂപിച്ച കാരുണ്യ സ്പർശം ഫണ്ട് മുൻ വിദ്യാഭ്യാസ മന്ത്രി അഡ്വ: നാലകത്ത് സൂപ്പിക്ക് കൈമാറി.കെ.എസ്.ടി.യു മലപ്പുറം ജില്ലാ സെക്രട്ടറി മുനീർ ചൊക്ലി,തിരൂരങ്ങാടി വിദ്യാഭ്യാസ ജില്ലാ സെക്രട്ടറി കെ പി മുഹമ്മദ് ഷമീം, പരപ്പനങ്ങാടി ഉപജില്ലാ പ്രസിഡന്റ് ടി സൂപ്പി, ട്രഷറർ സി പി അബ്ദുൽ റാഫിക്, ഓർഗനൈസിംഗ് സെക്രട്ടറി കെ വി അബ്ദുൽ ഹമീദ്, കണിയാപുരം ഹലിം, ഫത്താഹ് മൂഴിക്കൽ, സുബൈർ തുടങ്ങിയവർ സംബന്ധിച്ചു.




കെ.എസ്.ടി.യു കാരുണ്യ സ്പർശം ഫണ്ട് മുൻ വിദ്യാഭ്യാസ മന്ത്രി അഡ്വ: നാലകത്ത് സൂപ്പിക്ക് കൈമാറുന്നു

## ബ്ലൂ മൗണ്ട് സ്കൂളിൽ ഡിജിറ്റൽ ലൈബ്രറി ഉദ്ഘാടനം ചെയ്തു

കഴക്കൂട്ടം: വായനാദിനത്തോടനുബന്ധിച്ച് തോന്നയ്ക്കൽ ബ്ലൂ മൗണ്ട് പബ്ലിക് സ്കൂളിൽ ആരംഭിച്ച ഡിജിറ്റൽ ലൈബ്രറിയുടെ ഉദ്ഘാടനം എഴുത്തുകാരൻ പെരുമ്പടവൻ ശ്രീധരൻ ഉദ്ഘാടനം ചെയ്തു. ബ്ലൂ മൗണ്ട് സ്കൂൾ ചെയർമാൻ അഡ്വ.വിജയൻ അധ്യക്ഷനായി. കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് മാനേജർ പള്ളിയറ ശ്രീധരൻ മുഖ്യപ്രഭാഷണം നടത്തി. സ്റ്റേറ്റ് കോഓപ്പറേറ്റീവ് യൂണിയൻ ചെയർമാൻ കോലിയക്കോട് കൃഷ്ണൻ നായരെ ചടങ്ങിൽ ആദരിച്ചു. സ്കൂൾ പ്രിൻസിപ്പൽ ഡൽസി ജോസഫ്, ഡോ. എസ്. സെലീന ബീവി, അനിൽകുമാർ, സിമിസുരേഷ്, ഷെറിൻ സാഹി എന്നിവർ സംസാരിച്ചു.



തോന്നയ്ക്കൽ ബ്ലൂ മൗണ്ട് പബ്ലിക് സ്കൂളിലെ ഡിജിറ്റൽ ലൈബ്രറി പെരുമ്പടവം ശ്രീധരൻ ഉദ്ഘാടനം ചെയ്യുന്നു

## വീട്ടമ്മയുടെ ആത്മഹത്യ: മുൻ ഭർത്താവിനെ റിമാൻഡ് ചെയ്തു

തിരുവനന്തപുരം: പേരൂർക്കട മണികണ്ഠേശ്വരത്തിന് സമീപം വീട്ടമ്മയുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട് അറസ്റ്റിലായ മുൻ ഭർത്താവ് പെരുങ്കടവിള തത്തമല സ്വദേശി ശ്രീജിത്തിനെ (47) കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

വീട്ടമ്മയെ ക്രൂരമായി മർദിച്ച ശേഷം നഗ്നചിത്രങ്ങൾ പകർത്തി പ്രദേശവാസിക്ക് അയച്ചു കൊടുത്തതിൽ മനംനൊന്താണു മണികണ്ഠേശ്വരം ചീനിക്കോണം ശ്രീജിതാഭവനിൽ ശ്രീജ (46) ജീവനൊടുക്കിയത്. ആത്മഹത്യാക്കുറിപ്പിൽ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ടെന്നു പൊലീസ് അറിയിച്ചു. ഒട്ടേറെ ക്രിമിനൽ കേസുകളിൽ പ്രതിയായ പ്രദേശവാസിയുടെ മൊബൈൽ ഫോണിലേക്കാണ് ചിത്രങ്ങൾ അയച്ചത്. അഞ്ചു ദിവസം മുൻപാണ് ശ്രീജയും ശ്രീജിത്തും വിവാഹമോചനം നേടിയത്. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ 2021ൽ പീഡിപ്പിച്ച കേസിൽ ശ്രീജിത്ത് പ്രതിയായിരുന്നു.

ഇതോടെയാണു ശ്രീജ ഇയാളിൽനിന്ന് അകന്നത്. ഏറെനാൾ വേർപിരിഞ്ഞു കഴിഞ്ഞ ഇവർക്ക് 22ന് കോടതിയിൽനിന്ന് വിവാഹമോചനം ലഭിച്ചു. 24ന് രാത്രി ഏഴരയോടെ ശ്രീജയുടെ വീട്ടിൽ ശ്രീജിത്ത് അതിക്രമിച്ചു കയറി ക്രൂരമായി മർദിച്ചു. വീട്ടിൽനിന്ന് ഒഴിയണമെന്നും വീട് തന്റെ പേർക്ക് എഴുതിത്തരണമെന്നും ആവശ്യപ്പെട്ടായിരുന്നു മർദനം. അവശനിലയിലായ ശ്രീജയുടെ വസ്ത്രങ്ങൾ വലിച്ചുകീറി ശ്രീജിത്ത് മൊബൈലിൽ നഗ്നചിത്രങ്ങൾ പകർത്തി.

വീടും സ്ഥലവും എഴുതി നൽകിയില്ലെങ്കിൽ ചിത്രം പ്രചരിപ്പിക്കുമെന്നു ഭീഷണിപ്പെടുത്തി. തുടർന്നു സമീപവാസിക്ക് ചിത്രങ്ങൾ അയച്ചുകൊടുക്കുകയായിരുന്നു. ആത്മഹത്യാപ്രേരണ, നഗ്നചിത്രം പകർത്തി ഭീഷണിപ്പെടുത്തൽ, അന്യായമായി തടവിലാക്കി ദേഹോപദ്രവം ഏൽപ്പിക്കൽ എന്നീ വകുപ്പുകളാണ് ശ്രീജിത്തിനെതിരെ ചുമത്തിയിട്ടുള്ളത്.



സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ(എസ്.ഇ.യു) സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട പോത്തൻകോട് റാഫി

## വിരണ്ടോടിയ ആന ഭീതി പരത്തി


നരുവാമൂട്: നരുവാമൂട് ചിറ്റിക്കോട് ക്ഷേത്രത്തിന് സമീപം തളച്ചിരുന്ന ആന വിരണ്ടോടിയത് ഭീതി പരത്തി. കാരയ്ക്കാമണ്ഡപം സ്വദേശി സജിമോന്റെ 30 വയസ്സുള്ള ശ്യാം എന്ന ആനയാണ് വ്യാഴാഴ്ച വൈകുന്നേരം 7.00 മണിയോടെ വിരണ്ടത്. പാപ്പാൻ വെള്ളം കൊടുക്കുന്നതിനിടെ ആണ് ചങ്ങല പൊട്ടി ആന ഓടാൻ തുടങ്ങിയത്.ചങ്ങല എങ്ങനെ അഴിഞ്ഞു എന്നത് വ്യക്തമല്ല. നരുവാമൂട്ടിലെ പഴയ ഓട്ട് കമ്പനിക്കുള്ളിൽ കടന്നാണ് ആന നിന്നത്. പിന്നാലെ ഓടിയെത്തിയ പാപ്പാനുൾപ്പെടെയുള്ള സംഘം ആനയെ ഇവിടെ വച്ച് തളച്ചു. അനിഷ്ട സംഭവങ്ങൾ ഉണ്ടായില്ല.

## റോഡിന്റെ ശോചനീയവസ്ഥ: ആക്ഷൻ കൗൺസിൽ രൂപീകരിച്ചു

ആറ്റിങ്ങൽ: വരുക്കുമുക്ക് ഇടവിളാകം സി.ആർ.പി.എഫ് റോഡിന്റെ ശോചനീയ അവസ്ഥ മാറ്റി ഗതാഗതയോഗ്യമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ജനകീയ കൂട്ടായ്മയ്ക്ക് രൂപം നൽകി. പ്രധാനമന്ത്രി സടക് യോജന പ്രകാരം പണി ആരംഭിച്ച റോഡിന്റെ പൂർത്തീകരണം രണ്ടുവർഷം കഴിഞ്ഞിട്ടും കഴിഞ്ഞിട്ടില്ല.

ജനകീയ കൂട്ടായ്മ അടിയന്തരമായി പണി പുനപരിശോധിക്കണം എന്ന് ആവശ്യപ്പെട്ടു കൊണ്ടും ബന്ധപ്പെട്ട അധികാരികൾക്കു നിവേദനം നൽകുവാനും എം.പി അടൂർ പ്രകാശ്, എം.എൽ.എ വി. ശശി എന്നിവരെയും ചീഫ് എക്സിക്യൂട്ടീവ് എൻജിനീയറായും നേരിൽ കാണുന്നതിനും യോഗം തീരുമാനിച്ചു. മംഗലപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുമ ഇടവിളാകം അധ്യക്ഷത വഹിച്ച യോഗം പ്രദീപ് ദിവാകരൻ ഉദ്ഘാടനം ചെയ്തു. പ്രസ്തുത കൂട്ടായ്മയിൽ ബ്ലോക്ക് പഞ്ചായത്ത് അംഗം എം.എ ഷഹീൻ ഗ്രാമപഞ്ചായത്ത് അംഗം എസ്.ആർ കവിത, ഇടവിളാകം ഷംനാദ്, സുചിന്ദ്രൻ, ശ്രീധരൻ എന്നിവർ സംസാരിച്ചു. വിവിധ സംഘടനാ പ്രതിനിധികൾ സിപിഎം കോൺഗ്രസ് വെൽഫെയർ പാർട്ടി പിഡിപി ബിജെപി വിവിധ സാമൂഹിക സംഘടനാ പ്രതിനിധികൾ പ്രതിഷേധ കൂട്ടായ്മയ്ക്ക് രൂപം നൽകി.

അടിയന്തരമായി റോഡ് പണി പുനരാരംഭിച്ചു ഗതാഗത യോഗ്യമാക്കിയില്ലെങ്കിൽ ശക്തമായ സമരപരിപാടികൾക്ക് ആരംഭിക്കുമെന്ന് ജനകീയ കൂട്ടായ്മ ഭാരവാഹികളായ ചിന്താ സാംസ്കാരിക വേദി ഭാരവാഹികളായ മോൻ കുട്ടൻ ബിനു പപ്പായി എന്നിവർ അറിയിച്ചു.



റോഡിന്റെ ശോചനീയ അവസ്ഥ പരിഹരിച്ച് ഗതാഗതയോഗ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ജനകീയ കൂട്ടായ്മ പ്രതിഷേധിച്ചപ്പോൾ

## എം.എസ്.എഫ് നേതാക്കളെ എസ്.ടി.യു നേതാക്കൾ സന്ദർശിച്ചു

തിരുവനന്തപുരം: വിദ്യാർത്ഥികളുടെ പഠിക്കാനള്ള അവകാശത്തിന്നായി, അവസര നിഷേധത്തിനെതിരെ സമരം നടത്തിയതിന് ഇടത് സർക്കാർ ജയിലിലടച്ച എം.എസ്.എഫ് സംസ്ഥാന പ്രസിഡണ്ട് പി.കെ.നവാസ് ഉൾപ്പടെയുള്ള നേതാക്കളെ എസ്.ടി.യു സംസ്ഥാന നേതാക്കളായ പ്രസിഡണ്ട് അഡ്വ. എം.റഹ്മത്തുള്ള, ജനറൽ സെക്രട്ടറി കെ.പി.മുഹമ്മദ് അഷ്റഫ്, ട്രഷറർജി മാഹിൻ അബൂബക്കർ, സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം വല്ലാഞ്ചിറ അബ്ദുൽ മജീദ്, തിരുവനന്തപുരം ജില്ലാ പ്രസിഡണ്ട് ഷാജി മംഗലപുരം എന്നിവർ തിരുവനന്തപുരം ജില്ലാ ജയിലിൽ സന്ദർശിച്ചു.



എം.എസ്.എഫ് നേതാക്കളെ എസ്. ടി.യു നേതാക്കൾ തിരുവനന്തപുരം ജില്ലാ ജയിലിൽ സന്ദർശിച്ച ശേഷം

## ഡിവൈൻ ലാ കോളേജിൽ ലഹരി വിരുദ്ധദിനം ആചരിച്ചു.

പത്തനാപുരം: അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് ഡിവൈൻ ലോ കോളേജിൽ ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. പത്തനാപുരം സിവിൽ എക്സൈസ് ഓഫീസർ അരുൺ കുമാർ. എസ്.എസ് ക്ലാസ് നയിച്ചു. ലഹരി വിരുദ്ധ സന്ദേശം പ്രിൻസിപ്പാൾ ഡോ. ബിനു നൽകി. കോളേജ് വിദ്യാർത്ഥികൾ ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തു. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പത്തനാപുരത്തും പരിസരപ്രദേശങ്ങളിലും ലഹരി വിരുദ്ധ സന്ദേശം നൽകുന്നതിന്റെ ഭാഗമായി ഫ്ലാഷ് മോബ് നടത്തി. അക്കാഡമിക് ഡയറക്ടർ ഡോ.കെ. വത്സലാമ്മ, വൈസ് പ്രിൻസിപ്പൽ ഡോ. സുശാന്ത് ചന്ദ്രൻ, കോളേജ് ഡയറക്ടർമാരായ ഷൈൻ ഡാനിയൽ, ടോണി കുര്യൻ നേതൃത്വം നൽകി.

## ബി.എസ്.എഫ് ജവാന്റെ മരണം: ഡി.എൻ.എ പരിശോധന വേണമെന്ന് ബന്ധുക്കൾ

പൂവാർ: ജോലി സ്ഥലത്ത് ഹൃദയസ്തംഭനം മൂലം മരിച്ച ബി.എസ്.എഫ് ജവാന്റെ മൃതദേഹം നാട്ടിലെത്തിച്ചപ്പോൾ അഴുകി തിരിച്ചറിയാൻ കഴിയാത്ത നിലയിലെന്ന് പരാതി. ഡി.എൻ.എ പരിശോധനയും റീപോസ്റ്റ്മോർട്ടവും വേണമെന്നും മൃതദേഹത്തോട് അനാദരവ് കാട്ടിയെന്നും ബന്ധുക്കൾ പറഞ്ഞു. പൂവാർ ചെക്കടി കുളംവെട്ടി എസ്.ജെ ഭവനിൽ ശമുവേൽ (59) ആണ് മരിച്ചത്.രാജസ്ഥാനിലെ വാട്മീറിൽ ഹെഡ് കോൺസ്റ്റബിളായി ജോലി ചെയ്തിരുന്ന ശമുവേൽ കഴിഞ്ഞ 24 ന് വൈകിട്ട് ഹൃദയസ്തംഭനത്തെ തുടർന്ന് മരിച്ചു എന്നാണ് ബന്ധുക്കൾക്ക് ലഭിച്ച വിവരം.



മൃതദേഹം 26ന് രാവിലെ നാട്ടിലെത്തിക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും രാത്രി 9 മണിയ്ക്കാണ് തിരുവനന്തപുരത്ത് എത്തിച്ചത്.ഏറ്റു വാങ്ങാനെത്തിയ ബന്ധുക്കൾ മൃതദേഹം ആംബുലൻസിലേക്ക് മാറ്റാൻ ശ്രമിക്കുന്നതിനിടെയാണ് മൃതദേഹം അഴുകിയ നിലയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടത്. ഇതോടെ മൃതദേഹം ഏറ്റുവാങ്ങാൻ ബന്ധുക്കൾ വിസമ്മതിച്ചതിനെ തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റി. ഭാര്യ: ജാസ്മിൻ ലൗലി. മക്കൾ: നീനു, മീനു.



അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് ഡിവൈൻ ലോ കോളേജിൽ ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാറിൽ പത്തനാപുരം സിവിൽ എക്സൈസ് ഓഫീസർ അരുൺ കുമാർ. എസ്.എസ് സംസാരിക്കുന്നു

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 28 വെള്ളി
ഗൾഫ് ചന്ദ്രിക



തമിഴ്നാടിനോട് സൗഹാർദ്ദത്തിൽ പോകാനാണ് കേരളം ആഗ്രഹിക്കുന്നത്. എന്നാൽ കേരളവുമായി ആലോചിക്കാതെയാണ് തമിഴ്നാട് 4000 രൂപ ടാക്സ് വർധിപ്പിച്ചത്. ശബരിമല സീസൺ വരാൻ പോവുകയാണെന്ന് തമിഴ്നാട്ടുകാർ മനസിലാക്കണം. അവിടെ നിന്നാണ് ഏറ്റവും കൂടുതൽ ആളുകൾ ഇങ്ങോട്ട് വരാൻ പോകുന്നത്. ഞങ്ങൾ ഖജനാവിൽ പണം നിറയ്ക്കും. ഇവിടെ നിന്നു പോകുന്നവരെ അവിടെ ഉപദ്രവിച്ചാൽ അവിടെ നിന്ന് വരുന്നവരെ ഇവിടെയും ഉപദ്രവിക്കും. കെ.എസ്.ആർ.ടി.സിയുടെ വണ്ടി പിടിച്ചിട്ടാൽ ഇവിടെ തമിഴ്നാടിന്റെ വണ്ടിയും പിടിച്ചിടും. അതിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാകില്ല.

– കെ.ബി ഗണേഷ്കുമാർ



നാല് അക്കൗണ്ടിൽ മാത്രം ധന ഇടപാട് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സിയിൽ ഇന്ന് നൂറിൽപരം അക്കൗണ്ടാണുള്ളത്. കെ.എസ്.ആർ.ടി.സിയിലെ വരവ് ചെലവ് കണക്കുകൾ ധനകാര്യ വകുപ്പിനെ കൊണ്ടോ, സി.എ.ജിയെ കൊണ്ടോ പരിശോധിക്കാൻ മന്ത്രി തയാറാകണം. ഓടാത്ത ബസിനുള്ളിൽ നിന്നും ഓടുന്ന ഒരു യാത്രക്കാരനെ പോലെയാണ് ഗതാഗത മന്ത്രി. പാവപ്പെട്ട തൊഴിലാളികൾ ശമ്പളം കിട്ടാതെ കഷ്ടപ്പെടുമ്പോൾ കെ.എസ്.ആർ.ടി.സി തൊഴിലാളികൾ കള്ളുകുടിച്ചോയെന്ന് പരിശോധിക്കുന്ന സർക്കാർ അവർ കഞ്ഞി കുടിച്ചോയെന്നുകൂടി പരിശോധിക്കണം.

– എം. വിൻസെന്റ്

## കേരള വാർത്തകൾ

# മഴയിൽ വ്യാപക കൃഷിനാശം

## വീടുകൾ തകർന്നു, പലയിടത്തും വെള്ളക്കെട്ട്, ഡാമുകൾ തുറന്നുവിട്ടു

തിരുവനന്തപുരം: സംസ്ഥാനത്ത് മഴക്കെടുതി രൂക്ഷമായി തുടരുന്നു. മധ്യകേരളത്തിലും വടക്കൻ ജില്ലകളിലും വ്യാപകമായി നാശനഷ്ടങ്ങളുണ്ടായി. മലപ്പുറം ചെമ്പ്രശേരിയിൽ മഴയിൽ വീട് തകർന്ന് വീണു. തലനാരിഴയ്ക്കാണ് വീട്ടുകാർ രക്ഷപ്പെട്ടത്. നെല്ലേങ്ങര സുരേഷിന്റെ വീടാണ് തകർന്ന് വീണത്. അപകടത്തിൽ വീട് പൂർണ്ണമായും തകർന്നു. അപകടം സമയത്ത് വീടിനകത്തുണ്ടായിരുന്ന സുരേഷും, ഭാര്യയും പരിക്കേൽക്കാതെ രക്ഷപ്പെട്ടു. മലപ്പുറം കൊണ്ടോട്ടിയിൽ വീടിന്റെ മുറ്റവും മതിലും ഇടിഞ്ഞ് വീണു. ചേപ്പിലിക്കുന്ന് കുടുക്കിൽ കൊയപ്പ രാജേഷിന്റെ വീടിന്റെ മുറ്റമാണ് ഇടിഞ്ഞത്. തറക്ക് വിള്ളലും ഉണ്ടായിട്ടുണ്ട്. രണ്ട് കുട്ടികൾ ഉൾപെടെ നാലു പേരാണ് വീട്ടിൽ താമസിക്കുന്നത്.

കോഴിക്കോട് പയ്യാനക്കൽ ചാമുണ്ടി വളപ്പിൽ ശക്തമായ കാറ്റിൽ രണ്ട് വീടുകൾ ഭാഗികമായി തകർന്നു. ചാലിയർ പുഴയുടെ കുറുകെയുള്ള ഊർക്കടവ് റെഗുലേറ്റർ ബ്രിഡ്ജിന്റെ 17 ഷട്ടറുകളും ഉയർത്തി. കനത്ത മഴയിൽ കോഴിക്കോട് കോട്ടൂളിയിൽ സ്വകാര്യ വ്യക്തിയുടെ സ്ഥലത്തിന്റെ മതിൽ ഇടിഞ്ഞു വീണു. അപകട സാധ്യത തുടരുന്നതിനാൽ എട്ട് കുടുംബങ്ങളെ സ്ഥലത്ത് നിന്നും ഒഴിപ്പിച്ചു. കോഴിക്കോട് കനത്തമഴയിൽ കിണർ ഇടിഞ്ഞു താഴ്ന്നു. തൊട്ടിൽപ്പാലത്ത് വലിയ പറമ്പത്ത് സക്കീനയുടെ വീട്ടിലെ കിണറാണ് ഇടിഞ്ഞ് താഴ്ന്നത്. കോഴിക്കോട് ചക്കിട്ടപാറയിൽ ഇന്നലെ ഉണ്ടായ ശക്തമായ മഴയിൽ വീട് ഭാഗികമായി തകർന്നു. പറമ്പൽ വാളാംപൊയിൽ ത്രേസ്യാമ്മയുടെ വീടാണ് തകർന്നത്. കിടപ്പ് രോഗിയാണ് ത്രേസ്യാമ്മ. തലനാരിഴക്കാണ് പരിക്കേൽക്കാതെ ഇവർ രക്ഷപ്പെട്ടത്. വീട് പൂർണ്ണമായും അപകടാവസ്ഥയിലാണ്. തിരുവനന്തപുരത്ത് ശക്തമായ മഴയിൽ 1.41 കോടി രൂപയുടെ കൃഷി നാശമുണ്ടായതായി റിപ്പോർട്ട്. 14.15 ഹെക്ടർ പ്രദേശത്തെ കൃഷിയാണ് നശിച്ചത്. വിവിധ കൃഷി മേഖലകളിലായി 289 കർഷകരെ നഷ്ടം ബാധിച്ചിട്ടുണ്ട്. വാഴ കൃഷിയെയാണ് മഴ ഏറെ ബാധിച്ചത്. 11.54 ഹെക്ടർ പ്രദേശത്തെ വാഴ കൃഷി മഴയിൽ നശിച്ചു. 1.05 ഹെക്ടർ പ്രദേശത്തെ പച്ചക്കറി കൃഷിയും 0.16 ഹെക്ടർ പ്രദേശത്തെ നാളികേര കൃഷിയും മഴയിൽ നശിച്ചു. മൂന്ന് വീടുകൾ പൂർണമായും 16 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. കോട്ടയം കുമരകത്ത് കാറ്റിൽ വ്യാപക നാശനഷ്ടമുണ്ടായി.



മലപ്പുറം-കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന ഊർക്കടവ് റഗുലേറ്റർ കം ഓവർബ്രിഡ്ജിന്റെ ഷട്ടറുകൾ ഉയർത്തിയപ്പോൾ



ആദൂർ പള്ളഞ്ചി പുഴയിലേക്ക് മറിഞ്ഞ കാറിനെ കരയിലേക്ക് കയറ്റുന്നു

# ഗൂഗിൾ മാപ്പ് നോക്കി ഓടിച്ച കാർ വനത്തിനുള്ളിലെ പുഴയിൽ വീണു

## യുവാക്കൾ അത്ഭുതകരമായി രക്ഷപ്പെട്ടു

ആദൂർ (കാസർകോട്): ഗൂഗിൾ മാപ്പ് നോക്കി യാത്ര ചെയ്യുന്നതിനിടെ കാർ പുഴയിലേക്ക് മറിഞ്ഞു. ഒലിച്ചുപോയ കാർ മരത്തിൽ തട്ടി നിന്നതിനാൽ കാറിലുണ്ടായിരുന്ന രണ്ട് യാത്രക്കാരും അത്ഭുതകരമായി രക്ഷപ്പെട്ടു. വ്യാഴാഴ്ച രാവിലെ 5.30 മണിയോടെ പള്ളഞ്ചി- പാണ്ടി റോഡിൽ വെള്ളരിക്കയത്താണ് സംഭവം.

പള്ളഞ്ചി ഫോറസ്റ്റിലുള്ള കൈവരി ഇല്ലാത്ത പാലത്തിൽ നിന്ന് കാർ പുഴയിലേക്ക് മറിയുകയായിരുന്നു. അമ്പലത്തറ ഏഴാംമൈലിലെ അഞ്ചില്ലത്ത് തസ്രീഫ്(36), അമ്പലത്തറ പുല്ലൂർ മുനമ്പത്തിലെ അബ്ദുൽ റഷീദ്(38) എന്നിവരാണ് കാറിലുണ്ടായിരുന്നത്. ഇരുവരും അമ്പലത്തറയിൽ നിന്ന് കർണ്ണാടക ഉപ്പിനങ്ങാടിയിലെ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ബന്ധുവിനെ കാണാൻ സ്വിഫ്റ്റ് കാറിൽ പോവുകയായിരുന്നു. ഗൂഗിൾ മാപ്പ് നോക്കി യാത്ര തുടരുന്നതിനിടെ വെള്ളരിക്കയത്ത് എത്തിയപ്പോൾ പുഴവെള്ളം നിറഞ്ഞതിനാൽ റോഡ് പാലം ഇവരുടെ ശ്രദ്ധയിൽപെട്ടില്ല. കൈവരിയില്ലാത്ത ഈ പാലത്തിലേക്ക് കടന്ന കാർ നിയന്ത്രണം വിട്ട് പുഴയിലേക്ക് മറിയുകയായിരുന്നു. കാർ മുക്കാൽ കിലോമീറ്റർ വരെ പുഴയിലൂടെ ഒഴുകി ഒരു മരത്തിൽ തട്ടി നിന്നു. ഇതോടെ രണ്ടുപേരും കാറിൽ നിന്നിറങ്ങി മരത്തിൽ പിടിച്ച് നിൽക്കുകയായിരുന്നു.



പുഴയിലെ മരത്തിൽ പിടിച്ച് നിൽക്കുന്ന തസ്രീഫ്, റഷീദ്

വിവരമറിഞ്ഞ് കുറ്റിക്കോലിൽ നിന്ന് ഫയർഫോഴ്സും ആദൂർ പൊലീസും എത്തി ഒരു മണിക്കൂർ നീണ്ട രക്ഷാപ്രവർത്തനത്തിനൊടുവിലാണ് തസ്രീഫിനെയും അബ്ദുൽ റഷീദിനെയും പുഴയിൽ നിന്ന് കരയ്ക്കെത്തിച്ചത്.

ആദൂർ ഗ്രേഡ് എഎസ്ടി ഒ കെ രാമചന്ദ്രൻ, ഫയർ ആന്റ് റെസ്ക്യൂ ഓഫീസർമാരായ വിവി ദിലീപ്, വി സുരേഷ് കുമാർ, പി പ്രേംകുമാർ, ഹോംഗാർഡ് സി എം റോയി എന്നിവർ രക്ഷാ പ്രവർത്ത നത്തിൽ പങ്കെടുത്തു.

പാലത്തിന് കൈവരി നിർമ്മിക്കണമെന്ന് നാട്ടുകാർ നിരവധി തവണ അധികൃതരോടാവശ്യപ്പെട്ടെങ്കിലും നടപടിയുണ്ടായില്ല. കഴിഞ്ഞ ദിവസം ഒരു ബൈക്കും ഈ ഭാഗത്ത് നിയന്ത്രണം വിട്ട് അപകടത്തിൽ പെട്ടിരുന്നു.

## രാഷ്ട്രപതിയുടെ പ്രസംഗം തെറ്റ് ആവർത്തിക്കുമെന്നതിന്റെ പ്രഖ്യാപനം : മുസ്‌ലിം ലീഗ്

ന്യൂഡൽഹി : ആത്മ പരിശോധന നടത്താൻ ഉദ്ദേശിക്കുന്നില്ലെന്നും തെറ്റ് തിരുത്താൻ ഒരുക്കവുമില്ലെന്നുമുള്ള പ്രഖ്യാപനമാണ് രാഷ്ട്രപതിയുടെ പ്രസംഗമെന്ന് എം.പി മാരായ ഇ. ടി മുഹമ്മദ് ബഷീർ,ഡോ. എംപി അബ്ദുസ്സമദ് സമദാനി, നവാസ് കനി എന്നിവർ സംയുക്ത പ്രസ്താവനയിൽ പറഞ്ഞു. കഴിഞ്ഞ പത്തു വർഷം ഇന്ത്യയിലെ ജനങ്ങളെ മുൾമുനയിൽ നിർത്തിയ ബി.ജെ.പി പുതിയ എന്തെങ്കിലും പ്രതീക്ഷകൾ ഇന്ത്യൻ ജനതക്ക് മുൻപാകെ സമർപ്പിച്ചിട്ടില്ല.ന്യൂനപക്ഷ ദളിത് പിന്നോക്ക ജനാവിഭാഗങ്ങളുടെ ആശങ്കകൾക്കും ആകുലതകൾക്കും ഗവണ്മെന്റ് സന്നദ്ധമാവില്ലെന്നതാണ് പ്രസിഡണ്ടിന്റെ പ്രസംഗം. ജനാധിപത്യ മതേതര മൂല്യങ്ങൾക്ക് ബിജെപി വരുത്തിയ ആഘാതം തിരുത്തുമെന്ന് പറയാൻ അവർ തയ്യാറായിട്ടില്ല. മാസങ്ങളോളമായി മണിപ്പൂരിൽ തുടർന്ന് വരുന്ന കൂട്ടക്കുരുതികൾക്ക് എന്ന് ശമനം ഉണ്ടാവുമെന്നത് വ്യക്തമല്ല.

വർഗീയ വത്കരിക്കപ്പെട്ടു കൊണ്ടിരിക്കുന്ന പാഠ പുസ്തകങ്ങളെ തിരുത്തുവാൻ ബിജെപി തയ്യാറാവില്ല എന്നതും നാം കാണേണ്ടിയിരിക്കുന്നു. ഇന്ത്യൻ യാഥാർത്ഥ്യങ്ങളെ അല്പം പോലും ഉൾക്കൊള്ളാൻ പറ്റാത്ത വിധത്തിലാണ് ബിജെപി മുന്നോട്ട് പോകുന്നതെന്നും ഇതിൽ പ്രകടമാണെന്നും മുസ്‌ലിം ലീഗ് എം പിമാർ കൂട്ടിച്ചേർത്തു.

## രാഷ്ട്രപതിയുടെ പ്രസംഗം നിരാശാജനകം: പി.വി. അബ്ദുൽ വഹാബ്

ന്യൂഡൽഹി: രാജ്യത്തിന്റെ ഭാവിയെ കുറിച്ച് വ്യക്തമായ പ്രതീക്ഷ തരാത്ത, ദിശാബോധമില്ലാത്ത എഴുതി വായിച്ച ആചാര പ്രസംഗം മാത്രമായി രാഷ്ട്രപതിയുടെ പ്രസംഗമെന്നത് തീർത്തും നിരാശ ജനകമാണെന്ന് മുസ്‌ലിം ലീഗ് എം.പി. പി.വി അബ്ദുൽ വഹാബ് വ്യക്തമാക്കി. കഴിഞ്ഞ പത്ത് വർഷമായി, സംരംഭകത്വത്തിനോ, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനോ എന്തെങ്കിലും യഥാർത്ഥ സഹായം വാഗ്ദാനം ചെയ്തുകൊണ്ട് പൊതുസ്വകാര്യ മേഖലകളിൽ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ഈ സർക്കാർ പൂർണ്ണമായും പരാജയപ്പെട്ടു എന്നതാണ് സത്യാവസ്ഥ. ഈ രാജ്യത്തെ ഭൂരിപക്ഷം വരുന്ന സ്ത്രീകൾ, യുവാക്കൾ, കർഷകർ, ദരിദ്രർ, ഇടത്തരക്കാർ എന്നിവരുടെ യഥാർത്ഥ പ്രശ്നങ്ങൾ പ്രസിഡണ്ട് പ്രസംഗത്തിൽ അഭിമുഖീകരിച്ചില്ല. ഈ സർക്കാരിന്റെ കഴിഞ്ഞ കാലത്തെ വലിയ തീരുമാനങ്ങളിൽ ഒന്നായ നാഷണൽ ടെസ്റ്റിംഗ് ഏജൻസി ദേശിയ പരാജയമായി മാറിയ സമയത്ത്, ലക്ഷണക്കിനു വിദ്യാർത്ഥികളുടെ ഭാവിയെ കുറിച്ചുള്ള ആശങ്ക ഒഴിവാക്കുന്ന ഉറപ്പോ, ആശ്വാസ വാക് പോലും പ്രസിഡന്റിന്റെ പ്രസംഗത്തിൽ ഉണ്ടായില്ലെന്നും അദ്ദേഹം തുടർന്നു.

### പ്രകോപിപ്പിച്ചത് ജയരാജന്റെ കുറിപ്പ്

# സി.പി.എം നേതൃത്വത്തിനും അതൃപ്തി

കണ്ണൂർ:തിരഞ്ഞെടുപ്പ് പരാജയത്തിൽ തെറ്റുതിരുത്തൽ പ്രഖ്യാപിച്ചതിനു പിന്നാലെ സ്വർണ്ണ ക്വട്ടേഷൻ വിവാദമുണ്ടായതിൽ സിപിഎമ്മിലെ മുതിർന്ന നേതാക്കൾക്ക് അതൃപ്തി.പാർട്ടി രഹസ്യങ്ങൾ മുൻ ജില്ലാ കമ്മിറ്റി അംഗം തുറന്ന് പറഞ്ഞത് പി ജയരാജന്റെ ഫേസ് ബുക്ക് കുറിപ്പുണ്ടാക്കിയ പ്രകോപനമാണെന്ന് ജില്ലാ നേതൃത്വത്തിന്റെ വിലയിരുത്തൽ.

സിപിഎം ജില്ലാ സെക്രട്ടറി നിലപാട് പറഞ്ഞ വിഷയത്തിൽ സംസ്ഥാന കമ്മിറ്റി അംഗം ഫേസ് ബുക്കിൽ പ്രതികരിച്ചതാണ് പ്രശ്നം വഷളാക്കിയതെന്ന അഭിപ്രായമാണ് മുതിർന്ന നേതാക്കൾക്കുള്ളത്. പാർട്ടിയിൽ അംഗത്വം പുതുക്കാത്ത ഒരാൾ ജില്ലാ കമ്മിറ്റിയിൽ നിന്ന് പുറത്ത് പോയി എന്ന നിലയിൽ വിഷയം ലഘൂകരിക്കാനാണ് ജില്ലാ നേതൃത്വം ശ്രമിച്ചത്. എന്നാൽ മനുവിനെതിരെ തുറന്നടിച്ചുള്ള പി ജയരാജന്റെ ഫേസ്ബുക്ക് പോസ്റ്റ് ഇതിന് തടസമായി എന്നാണ് നേതൃത്വത്തിന്റെ വിലയിരുത്തൽ. എന്നാൽ മനു തോമസ് ജയരാജനനെതിരെ തുറന്നടിക്കുന്നതിനു പിന്നിൽ ചില നേതാക്കളുടെ പിന്തുണയുണ്ടെന്ന് സംശയിക്കുന്നവരുണ്ട്. സംസ്ഥാന സെക്രട്ടറിയും ജയരാജനും തമ്മിൽ നിലനിൽക്കുന്ന ശീതകാലയുദ്ധം ഇതിനു പിന്നിലുണ്ടോ എന്ന സംശയവും ഉയരുന്നു.

മനു തോമസ് ഉയർത്തിയ ആരോപണം തെറ്റാണെന്നും സ്വർണ്ണ ക്വട്ടേഷൻ സംഘത്തിനെതിരെ നടപടി സ്വീകരിച്ച പാർട്ടിയാണ് സിപിഎമ്മെന്നും ജില്ലാ സെക്രട്ടറി പ്രതികരിച്ചതോടെ അവസാനിക്കേണ്ട വിഷയം പാർട്ടിക്കുള്ളിലെ വിഴുപ്പലക്കലിലേക്ക് എത്തിച്ചത് അപക്വമായ കുറിപ്പാണ്. ജയരാജനെതിരെ മനു തോമസ് പ്രതികരിച്ചപ്പോൾ ക്വട്ടേഷൻ സംഘങ്ങൾ ഭീഷണിയുമായി രംഗത്ത് എത്തിയതും സിപിഎം ഗൗരവത്തോടെ കാണുന്നു. പിജെ ആർമി ഉൾപ്പെടെയുള്ള സംഘങ്ങൾക്ക് പിന്നിൽ ജയരാജന്റെ മകനാണെന്ന വെളിപ്പെടുത്തലും പാർട്ടിയിൽ ഗ്രൂപ്പുണ്ടാക്കാൻ ജയരാജൻ ശ്രമിച്ചു എന്ന ആരോപണവും പാർട്ടി എങ്ങിനെ കാണും എന്നതാണ് കേരളം ഉറ്റുനോക്കുന്നത്.

സ്വർണക്കടത്ത് സംഘത്തിനെതിരെ ജില്ലാ കമ്മിറ്റി പരാതി നൽകിയിട്ടില്ലെന്നാണ് അന്ന് പാർട്ടി നേതൃത്വം വ്യക്തമാക്കിയത്. ഡിവൈഎഫ്ഐ ജില്ലാ സെക്രട്ടറിക്കെതിരെ നൽകിയ പരാതിയുടെ പകർപ്പ് തന്നെ പുറത്ത് വന്നതോടെ പാർട്ടി രഹസ്യങ്ങൾ പലതും പുറത്തറിയുമോ എന്ന ഭയം ജില്ലാ നേതൃത്വത്തിനുണ്ട്.

## ഒഞ്ചിയവും-എടയന്നൂരും നടന്നത് വിപ്ലവമല്ല, വൈകൃതം

കണ്ണൂർ: ഒഞ്ചിയവും-എടയന്നൂരും ഉൾപ്പെടെ നടന്നത് വിപ്ലവമല്ല, വൈകൃതമാണെന്ന് മുൻ ഡി.വൈ.എഫ്.ഐ ജില്ലാ പ്രസിഡന്റ് മനു തോമസ്. പി. ജയരാജനെ സംവാദത്തിന് ക്ഷണിച്ചപ്പോൾ കൊലവിളി ഭീഷണിയുമായി വന്നത് ക്വട്ടേഷൻ സ്വർണം പൊട്ടിക്കൽ മാഫിയ സംഘത്തിന്റ തലവന്മാർ ആണെന്നത് ആശ്ചര്യപ്പെടുത്തുന്നില്ല. ജനിച്ചാൽ ഒരിക്കൽ മരിക്കണം.അത് നട്ടെല്ല് നിവർത്തി നിന്ന് സമരം ചെയ്യുന്നതിനിടെ ആയിരിക്കണം. ഒറ്റക്കായാലും സംഘടനയിൽ നിന്ന് ആയാലും. ആരാന്റെ കണ്ണീരും സ്വപനവും തകർത്ത് കിട്ടുന്ന സന്തോഷത്തിലോ ക്വട്ടേഷൻ മാഫിയ സ്വർണപ്പണത്തിന്റെ തിളക്കത്തിലോ, ഡിവൈൻ കമ്മ്യൂണിസ്റ്റ് ഫാൻസ് പരിവേശത്തിലോ അഭിരമിക്കുന്നവർക്ക് അത് അറിയണമെന്നില്ലെന്ന് മനു ഫേസ് ബുക്കിൽ കുറിച്ചു.

# പ്ലസ് വൺ സീറ്റ് പ്രതിസന്ധി; വിജയശ്രീലാളിതരായി എം.എസ്. എഫ് സമര നേതാക്കൾ

തിരുവനന്തപുരം: സമര വിജയത്തിന് പിറകെ സംസ്ഥാനത്തെ പ്ലസ് വൺ സീറ്റ് പ്രതിസന്ധിക്കെതിരെ സമരം ചെയ്തതിനെ തുടർന്ന് പൊലീസ് അറസ്റ്റു ചെയ്ത് ജയിലിലടച്ച എം. എസ്. എഫ് നേതാക്കൾക്ക് കോടതി ജാമ്യം അനുവദിച്ചു. എം. എസ്. എഫ് സംസ്ഥാന പ്രസിഡന്റ് പി.കെ നവാസ്, ജനഃസെക്രട്ടറി സി.കെ നജാഫ് ഉൾപ്പെടെയുള്ള നേതാക്കൾക്കാണ് ജാമ്യം ലഭിച്ചത്. എം.എസ്.എഫ് സംസ്ഥാന പ്രവർത്തകസമിതി അംഗങ്ങളായ ഹസൈനാർ നെല്ലിശ്ശേരി, അമീൻ റാഷിദ്, എ വി നബീൽ, ജലീൽ കാടാമ്പുഴ, റാഷിദ് കോക്കൂർ, റഹീസ് ആലുങ്ങൽ, തൻസീർ അഴീക്കോട്, ഗദ്ദാഫി, ഫർഹാൻ ബിയ്യം, മുനീർ എന്നിവർക്കും ജാമ്യം അനുവദിച്ചു. സംസ്ഥാനത്തെ പ്ലസ് വൺ സീറ്റ് വിഷയത്തിൽ വ്യാപകമായ രീതിയിൽ തെറ്റായ കണക്കുകൾ പ്രചരിപ്പിക്കുന്ന മന്ത്രിയടക്കമുള്ളവരുടെ ശ്രമങ്ങൾക്കെതിരെയാണ് കഴിഞ്ഞ ദിവസം പൊതു വിദ്യാഭ്യാസ ഡയറക്ടറെ ബന്ദിയാക്കി പ്രതിഷേധിച്ചത്. പൊതു വിദ്യാഭ്യാസ ഡയറക്ടറാണ് മന്ത്രിയടക്കമുള്ളർക്ക് ഈ തെറ്റായ കണക്കുകൾ നൽകുന്നത് എന്നതിന്റെ അടിസ്ഥാനത്തിലാണ് എം.എസ്.എഫ് ഉപരോധം ഏർപ്പെടുത്തിയത്. ബന്ദിയാക്കലിന് നേതൃത്വം നൽകിയ എം.എസ്.എഫ് സംസ്ഥാന പ്രസിഡന്റ് പി. കെ നവാസ്, ജന: സെക്രട്ടറി സി.കെ നജാഫ് അടക്കമുള്ള 12 പേരെയാണ് റിമാന്റ് ചെയ്തിരുന്നത്

സമരങ്ങൾക്ക് വഴങ്ങി പൊതു വിദ്യാഭ്യാസ വകുപ്പ് വിദ്യാർത്ഥി സംഘടനകളുടെ യോഗം വിളിക്കുകയും, അനിയോജ്യവും അടിയന്തരവുമായ പരിഹാരം കാണുമെന്ന് മന്ത്രി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ യോഗത്തിൽ എം.എസ്.എഫ് പങ്കെടുക്കുകയും ആവശ്യങ്ങൾ മന്ത്രിക്ക് കൈമാറുകയും ചെയ്തു. പ്ലസ് വൺ സീറ്റുമായി ബന്ധപ്പെട്ട് എം. എസ്. എഫ് സമരം അവസാനിപ്പിച്ചിട്ടില്ല. വകുപ്പിന്റെ ഭാഗത്ത് നിന്ന് അനിയോജ്യമായ തീരുമാനങ്ങളും അതിന്റെ പ്രായോഗികവത്കരണവും ഉണ്ടായിട്ടില്ലങ്കിൽ തുടർ സമരങ്ങൾ എം. എസ്. എഫ് ആസൂത്രണം ചെയ്യുമെന്ന് നേതാക്കൾ പറഞ്ഞു. മുസ്‌ലിം ലീഗ് നിയമസഭാ പാർട്ടി ഉപനേതാവ് ഡോ.എം.കെ മുനീർ, മലപ്പുറം ജില്ലാ ജന: സെക്രട്ടറി അബ്ദുൽ ഹമീദ് മാസ്റ്റർ,തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് ബീമാപ്പള്ളി റഷീദ്, വി.പി അബ്ദുൽ ഹമീദ്, എം. എസ്. എഫ് സംസ്ഥാന ട്രഷറർ അഷ്ഹർ പെരുമുക്ക്, ഭാരവാഹികളായ ഷറഫുദ്ദീൻ പിലാക്കൽ, വി.എം റഷാദ്, നൗഫൽ കുളപ്പട,സി.കെ ഇറിഫാദ്, വി. എ വഹാബ്, ഫറാസ് മറ്റപ്പള്ളി, ഹാരിസ് കരമന,ഫായിസ് പൂവ്വച്ചാൽ തുടങ്ങിയവർ സന്ദർശിച്ചു.




പ്ലസ് വൺ സീറ്റ് പ്രതിസന്ധിയുമായി ബന്ധപ്പെട്ട് സമരം ചെയ്ത് ജയിൽവാസമനുഷ്ഠിച്ച എം.എസ്.എഫ് നേതാക്കൾ ജാമ്യം ലഭിച്ച് പുറത്തേക്ക് വരുന്നു

### ജില്ലാ റവന്യു അസംബ്ലി:

## പദ്ധതികൾ നടപ്പാക്കാൻ മാസ്റ്റർ പ്ലാൻ റവന്യു മന്ത്രി


തിരുവനന്തപുരം: ആലപ്പുഴ ജില്ലയിൽ റവന്യു വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കേണ്ട പദ്ധതികൾ പ്രത്യേക മാസ്റ്റർ പ്ലാനോടെ തയ്യാറാക്കി പൂർത്തീകരിക്കണമെന്ന് റവന്യു അസംബ്ലിയിൽ നിർദ്ദേശം. തീരദേശ, പുറമ്പോക്ക് പട്ടയ വിഷയങ്ങളിൽ കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകണം. പട്ടയ ഡാഷ്ബോർഡിന്റെ സ്ഥിതിവിവരം പരിശോധിച്ച് എംഎൽഎമാരെ അറിയിക്കാനും കൂട്ടിചേർക്കലുകളും മറ്റും ജൂലൈ 31നകം നടത്തണമെന്നും റവന്യു മന്ത്രി കെ രാജൻ ജില്ലാ കലക്ടർക്ക് നിർദ്ദേശം നൽകി.

## സിദ്ദീഖിന്റെ മകൻ റാഷിൻ നിര്യാതനായി

കൊച്ചി: നടൻ സിദ്ദീഖിന്റെ മകൻ പാലച്ചുവട് കൊല്ലിയിൽ വീട്ടിൽ റാഷിൻ (37) നിര്യാതനായി. മൂന്നു മക്കളിൽ മൂത്തയാളാണ്. ഖബറടക്കം നടത്തി. ഫാത്തിമയാണ് മാതാവ്. സഹോദരങ്ങൾ: ഫർഹീൻ, ഷഹീൻ സിദ്ദീഖ്.

സാപ്പി എന്നു വിളിപ്പേരുള്ള റാഷിന്റെ വിശേഷങ്ങൾ സിദ്ദീഖ് സ്ഥിരമായി പങ്കുവയ്ക്കാറുണ്ട്. മാനസിക വെല്ലുവിളി നേരിട്ടിരുന്ന സാപ്പിയെ സ്പെഷൽ ചൈൽഡ് എന്നാണ് അദ്ദേഹം വിശേഷിപ്പിച്ചിരുന്നത്.

കുടുംബത്തിലെ എല്ലാ ചടങ്ങുകളിലും നിറ സാനിധ്യമായിരുന്ന സാപ്പിയുടെ പിറന്നാൾ കഴിഞ്ഞ നവംബർ 26ന് ആഘോഷിച്ചതിന്റെ ചിത്രങ്ങളും വീഡിയോകളും സിദ്ദീഖ് സമൂഹ മാധ്യമങ്ങളിൽ പോസ്റ്റ് ചെയ്തിരുന്നു.



റാഷിൻ

# ശുചിത്വ മാലിന്യ സംസ്കരണം ഉറപ്പുവരുത്താൻ ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ് പിഴയീടാക്കി

കുന്നംകുളം: ശുചിത്വ മാലിന്യ സംസ്ക്കരണം വിലയിരുത്തുന്നതിന് ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡും നഗരസഭ വിജിലൻസ് എൻഫോഴ്സ്മെന്റ് സ്ക്വാഡും ചേർന്ന് നഗരപരിധിയിലെ വ്യാപാര സ്ഥാപനങ്ങൾ, കേന്ദ്ര - സംസ്ഥാന ഗവൺമെന്റ് ഓഫീസുകൾ, ഹോട്ടലുകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ പരിശോധന നടത്തി. ന്യൂനതകൾ കണ്ടെത്തിയ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ഇവരിൽ നിന്ന് 75000 രൂപയോളം പിഴയീടാക്കുകയും ചെയ്തു.

മാലിന്യം വലിച്ചെറിയൽ, കത്തിക്കൽ, മലിനജലം പുറത്തേക്കൊഴുക്കൽ, നിരോധിത പ്ലാസ്റ്റിക്ക് ഉല്പന്നങ്ങളുടെ വില്പന പരിശോധിക്കൽ, ആഹാര സാധനങ്ങൾ വില്പന നടത്തുന്ന സ്ഥാപനങ്ങളുടെ ശുചിത്വ നിലവാരം ഉറപ്പാക്കൽ എന്നിവയാണ് നടത്തിയത്. മാതൃകാപരമായി ശുചിത്വ - മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങളെയും ഓഫീസുകളെയും അംഗങ്ങൾ അഭിനന്ദിച്ചു. ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ് ലീഡർ രജിനേഷ് രാജൻ,അംഗങ്ങളായ ദിവ്യ ടി. ശങ്കർ, റോണി ഫ്രാൻസിസ്, നഗരസഭ വിജിലൻസ് എൻഫോഴ്സ്മെന്റ് സ്ക്വാഡ് അംഗങ്ങളായ പി.എ. വിനോദ്, എ. രഞ്ജിത്ത്, എ. അൻസാരി, എം.എസ് ഷീബ എന്നിവർ പരിശോധനയിൽ പങ്കെടുത്തു. വരും ദിവസങ്ങളിലും പരിശോധന തുടരുമെന്ന് ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ് ലീഡർ രജിനേഷ് രാജൻ അറിയിച്ചു.



ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ പരിശോധന നടത്തുന്നു